

എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

സെപ്റ്റംബർ 2022 വാല്യം 54 ലക്കം 9 വില ₹ 25





**ഓണം**
**കലാവിഷ്കാരങ്ങളുടെ കളിയാട്ടം**
ഡോ. സി. ഗണേഷ്
05
ഓണത്തോടനുബന്ധിച്ച് കേരളത്തിലുടനീളം കൊണ്ടാടപ്പെടുന്ന കലാവിഷ്കാരങ്ങളെക്കുറിച്ചുള്ള ഒരു അവലോകനം

40
**മുടിയേറ്റിലെ കളമെഴുത്ത്**
**ഡോ. കെ. ആർ. അജീന്ദ്രനാഥ്,**
സുരേഷ് കെ.

45
**മിത്തും**
**സ്വത്വബോധത്തിന്റെ അടിവേരുകളും**
**എൻ. വിയുടെ ഓണചിന്തകളെ**
**മുൻനിർത്തിയുള്ള അന്വേഷണം**
മേഘ്ന ആർ.

50
**അർഥങ്ങളുടെ**
**ഏകലോചനം**
ഡോ. ഇ. ബാനർജി




**ഒരേ ഒരു ഭൂമി**
**സ്റ്റോക്ഹോം മുതൽ**
**സ്റ്റോക്ഹോം വരെ**
അജിത് വെണ്ണിയൂർ
12
ആദ്യ സ്റ്റോക്ഹോം ഉച്ചകോടി കഴിഞ്ഞിട്ട് 50 വർഷങ്ങളാകുന്നു. ഈ വേളയിലെ പിന്നിട്ട 50 വർഷങ്ങളിലേക്ക് ഒരു എത്തിനോട്ടം

22
**അമ്പതു വർഷങ്ങൾക്കിപ്പുറം**
**സ്പൈഡർ-മാൻ:**
**അതിമാനുഷസങ്കൽപ്പവും**
**സ്വത്വപ്രതിസന്ധിയും**
സോണിമോൻ പി. എസ്.

29
**നവോത്ഥാനത്തിന്റെ ശബ്ദങ്ങൾ-**
**നാരായണസ്മൃതിയിൽ**
ഡോ. ജെ.പി. പ്രജിത്ത്

36
**ശാസനങ്ങളിലെ**
**ഓണപരാമർശങ്ങൾ**
ശ്രീകല ചിങ്ങോലി



**ബ്ലോക്ക്ചെയിൻ**
**സാങ്കേതികവിദ്യ**
റെജിൽ കെ.പി.
70
ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയെക്കുറിച്ച് ലളിതമായി പ്രതിപാദിക്കുന്ന ലേഖനം

56
**ഫെമിനിസത്തിന്റെ സജീവതയും**
**ഇന്റർനെറ്റിന്റെ സാങ്കേതികരാഷ്ട്രീയവും**
അഞ്ജന മേനോൻ

64
**ഭാഷാവൈവിധ്യം**
**ഹോർത്തൂസ് മലബാറിക്കുസിൽ**
ഡോ. സുമിത. വി

75
**മഹാശിലായുഗ കേരളത്തിലെ**
**കാർഷിക സംസ്കൃതി**
ഡോ. സുജാത കെ.എസ്.

82
പുസ്തക പരിചയം



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. -എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569

ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255

**ചീഫ് എഡിറ്റർ**
ഡോ. സത്യൻ എം.

**എഡിറ്റർ**
ജി.ബി. ഹരീന്ദ്രനാഥ്

**സബ് എഡിറ്റർ**
കെ.ആർ. സരിതകുമാരി

**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ
ഡോ. പ്രിയ വർഗീസ്
എൻ. ജയകൃഷ്ണൻ
ഡോ. റ്റി. ഗംഗ
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
രമ്യ കെ. ജയപാലൻ
വിദ്യ എസ്.
ദീപ്തി കെ.ആർ.
ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ.
അനുപമ ജെ.

**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ

**ടൈപ്പ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14

**കവർ ഡിസൈൻ :**
നാരായണ ഭട്ടതിരി

# വീണ്ടും സ്റ്റോക്ഹോമിൽ നിന്നു തുടങ്ങുമ്പോൾ

"ഭൂമിയിൽ നാം ഇന്ന് അനുഭവിക്കുന്ന വിഭവങ്ങൾ പോയ തലമുറകളിൽ നിന്ന് പൈതൃകമായി കിട്ടിയ സ്വത്തല്ല, ഭാവിതലമുറയിൽ നിന്ന് നാം കടം വാങ്ങിയതാണ്". 1972-ലെ സ്റ്റോക്ഹോം ആദ്യ ആഗോള ഉച്ചകോടിയിലെ ഓർമപ്പെടുത്തലാണ് മേൽപ്രസ്താവിച്ചത്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോകത്തെ ഉച്ചത്തിൽ ഓർമിപ്പിക്കുന്നതിനും പരിസ്ഥിതി നാശത്തിന്റെ ഗുരുതരാവസ്ഥയെപ്പറ്റി ലോകത്തെ ബോധ്യപ്പെടുത്തുന്നതിനും ഒരു പരിധിവരെ കഴിഞ്ഞുവെന്നതാണ് ആദ്യ ആഗോള ഉച്ചകോടിയുടെ നേട്ടം. ഐക്യ രാഷ്ട്രസംഘടനയുടെ പരിസ്ഥിതി വിഭാഗമായ യുണൈറ്റഡ് നേഷൻസ് എൻവിയോൺമെന്റൽ പ്രോഗ്രാമിന്റെ (UNEP) പ്രവർത്തനങ്ങൾ അംഗരാജ്യങ്ങളിൽ പരിസ്ഥിതിദിനം ആചരിക്കുന്നതിനും ജൂൺ 5 -ന് ലോകപരിസ്ഥിതി ദിനമായി ആഘോഷിക്കുന്നതിനും കാരണമായി.

അമ്പതുവർഷത്തിനിപ്പുറം വീണ്ടും സ്റ്റോക്ഹോം + 50 സമ്മേളനത്തിൽ കഴിഞ്ഞ അമ്പതു വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും വിശകലനങ്ങളും നടക്കുകയുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിൽ ഓക്സിജൻ പാളികളുടെ നാശം കുറയ്ക്കാൻ ഉതകുന്ന വാതകങ്ങളുടെ നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള ചില നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവയെല്ലാം തികച്ചും അപര്യാപ്തവും ഗതിവേഗം കുറഞ്ഞവയും ആയിരുന്നു. കോവിഡ് 19 മഹാമാരി കാലത്തെ അടച്ചിടൽ മുഖേന ഹരിതഗൃഹവാതകങ്ങൾ കുറയും എന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും പുതിയ പഠനങ്ങൾ അവ വർധിക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. ലോകമെമ്പാടും ഉണ്ടാകുന്ന പ്രളയങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, കടൽക്ഷോഭങ്ങൾ, വരൾച്ച, അന്തരീക്ഷമലിനീകരണം, ശുദ്ധജലത്തിന്റെ ദൗർലഭ്യം, പടർന്നുപിടിക്കുന്ന പകർച്ചവ്യാധികൾ തുടങ്ങിയവ മനുഷ്യരാശിക്ക് വലിയതോതിൽ തന്നെ ഭീഷണിയാകുന്നുണ്ട്. വ്യാവസായിക വിപ്ലവത്തിനു ശേഷം ഉണ്ടായ വലിയ തോതിലുള്ള മനുഷ്യന്റെ പ്രവൃത്തികളാണ് മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ഭീഷണി സൃഷ്ടിച്ചുകൊണ്ട് സർവനാശത്തിന്റെ ഭീതിദമായ അന്തരീക്ഷം സൃഷ്ടിക്കുന്നത്.

'ഒരടി മുന്നോട്ട് രണ്ടടി പിന്നോട്ട്' എന്ന രീതിയിലുള്ള വികസന സംസ്കാരത്തിനെ പൊളിച്ചെഴുതി നമ്മുടെ ഭൂമിയെ വരുംതലമുറകൾക്ക് കേടില്ലാതെ കൈമാറ്റം ചെയ്യുക എന്നുള്ള ലക്ഷ്യമാണ് നമുക്കുണ്ടാകേണ്ടത്. ലോകമെമ്പാടും പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനം തടയുന്നതിനും മറ്റും നിരവധി പദ്ധതികൾ, ഉച്ചകോടികൾ, അജണ്ടകൾ, പ്രോട്ടോക്കോളുകൾ, അക്കാദമിക പ്രവർത്തനങ്ങൾ, ഉടമ്പടികൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ദൈനംദിനം നടക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ സ്വാർഥതയ്ക്ക് മുമ്പിൽ ഒച്ചിഴയുന്ന വേഗമേ അവയുടെ ഫലപ്രാപ്തിക്ക് ഉള്ളൂ. മനുഷ്യന്റെ ഓരോ പ്രവർത്തനങ്ങളും പ്രകൃതിക്കുണ്ടാക്കുന്ന ആഘാതം എത്രമാത്രം കുറയ്ക്കാൻ സഹായിക്കുമെന്ന സുസ്ഥിരമായ കാഴ്ചപ്പാടാണ് ഉണ്ടാകേണ്ടത്. ഇതാവട്ടെ ആദ്യ സ്റ്റോക്ഹോം ഉച്ചകോടിയുടെ അൻപത് വർഷങ്ങൾക്കിപ്പുറം നമ്മൾ എടുക്കേണ്ട പ്രതിജ്ഞ.

**- ചീഫ് എഡിറ്റർ**



# ഓണം കലാവിഷ്കാരങ്ങളുടെ കളിയാട്ടം

ഡോ. സി. ഗണേഷ്

മലയാളികളുടെ പ്രിയപ്പെട്ട ആഘോഷമായ ഓണം നിരവധി കലാരൂപങ്ങൾക്ക് കാരണമായി തീർന്നിട്ടുണ്ട്. കലാരൂപങ്ങൾ സാമൂഹികമായ ആശയാവിഷ്കാരങ്ങളുടെ ഫലമായാണ് ഉണ്ടാവുന്നത്. കൂട്ടായ്മയുടെ പൊതുവായ ലക്ഷ്യം, ജീവിത കാമനകളുടെ സാക്ഷാൽക്കാരം, സാമൂഹികാധികാര ശ്രേണീകരണത്തിന്റെ ഭാവനാത്മകമായ അപനിർമിതി, അധികാര സമൂഹത്തോടുള്ള ആധർമണ്യവും പ്രതിഷേധവും തുടങ്ങി കലാവിഷ്കാരങ്ങൾക്ക് പിന്നിലെ ഉൽപ്പത്തിതത്വം പലതായിരിക്കും. ഇവയിൽ ഒന്നോ രണ്ടോ കൂടിച്ചേർന്നും കലാരൂപങ്ങൾക്ക് പിറവി സംഭവിക്കാം. ജനമനസ്സിന്റെ അധോതലവും ഭാവിയിലേക്കുള്ള ഉറ്റനോട്ടവും കലാരൂപങ്ങൾക്ക് പിന്നിലുണ്ട്. അങ്ങനെയെങ്കിൽ കേരളത്തിൽ ഏറ്റവും കൂടുതൽ കലാരൂപങ്ങളുടെ പിറവിക്ക് സന്ദർഭമൊരുക്കിയ ഓണാഘോഷം മലയാളികളുടെ ജനബോധത്തിലെ ഒരു അടരിനെ കാണിച്ചുതരുന്നു. ഓണം കേന്ദ്രമാക്കി, ജനങ്ങളുടെ ആഗ്രഹങ്ങളും ആശകളും പ്രതീക്ഷകളും വ്യവസ്ഥയോടുള്ള കലഹവും പ്രകൃതിയോടുള്ള സമഭാവവുമൊക്കെ കലാവിഷ്കരണങ്ങളായി മാറിയത് ഓണത്തിന്റെ സവിശേഷമായ ആഘോഷതലമാണ് കാണിച്ചുതരുന്നത്. എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിച്ച ആഘോഷാത്മകതയുടെ പൗരാവകാശമാണത്. ഇലാസ്തികസ്വഭാവത്തോടെ ഓണം എപ്രകാരമാണ് വിവിധതരം ജനവിഭാഗങ്ങളെ ഒരുമിപ്പിച്ചത് എന്നത് ഗൗരവപഠനം ആവശ്യപ്പെടുന്നു. ആദിവാസി/വനവാസി കലകൾ ഈ പഠനത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കലാത്മകമായ ആവിഷ്കാരം എന്ന നിലയിലാണ് കലാരൂപം എന്ന സംജ്ഞ ഉപയോഗിക്കുന്നത്. ഓണസന്ദർഭത്തിൽ രൂപംകൊണ്ട ചില കലാരൂപങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിൽ.

സാമൂഹിക ഓണാചരണത്തിന്റെ അവിഭാജ്യ



ഘടകമാണ് കലാരൂപങ്ങൾ. ഓണത്തുള്ളൽ, ഓണേശ്വരൻ, ഓണത്താർ, പാക്കനാർത്തുള്ളൽ, കുമ്മാട്ടി തുടങ്ങിയ കലാരൂപങ്ങളാണ് ഓണാവിഷ്കാരത്തിന്റെ ഒരു വിഭാഗം. കൂടാതെ പല്ലശ്ശേനയിൽ നടക്കുന്ന ഓണത്തല്ല് പോലുള്ള അനുഷ്ഠാനങ്ങളും ഈ പഠനത്തിന്റെ പരിധിയിൽ വരുന്നു.

### ഓണത്തുള്ളൽ

മധ്യതിരുവിതാംകൂറിലെ വേല സമുദായക്കാരുടെ ഓണക്കളിയാണ് ഓണത്തുള്ളൽ. വേലൻതുള്ളൽ എന്നും പേരുണ്ട്. മഹാബലിത്തമ്പുരാനെ പ്രകീർത്തിച്ചുകൊണ്ടുള്ള രംഗപൂജയോടെ നൃത്തം ആരംഭിക്കുന്നു. കുരുത്തോല കീറിക്കെട്ടിയുടുത്ത് തലയിൽ കിരീടം വച്ച് അന്യോന്യം കൈ പിടിച്ചു കുലുക്കിക്കൊണ്ടാണ് തുള്ളൽ. മിക്കവാറും സ്ത്രീകളാണ് ഇതിൽ പങ്കെടുക്കുക. നൃത്തക്കാർക്കു പിന്നിൽ രണ്ടു സ്ത്രീകൾ കിണ്ണവും രണ്ടു പുരുഷന്മാർ തുടിയും കൊട്ടി പാടും. മഹാബലിയെ വാഴ്ത്തുന്ന പാട്ടുകളാണ് പാടുക.

### ഓണേശ്വരൻ

ഉത്തരകേരളത്തിൽ വിശേഷിച്ചും കോഴിക്കോട് ജില്ലയിൽ പ്രചാരത്തിലുള്ള ഒരു കലാപ്രകടനമാണ് ഓണേശ്വരൻ. സംസാരിക്കാത്ത തെയ്യമാകയാൽ ഓണപ്പൊട്ടൻ എന്നും പേർ പറയാറുണ്ട്. മഹാബലി സങ്കൽപ്പമനുസരിച്ചുള്ള ഓണേശ്വരൻ ചിങ്ങത്തിലെ ഉത്രാടം, തിരുവോണം നാളുകളിൽ വീട്ടുതോറും കയറിയിറങ്ങുന്നു. കുരുത്തോലകൊണ്ടലങ്കരിച്ച ഓലക്കുടയും കൈമണിയും മറ്റും ധരിച്ചാണ് ഓണേശ്വരൻ എത്തുക. വീട്ടുകാരെല്ലാം ഓണേശ്വരനെ സ്വീകരിച്ച് അനുഗ്രഹം വാങ്ങി അരിയും നെല്ലും കൊടുത്ത് യാത്രയാക്കും. പ്രജാക്ഷേമതൽപ്പരനായ മാവേലിത്തമ്പുരാൻ ജനങ്ങളുടെ വിശേഷമറിയാൻ എത്തുന്നു എന്നാണ് വിശ്വാസം. ഓണപ്പൊട്ടൻ ഒന്നും ഉരിയാടാറില്ല. മണികിലുക്കിയും പ്രത്യേകം ആംഗ്യം കാണിച്ചുമാണ് ആശയവിനിമയം. കാലിൽ ഒരു ഉറുമ്പുപോലും കയറരുതെന്ന വിശ്വാസമുള്ളതിനാൽ ഓണപ്പൊട്ടൻ ഒരിടത്തും നിൽക്കാറില്ല. വീട്ടുകളിൽ നിന്ന് ദക്ഷിണ വാങ്ങുന്നത് ഓട്ടുമണിയിലാണ്. മണിയിൽ നിക്ഷേപിക്കുന്ന ദ്രവ്യങ്ങളിൽ നിന്നും ഒരു നുള്ളെടുത്ത് കിരീടത്തിൽ നിന്നും പറിച്ചെടുക്കുന്ന ചെത്തിപ്പൂവും ചേർത്ത് നിലവിളക്കിൽ ചാർത്താറുണ്ട്. മനയോല, ചായില്യം,തിരിമഷി എന്നിവ കൊണ്ടാണ് മുഖത്തെഴുത്ത്. കൈതോലനാരു കൊണ്ടുള്ള നീണ്ട താടിയുണ്ട്. കയ്യിൽ വളയും ചൂടകവും അണിയും. പുള്ളുവർ, പാണർ, മലയർ എന്നിവരാണ് ഓണപ്പൊട്ടൻ കെട്ടുന്നത്. ചടങ്ങു കാണാൻ നിറദീപവും നിലവിളക്കുംവച്ച് കുടുംബക്കാർ ഒത്തുകൂടും.

### ഓണത്താർ

ഓണത്തിന് മാത്രമായി അവതരിപ്പിക്കപ്പെടുന്ന ഉത്തരകേരളത്തിലെ തെയ്യമാണ് ഓണത്താർ. മഹാബലി സങ്കൽപ്പമനുസരിച്ചുള്ള നാട്ടുദൈവമാണ് ഓണത്താർ. വണ്ണാന്മാരാണ് കെട്ടിയാടുന്നത്. ചിങ്ങമാസത്തിലെ ഉത്രാടം, തിരുവോണം നാളുകളിൽ വീട്ടുതോറും ഈ തെയ്യത്തെ കൊട്ടിപ്പാടി ആടിക്കും. അഞ്ചുവയസ്സുള്ള കുട്ടികളാണ് ഓണത്താർ കെട്ടിയാടുക. ഓണത്താർ കെട്ടാൻ അവകാശമുള്ള കലാകാരൻമാർ മലയ സമുദായത്തിൽപ്പെട്ടവരാണ്. ഓണത്തിന്റെ ഐതിഹ്യം മുഴുവൻ പാടിക്കൊണ്ട്

കാലിൽ ഒരു ഉറുമ്പുപോലും കയറരുതെന്ന വിശ്വാസമുള്ളതിനാൽ ഓണപ്പൊട്ടൻ ഒരിടത്തും നിൽക്കാറില്ല. വീട്ടുകളിൽ നിന്ന് ദക്ഷിണ വാങ്ങുന്നത് ഓട്ടുമണിയിലാണ്. മണിയിൽ നിക്ഷേപിക്കുന്ന ദ്രവ്യങ്ങളിൽ നിന്നും ഒരു നുള്ളെടുത്ത് കിരീടത്തിൽ നിന്നും പറിച്ചെടുക്കുന്ന ചെത്തിപ്പൂവും ചേർത്ത് നിലവിളക്കിൽ ചാർത്താറുണ്ട്.



*വള്ളംകളി*

ഓണത്താർ വീടുകൾ തോറും കയറിയിറങ്ങി നാലോ അഞ്ചോ വരികൾ ആടിപ്പാടും. പല വീടുകളിൽ പാടിപ്പാടിയാണ് മാവേലിയുടെ കഥ പൂർത്തിയാക്കുന്നത്.

## പാക്കനാർ തുള്ളൽ

കൊല്ലം, ആലപ്പുഴ ജില്ലകളിലെ സാംബവ സമുദായക്കാരുടെ ഇടിയിൽ പ്രചാരത്തിലുള്ള അനുഷ്ഠാനപരമായ കലാരൂപമാണ് പാക്കനാർ കളി. രണ്ടു തുള്ളൽക്കാരും 4 വാദ്യക്കാരുമടക്കം 6 പേരുള്ള പുരുഷസംഘമാണ് കല അവതരിപ്പിക്കുന്നത്. പറയിപെറ്റ പന്തിരുകുലത്തിലെ പാക്കനാരുടെ കഥയാണ് ചൊല്ലിയാടുന്നത്. മദ്ദളം, ഉടുക്ക്, കിണ്ണം, കൈത്താളം എന്നിവയാണ് വാദ്യോപകരണങ്ങൾ. പട്ടുവസ്ത്രം ഞൊറിഞ്ഞുടുത്ത് ഈറകൊണ്ടുണ്ടാക്കിയ ത്രികോണാകൃതിയിലുള്ള കോലം തലയിൽവച്ച് കാലിൽ ചിലങ്കയണിഞ്ഞ്, രണ്ട് തുള്ളൽക്കാർ രംഗത്തെത്തി വാദ്യത്തിനും പാട്ടിനും അനുസൃതമായി നൃത്തം ചെയ്യുന്നു.

## കുമ്മാട്ടി

ഓണത്തോടനുബന്ധിച്ച് ഗ്രാമീണയുവജനക്കൂട്ടായ്മ ഉത്സവതിമിർപ്പോടെ കൊണ്ടാടുന്നതാണ് കുമ്മാട്ടി. തൃശ്ശൂരും മലബാറും കണ്ടുവരുന്നു. തൃശ്ശൂർ ജില്ലയിൽ തിരുവോണത്തിനാണ് കുമ്മാട്ടിയുടെ പുറപ്പാട്. തിരുവോണദിവസം പുലർച്ചെ കളി ആരംഭിക്കുന്നു. അമ്പലത്തിൽ വേഷക്കാരും വാദ്യഘോഷക്കാരും പോയി ഈശ്വരാരാധന നടത്തി, തറയിലെ കാരണവരുടെ കൈയിൽ നിന്നും കോടിമുണ്ട് ഓണപ്പുടവയായി വാങ്ങി കളിക്കൊരുങ്ങുന്നു.

പരമ്പരാഗതങ്ങളായ ആചാരാനുഷ്ഠാനങ്ങളോ ഐതിഹ്യങ്ങളോ തൃശ്ശൂർ കുമ്മാട്ടിയുടേതായി പറയുന്നില്ല. കൗമാരപ്രായക്കാരാണ് കുമ്മാട്ടിക്ക വേഷം കെട്ടാറുള്ളത്. സ്ത്രീകൾ കുമ്മാട്ടിയിൽ ഒരിടത്തും പങ്കെടുക്കാറില്ല. ഊരകം ദേശക്കുമ്മാട്ടി, ഏവന്നൂർ ദേശക്കുമ്മാട്ടി, കിഴക്കുപാട്ടുകര, തെക്കുമുറി, വടക്കുംമുറി, ദേശക്കുമ്മാട്ടി എന്നിങ്ങനെ പ്രാദേശികമായ സംഘങ്ങൾ മത്സരത്തോടെ കുമ്മാട്ടി നടത്തുന്നു. തള്ളയാണ് കുമ്മാട്ടിയിലെ ഏറ്റവും ആകർഷകമായ വേഷം. ശിവൻ, കൃഷ്ണൻ, കാളി, ഹനുമാൻ, കിരാതൻ തുടങ്ങിയവയാണ് മറ്റ വേഷങ്ങൾ. കുമ്മാട്ടിപ്പുല്ല്, എല്ലാ വേഷത്തിനും ഉപയോഗിക്കുന്നുണ്ട്. കുമ്മാട്ടിപ്പുല്ലിന് ക്ഷാമം നേരിട്ടപ്പോൾ വെള്ളക്കടലാസുകൊണ്ട് (ചൈനപേപ്പർ) തോരണം ഉണ്ടാക്കി ദേഹം മുഴുവനും ചുറ്റി മുഖം മൂടിവച്ച് കളിക്കുന്ന സമ്പ്രദായവും തുടങ്ങി. പാട്ടിനു താളം കൊടുക്കുന്ന വാദ്യം ഓണവില്ലാണ്. വീട്ടുവീടാന്തരം കയറി കുമ്മാട്ടികൾ കളിക്കുന്നു. കുമ്മാട്ടിയുടെ വരവറിഞ്ഞാൽ കുട്ടികൾ ഉത്സാഹപൂർവം കുമ്മാട്ടിയെ സ്വീകരിക്കാൻ കാത്തുനിൽക്കുക പതിവാണ്. ഓണത്തിന്റെ പലഹാരങ്ങളോ ( പഴം, പപ്പടം, അവിൽ, നെല്ല്) കോടിമുണ്ടോ കുമ്മാട്ടിക്ക് വീട്ടുടമസ്ഥർ സമ്മാനമായി നൽകുന്നു. അടുത്ത കാലത്ത് കളിക്കാർക്ക് പണം കൊടുക്കുന്നുണ്ടെന്ന് ചുമ്മാർ ചൂണ്ടൽ എഴുതുന്നു.

## വള്ളംകളി

ഓണക്കാലത്ത് കേരളത്തിന്റെ ചില ഭാഗങ്ങളിൽ വള്ളംകളികൾ നടക്കുന്നു. മാന്നാർ, വാഴക്കൂട്ടം, മൂവാറ്റുപുഴ, ത്രിവേണി സംഗമം, കട്ടോമ്പുറം, നെട്ടായം, കന്നേറ്റിക്കായൽ, പറൂർ, ചാലിയാർ, കല്ലടയാർ, പല്ലനയാർ, ചമ്പക്കുളം പൂക്കൈതയാറ്, തകഴിപ്പൂക്കൈതയാറ്, പുളിങ്കുന്ന്, കോട്ടയം താഴ

**സ്ത്രീകൾ കുമ്മാട്ടിയിൽ ഒരിടത്തും പങ്കെടുക്കാറില്ല. ഊരകം ദേശക്കുമ്മാട്ടി, ഏവന്നൂർ ദേശക്കുമ്മാട്ടി, കിഴക്കുപാട്ടുകര, തെക്കുമുറി, വടക്കുംമുറി, ദേശക്കുമ്മാട്ടി എന്നിങ്ങനെ പ്രാദേശികമായ സംഘങ്ങൾ മത്സരത്തോടെ കുമ്മാട്ടി നടത്തുന്നു.**

ത്തങ്ങാടി, പിറവം മൂവാറ്റുപുഴയാറ്, കിടങ്ങറ പുത്തനാറ്, കൊച്ചീക്കായൽ എന്നിവിടങ്ങളിൽ ഓണക്കാലത്താണ് വള്ളംകളി നടക്കുന്നത്. ചുണ്ടൻ വള്ളം, ഇരുട്ടുകുത്തി, വെപ്പ്, ചുരുളൻ എന്നീ വിഭാഗത്തിൽപ്പെട്ട വള്ളങ്ങൾ വള്ളംകളിയിൽ പങ്കെടുക്കാറുണ്ട്. കുട്ടനാട്ടിലെ ജലരാജാക്കന്മാർ എന്നാണ് ചുണ്ടൻ വള്ളങ്ങൾ അറിയപ്പെടുന്നത്. വള്ളം കളി ഒരു കലാരൂപമല്ല, പക്ഷേ, പ്രകടനാവിഷ്കാരം എന്ന നിലയിലാണ് ഇന്ന് വള്ളംകളി നടക്കുന്നത്. നിരവധി പുരുഷശരീരങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനവും പാട്ടും താളവുമൊക്കെ കലാവിഷ്കാരത്തിന്റെ രൂപഭാവങ്ങളാണ് വള്ളംകളിക്ക് നൽകുന്നത്.

## ചുണ്ടൻ വള്ളം

പാരമ്പര്യ ഗണിതപ്രകാരം ചുണ്ടൻ വള്ളത്തിലെ തുഴക്കാരുടെ എണ്ണം 64 ആണ്. ആഞ്ഞിലിത്തടിയാണ് വള്ളം പണിക്ക് പ്രധാനമായും ഉപയോഗിക്കുന്നത്.

## ആറൻമുള ഉത്തൃട്ടാതി വള്ളംകളി

കാട്ടൂർഗ്രാമത്തിലെ മങ്ങാട്ടില്ലവുമായി ബന്ധപ്പെട്ടാണ് ഉത്തൃട്ടാതി വള്ളംകളിയുടെ ചരിത്രം ഉരുത്തിരിയുന്നത്. ഒരോണക്കാലത്ത് കാട്ടൂർ ഭട്ടതിരിയുടെ ഇല്ലത്ത് കാൽ കഴകിച്ച് ഊട്ടിനെത്തിയത് ആറൻമുള ദേവനായിരുന്നത്രേ. ആറൻമുള പാർഥസാരഥിയാണ് തന്റെ അതിഥിയായി എത്തിയതെന്ന് മനസ്സിലാക്കിയ ഭട്ടതിരി ആറൻമുള ക്ഷേത്രത്തിലേക്ക് എല്ലാ ഓണക്കാലത്തും തിരുവോണച്ചെലവു തോണി അയയ്ക്കുമായിരുന്നു. ഓണസദ്യക്കുള്ള വിഭവങ്ങളാണ് വള്ളത്തിൽ കൊടുത്തയയ്ക്കുന്നത്. ഒരു പ്രാവശ്യം തിരുവോണച്ചെലവു തോണി അയിരൂർ കടവിൽ വച്ച് കൊള്ളക്കാർ തടഞ്ഞു. വിവരമറിഞ്ഞ് തൊട്ടാവള്ളിയിലാശാന്മാരും സംഘവുമെത്തി കൊള്ളക്കാരെ തുരത്തുകയും തിരുവോണച്ചിലവുതോണിക്ക് അകമ്പടി സേവിക്കുകയും ചെയ്തു. ഈ സംഭവമാണ് ആറൻമുള വള്ളംകളിക്ക് പശ്ചാത്തലമൊരുക്കിയത്. (ഗോപാലകൃഷ്ണൻ നടുവട്ടം 2004:16-20)

## പായിപ്പാട്ട് വള്ളംകളി

ഹരിപ്പാട് സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെ വിഗ്രഹലബ്ധിയുമായി ബന്ധപ്പെട്ടുണ്ടായതാണ് പായിപ്പാട്ട് വള്ളംകളി. പമ്പയാറിൽ ചിങ്ങമാസത്തിലെ തിരുവോണം, അവിട്ടം, ചതയം നാളുകളിൽ നടത്തുന്ന ജലോത്സവമാണിത്. (ഗോപാലകൃഷ്ണൻ നടുവട്ടം 2004:16-20)

## നെഹ്റുട്രോഫി വള്ളംകളി

പുന്നമടക്കായലിൽ ഓണക്കാലത്താണ് നെഹ്റുട്രോഫി വള്ളംകളി നടക്കുന്നത്. ആഗസ്റ്റിലെ രണ്ടാം ശനിയാഴ്ചയാണ് എല്ലാവർഷവും ഇതു നടക്കുന്നത്. അതിനാൽ ചില അവസരത്തിൽ ഓണത്തിന് വളരെ മുമ്പായിട്ടായിരിക്കും നടക്കുക. ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന വള്ളംകളിയാണിത്. 1952 ഡിസംബറിൽ ജവഹർലാൽ നെഹ്റുവിനെ കോട്ടയത്തുനിന്നും ആലപ്പുഴയിലേക്ക് വള്ളങ്ങളുടെ അകമ്പടിയോടെ കൊണ്ടു പോകുകയും അദ്ദേഹത്തിനു വേണ്ടി 8 ചുണ്ടൻ വള്ളങ്ങളുടെ മത്സരത്തുഴച്ചിൽ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ആ സംഭവത്തിന്റെ ഓർമയ്ക്കായാണ് പ്രൈം മിനിസ്റ്റേർസ് ട്രോഫി വള്ളംകളി 1954ൽ ആരംഭിച്ചത്. 1955ൽ വള്ളംകളി പുന്നമടക്കായലിലേക്ക് മാറ്റി. നെഹ്റുവിന്റെ മരണശേഷമാണ് വള്ളംകളിയുടെ പേര് നെഹ്റുട്രോഫി എന്നായത്. (ഗോപാലകൃഷ്ണൻ നടുവട്ടം 2004:16-20 മുരളീധരൻ നെല്ലിക്കൽ 2007:8-12)

## മറ്റു വള്ളംകളികൾ

തിരുവോണത്തിന് നടക്കുന്ന വള്ളംകളിയാണ് നീരേറ്റുപുറം വള്ളംകളി. കോട്ടയം താഴത്തങ്ങാടിയാറ്റിലെ വള്ളംകളിയും തിരുവോണനാളിൽ തന്നെ. കണ്ടശ്ശാംകടവു വള്ളംകളി അവിട്ടം നാളിലാണ് നടക്കുന്നത്. കുമരകം കവണാറ്റിൻകര വള്ളംകളി ചതയത്തിനാണ്. നാലാം ഓണത്തിന് നടക്കുന്ന വള്ളംകളിയാണ് മാന്നാർ മഹാത്മാജലോത്സവം.

## ഓണത്തല്ല്

നാട്ടുവാഴികളുടെ ഭരണകാലത്ത് തുടങ്ങിവച്ചതായി കരുതപ്പെടുന്ന ഓണത്തല്ല്, കയ്യാങ്കളി, ഓണപ്പട എന്നീ പേരുകളിലും അറിയപ്പെടുന്നു. പെരുമാക്കൾമാരുടെ കാലത്തോ അതിനു മുമ്പോ ഏർപ്പെടുത്തിയ ആചാരമായിരിക്കാം ഇത്. കർക്കിടകമാസത്തിൽ കളരിയഭ്യാസം കഴിഞ്ഞ് ചിങ്ങത്തിൽ പ്രായോഗിക വൈദഗ്ധ്യം കാണിക്കാനുള്ള ഒരവസരമാണ് ഓണത്തല്ല്.

## ഓണത്തല്ലിന്റെ ചരിത്രം

പണ്ടുകാലത്ത് സമർഥരായ നായർപ്പട്ടാളക്കാർ യുദ്ധപ്രകടനം നടത്തിയിരുന്നതിന്റെ ജീർണിച്ച നശിക്കാറായ അവശേഷമാണ് ഓണത്തല്ല്. മാങ്കുടി മരുതനാരുടെ 'മധുരൈ കാഞ്ചി'യിൽ ഓണത്തല്ലിന്റെ വർണനയുണ്ട്. കായങ്കുളത്തുവച്ച് ഓണപ്പട കണ്ടതായി കാന്റർ വിഷർ 1720ൽ പ്രസ്താവിച്ചു കാണുന്നു. 'പൗരസ്ത്യസ്മരണകൾ' എന്ന ഗ്രന്ഥത്തിൽ ഫോർബ്ലൂഡും ഓണപ്പടയെപ്പറ്റി വിവരിച്ചിട്ടുണ്ട്.

## തിരുവോണനാളിലെ ഓണത്തല്ല്

പണ്ടു ചിങ്ങമാസത്തിലെ അത്തം നാൾ മുതൽ തുടർച്ചയായി പത്തു ദിവസവും തല്ലു നടത്തിയിരുന്നു. ഓരോ ദിവസവും ജയിക്കുന്നവർ പിറ്റേദിവസത്തെ തല്ലിൽ പങ്കെടുക്കും. അങ്ങനെ തിരുവോണദിവസം ഏറ്റവും മികച്ച പ്രകടനമാവും നടക്കുക. അതിന്റെ തുടർച്ചയായ

പുന്നമടക്കായലിൽ ഓണക്കാലത്താണ് നെഹ്റുട്രോഫി വള്ളംകളി നടക്കുന്നത്. ആഗസ്റ്റിലെ രണ്ടാം ശനിയാഴ്ചയാണ് എല്ലാവർഷവും ഇതു നടക്കുന്നത്. അതിനാൽ ചില അവസരത്തിൽ ഓണത്തിന് വളരെ മുമ്പായിട്ടായിരിക്കും നടക്കുക. ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന വള്ളംകളിയാണിത്.

അവിട്ടത്തല്ലാകട്ടെ കൂടുതൽ ആവേശഭരിതവുമായിരുന്നു. ക്രമേണ തിരുവോണം മുതൽ രണ്ടോ മൂന്നോ ദിവസത്തെ തല്ല മാത്രമായിത്തീർന്നു. (കർത്താ പി.സി 1991:44-45)



ഓണത്തല്ല്

## അങ്കസ്ഥലം

ഏതാണ്ട് 25 അടി അർധ വ്യാസത്തിൽ ഒരു വൃത്തം വീശി അതിനകം അടിച്ചുറപ്പിച്ച്, മെഴുകി ഒരുക്കിയെടുക്കുന്നതാണ് തല്ലിനുള്ള കളം. തല്ലുകാർ കളത്തിനുള്ളിൽനിന്നുകൊണ്ടാണ് തല്ല നടത്തേണ്ടത്. കളത്തിന്റെ കിഴക്കും പടിഞ്ഞാറുമായി തല്ലിനു വന്നിട്ടുള്ള സംഘങ്ങൾ അവരവരുടെ ചേരിയിൽ സ്ഥലം പിടിക്കും. കളത്തിന് ചുറ്റം ദീർഘചതുരാകൃതിയിൽ കാണികൾ തടിച്ചുകൂടി നിൽക്കും. കാണികൾ തിങ്ങിക്കൂടി നിൽക്കുന്ന നാല് അതിരുകൾ 'നാലു ചേരികൾ' എന്നാണ് പറയുന്നത്. മത്സരം നിയന്ത്രിക്കുന്നത് 'ചാതിക്കാർ' ആണ്. (ശങ്കരൻ നമ്പൂതിരിപ്പാട് കാണിപ്പയ്യൂർ 1963:139-143)

## ഓതിരം

ഓതിരം, മറ്റ ഓതിരം തുടങ്ങിയ കൈത്തല്ലിന്റെ ചില സാങ്കേതികനാമങ്ങളാണ്. രണ്ടു കൈകളും ചേർത്തു പിടിച്ച് എതിരാളിയുടെ ചെകിടത്തടിക്കുന്നതാണ് ഓതിരം. അടിയെ തടുക്കുന്നതാണ് മറ്റ ഓതിരം. ആദ്യത്തെ ആക്രമണ പ്രത്യാക്രമണങ്ങൾക്കുശേഷം കുറച്ചു കൊട്ടുക്കൽ വാങ്ങൽ കഴിഞ്ഞാൽ ഒരു മുറിത്തല്ല കഴിഞ്ഞു എന്നർഥം. ചാതിക്കാർ കളിക്കാരെ തൽക്കാലം പിരിച്ചുവിടും.

## പല്ലശ്ശേനയിലെ ഓണത്തല്ല്

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ പല്ലശ്ശേനയിൽ നടത്തപ്പെടുന്ന ഓണത്തല്ല് ഒരു അനുഷ്ഠാനാത്മക കായിക പ്രകടനമാണ്. പാലക്കാട് ടൗണിൽനിന്ന് 25 കി.മീ. മാറിയുള്ള ഗ്രാമമാണ് പല്ലശ്ശേന. പല്ലവസേന എന്ന പദം പിന്നീട് പല്ലശ്ശേന എന്നായി മാറുകയായിരുന്നുവത്രേ. കേരളം തമിഴകത്തിന്റെ ഭാഗമായിരുന്ന കാലത്ത് ഇവിടം ഭരിച്ചവരായിരുന്ന പല്ലവൻമാർ. പുരാതന തെക്കേ ഇന്ത്യ എ.ഡി. നാലാം നൂറ്റാണ്ടുമുതൽ കാഞ്ചീപുരം ആസ്ഥാനമാക്കി ഭരിച്ചവരാണിവർ. നടുവട്ടംപ്രദേശത്തിന്റെ ഭാഗമായിരുന്ന പല്ലശ്ശേനയെന്നും ഇവിടം കണ്യാർകളിയുടെ പ്രധാന കേന്ദ്രമായിരുന്നെന്നും വി വി കെ വാലത്ത് എഴുതുന്നു. (1986:80).

ഇപ്പോൾ ഓണക്കാലത്ത് തിരുവോണത്തിനും അവിട്ടത്തിനുമാണ് ഓണത്തല്ല് നടത്തുന്നത്. പല്ലശ്ശേന വേട്ടക്കരുമൻ ക്ഷേത്രപരിസരത്തും തല്ലമന്ദത്തുമായി നടക്കുന്ന ഓണത്തല്ല് നാട്ടുരാജാക്കൻമാർ തമ്മിൽ നടന്ന യുദ്ധത്തിന്റെ സ്മരണ നിലനിർത്തുന്നു.

## പുലയരടി

വടക്കേ മലബാറിൽ നടക്കാറുള്ള മത്സരക്കളിയാണ് പുലയരടി. പുലയ സമുദായക്കാർ രണ്ടു ഗ്രൂപ്പായി ചേരി തിരിഞ്ഞ് തമ്മിൽ കോലുകൊണ്ട് നടത്തുന്ന അഭ്യാസമാണിത്. രാത്രിയിലാണ് നടത്താറുള്ളത്. വെട്ടും തടവും കോലു കൊണ്ട് പ്രകടിപ്പിക്കാം. തല്ല നടക്കുന്നതിന് മുമ്പും പിമ്പും തുടി കൊട്ടി പാടാറുണ്ട്. (ചുമ്മാർ ചൂണ്ടൽ 1979:96-97)

## പോത്തോട്ടം

ഓണാഘോഷങ്ങളുടെ സമാപ്തി കുറിക്കുന്ന മകം നാളിൽ കർഷകത്തൊഴിലാളികൾ തങ്ങളുടെ കന്നുകാലികൾക്ക് രോഗപീഡയുണ്ടാകാതിരിക്കാനും കേട്ടുപാടുകളിൽനിന്ന് സംരക്ഷണം ലഭിക്കുന്നതിനും വേണ്ടി തറയിൽ കുടിയിരുത്തിയിട്ടുള്ള ദൈവത്തിന് വഴിപാടു നടത്തുന്ന ചടങ്ങാണ് പോത്തോട്ടം.

## ആട്ടക്കളം കുത്തുക

ഒരുതരം ചെറിയ യുദ്ധമാണ് ആട്ടക്കളം കുത്തുക. മുതിർന്ന ആൺകുട്ടികളാണ് ഇതിൽ പങ്കെടുക്കുക. അഞ്ചെട്ടടി വ്യാസത്തിൽ മുറ്റത്തൊരു കളം വരയ്ക്കും. ഒരാൾ കളത്തിനു പുറത്തും മറ്റുള്ളവർ അകത്തും നിൽക്കും. പുറത്തു നിൽക്കുന്നവന് വരയ്ക്കുള്ളിൽ കടക്കാൻ പാടില്ല. അവൻ അകത്തുള്ളവരെ ഓരോരുത്തരെയായി പിടിച്ചു വലിച്ചു പുറത്തു ചാടിക്കുകയാണ് കളിയുടെ ചടങ്ങ്. അകത്തു നിൽക്കുന്നവന് പുറത്തുള്ളവനെ അടിക്കാം. എന്നാൽ മറിച്ചു പാടില്ലതാനും.

ഓതിരം, മറ്റ ഓതിരം തുടങ്ങിയ കൈത്തല്ലിന്റെ ചില സാങ്കേതികനാമങ്ങളാണ്. രണ്ടു കൈകളും ചേർത്തു പിടിച്ച് എതിരാളിയുടെ ചെകിടത്തടിക്കുന്നതാണ് ഓതിരം. അടിയെ തടുക്കുന്നതാണ് മറ്റഓതിരം

ഓണക്കാലത്തെ വിനോദങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഓണവില്ലുകൊട്ടൽ. ഓണവില്ലിന്റെ പാത്തി പനയുടെ ഓടുകൊണ്ടാണുണ്ടാക്കുക. അടയ്ക്കാമരം, മുള എന്നിവ കൊണ്ടും നിർമിക്കാറുണ്ട്. ഇടയ്ക്ക കൊട്ടുന്നതുപോലെ ഒരു കൈ മാത്രമുപയോഗിച്ചാണ് കൊട്ടൽ.

## പന്തുകളി

മുതിർന്നവരും കുട്ടികളും കളിക്കാറുണ്ടായിരുന്ന വിനോദം. ഓണസദ്യക്കുശേഷം വീട്ടുമുറ്റത്തോ അമ്പലമുറ്റത്തോ മൈതാനത്തോ പന്തുകളി നടത്താറുണ്ട്. രണ്ടു സംഘമായി വരുന്ന കളിക്കാരിൽ ഒരു സംഘം കളിക്കുകയും മറു സംഘം പന്തു കാക്കുകയുമാണ് പതിവ്. കളിസ്ഥലത്തിന്റെ ഒരറ്റത്ത് കമ്പുനാട്ടി, കാക്കുന്നവർ പലയിടത്തായി നിൽക്കും. തലപ്പന്ത്, ഒറ്റ, പെട്ട, പിടിച്ചാൻ, താളം, കാലിൻകീഴ്, ഇണ്ടൻ, ചക്കരക്കൈ എന്നിങ്ങനെ പന്തുകളി എട്ടിനമുണ്ട്. എട്ടിനവും പൂർത്തിയായാൽ ഒരു വട്ടം കളി കഴിഞ്ഞതായി പ്രഖ്യാപിക്കും.

## ചെമ്പഴക്ക

ഓണക്കാലത്ത് സ്ത്രീകൾ കളിക്കുന്ന കായിക വിനോദമാണ് ചെമ്പഴക്ക. സ്ത്രീകൾ വട്ടമിട്ടിരിക്കുന്നു. ഒരാൾ നടുവിലും ഇരിക്കുന്നു. ചുറ്റമിരിക്കുന്നവർ കൈകൾ പുറകിൽ വച്ച് ഒരാളുടെ കൈയിൽ നിന്ന് അടുത്തിരിക്കുന്നയാളിന്റെ കൈയിലേക്ക് ഒരു ചെമ്പഴക്ക ദ്രുതഗതിയിൽ കൈമാറുന്നു. 'ഓടുന്നുണ്ടോടുന്നുണ്ടു മാണിക്യചെമ്പഴക്ക' എന്നു പാടിക്കൊണ്ട് കൈമാറ്റം തുടരുന്നു. ''ആ കൈയിലോ ഈ കൈയിലോ മാണിക്യചെമ്പഴക്കാ?'' എന്ന് അവർ ചോദിക്കുമ്പോൾ നടുവിലിരിക്കുന്ന സ്ത്രീയാണ് ചോദ്യത്തിനുത്തരം പറയേണ്ടത്. ആരുടെ കൈയിലാണെന്ന് ശരിയായി പറഞ്ഞാൽ അവൾ ജയിച്ചു. പിന്നീട് മറ്റൊരു സ്ത്രീയെ നടുവിലിരുത്തി കളി തുടരുന്നു. (കർത്താ പി.സി 1991:71-72)

## കോൽക്കളി

കനവും നീളവും കുറഞ്ഞ ചെറിയ മണി ഘടിപ്പിച്ചിട്ടുള്ള കമ്പുകൾ ഉപയോഗിച്ച് ഇരുന്നും കുനിഞ്ഞും ഓടിയും ചാടിയും കമ്പുകൾ തമ്മിൽ താളത്തിൽ തട്ടിയും പാട്ടിനൊപ്പിച്ച് വട്ടത്തിൽ ചുവടുവയ്ക്കുന്ന രീതിയാണ് കോൽക്കളിയുടേത്. കമ്പടികളി എന്നും അറിയപ്പെടുന്നു. മിക്കവാറും പന്ത്രണ്ടോ പതിനെട്ടോ കളിക്കാർ ഒരു സംഘത്തിലുണ്ടായിരിക്കും. പുരാണമോ വീരാപദാനമോ ഐതിഹ്യമോ ഒക്കെയാവും പാട്ടിന്റെ വിഷയം. ദളിതസമൂഹത്തിന്റെ കളിയാണിത്.

## തുമ്പിതുള്ളൽ

പെൺകുട്ടികളുടെ പ്രധാനപ്പെട്ട ഓണക്കാല വിനോദമാണ് തുമ്പിതുള്ളൽ. വീടിന്റെ അകത്തളമോ മുറ്റമോ ആകാം വേദി. കളിച്ചു കുറിയിട്ട് ശുഭ്രവസ്ത്രധാരികളായ പെൺകുട്ടികൾ വട്ടമിട്ടിരിക്കുന്നു. അവർക്കു നടുവിലായി ഒരു ബാലിക തലവഴി മുണ്ടിട്ട് ചമ്രം പടിഞ്ഞിരിക്കും. അവളാണ് തുമ്പി. ചുറ്റമിരിക്കുന്നവരുടെ പാട്ടിനൊത്ത് തുമ്പിതുള്ളിത്തുടങ്ങും. തുള്ളലിന്റെ ആവേശത്തിൽപ്പെട്ട് അവൾക്ക് ഒരു പക്ഷേ, ബോധക്ഷയം വരെ ഉണ്ടായേക്കാം.

## അമ്മാനയാട്ടം

അമ്മാനക്കളി എന്ന പേരിലും അറിയപ്പെടുന്ന അമ്മാനയാട്ടം സ്ത്രീകളുടെ ഒരു വിനോദമാണ്. മരം കൊണ്ടോ ഓടുകൊണ്ടോ ഉള്ള അമ്മാനക്കായ് മേൽപ്പോട്ടെറിഞ്ഞ് താഴെ വീഴാതെ ഏറ്റു കളിക്കുന്നതാണിതിന്റെ രീതി. ഓണത്തോടനുബന്ധിച്ച് നടത്തുന്ന അമ്മാനയാട്ടം ചിലർ വിവാഹവേളകളിലും നടത്താറുണ്ട്.

## ഉറിയടി

ശ്രീകൃഷ്ണന്റെ വെണ്ണമോഷണത്തെ അനുസ്മരിപ്പിക്കുന്ന ഓണക്കാല വിനോദമാണ് ഉറിയടി. അഷ്ടമിരോഹിണി നാളിലും ഇത് നടത്താറുണ്ട്. ഉയരത്തിൽ കപ്പികെട്ടി അതിലൂടെ ഒരു കയറിടുന്നു. കയറിന്റെ ഒരറ്റത്ത് വെള്ളം നിറച്ച് മൺകലം വച്ച് ഉറി കെട്ടും. മറ്റേ അറ്റം ഉറിക്കാരൻ പിടിച്ചിരിക്കും. ചെണ്ടയുടെ താളത്തിനൊത്ത് ചുവടുവെച്ച് കളിക്കാരൻ ഏതാണ്ട് രണ്ടടി നീളമുള്ള വടികൊണ്ട് ഉറികൾ അടിച്ചു പൊട്ടിക്കാൻ ശ്രമിക്കുന്നു. ഉദ്യമത്തിനിടയിൽ നിരന്തരം അയാളുടെ കണ്ണുകളിലേക്ക് ഇരുവശങ്ങളിൽ നിന്ന് രണ്ടുപേർ വെള്ളം ശക്തിയായി അടിച്ചുകൊണ്ടിരിക്കും. ഉറിക്കാരൻ കയർ അയച്ചും മുറുക്കിയും ഉറിയടിക്കാരനെ കബളിപ്പിക്കുന്നു. നിശ്ചിത സമയംകൊണ്ട് ഉറിക്കലം അടിച്ചു പൊട്ടിക്കുന്നയാൾക്ക് പാരിതോഷികം കിട്ടും.

## ഓണവില്ലുകൊട്ടൽ

ഓണക്കാലത്തെ വിനോദങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഓണവില്ലുകൊട്ടൽ. ഓണവില്ലിന്റെ പാത്തി പനയുടെ ഓടുകൊണ്ടാണുണ്ടാക്കുക. അടയ്ക്കാമരം, മുള എന്നിവ കൊണ്ടും നിർമിക്കാറുണ്ട്. ഇടയ്ക്ക കൊട്ടുന്നതുപോലെ ഒരു കൈ മാത്രമുപയോഗിച്ചാണ് കൊട്ടൽ. ദേശത്തെ ആശാരിമാരിൽ ചിലരെല്ലാം അത്തത്തിന് മുമ്പായി വില്ലുണ്ടാക്കി സമ്പന്നഗൃഹങ്ങളിൽ കൊണ്ടു ചെന്നു കൊടുക്കുക പതിവായിരുന്നു.

## കൈകൊട്ടിക്കളി (തിരുവാതിരക്കളി)

സ്ത്രീകളുടെ ഓണക്കാല വിനോദമാണ് കൈകൊട്ടിക്കളി. ധനുമാസത്തിലെ തിരുവാതിരയ്ക്കും കൈകൊട്ടിക്കളി മുഖ്യ ഇനമാണ്. കത്തിച്ചുവെച്ച നിലവിളക്കിനുമുന്നിൽ സ്ത്രീകൾ വെള്ള ദാവണിയും കസവുനേര്യതും ധരിച്ച് അണിഞ്ഞൊരുങ്ങി വട്ടത്തിൽ ചുവടുവച്ച് താളത്തിൽ കൈകൾകൊട്ടി പാട്ടുപാടി ആടുന്നു. കേരളത്തിലെ കാർഷികജീവിതം, പ്രകൃതിസൗന്ദര്യം, സ്ത്രീസൗന്ദര്യം, മഹാബലിചരിതം എന്നിവയാണ് പാട്ടുകളിലെ ഇതിവൃത്തങ്ങൾ. അത്തം നാളിൽ ആലേഖനം ചെയ്ത പൂക്കളത്തിനു ചുറ്റം നിന്നാണ് കൈകൊട്ടിക്കളി നടത്താറുള്ളത്. നാലോണം വരെ കളി തുടർന്നുകൊണ്ടിരിക്കും. വീടുകളുടെ ഉൾത്തളങ്ങളിൽ വച്ചും ഇത് നടത്താറുണ്ട്.



*പുലികളി*

"മാവേലി നാടുവാണിടും കാലം" എന്ന ഗാനം കൈകൊട്ടിക്കളിപ്പാട്ടായി പാടാറുണ്ട്.

## പുലികളി

കരടികളി, കടുവാകളി എന്നീ പേരുകളിലുമറിയപ്പെടുന്ന പുലികളി വേടൻ പുലിയെ നായാടുന്നതിന്റെ അവതരണമാണ്. കടുവാകളിയുടെ നൂതന രൂപമായും ഇത് അറിയപ്പെടുന്നു. പഴയ തൃശ്ശൂരിലാണ് പ്രധാനമായും പുലികളി നടക്കാറുള്ളത്. നാലാമോണദിവസം നടക്കുന്ന പുലികളി സർക്കാരിന്റെ വിനോദാഘോഷ പരിപാടിയുടെ ഭാഗമായിക്കഴിഞ്ഞു. പുള്ളിപ്പുലി, വരയൻപുലി, കരിമ്പുലി തുടങ്ങിയ വേഷങ്ങൾ കെട്ടി വാലും മുഖവും വച്ച് തൃശ്ശൂരിലെ സ്വരാജ് റൗണ്ടിലൂടെ എല്ലാവർഷവും അവതരിപ്പിക്കപ്പെടുന്നു. കൂടാതെ വാഹനങ്ങളിൽ കാട് കൃത്രിമമായി ഉണ്ടാക്കി പുലികളെ പ്രദർശിപ്പിക്കുന്നുമുണ്ട്. ഇവർ പുലി കാണിക്കുന്ന അഭ്യാസങ്ങളും കാണിക്കും.

ഓണത്തിന്റെ വൈവിധ്യമേറിയ ഈ കലാവിഷ്കാരങ്ങൾ കേരളചരിത്രത്തിലെ ഫ്യൂഡൽ കാലവുമായും നാട്ടുവാഴികാലവുമായും ബന്ധപ്പെടുന്നു. ജനതയുടെ പല മട്ടിലുള്ള ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും പ്രകടനങ്ങളായി കലാരൂപങ്ങൾ മാറുന്നത് കാണാം. മഹാബലിയെ നാട്ടുദൈവമായി സ്വീകരിച്ചുകൊണ്ടുള്ള തെയ്യങ്ങൾ ധാരാളമുണ്ട്. നാടിനെ സംരക്ഷിക്കുന്ന ദേവസങ്കൽപ്പം കുമ്മാട്ടിയിലും തെളിഞ്ഞു കാണാം. പുരുഷ ശരീരങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനവും പാട്ടും താളവുമൊക്കെയായി കാഴ്ചയുടെ അനുഭവമായാണ് വള്ളംകളി ഇന്ന് സ്വീകരിക്കപ്പെടുന്നത്. കുന്നംകുളത്ത് മറ്റും നടക്കുന്ന ഓണത്തല്ലും പല്ലശ്ശേനയിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന അനുഷ്ഠാനാത്മകമായ ഓണത്തല്ലും കായികശേഷിയുടെ മാത്രമല്ല കലാവിഷ്കാരത്തിന്റെയും ഘടന വഹിക്കുന്നത് കാണാം. കുട്ടികളുടേതായി നിരവധി കലാവിഷ്കാരങ്ങൾ കാണുന്നു. സ്ത്രീകൾക്ക് മാത്രമായുള്ള തിരുവാതിരക്കളി പോലുള്ള കലാപ്രകടനങ്ങൾ സവിശേഷമായ സ്ത്രീ സ്വത്വപ്രകാശനത്തിനിട നൽകുന്നു. ഓണത്തിന്റെ ആഘോഷാത്മകതയുടെ അതിരുകൾ വികസിപ്പിക്കാൻ ഈ കലാവിഷ്കാരങ്ങൾക്ക് കഴിയുന്നു. മാത്രമല്ല ആഘോഷാത്മകതയുടെ ഘടകങ്ങളെ അടുത്ത തലമുറയിലേക്ക് സംവഹിപ്പിക്കാനും ഇവയ്ക്ക് കഴിയുന്നുണ്ട്. കാർട്ടൂണുകളിലൂടെയും അനിമേഷനുകളിലൂടെയും പരസ്യങ്ങളിലൂടെയും പുതിയ കലാത്മക രൂപങ്ങളെ കൂടി ഉൾക്കൊള്ളാൻ ഓണം തയാറാവുന്നുണ്ട് എന്ന കാര്യവും വിസ്മരിക്കാവുന്നതല്ല.

ഓണത്തിന്റെ വൈവിധ്യമേറിയ ഈ കലാവിഷ്കാരങ്ങൾ കേരളചരിത്രത്തിലെ ഫ്യൂഡൽ കാലവുമായും നാട്ടുവാഴികാലവുമായും ബന്ധപ്പെടുന്നു. ജനതയുടെ പല മട്ടിലുള്ള ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും പ്രകടനങ്ങളായി കലാരൂപങ്ങൾ മാറുന്നത് കാണാം.

## റഫറൻസ്


- കർത്താ പി.സി. 1991 ഓണവിജ്ഞാനകോശം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
- കർത്താ പി.സി. 1998 ആചാരാനുഷ്ഠാനകോശം ഡി.സി ബുക്സ്, കോട്ടയം.
- ഗോപാലകൃഷ്ണൻ, നടുവട്ടം 2004 'ആഹ്ലാദാരവമൊടുങ്ങാത്ത കുട്ടനാട്' ജനപഥം.(ലേഖനം)
- ചുമ്മാർചൂണ്ടൽ 1979 നാടൻകല, ചരിത്രംപബ്ലിക്കേഷൻ, തിരുവനന്തപുരം.
- മുരളീധരൻ, നെല്ലിക്കൽ 2007 'വള്ളംകളിയുടെ ചരിത്രം' വിജ്ഞാനകൈരളി (ലേഖനം)
- വസന്തൻ, എസ്.കെ. 2005 കേരളസംസ്കാര ചരിത്രനിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- വാലത്ത്, വി.വി.കെ. 1991 കേരളത്തിലെ സ്ഥലചരിത്രങ്ങൾ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.
- വിഷ്ണുനമ്പൂതിരി, എം.വി. 1997 (1996) നാടോടി വിജ്ഞാനീയം ഡി.സി ബുക്സ്, കോട്ടയം.
- ശങ്കരൻനമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ 1963 എന്റെ സ്മരണകൾ രണ്ടാംഭാഗം, പഞ്ചാംഗം പുസ്തകശാല, കുന്നംകുളം.


*(ഡോ. സി. ഗണേഷ് - 9847789337)*




# ഒരേ ഒരു ഭൂമി സ്റ്റോക്ക്ഹോം മുതൽ സ്റ്റോക്ക്ഹോം വരെ

**അജിത് വെണ്ണിയൂർ**

മാനവപരിസ്ഥിതിയുടെ പ്രാധാന്യവും പ്രശ്നങ്ങളും ഭാവിയും സംബന്ധിച്ച രാജ്യാന്തര നയതന്ത്ര ചർച്ചകൾക്ക് തുടക്കംകുറിച്ച ആദ്യ ആഗോള ഉച്ചകോടിയാണ് 1972 ലെ സ്റ്റോക്ക്ഹോം സമ്മേളനം.

'ഒരേ ഒരു ഭൂമി' എന്ന തിരിച്ചറിവോടെയാണ് ആ സമ്മേളനം തുടങ്ങിയത്. സമാപിച്ചതാകട്ടെ "ഭൂമിയിൽ നാമിന്നനുഭവിക്കുന്ന വിഭവങ്ങൾ പോയ തലമുറകളിൽ നിന്ന് നമുക്ക് പൈതൃകമായി കിട്ടിയ സ്വത്തല്ല, ഭാവിതലമുറകളിൽ നിന്ന് നാം കടം വാങ്ങിയതാണ് " എന്ന ഓർമപ്പെടുത്തലോടെയും.

പ്രഥമ സ്റ്റോക്ക്ഹോം സമ്മേളനത്തിന്റെ തുടർച്ചയായാണ് ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗമായ യുണൈറ്റഡ് നാഷൻസ് എൻവിയോൺമെന്റൽ പ്രോഗ്രാം (UNEP) നിലവിൽ വന്നതും ജൂൺ അഞ്ച് ലോക പരിസ്ഥിതിദിനമായി ആചരിക്കാനുള്ള തീരുമാനമുണ്ടായതും. നിലവിൽ 193 രാഷ്ട്രങ്ങളുടെ പങ്കാളിത്തമുള്ള യു.എൻ.ഇ.പി.യുടെ ആസ്ഥാനം കെനിയയുടെ തലസ്ഥാനമായ നെയ്റോബിയിലാണ്.

പിന്നീടുള്ള ഓരോ വർഷവും ഓരോ പാരിസ്ഥിതിക വിഷയത്തെ ആസ്പദമാക്കി യു.എൻ.ഇ.പി. യിലെ ഏതെങ്കിലും ഒരംഗരാഷ്ട്രത്തിന്റെ ആതിഥേയത്വത്തിൽ ആഗോളതലത്തിൽ പരിസ്ഥിതിദിനം ആചരിച്ചുവരികയാണ്.

ജൈവവൈവിധ്യനാശം, ആഗോളതാപനം, ഭക്ഷ്യസുരക്ഷ, വനനശീകരണം, സുസ്ഥിരവികസനം, സുസ്ഥിരഉപഭോഗം, സുസ്ഥിര ജീവിതശൈലി, വായുമലിനീകരണം, പ്ലാസ്റ്റിക്ക് മലിനീകരണം, നിയമവിരുദ്ധമായ വന്യമൃഗവ്യാപാരം, കടൽജലനിരപ്പ് വർധനവ് തുടങ്ങി നിരവധി വിഷയങ്ങൾ ഓരോ വർഷവും ഇതിനകം മുഖ്യപ്രമേയമായി ചർച്ച ചെയ്യപ്പെട്ടു.

ഇക്കൊല്ലത്തെ ലോക പരിസ്ഥിതിദിനത്തിന്റെ പ്രമേയവും അരനൂറ്റാണ്ടുമുമ്പ് ആഹ്വാനം ചെയ്യാച

രിച്ച 'ഒരേ ഒരു ഭൂമി' തന്നെയായിരുന്നു. ആതിഥേയ രാഷ്ട്രം, സ്വീഡനും. കോവിഡാനന്തര ലോകക്രമത്തിൽ ഈ വിഷയത്തിന് കൂടുതൽ പ്രാധാന്യവും പ്രസക്തിയുമുണ്ട്.

## വീണ്ടും സ്റ്റോക്ക്ഹോമിലെത്തുമ്പോൾ

പ്രഥമ സ്റ്റോക്ഹോം പ്രഖ്യാപനത്തിന് അരനൂറ്റാണ്ടു തികയുമ്പോൾ അതേ സ്ഥലത്ത് അതേ പ്രമേയവുമായി 2022 ജൂൺ 2,3 തീയതികളിൽ നടന്ന സ്റ്റോക്ഹോം +50 സമ്മേളനം, 1972 മുതൽ 2021 ലെ ഗ്ലാസ്ഗോ ഉച്ചകോടി വരെയുള്ള പര്യവേക്ഷണങ്ങളുടെ വിലയിരുത്തലിനും വിശകലനത്തിനും വേദിയായി.

2030 - ഓടെ കൈവരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച ദശവർഷപരിപാടി, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, കാലാവസ്ഥ സംബന്ധിച്ച പാരീസ് ഉടമ്പടി, കോവിഡാനന്തര ഹരിതപുനരുജ്ജീവന പരിപാടി, ബഹുകക്ഷിതല വിലയിരുത്തലുകൾ, തീരുമാനങ്ങൾ എന്നിങ്ങനെ അഞ്ചിന അജണ്ട ആസ്പദമാക്കിയായിരുന്നു സ്റ്റോക്ഹോം +50 ചർച്ചകൾ.

"എല്ലാവരുടെയും അഭിവൃദ്ധിക്ക് ആരോഗ്യമുള്ള ഒരു ഗ്രഹം; നമ്മുടെ ഉത്തരവാദിത്വം, നമ്മുടെ അവസരം" (Stockholm+50: a healthy planet for the prosperity of all – our responsibility, our opportunity) എന്ന ഓർമപ്പെടുത്തൽ ഉടനീളം നിറഞ്ഞ സംവാദങ്ങളും പ്രമേയങ്ങളും കൊണ്ട് ശ്രദ്ധേയമായിരുന്നു സ്റ്റോക്ഹോം +50.

## സ്റ്റോക്ഹോം+50: മുൻഗണനകൾ

പാരിസ്ഥിതിക പ്രശ്നങ്ങളെ മൗലികവാദമായോ വികസനവിരുദ്ധസമീപനമായോ കാണുന്നതിനു പകരം മനുഷ്യാവകാശ പ്രശ്നമെന്ന നിലയിൽ കണ്ടുകൊണ്ടുള്ള അടിയന്തര നടപടികളാണ് ഉണ്ടാവേണ്ടതെന്ന വാദമാണ് സ്റ്റോക്ഹോം+50 ചർച്ചകളിൽ മുഴങ്ങിക്കേട്ടത്.

ആരോഗ്യമുള്ള ഗ്രഹത്തിൽ മാത്രമേ ആരോഗ്യകരമായ ജീവിതം നയിക്കാൻ മനുഷ്യർക്ക് കഴിയൂ എന്ന ലളിതമായ യാഥാർഥ്യം ഉൾക്കൊണ്ടുള്ള വികസനസമീപനമാണ് നമുക്കാവശ്യമെന്ന നിലപാടും ശക്തമായിരുന്നു.

ഏകാരോഗ്യസങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ മഹാമാരികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട ഒരു അന്താരാഷ്ട്ര ഉടമ്പടിക്ക് ലോക ആരോഗ്യ സംഘടന രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകളും സമ്മേളനത്തിലുണ്ടായി. ശ്രദ്ധേയമായ പത്തു ശുപാർശകളടങ്ങിയ പ്രമേയത്തോടെയാണ് സമ്മേളനം സമാപിച്ചത്.



1. മാനവരാശിയുടെ അഭിവൃദ്ധിയും ക്ഷേമവും ഉറപ്പാക്കുന്നതിന് ഭൂമി എന്ന നമ്മുടെ ഏക ഗ്രഹത്തിന്റെ സുസ്ഥിതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തെ വികസനത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുക.
2. ശുദ്ധവും ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതിക്കുള്ള അവകാശം തിരിച്ചറിയുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
3. ഭൂമിയുടെ സുസ്ഥിതി മെച്ചപ്പെടുത്തുന്നതിനു സഹായകമായ രീതിയിൽ നമ്മുടെ നിലവിലെ സമ്പദ് വ്യവസ്ഥയും സംവിധാനങ്ങളും പുനഃക്രമീകരിക്കുക.
4. ഭൂമിയുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനു ഓരോ രാജ്യവും ഏറ്റിട്ടുള്ള നിലവിലെ ബാധ്യതകൾ നടപ്പാക്കുന്നത് ഊർജിതപ്പെടുത്തുക.
5. പാരിസ്ഥിതിക-കാലാവസ്ഥ-സുസ്ഥിര വികസന പ്രതിബദ്ധതകൾ നിറവേറ്റുന്നതിന് സഹായകമായ രീതിയിൽ പൊതു-സ്വകാര്യ സാമ്പത്തിക സ്രോതസ്സുകൾ വിന്യസിക്കുക.
6. ഭക്ഷണം, ഊർജം, വെള്ളം, കെട്ടിടവും മറ്റു നിർമാണപ്രവർത്തനങ്ങളും, ഉൽപ്പാദനം, ഗതാഗതം, (മൊബിലിറ്റി) തുടങ്ങി ഉയർന്ന പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മേഖലകളിലെ വ്യവസ്ഥാപിത സമ്പ്രദായങ്ങളിൽ ആവശ്യമായ പരിവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
7. കാലാവസ്ഥാവ്യതിയാനം മൂലമുള്ള വിപത്തുകൾ നേരിടുന്നതിനുള്ള ധനസഹായത്തിനായി പ്രതിവർഷം വികസ്വരരാജ്യങ്ങൾക്ക് 100 ബില്യൺ യു.എസ് ഡോളർ സമാഹരിക്കാനുള്ള പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതുൾപ്പെടെ, രാജ്യ-രാജ്യാന്തര തലങ്ങളിൽ നയരൂപീകരണവും നിർവഹണവും ഉറപ്പാക്കുന്നതിന് എല്ലാ പങ്കാ

2030 – ഓടെ കൈവരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച ദശവർഷ പരിപാടി, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, കാലാവസ്ഥ സംബന്ധിച്ച പാരീസ് ഉടമ്പടി, കോവിഡാനന്തര ഹരിതപുനരുജ്ജീവന പരിപാടി, ബഹുകക്ഷി തല വിലയിരുത്തലുകൾ, തീരുമാനങ്ങൾ എന്നിങ്ങനെ അഞ്ചിന അജണ്ട ആസ്പദമാക്കി യായിരുന്നു സ്റ്റോക്ഹോം +50 ചർച്ചകൾ.




**സ്വീഡിഷ് നയതന്ത്രജ്ഞർ നയതന്ത്ര ലക്ഷ്യങ്ങൾക്കായി ശാസ്ത്രത്തെ എങ്ങനെ സമർഥമായി സ്വാധീനിച്ചു എന്നതിന്റെ ഉദാഹരണമാണ് അവർ മുന്നോട്ടുവച്ച മൂന്ന് 'ക്ലാസിക് സയൻസ് ഡിപ്ലോമസി ടൈപ്പോളജികൾ' – സയൻസ് ഇൻ ഡിപ്ലോമസി, ഡിപ്ലോമസി ഫോർ സയൻസ്, സയൻസ് ഫോർ ഡിപ്ലോമസി. വിപുലമായ ഒരു പരിസ്ഥിതിസമ്മേളനം വിളിക്കേണ്ടതിന്റെ ആവശ്യകത അംഗരാജ്യങ്ങളെ ബോധ്യപ്പെടുത്തുന്നതിന് അവർക്ക കഴിഞ്ഞു.**

ളികളുടെയും സഹകരണവും ഐക്യദാർഢ്യവും ഊട്ടിയുറപ്പിക്കുന്നതിന് സഹായകമാംവിധം വിശ്വാസാധിഷ്ഠിത ബന്ധങ്ങൾ പുനർനിർമിക്കുക.

8. 'UNEP@50 രാഷ്ട്രീയപ്രഖ്യാപന'ത്തിന് അനുസൃതമായി ഐക്യരാഷ്ട്രസഭയുടെ പാരിസ്ഥിതിക ഉദ്യമങ്ങൾ (യുണൈറ്റഡ് നേഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാം) ഊർജിതമാക്കുന്നതുൾപ്പെടെയുള്ള ബഹുമുഖ സംവിധാനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
9 മികച്ച നയരൂപീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്ലോബൽ യൂത്ത് ടാസ്ക് ഫോഴ്സ് പോളിസിപേപ്പർ പ്രകാരം യുവജനങ്ങളെ കർമോന്മുഖരാക്കുന്നതുൾപ്പെടെ തലമുറകളുടെ ഉത്തരവാദിത്വം തിരിച്ചറിയുക.
10. 2023 ലെ യു.എൻ ഉന്നതതല ഉച്ചകോടി, പ്ലാസ്റ്റിക് കൺവെൻഷൻ, ദേശീയ അധികാരപരിധിക്കപ്പുറമുള്ള പ്രദേശങ്ങളിലെ സമുദ്ര ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുള്ള കരാർ എന്നിവ പോലെ, നിലവിൽ നടന്നുകൊണ്ടിരുന്ന അന്താരാഷ്ട്രപ്രക്രിയകളെ ശക്തിപ്പെടുത്തുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തുകൊണ്ട് സ്റ്റോക്ഹോം+50 ന്റെ സദ് ഫലങ്ങൾ മുന്നോട്ടു കൊണ്ടുപോകുക.

## പശ്ചാത്തലം

1967-68 കാലഘട്ടത്തിൽ സ്വീഡനിലെ ശാസ്ത്രജ്ഞന്മാർ ആധുനിക വികസനനയങ്ങളും ജീവിതശൈലിയും സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ഉയർത്തിക്കൊണ്ടുവന്ന ആശങ്കകളും മുന്നറിയിപ്പുകളുമാണ് 1968 ലെ ഐക്യരാഷ്ട്രസഭാ പ്രമേയത്തിനും ആദ്യ സ്റ്റോക്ഹോം സമ്മേളനത്തിനും വഴിയൊരുക്കിയത്.

സ്വീഡിഷ് നയതന്ത്രജ്ഞർ നയതന്ത്ര ലക്ഷ്യങ്ങൾക്കായി ശാസ്ത്രത്തെ എങ്ങനെ സമർഥമായി സ്വാധീനിച്ചു എന്നതിന്റെ ഉദാഹരണമാണ് അവർ മുന്നോട്ടുവച്ച മൂന്ന് 'ക്ലാസിക് സയൻസ് ഡിപ്ലോമസി ടൈപ്പോളജികൾ' - സയൻസ് ഇൻ ഡിപ്ലോമസി, ഡിപ്ലോമസി ഫോർ സയൻസ്, സയൻസ് ഫോർ ഡിപ്ലോമസി. വിപുലമായ ഒരു പരിസ്ഥിതിസമ്മേളനം വിളിക്കേണ്ടതിന്റെ ആവശ്യകത അംഗരാജ്യങ്ങളെ ബോധ്യപ്പെടുത്തുന്നതിന് അവർക്ക കഴിഞ്ഞു.

1968 ഡിസംബറിൽ ന്യൂയോർക്കിൽ ചേർന്ന, ഐക്യരാഷ്ട്രസഭയുടെ ഇരുപത്തിമൂന്നാം സമ്മേളനം മാനവ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (Problems of the Human Environment) എന്ന പേരിൽ സഭയുടെ 2398-ാം നമ്പർ പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചിരുന്നു. ഐക്യരാഷ്ട്ര സഭയിൽ സ്വീഡന്റെ സ്ഥിരം നയതന്ത്ര പ്രതിനിധിയായിരുന്ന സ്വേർക്കർ ആസ്റ്റോമാണ് ആ പ്രമേയം യു.എൻ. പൊതുസഭയിൽ അവതരിപ്പിക്കാനും അംഗീകാരം നേടാനുമുള്ള നയതന്ത്രഇടപെടലുകൾക്ക് നേതൃത്വം നൽകിയത്.

സ്വീഡനിലെ പ്രമുഖ പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ ഹാൻസ് പാംസ്റ്റീയർനയുടെ ഏറെ ശ്രദ്ധേയമായ Plundring, svält, förgiftning (Plunder, Famine and Poisoning) എന്ന പുസ്തകത്തിലെ ആശയങ്ങളും നിരീക്ഷണങ്ങളുമാണ് സ്വേർക്കർ ആസ്റ്റോമിന് ഇക്കാര്യത്തിൽ പ്രചോദനം നൽകിയത്.

വിഷയം വിശാലവേദിയിൽ ചർച്ചചെയ്യാനും 1972 ജൂൺ 5 മുതൽ 16 വരെ സ്വീഡനിലെ സ്റ്റോക്ഹോമിൽ മനുഷ്യപരിസ്ഥിതിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്രസമ്മേളനം സംഘടിപ്പിക്കാനും പൊതുസഭ തീരുമാനിച്ചു. 114 രാജ്യങ്ങൾ ആ സമ്മേളനത്തിൽ പങ്കെടുത്തു. കിഴക്കൻ ജർമനിക്ക് ഐക്യരാഷ്ട്രസഭയിൽ അംഗത്വം നൽകാത്തതിന്റെ പേരിൽ സോവിയറ്റ് യൂണിയനും വാഴ്സാ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ള രാഷ്ട്രങ്ങളും സമ്മേളനത്തിൽ നിന്ന് വിട്ടുനിന്നു.

## ഇന്ത്യയുടെ ശബ്ദം

ആതിഥേയ രാഷ്ട്രത്തിന്റെ സാരഥി എന്ന നിലയിൽ പങ്കെടുത്ത സ്വീഡിഷ് പ്രധാനമന്ത്രി ഒലോഫ് പാമിനു പുറമേ 1972 ലെ സ്റ്റോക്ക് ഹോം ഉച്ചകോടിയിൽ സംസാരിച്ച, സ്വീഡനു പുറത്തുനിന്നുള്ള ഏക പ്രധാനമന്ത്രി ഇന്ദിരാഗാന്ധി യാണ്.

"ദാരിദ്ര്യമാണ് ഏറ്റവും വലിയ പരിസ്ഥിതിപ്രശ്നം" എന്ന ഇന്ത്യയുടെ നിലപാട് ലോകശ്രദ്ധയാകർഷി ക്കുകയും തുടർചർച്ചകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു; വിശേഷിച്ച് വികസ്വര, അവികസിത രാജ്യ ങ്ങളിൽ. ഇന്ത്യയിൽ നിർണായകമായ പല പരി സ്ഥിതി നിയമങ്ങൾക്കും നയങ്ങൾക്കും കർശനമായ പ്രകൃതിസംരക്ഷണ നടപടികൾക്കും ആ പങ്കാളി ത്തം പ്രചോദനം പകർന്നു. വന്യജീവിസങ്കേതങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, സൈലന്റ് വാലി ദേശീ യോദ്യാനം എന്നിവയടക്കം നിരവധി സംരംഭങ്ങൾ ക്ക് അത് വഴിയൊരുക്കി.

1972 ൽ ഇന്ത്യൻ പാർലമെന്റ് വന്യജീവി സം രക്ഷണ നിയമവും 1974 ൽ ജല (മലിനീകരണ നിരോധന നിയന്ത്രണ) നിയമവും പാസാക്കി. ഭര ണഘടനാ നിർമാണവേളയിൽ സംസ്ഥാന ലിസ്റ്റി ലായിരുന്ന വനം, വന്യജീവി സംരക്ഷണ വിഷയ ങ്ങൾ 1976 ൽ ഭരണഘടനാഭേദഗതിയിലൂടെ സംയുക്ത ലിസ്റ്റിലാക്കി. അതുവഴി കേന്ദ്രത്തിനും നിയമനിർമാണാധികാരം നൽകി. 1980ൽ വനസം രക്ഷണ നിയമവും 1981 ൽ വായു (മലിനീകരണ നിരോധന നിയന്ത്രണ) നിയമവും പാസാക്കി. 1991 ൽ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്ത് വന്യമൃഗവേട്ടയ്ക്ക് ലൈസൻസ് നൽകുന്നത് നിർത്ത ലാക്കി.

## സ്റ്റോക്ഹോം പ്രഖ്യാപനം

മാനവപരിസ്ഥിതിയുമായി ബന്ധപ്പെട്ട് ആഗോ ളതലത്തിൽ സംജാതമായിട്ടുള്ള പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിന് ലോക രാഷ്ട്രങ്ങൾ ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും സമഗ്ര മായി വിശകലനം ചെയ്ത ആ സമ്മേളനം 26 തത്വ ങ്ങളുൾപ്പെട്ട സ്റ്റോക്ഹോം പ്രഖ്യാപനത്തോടെയാണ് സമാപിച്ചത്. തുടർപ്രവർത്തനങ്ങളുടെ പ്രായോഗി കരൂപം സംബന്ധിച്ച തത്വങ്ങൾക്കും സമ്മേളനം അംഗീകാരം നൽകി.

ഓരോ മനുഷ്യനും ആരോഗ്യകരമായ ആവാ സവ്യവസ്ഥ ലഭ്യമാകണമെന്നത് മൗലികാവകാശ മാണെന്നതുപോലെത്തന്നെ അത് സംരക്ഷിച്ച് പരിപാലിക്കുക എന്നത് അനിവാര്യ കർത്തവ്യമാ ണെന്നും ഓർമിപ്പിക്കുന്നതാണ് സ്റ്റോക്ഹോം പ്രമേയം. അതിലെ പ്രധാന പ്രഖ്യാപനങ്ങൾ ഇവയാണ്:

- ഭൂമി, ജലം, വായു, ആവാസ വ്യവസ്ഥകൾ തുടങ്ങി എല്ലാ പ്രകൃതിവിഭവങ്ങളും ഉപയോഗി ക്കുമ്പോൾ തന്നെ അവയെ നന്നായി പരിചരി ച്ച് സംരക്ഷിച്ച് വരുംതലമുറകൾക്കായി കരുതി വയ്ക്കണം. ഇതിന് കൃത്യമായ ആസൂത്രണക്രമവും നിർവഹണ സംവിധാനങ്ങളും സൃഷ്ടിക്കണം.
- ഭൂമിയുടെ പുതുക്കാവുന്ന വിഭവങ്ങളുടെ ഉൽപ്പാദന ശേഷി നിലനിർത്താൻ മനുഷ്യസമൂഹം ഒന്നിച്ച ചേർന്ന് പരിശ്രമിക്കണം.
- പുതുക്കൽ സാധ്യമല്ലാത്ത പ്രകൃതിയിലെ വിഭ വങ്ങളുടെ ഉപയോഗം പരമാവധി കുറച്ചു കൊ ണ്ടുവരാനും അവ എല്ലാവർക്കും ലഭ്യമാവുന്നുണ്ട് എന്നുറപ്പാക്കാനും സാധിക്കണം.
- പ്രകൃതി വിഭവങ്ങളുടെ ഭാവി ആവശ്യകതകൾ കൂടി കണക്കിലെടുത്തുള്ള നിയന്ത്രിതഉപഭോഗം ഉറപ്പാക്കുകയും ബദൽ മാർഗങ്ങൾ തേടുകയും വേണം.
- ദരിദ്ര ജനവിഭാഗങ്ങളുടെയും ദരിദ്ര രാഷ്ട്രങ്ങളു ടെയും വികസന ആവശ്യങ്ങൾ കണക്കിലെടു ത്തും ഒപ്പം പരിസര സംരക്ഷണം ഉറപ്പാക്കി ക്കൊണ്ടുമുള്ള വികസന നയങ്ങൾ രൂപപ്പെടുത്തി പ്രവർത്തിക്കാൻ രാഷ്ട്രങ്ങൾ തയാറാവണം.
- പരിസ്ഥിതി സംരക്ഷണം വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും പാഠഭാഗമായി ഉൾപ്പെടു ത്തണം
- പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ ശാ സ്ത്രസാങ്കേതികവിദ്യകൾ രൂപപ്പെടുത്താനും അതുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ പ്രോ ത്സാഹിപ്പിക്കാനും ഓരോ രാജ്യവും മുൻകൈ യെടുക്കണം.

അന്തരീക്ഷത്തിലെ ഓസോൺ പാളി ക്ഷയി ക്കുന്നത് തടയാൻ ക്ലോറോ ഫ്ലൂറോ കാർബണിന്റെ ഉപയോഗം നിയന്ത്രിക്കാനുള്ള തീരുമാനമുൾപ്പെടെ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള 109 ഇന കർമപരിപാടിക്കും സ്റ്റോക്ഹോം സമ്മേളനം രൂപം നൽകി.


## പുതിയ ഭീഷണികളും അവസരങ്ങളും

പക്ഷേ, ആ സമ്മേളനമുയർത്തിയ പ്രശ്നങ്ങൾ 1980 വരെ പല രാജ്യങ്ങളും ഗൗരവമായെടുത്തില്ല. 1979 ഒക്ടോബറിൽ ലോക ശാസ്ത്രജ്ഞന്മാരുടെ സംഘടനയായ 'ക്ലബ് ഒഫ് റോം' ബർലിനിൽ മറ്റൊരു സമ്മേളനം സംഘടിപ്പിച്ചു. 'അടുത്ത ദശാബ്ദം - പുതിയ ഭീഷണികളും അവസരങ്ങളും' എന്നതായി രുന്നു വിഷയം.

1980 നും 2000 നും മദ്ധ്യേയുള്ള ഒരു ദശാബ്ദം മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം നിർണാ യകമായ കാലഘട്ടമാണെന്ന് സമ്മേളനം കണ്ടെ ത്തി.

പത്തു പ്രധാന സംഗതികളിലേക്ക് ലോക മന സ്സാക്ഷിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ് സമ്മേള നം പിരിഞ്ഞത്. അവ ഇങ്ങനെ സംഗ്രഹിക്കാം.

- ലോക ജനസംഖ്യ അമിതമായ തോതിൽ വർ ദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായിരുന്ന ജനസംഖ്യയുടെ അഞ്ചിരട്ടിയാവും അപ്പോഴേക്കും ആഹാരാദി




"ദാരിദ്ര്യമാണ് ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നം" എന്ന ഇന്ത്യയുടെ നിലപാട് ലോകശ്രദ്ധ യാകർഷിക്കുകയും തുടർചർച്ചകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു; വിശേഷിച്ച് വികസ്വര, അവിക സിത രാജ്യങ്ങളിൽ. ഇന്ത്യയിൽ നിർണായകമായ പല പരിസ്ഥിതി നിയമങ്ങൾക്കും നയങ്ങൾക്കും കർശനമായ പ്രകൃതിസംരക്ഷണ നടപടികൾക്കും ആ പങ്കാളിത്തം പ്രചോദനം പകർന്നു.




ഉപഭോഗവസ്തുക്കൾ അഞ്ചിരട്ടി വേണ്ടിവരും.

- ഇന്നത്തെ നിലയിലുള്ള വികസന പദ്ധതികൾ കൊണ്ട് എല്ലാവർക്കും തൊഴിലും സാമാന്യ ജീവിതനിലവാരവും നൽകാനാവാതെ വരും. ലോകത്തെ ജനസംഖ്യയിലെ നാലിലൊന്ന് കഠിനമായ ദാരിദ്ര്യത്തിലും രോഗങ്ങളിലുംപെട്ട് കഷ്ടപ്പെടുകയാണ്. അവർ എത്രനാൾ ഇതൊക്കെ സഹിച്ച് നിശ്ശബ്ദരായിരിക്കും എന്ന് കണ്ടറിയണം.
- പ്രകൃതിയുടെ അമൂല്യ സമ്പത്തായ സമുദ്രം, അവയിലെ ഉൽപ്പന്നങ്ങൾ, കാടുകൾ, മൈതാനങ്ങൾ, കൃഷി ഭൂമി തുടങ്ങിയവയെ ആശ്രയിച്ചാണ് വിവിധ ജീവികൾ നിലനിൽക്കുന്നത്. എന്നാൽ അവയെ മനുഷ്യൻ നിരന്തരം ആക്രമിച്ച് നശിപ്പിക്കുന്ന ഏഷ്യ -ആഫ്രിക്ക ഭൂഖണ്ഡങ്ങളുടെ അഞ്ചിലൊരു ഭാഗവും ആസ്ട്രേലിയയുടെ നാലിലൊരു ഭാഗവും ദക്ഷിണ അമേരിക്കയുടെ പത്തിലൊന്നും മരുഭൂവൽക്കരിക്കപ്പെട്ടിരിക്കയാണ്. ജലത്തിന്റെയും വായുവിന്റെയും മലിനീകരണം വർദ്ധിച്ചുവരുന്നു.
- മാറി വരുന്ന വ്യാവസായിക സംസ്കാരം ലോകത്തെങ്ങും പ്രശ്നങ്ങളും പ്രതിസന്ധികളുമുയർത്തുന്നു. വൈദ്യുതിയും പെട്രോളും ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ശക്തി ഒരു ചോദ്യചിഹ്നമായി മാറിയിരിക്കുന്നു.
- സൈന്യങ്ങളുടെ മാരകമായ ശക്തി അനുദിനം വർധിക്കുന്നത് സമൂഹത്തിൽ അസ്വസ്ഥതയും ഭയാശങ്കകളും സൃഷ്ടിക്കുന്നു. ഒരു മിനിറ്റിൽ ഒരു കോടി രൂപ എന്ന തോതിൽ അത് അനുദിനമെന്നോണം വർധിച്ചുവരികയാണ്.
- സാമൂഹിക സംരക്ഷണവും നീതിന്യായവും ദുർബലമായതോടെ അസംതൃപ്തി ഏറുകയും അക്രമപ്രവർത്തനങ്ങൾ രൂക്ഷമാവുകയും ചെയ്യുന്നു.
- സാങ്കേതിക വിദ്യകൾ വിവേകരഹിതമായി പ്രയോഗിക്കുന്ന പ്രവണത വർദ്ധിച്ചതോടെ സാമൂഹിക വ്യവസ്ഥ ഛിന്നഭിന്നമായി. ജീവിതനിലവാരവും കഴിവുകളും ആവശ്യങ്ങളും പരിഗണിക്കാത്തതുമൂലം സമ്പത്ത് കേന്ദ്രീകരിക്കപ്പെടുകയും വിതരണവ്യവസ്ഥ സങ്കീർണമാവുകയും ചെയ്തു.
- അസ്ഥിരതയും അപര്യാപ്തതയും കൂടിച്ചേർന്ന ഇന്നത്തെ രാഷ്ട്രീയ സംവിധാനം രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ പ്രസ്ഥാനങ്ങളെയും അവ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളേയും കൈകാര്യം ചെയ്യാൻ അസമർഥമാണെന്ന് തെളിഞ്ഞിരിക്കുന്നു.
- ഉത്തര-ദക്ഷിണ-പൂർവ-പശ്ചിമദേശങ്ങൾ തമ്മിലുള്ള പരസ്പര ചർച്ചകളുടേയും ധാരണകളുടേയും



# "ഞങ്ങളെ നേർവഴിയിലേക്ക് നയിക്കേണമേ"

സ്റ്റോക്ഹോം+50 സെക്രട്ടറി ജനറലും യുഎൻ എൻവിയോൺമെന്റ് പ്രോഗ്രാമിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഇംഗർ ആൻഡേഴ്സൻ സമ്മേളനത്തിലെ മുഖ്യഭാഷണത്തിൽ നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്: ചില പ്രസക്തഭാഗങ്ങൾ:

മനുഷ്യരാശിക്ക് സമാധാനവും സമൃദ്ധിയും സുസ്ഥിര പുരോഗതിയും ആസ്വദിക്കണമെങ്കിൽ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള കൂട്ടുത്തരവാദിത്വം നാം ആത്മാർഥമായി നിർവഹിക്കണമെന്ന് അമ്പതു വർഷം മുമ്പ് ഐക്യരാഷ്ട്രസഭ സ്റ്റോക്ക്ഹോമിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ലോക നേതാക്കൾ തിരിച്ചറിഞ്ഞതാണ്.

വാസ്തവത്തിൽ, അതിനുശേഷവും മനുഷ്യരാശി പുരോഗതിയുടെ പാതയിൽ ഏറെ മുന്നോട്ടുപോയി. എന്നാൽ ഇന്ന് ആഗോളക്ഷേമം അപകടത്തിലാണ്, പ്രധാന കാരണം പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് നാം എടുത്ത പ്രതിജ്ഞകളും വാഗ്ദാനങ്ങളും പൂർണമായി പാലിക്കാത്തതാണ്.

ശരിയാണ്, നമുക്ക് ഒരുപരിധിവരെ ഓസോൺ പാളിയെ രക്ഷിക്കാൻ കഴിഞ്ഞു. തീർച്ചയായും അത് ബഹുമുഖ സഹകരണത്തിന്റെ ശ്രദ്ധേയമായ നേട്ടമാണ്. മുന്നോട്ടുള്ള പ്രയാണത്തിൽ അത് നമ്മെ പ്രചോദിപ്പിക്കുന്നു. പക്ഷേ, ജനസംഖ്യയും ജീവിതാവശ്യങ്ങളും ഉയരുമ്പോൾ നമ്മുടെ പാരിസ്ഥിതിക കാൽപ്പാടുകൾ അസഹനീയമാംവിധം ഭാരമുള്ളതായിത്തീരുന്നു. ഭൂമിയുടെ സ്വാഭാവിക സംവിധാനങ്ങൾക്ക് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല.

ആഗോള ഉപഭോഗം ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യങ്ങളുടെ നിലവാരത്തിലേക്കുയരുമ്പോൾ നമുക്ക് മൂന്നിലധികം ഗ്രഹങ്ങൾ ആവശ്യമായി വരും. ഓരോ വർഷവും കൂടുതൽ ആളുകളെ കൊല്ലുകയും പറിച്ചു മാറ്റുകയും ചെയ്യുന്ന ഒരു കനത്ത പ്രതിസന്ധിയിലേക്ക് നാം കൂപ്പുകുത്തുകയാണ്. ജൈവവൈവിധ്യത്തിന്റെ നഷ്ടം വർദ്ധിക്കുന്നു. അത് മൂന്ന് ബില്യണിലധികം ആളുകളെ നാശത്തിലേക്ക് വലിച്ചിഴയ്ക്കുന്നു. ആവാസവ്യവസ്ഥയുടെ തകർച്ചയ്ക്കത് വഴിയൊരുക്കുന്നു. മലിനീകരണത്തിന്റെയും മാലിന്യത്തിന്റെയും വർധിച്ചുവരുന്ന വേലിയേറ്റം പ്രതിവർഷം ഏകദേശം ഒൻപതു ദശലക്ഷം ജീവൻ നഷ്ടപ്പെടുത്തുന്നു.

ഇപ്പോൾ തന്നെ നമ്മൾ ഗതി മാറ്റേണ്ടതുണ്ട്. പ്രകൃതിക്കെതിരായ നമ്മുടെ വിവേകശൂന്യവും ആത്മഹത്യാപരവുമായ യുദ്ധം അവസാനിപ്പിക്കണം. എന്താണ് ചെയ്യേണ്ടതെന്ന് നമുക്കറിയാം, അത് ചെയ്യാനുള്ള അറിവും ഉപകരണങ്ങളും നമ്മുടെ പക്കലുണ്ട്.

പക്ഷേ നമുക്ക് ഇപ്പോഴും അതിനുള്ള നേതൃത്വവും സഹകരണവും ഇല്ല. അതിനാൽ ഇന്ന്, എല്ലാ മേഖലകളിലെയും നേതാക്കളോട് ഞാൻ അഭ്യർഥിക്കുന്നു: ഈ കുഴപ്പത്തിൽ നിന്ന് ഞങ്ങളെ നേർവഴിയിലേക്ക് നയിക്കേണമേ.

പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളും പാരീസ് ഉടമ്പടിയും വഴികാട്ടിയായി നമുക്കു മുന്നിലുണ്ട്. പ്രതിബദ്ധതയോടെ നാം പ്രവർത്തിക്കണം. അതിനുള്ള പുതിയ അവസരങ്ങൾ ഈ സമ്മേളനത്തോടെ സംജാതമാവുകയാണ്. 2030-ഓടെ പ്രകൃതിനഷ്ടം മാറ്റുന്നതിനുള്ള പുതിയ ആഗോള ജൈവവൈവിധ്യ ചട്ടക്കൂടിന് ഈ വർഷാവസാനം നാം അന്തിമരൂപം നൽകും. പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനു സഹായകമായ ഉടമ്പടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

നമ്മുടെ സമുദ്രങ്ങളെ സംരക്ഷിക്കാനുള്ള ശ്രമങ്ങളെ ശക്തിപ്പെടുത്താൻ ഐക്യരാഷ്ട്രസഭയുടെ സാമുദ്രിക സമ്മേളനത്തിന് കഴിയും.

എന്നാൽ നമ്മുടെ എല്ലാ പുരോഗതിയെയും ഭീഷണിപ്പെടുത്തുന്ന ഒന്നുണ്ട്: കാലാവസ്ഥാ പ്രതിസന്ധി. നാം ഇപ്പോൾ പ്രവർത്തിച്ചില്ലെങ്കിൽ, നമുക്ക് ജീവിക്കാൻ യോഗ്യമായ ഒരു ഗ്രഹം ഉണ്ടാകില്ല.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പാരീസ് ഉടമ്പടി പരിധിയായ 1.5 ഡിഗ്രി സെൽഷ്യസ് മറികടക്കാൻ [50:50] സാധ്യതയുണ്ടെന്ന് ശാസ്ത്രജ്ഞർ അടുത്തിടെ റിപ്പോർട്ട് ചെയ്തു. അത് സംഭവിക്കാൻ പാടില്ല. നമുക്കത് അനുവദിക്കാനാവില്ല. 2050 ഓടെ അത് പൂജ്യത്തിലെത്തിക്കാൻ ഹരിതഗൃഹ വാതക ഉദ്ഗമനം 2030 ഓടെ 45 ശതമാനംകണ്ട് കുറയ്ക്കണം"


കെനിയയിലെ പരിസ്ഥിതി കാബിനറ്റ് സെക്രട്ടറി കെറിയാക്കോ ടോബിക്കോ പറഞ്ഞു: "നാം ഇവിടെ വന്നത് അനുസ്മരണത്തിനല്ല, മറിച്ച് 1972 മുതൽ സ്വീകരിച്ച നടപടികളെ അടിസ്ഥാനമാക്കി മുന്നോട്ട് പോകാനും മികച്ച പാതകൾ നിർമിക്കാനുമാണ് - നമുക്കും നമ്മുടെ കുട്ടികൾക്കും കൊച്ചുമക്കൾക്കും നമ്മുടെ ഒരേയൊരു ഗ്രഹത്തിൽ ഒരു നല്ല ഭാവി കെട്ടിപ്പടുക്കാനുമുള്ള പരിവർത്തനത്തിന്റെ പോരാട്ടത്തിന്റെ പാതകൾ."

ആലോചനകളുടേയും അഭാവം ഇവയുടെ സാമ്പത്തിക സാമൂഹിക സംവിധാനങ്ങൾ സംബന്ധിച്ച ആശയ ഭിന്നതയെ കൂടുതൽ അകറ്റുന്നു.

- ധാർമികവും രാഷ്ട്രീയവുമായ തലങ്ങളിലുള്ള നേതൃത്വത്തിന്റെ അഭാവം സ്ഥായിയായ വികസനത്തിന് തടസ്സമാണ്. മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന അതിസങ്കീർണവും അടിസ്ഥാനപരവുമായ പ്രശ്നങ്ങളെ അതിന്റെ ശരിയായ അളവിലും ഊക്കത്തിലും കാണുവാനുള്ള കഴിവും മഹത്വവുമുള്ളവരെ ലോകത്തിലെവിടെയും കണ്ടുകിട്ടാനില്ല. സ്വന്തം കാര്യങ്ങൾ എളുപ്പത്തിൽ നേടാൻ ശ്രമിക്കുന്ന നേതാക്കളാണ് തലപ്പത്ത് എത്തുന്നവരിൽ ഏറിയപങ്കും. ചുരുക്കത്തിൽ ദീർഘവീക്ഷണത്തിന്റെ അഭാവവും വർധിച്ചുവരുന്ന സ്വാർഥ മനോഭാവവുമാണ് നമ്മുടെ പ്രശ്നങ്ങൾക്ക് കാരണമെന്ന് സമ്മേളനം വിലയിരുത്തി.

## ആത്മീയശക്തിയുടെ വികാസം

എല്ലാ മനുഷ്യനിലും അത്ഭുതകരമായ ആത്മീയശക്തി ഒളിഞ്ഞിരിപ്പുണ്ടെന്നും ആ ശക്തിയുടെ വികാസമാണ് ഈ യുഗത്തിന്റെ വെല്ലുവിളികൾ



Towards Earth Summit 2002

നേരിടാൻ ആവശ്യമായിരിക്കുന്നതെന്നും ബർലിൻ സമ്മേളനം വിലയിരുത്തി. ഈ വികാസ പ്രക്രിയ മൂന്നു മണ്ഡലങ്ങളിൽ വ്യാപിപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി.

ഒന്ന്: ഇന്നത്തെ വെല്ലുവിളികളേയും പ്രതിവിധികളേയും കുറിച്ച് ബോധമുണർത്തി തെറ്റായ മാർഗങ്ങളിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുക. അതുവഴി മനുഷ്യന്റെ ധാർമിക ശക്തി വളർത്തുക.

രണ്ട്: ഇന്നത്തെ വഴിപിഴച്ച പോക്കിൽ പങ്കുചേരാത്തവരും പരിസ്ഥിതി ദുരന്തത്തിന്റെ ഫലങ്ങൾ അനുഭവിക്കാൻ ഇടയുള്ളവരുമായ പരമാവധി യുവജനങ്ങളെ സംഘടിപ്പിച്ച് നവസമൂഹ രചനയ്ക്ക് പ്രേരിപ്പിക്കുക.

മൂന്ന്: മാനവരാശിയുടേയും മറ്റു ജീവജാലങ്ങളുടേയും നിലനിൽപ്പ് മനുഷ്യന്റെ പ്രവൃത്തികളെ ആശ്രയിച്ചിരിക്കുന്നു എന്ന ബോധമുണർത്തി പുതിയൊരു ജീവിത വീക്ഷണം കരുപ്പിടിപ്പിക്കാനും മൂല്യാധിഷ്ഠിതമായ ഒരു വികസന സങ്കൽപ്പം രൂപപ്പെടുത്താനും സമൂഹത്തെ നയിക്കുന്നവരിൽ പ്രേരണ ചെലുത്തുക.

തികച്ചും സാങ്കേതികമായ ദുരന്തനിവാരണ മാർഗങ്ങളും നടപടികളുമല്ല, മറിച്ച് ജീവിത മൂല്യങ്ങളിൽ കൈവരേണ്ട അടിസ്ഥാനപരമായ മാറ്റത്തെക്കുറിച്ചാണ് ഇന്ന് ഈ മേഖലയിൽ നടന്നുവരുന്ന ലോക സമ്മേളനങ്ങളെല്ലാം ചിന്തിക്കുന്നത്. മഹാത്മാഗാന്ധിയുടെ "The Earth has enough resources to meet the needs of all but not enough to satisfy the greed of even one person" എന്ന വാക്കുകൾ ഈ വേദികളിലെല്ലാം മുഴങ്ങിക്കേട്ടു.

## ബ്രൻഡ്‌ലാൻഡ് കമ്മീഷൻ

1972 ലെ സ്റ്റോക്ഹോം സമ്മേളനത്തിനു ശേഷം നിരവധി ആഗോള സമ്മേളനങ്ങളും ഉടമ്പടികളുമുണ്ടായി 1983 ൽ പരിസ്ഥിതിയും വികസനവും സംബന്ധിച്ച് ഒരു റിപ്പോർട്ട് തയാറാക്കാൻ ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ നോർവെയിലെ മുൻ പ്രധാനമന്ത്രി ബ്രൻഡ്‌ലാൻഡ് അധ്യക്ഷയായി ഒരു കമ്മീഷൻ (Brundtland Commission - World Commission for Environment and Development) രൂപീകരിച്ചു. ആ കമ്മീഷൻ 1987 ൽ നമ്മുടെ പൊതുഭാവി (Our Common Future) എന്ന പേരിൽ ശ്രദ്ധേയമായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

യു.എൻ.ഡി.പി യുടെ നേതൃത്വത്തിൽ 1992 ൽ ബ്രസീലിലെ റിയോ ഡി ജാനിറോവിൽ ഭൗമ ഉച്ചകോടി സംഘടിപ്പിച്ചു. 108 രാജ്യങ്ങളുടെ ഭരണസാരഥികൾപ്പെടെ 172 രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. അതിന്റെ ഭാഗമായാണ് വന സംരക്ഷണ തത്വങ്ങൾ, അജണ്ട 21, ജൈവവൈവിധ്യം സംബന്ധിച്ച കൺവെൻഷൻ (CBD), കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച ഫ്രെയിംവർക്ക് കൺവെൻഷൻ (UNFCCC) എന്നിവയെല്ലാം നിലവിൽ വന്നത്.

അജണ്ട 21 ന്റെ നിർവഹണ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യാൻ കമ്മീഷൻ ഓൺ സസ്റ്റെയിനബിൾ ഡവലപ്മെന്റ് (CSD) എന്ന പേരിൽ ഒരു സമിതിയെ നിയോഗിച്ചു. Rio+5 എന്ന പേരിൽ 1997 ൽ ന്യൂയോർക്കിൽ ചേർന്ന യു.എൻ. പൊതുസഭയിൽ ആ കമ്മീഷൻ ആദ്യ റിപ്പോർട്ട് സമർപ്പിച്ചു.

2002-ൽ ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ Rio+10 എന്ന പേരിൽ മറ്റൊരു ഭൗമഉച്ചകോടി നടന്നു. ആ ഉച്ചകോടിയിലാണ് സുസ്ഥിരവികസന സഹസ്രാബ്ദ ലക്ഷ്യങ്ങൾക്ക് അന്തിമരൂപം നൽകിയത്.

1992 നു ശേഷമുള്ള 20 വർഷക്കാലത്തെ പരിസ്ഥിതിയും വികസനവും സംബന്ധിച്ച പുരോഗതികൾ വിലയിരുത്താനും ഭാവിപരിപാടികൾ ആവിഷ്കരിക്കാനും ബ്രസീലിലെ റിയോ ഡി ജനിറോവിൽ

യു.എൻ.ഡി.പി യുടെ നേതൃത്വത്തിൽ 1992 ൽ ബ്രസീലിലെ റിയോ ഡി ജാനിറോവിൽ ഭൗമ ഉച്ചകോടി സംഘടിപ്പിച്ചു. 108 രാജ്യങ്ങളുടെ ഭരണസാരഥികൾപ്പെടെ 172 രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു.



# അമ്പതു വർഷങ്ങൾക്കിപ്പുറം

കാലാവസ്ഥാ വ്യതിയാനം: 2022 മെയ് 11 ന് ലോക കാലാവസ്ഥാ സംഘടന(WMO) പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം അന്തരീക്ഷത്തിലെ പ്രധാന ഹരിതഗൃഹ വാതകങ്ങൾ വലിയ തോതിൽ വർധിച്ചു കൊണ്ടിരിക്കുകയാണ്.

കോവിഡ്- 19 തീർത്ത പ്രതിസന്ധികൾ ഇതിൽ മാറ്റമുണ്ടാക്കുമെന്നു കരുതിയിരുന്നെങ്കിലും 2021 ൽ ഹരിതഗൃഹ വാതകങ്ങൾ വർധിക്കുകതന്നെയായിരുന്നു.

വ്യവസായ വിപ്ലവ പൂർവകാലത്തെ (1850-190) അപേക്ഷിച്ച് $CO_2$ വിന്റെ അളവ് 150 ശതമാനം വർധിച്ച് 418.81ppm ൽ എത്തിനിൽക്കുന്നു. മീഥെയിന്റെ അളവിൽ 262 ശതമാനവും നൈട്രസ് ഓക്സൈഡിന്റെ അളവിൽ 123 ശതമാനവും വർധനവുണ്ടായിരിക്കുന്നു. ഇതു മൂലം അന്തരീക്ഷതാപനിലയിൽ 1.1°C വർധനവുണ്ടായിരിക്കുന്നു. കഴിഞ്ഞ ഏഴു വർഷക്കാലം ഇതേവരെ രേഖപ്പെടുത്തപ്പെട്ടതിൽ വച്ചേറ്റവും ചൂടു കൂടിയ വർഷങ്ങളായിരുന്നു.

മോൺട്രിയൽ പ്രോട്ടക്കോൾ പ്രകാരം ഓസോൺപാളീക്ഷയം കുറയ്ക്കാൻ സാധിച്ചിരുന്നെങ്കിലും ഇപ്പോൾ അത് വർധിക്കുകയാണ്. കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടയിൽ കടൽജല ഊഷ്മാവിൽ വലിയ അളവിൽ വർധനവുണ്ടായിരിക്കുന്നു. 2021 ൽ റെക്കോഡ് വർധനവാണുണ്ടായിട്ടുള്ളത്.

2021 ൽ കടൽജലനിരപ്പിലും റെക്കോഡ് വർധന തന്നെ സംഭവിച്ചു. കടൽജലത്തിന്റെ അമ്ലത വലിയ തോതിൽ വർധിച്ചിരിക്കുന്നു. ഇതുമൂലം മത്സ്യ സമ്പത്തിന്റെയും പവിഴപ്പുറ്റുകൾ, മറ്റുകടൽ സസ്യങ്ങൾ എന്നിവയുടെയെല്ലാം നാശം സംഭവിക്കുന്നു.

ആർക്ടിക് പ്രദേശത്തെയും, അന്റാർട്ടിക് പ്രദേശത്തെയും മഞ്ഞുപാളികൾ വലിയ തോതിൽ ഉരുകി ഒഴുകുന്നു. ഭൂമിയിൽ പല സ്ഥലങ്ങളിലും താപതരംഗങ്ങളും, തീപിടുത്തങ്ങളും ഉണ്ടാവുന്നു. ഇവയെല്ലാം സുസ്ഥിര വികസനത്തെയും ഭക്ഷ്യ സുരക്ഷയെയും പ്രതികൂലമായി ബാധിക്കുന്നു.

ജൈവവൈവിധ്യനാശം: ഒരു ദശലക്ഷത്തോളം ജീവജാതികൾ അതായത് ആകെ ഉള്ളതിന്റെ നാലിലൊന്ന് വംശനാശ ഭീഷണിയിലാണ്. 1970 നു ശേഷം ഭൂമിയിലെ സസ്തനികൾ, പറവകൾ, ഉഭയജീവികൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ എന്നിവയുടെ എണ്ണത്തിൽ ശരാശരി 70 ശതമാനം കുറവുണ്ടായിരിക്കുന്നു.

മലിനീകരണം: ജനസംഖ്യ വർധനവും മനുഷ്യരുടെ ഉപഭോഗ-ജീവിത ശൈലികളിൽ വരുന്ന മാറ്റങ്ങളും പ്രകൃതിക്കുമേൽ വലിയ സമ്മർദങ്ങൾ ഉണ്ടാക്കുന്നു. വായു മലിനീകരണം, ജല മലിനീകരണം, ജീവിവർഗങ്ങളുടെ വംശനാശം എന്നിങ്ങനെ പല പുതിയ പ്രശ്നങ്ങളും പ്രതിസന്ധികളായി വളരുന്നു.

കരയിൽ കൃഷിസ്ഥലങ്ങൾ, ശുദ്ധജല സ്രോതസ്സുകൾ, പുരയിടങ്ങൾ എന്നിവയൊക്കെ വലിയ തോതിൽ മലിനീകരിക്കപ്പെടുന്നു. പ്ലാസ്റ്റിക്, മലിനജലം, രാസവസ്തുക്കൾ എന്നിവയാൽ സമുദ്രങ്ങൾ മലിനീകരിക്കപ്പെടുന്നു. അന്തരീക്ഷത്തിൽ കുമിഞ്ഞുകൂടുന്ന കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുക വഴി അവ അമ്ലവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. ഇത് വലിയ തോതിൽ മത്സ്യങ്ങളുടെയും, കടൽസസ്യങ്ങളുടെയും വംശനാശത്തിന്നിടയാക്കുന്നു.

വർധിച്ച അളവിലുള്ള മലിനീകരണം രോഗവ്യാപനങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുന്നു. ജലജന്യരോഗങ്ങളായ ഡയേറിയ, കോളറ എന്നീ സാംക്രമികരോഗങ്ങൾ വർഷംതോറും ആവർത്തിച്ചു പ്രത്യക്ഷമാവുന്നു. WHO കണക്കുകൾ പ്രകാരം വർഷംതോറും ഇത്തരം രോഗങ്ങൾ ഭൂമിയിൽ 400 കോടിയോളം ജനങ്ങളെ ബാധിക്കുകയും ശരാശരി 2.2 ദശലക്ഷത്തോളം മരണങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളെയാണ് ഇവ കൂടുതലായും ബാധിക്കുന്നത്.

വായു മലിനീകരണമാണ് മറ്റൊരു പ്രശ്നം. ഇന്ന് ലോകത്തെ എല്ലാ മഹാനഗരങ്ങളിലെയും അന്തരീക്ഷം വലിയ തോതിൽ മലിനമായിരിക്കുകയാണ്. 90 ശതമാനം ജനങ്ങളും മോശമായ വായുവാണ് ശ്വസിക്കുന്നത്.

ലോകത്തെ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ട 30 നഗരങ്ങളിൽ 22 എണ്ണവും ഇന്ത്യയിലാണത്രെ. ദൽഹി ലോകത്തെ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ട തലസ്ഥാന നഗരവുമാണ്.

ഇതിനെല്ലാം പുറമേ ആവാസവ്യവസ്ഥകളുടെ നാശവും മനുഷ്യനും വന്യജീവികളും തമ്മിലുള്ള സമ്പർക്കവും പുതിയ മൃഗജന്യ രോഗങ്ങൾക്കും കോവിഡ്–19 പോലുള്ള മഹാമാരികൾക്കുമുള്ള സാഹചര്യം സംജാതമാക്കുന്നു. (https://luca.co.in/wed-2022/)

നടന്ന 2012 ൽ റിയോ+20 ഭൗമ ഉച്ചകോടി 'നമുക്കു വേണ്ടുന്ന ഭാവി' ('The Future We Want') എന്ന സുപ്രധാന രേഖ അംഗീകരിച്ചു.

## അജണ്ട 2030: സുസ്ഥിര വികസനലക്ഷ്യങ്ങൾ

ഐക്യരാഷ്ട്രസഭ സുസ്ഥിരവികസനത്തിനായി മുന്നോട്ടുവച്ച പതിനേഴിന ലക്ഷ്യങ്ങളുടെ സഞ്ചയമാണ് 'അജണ്ട 2030' - സുസ്ഥിര വികസനലക്ഷ്യങ്ങൾ (Sustainable Development Goals). 2015 ൽ അവസാനിക്കുന്ന സഹസ്രാബ്ദലക്ഷ്യങ്ങൾക്ക് പകരം രൂപംനൽകിയ അജണ്ട 2030 നും റിയോ + 20 കോൺഫറൻസിൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ അംഗീകാരം നൽകി.

ദാരിദ്ര്യ നിർമാർജനം, വിശപ്പില്ലാത്ത അവസ്ഥ, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം, ശുദ്ധമായ വെള്ളവും ശുചിത്വവും, എല്ലാവർക്കും പ്രാപ്യവും ശുദ്ധവുമായ ഊർജം, മാന്യമായ ജോലിയും സാമ്പത്തിക ഉന്നമനവും, വ്യവസായം, നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ, അസമത്വം കുറയ്ക്കുക, സുസ്ഥിര നഗരങ്ങളും സമൂഹങ്ങളും, ഉത്തരവാദിത്വ ഉപഭോഗവും ഉൽപ്പാദനവും, കാലാവസ്ഥാവ്യതിയാനം പ്രതിരോധിക്കാനുള്ള പ്രവർത്തനം, ജലത്തിലെ ജൈവവൈവിധ്യം, കരയിലെ ജീവൻ, സമാധാനം, നീതി, ശക്തമായ സ്ഥാപനങ്ങൾ, ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള പങ്കാളിത്തം- പരസ്പരബന്ധിതമായ ഈ പ്രശ്നങ്ങൾ വിപുലീകരിച്ചു 169 ലക്ഷ്യങ്ങളും നിർവചി




ച്ചിട്ടുണ്ട്. വികസിത - വികസ്വര രാജ്യങ്ങൾ എന്ന വേർതിരിവ് ഒഴിവാക്കി എന്നതാണ് ഇതിനെ സഹസ്രാബ്ദ വികസനലക്ഷ്യങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

ഇതിനൊക്കെ പുറമേ 197 രാഷ്ട്രങ്ങളുടെ പങ്കാളിത്തമുള്ള UNFCCC (United Nations Framework Convention on Climate Change) വർഷംതോറും യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നു. Conference of the Parties (COP) to the Convention എന്നാണ് ഇതറിയപ്പെടുന്നത്

രണ്ട് പ്രധാന ഉടമ്പടികളാണ് UNFCCC യുടെ ആഭിമുഖ്യത്തിൽ നിലവിൽ വന്നത് - 1997 ലെ ക്യോട്ടോ പ്രോട്ടക്കോളും 2015 ലെ പാരീസ് ഉടമ്പടിയും.

ജപ്പാനിലെ ക്യോട്ടോ നഗരത്തിൽ 1997 ൽ ചേർന്ന COP-3 ലാണ് ക്യോട്ടോ പ്രോട്ടക്കോളിന് രൂപം നൽകുന്നത്. ഹരിതഗൃഹ വാതക ഉത്സർജനത്തെ സമയബന്ധിതമായി കുറച്ചുകൊണ്ടുവന്ന് 1990 ലെ നിലയിലെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയായിരുന്നു ലക്ഷ്യം.

2011-ൽ ദക്ഷിണാഫ്രിക്കയിലെ ദർബാനിൽ ചേർന്ന COP-17 ൽ അന്നേവരെ കൈക്കൊണ്ട നടപടികളുടെ അപര്യാപ്തത സംബന്ധിച്ച ആശങ്കകൾ പങ്കുവയ്ക്കുകയും ആവശ്യമായ പരിഷ്കരണങ്ങൾ വരുത്താൻ തീരുമാനമെടുക്കുകയും ചെയ്തു. അതുപ്രകാരം വ്യവസായ വിപ്ലവാനന്തരമുണ്ടായിക്കൊണ്ടിരിക്കുന്ന ആഗോള താപന വർധനവിനെ 2°C നുള്ളിൽ പരിമിതപ്പെടുത്താനും അതിന്നാവശ്യമായ പരിപാടികൾ 1.5°C എന്ന ലക്ഷ്യമിട്ടു തന്നെ രൂപം നൽകാനും തീരുമാനിച്ചു.

## ക്യോട്ടോ പ്രോട്ടക്കോൾ

2012-ൽ ദോഹയിൽ ചേർന്ന COP18 ൽ ക്യോട്ടോ പ്രോട്ടക്കോൾ 2020 വരെ നീട്ടാനും 2015 ഓടു കൂടി സമഗ്രവും നിയമപരമായി എല്ലാവർക്കും ബാധകവുമായ ഒരു കരാർ രൂപപ്പെടുത്താനും തീരുമാനിച്ചു. ഇതിന്റെ ഫലമായാണ് 2015 നവംബർ 30 മുതൽ ഡിസംബർ 12 വരെ പാരീസിൽ ചേർന്ന COP21 ൽ വച്ച് പാരീസ് ഉടമ്പടിക്ക് രൂപം നൽകുന്നത്.

2016 നവംബർ 4 ന് പ്രാബല്യത്തിൽ വന്ന പാരീസ് ഉടമ്പടിയിൽ ഇപ്പോൾ 193 രാഷ്ട്രങ്ങളാണുള്ളത്. പ്രസിഡന്റ് റൊണാൾഡ് ട്രമ്പിന്റെ കാലത്ത് അമേരിക്ക കരാറിൽ നിന്ന് പിന്മാറുകയും ജോ ബൈദൻ അധികാരത്തിൽ വന്ന ശേഷം 2021 ൽ പങ്കുചേരുകയും ചെയ്തു.

## ഗ്ലാസ്ഗോ ഉച്ചകോടി

പാരീസ് ഉടമ്പടിക്കുശേഷമുള്ള പുരോഗതി വിലയിരുത്തുന്നതിനായി 2021 ഒക്ടോബർ 31 മുതൽ നവംബർ13 വരെ നടന്ന ഗ്ലാസ്ഗോ ഉച്ചകോടിയാണ് ഈ പരമ്പരയിൽ ഏറ്റവുമൊടുവിൽ നടന്ന മറ്റൊരു ഉദ്യമം. 2021 ആഗസ്റ്റ് 9 ന് പുറത്തുവന്ന ഐ.പി.സി.സി - യു.എൻ.ഇ.പി. റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിലാണ് ഗ്ലാസ്ഗോ ഉച്ചകോടി ചേർന്നത്.

ലോകത്തെ വനസമ്പത്തിന്റെ 85 ശതമാനവുമുള്ള 100ലധികം രാഷ്ട്രങ്ങൾ ഒത്തുചേർന്ന് 2030 നുള്ളിൽ തങ്ങളുടെ രാജ്യങ്ങളിലെ വനനശീകരണം പൂർണമായും ഇല്ലാതാക്കുമെന്ന് ഗ്ലാസ്ഗോ ഉച്ചകോടി പ്രഖ്യാപിച്ചു. ഈ ആവശ്യത്തിലേക്ക് 19.2 ബില്യൻ ഡോളർ സമാഹരിക്കാനും തീരുമാനമായി എന്നാൽ ഇന്ത്യ ഇതിൽ നിന്ന് വിട്ടു നിന്നു.

നൂറിലധികം രാജ്യങ്ങൾ രണ്ടാമത്തെ ഏറ്റവും വലിയ ഹരിതഗൃഹവാതകമായ മീഥെയിൻ ഉത്സർജനം 2030 ഓടെ 30 ശതമാനം കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചു. ചൈന, ഇന്ത്യ, റഷ്യ എന്നീ രാജ്യങ്ങൾ ഈ പ്രഖ്യാപനത്തിൽ പങ്ക ചേർന്നില്ല.

ഊർജ ഉൽപ്പാദനത്തിന് കൽക്കരിയെ കൂടുതലായി ആശ്രയിക്കുന്ന വിയറ്റ്നാം, പോളണ്ട്, ചിലി ഉൾപ്പെടെയുള്ള നാൽപ്പതിലധികം രാഷ്ട്രങ്ങൾ കൽക്കരി ഉപേക്ഷിക്കുമെന്നതായിരുന്നു മറ്റൊരു പ്രഖ്യാപനം.

450 ധനകാര്യ സ്ഥാപനങ്ങൾ പുതുക്കാവുന്ന ഊർജ ഉൽപ്പാദനത്തിന് സഹായം നൽകാനും ഫോസിൽ ഇന്ധനമുപയോഗിച്ചുള്ള ഊർജ ഉൽപ്പാദനത്തിനു ധനസഹായം നൽകാതിരിക്കാനുമുള്ള തങ്ങളുടെ തീരുമാനം പ്രഖ്യാപിച്ചു.

ലോകത്തെ വനസമ്പത്തിന്റെ 85 ശതമാനവുമുള്ള 100ലധികം രാഷ്ട്രങ്ങൾ ഒത്തുചേർന്ന് 2030 നുള്ളിൽ തങ്ങളുടെ രാജ്യങ്ങളിലെ വനനശീകരണം പൂർണമായും ഇല്ലാതാക്കുമെന്ന് ഗ്ലാസ്ഗോ ഉച്ചകോടി പ്രഖ്യാപിച്ചു. ഈ ആവശ്യത്തിലേക്ക് 19.2 ബില്യൻ ഡോളർ സമാഹരിക്കാനും തീരുമാനമായി എന്നാൽ ഇന്ത്യ ഇതിൽ നിന്ന് വിട്ടു നിന്നു.




എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ചൈനയും അമേരിക്കയും വരുന്ന ഒരു ദശാബ്ദക്കാലം കാലാവസ്ഥാവ്യതിയാനം പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ സഹകരിക്കാനുള്ള തങ്ങളുടെ തീരുമാനവും പ്രഖ്യാപിച്ചു.

കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പഠനം നടത്തുന്ന ഐ.പി.സി.സി (Intergovernmental Panel on Climate Change) 1990, 1995, 2001, 2007, 2014, 2021 എന്നീ വർഷങ്ങളിലായി ആറ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

കാലാവസ്ഥാവ്യതിയാനം പ്രതിരോധിക്കാൻ 'പഞ്ചാമൃതം' എന്ന പേരിൽ ഇന്ത്യ ലക്ഷ്യമിടുന്ന അഞ്ച് സുപ്രധാന ലക്ഷ്യങ്ങളാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഗ്ലാസ്ഗോ ഉച്ചകോടിയിൽ രാഷ്ട്രത്തലവന്മാരുടെ സമ്മേളനത്തിൽ മുന്നോട്ടുവച്ചത്

- 2030 ആകുമ്പോഴേക്കും ഇന്ത്യയുടെ ഫോസിലേതര ഊർജ്ജ ഉൽപ്പാദന ശേഷി 2030 ഓടെ 500GW - ലെത്തിക്കും.
- 2030 ഓടെ ഇന്ത്യയുടെ വൈദ്യുതി ആവശ്യങ്ങളുടെ 50 ശതമാനവും പുതുക്കാവുന്ന സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കും.
- കാർബൺ ഉത്സർജനത്തിൽ 2030നകം ഒരു ബില്യൺ ടണ്ണിന്റെ കുറവ് വരുത്തും.
- 2030 ഓടെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ കാർബൺ ഉത്സർജന തീവ്രത (Emission intensity) യിൽ 45% കുറവ് വരുത്തും.
- ഇതിനു പുറമേ 2070 ഓടെ കാർബൺ തുലിതാവസ്ഥ (Net zero emission) കൈവരിക്കുകയും ചെയ്യും. (https://luca.co.in/remnants-of-the-glasgow-summit/)

## 'ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട്'

'ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട്' എന്ന മട്ടിലുള്ള ഇന്നത്തെ വികസന സംസ്കാരം ഉപേക്ഷിച്ച് ഒരു ഉയർന്ന മണ്ഡലത്തിലേക്ക് നാം സ്വയം ഉയരുകയും സമൂഹത്തെ നയിക്കുകയും ചെയ്യാതെ ഇന്നത്തെ ദൂഷിതവലയം ഭേദിക്കാനാവില്ല. അതിനെ ആശ്രയിച്ചിരിക്കുന്നു മാനവരാശിയുടെ നിലനിൽപ്പും എന്നാണ് ഈ സമ്മേളനങ്ങളും പ്രഖ്യാപനങ്ങളും നമ്മെ നിരന്തരം ഓർമിപ്പിക്കുന്നത്. ഏറ്റവുമൊടുവിൽ സ്റ്റോക്ക്ഹോം+50 പ്രഖ്യാപനത്തിന്റെ വാഗ്ദാനങ്ങളിലും പ്രതിജ്ഞകളിലും പ്രതീക്ഷയർപ്പിച്ച് 2030 ലേക്ക് ഉറ്റുനോക്കുകയാണ് മാനവരാശിയുടെ നിലനിൽപ്പിനെക്കുറിച്ച് ആശങ്കപ്പെടുന്ന മനുഷ്യസ്നേഹികൾ.

*(അജിത് വെണ്ണിയൂർ - 9895603170)*




United Nations World Commission on Environment and Development, ed. *Report of the World Commission on Environment and Development: Our Common Future.* Oxford: Oxford University Press, 1987.

ജപ്പാനിലെ ക്യോട്ടോ നഗരത്തിൽ 1997 ൽ ചേർന്ന COP-3 ലാണ് ക്യോട്ടോ പ്രോട്ടക്കോളിന് രൂപം നൽകുന്നത്. ഹരിതഗൃഹ വാതക ഉത്സർജനത്തെ സമയബന്ധിതമായി കുറച്ചുകൊണ്ടുവന്ന് 1990 ലെ നിലയിലെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയായിരുന്നു ലക്ഷ്യം.



# സ്പൈഡർ–മാൻ: അതിമാനുഷസങ്കൽപ്പവും സ്വത്വപ്രതിസന്ധിയും

സോണിമോൻ പി. എസ്.

ഒരു സാധാരണ മനുഷ്യന് കഴിയാത്ത വിധത്തിൽ വീരകൃത്യങ്ങൾ സൂപ്പർ പവറുകൾ ഉപയോഗിച്ച് ചെയ്യുന്ന വ്യക്തിയാണ് സൂപ്പർഹീറോ. പൊതുവായത് (Public), രഹസ്യമായത് (Secret) എന്നിങ്ങനെ സൂപ്പർഹീറോ കഥാപാത്രത്തിന് ഇരട്ട ഐഡൻഡിറ്റികൾ കാണാറുണ്ട്. സൂപ്പർഹീറോ എന്ന നിലയിൽ പൊതുജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന അയാൾക്ക് സിവിലിയൻ എന്ന നിലയിൽ മറ്റൊരു സ്വകാര്യജീവിതവുമുണ്ട്. ചില സൂപ്പർഹീറോസ് സ്വയം ലോകത്തിന് വെളിപ്പെടുത്തി ഒളിച്ചുകളിയിൽനിന്ന് തന്നെത്തന്നെ സംരക്ഷിക്കാറുണ്ട്. സ്വയം സംരക്ഷിക്കുക, തന്റെ ജോലിയുടെ ഭാഗമായി കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും വന്നുചേർന്നേക്കാവുന്ന അപകടസാധ്യതകളെ ഇല്ലാതാക്കുക, നിയമപരമായ പ്രത്യാഘാതങ്ങളിൽനിന്ന് പുറത്തുനിൽക്കുക, സ്വകാര്യജീവിതം സാധ്യമാക്കുക തുടങ്ങിയവയാണ് പ്രധാനമായും സിവിലിയനെന്ന നിലയിലുള്ള യഥാർഥ ഐഡൻഡിറ്റി മറച്ചുപിടിക്കാനും രഹസ്യജീവിതം നയിക്കാനും സൂപ്പർഹീറോസിനെ പ്രേരിപ്പിക്കുന്നത്. സ്പൈഡർ-മാൻ എന്ന സൂപ്പർഹീറോയെയാണ് പഠനത്തിന് തിരഞ്ഞെടുത്തിരിക്കുന്നത്. സ്പൈഡർ-മാന്റെ സീക്രട്ട് ഐഡൻഡിറ്റിയും അത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി പീറ്റർ പാർക്കർ നേരിടേണ്ടിവരുന്ന സ്വത്വപ്രതിസന്ധികളും പ്രതിരോധങ്ങളുമാണ് ഇവിടെ അവതരിപ്പിക്കുന്നത്.




ലോകസിനിമയിൽ ഏറ്റവും ജനപ്രിയമായ ഴാനറു (genre) കളിൽ ഒന്നാണ് സൂപ്പർഹീറോ സിനിമകൾ. പ്രായഭേദമന്യേ വലിയൊരു പ്രേക്ഷകസമൂഹം സൂപ്പർഹീറോ സിനിമകൾക്കുണ്ട്. dictionary.com സൂപ്പർഹീറോ എന്ന വാക്കിനെ നിർവചിക്കുന്നത് ഇപ്രകാരമാണ് : “A morally righteous hero in a fictional work who possesses extraordinary abilities or supernatural powers and uses them to fight evil, as in comic books and movies.”[1] സൂപ്പർഹീറോ എന്നത് സാധാരണക്കാരുടെ കഴിവുകൾക്ക് അപ്പുറമുള്ള ശക്തികൾ ലഭിച്ചതും നായകവേഷത്തിന് യോജിച്ചതുമായ കഥാപാത്രമാണ്. സ്വന്തം കഴിവുകൾ ലോകനന്മയ്ക്കുവേണ്ടി അയാൾ ഉപയോഗിക്കുന്നു. പൊതുജനങ്ങളെ സംരക്ഷിക്കാനും കുറ്റകൃത്യങ്ങൾക്കെതിരെ പോരാടുവാനും സൂപ്പർഹീറോ സ്വയം സമർപ്പിക്കുന്നു. സൂപ്പർഹീറോയെ കേന്ദ്രസ്ഥാനത്ത് നിർത്തിയുള്ള ഫിക്ഷൻ വിഭാഗത്തെയാണ് സൂപ്പർഹീറോ ഫിക്ഷൻ എന്ന് വിളിക്കുന്നത്. അവസാനിക്കാത്ത കൗതുകം ജനിപ്പിക്കുന്ന സൂപ്പർഹീറോ കഥാപാത്രങ്ങൾ കോമിക്സിലൂടെയും അനിമേഷനുകളിലൂടെയും സിനിമകളിലൂടെയും ബാല്യകാലത്തുതന്നെ ആരാധന സൃഷ്ടിക്കുകയും ബാല്യ-കൗമാരങ്ങൾക്കപ്പുറവും അത് തുടരുകയും ചെയ്യുന്നു. തങ്ങളുടെ ആരാധകവൃന്ദത്തെ നിലനിർത്താൻ ഇത്തരം കഥാപാത്രങ്ങൾക്ക് കഴിയുന്നത് സാങ്കൽപ്പികമെങ്കിലും അവരുടെ ലോകത്തെയും വൈകാരികതയെയും വിശ്വസനീയവും യാഥാർഥ്യവുമാക്കി ചിത്രീകരിക്കുമ്പോഴാണ്. ഇതിൽ എത്രമാത്രം വിജയിക്കുന്നുവോ അത്രമാത്രം സൂപ്പർഹീറോ പോപ്പുലറാകുന്നു.

ലോകത്തിൽ ഏറ്റവുമധികം ആരാധകരെ നേടിയ സൂപ്പർഹീറോയാണ് സ്പൈഡർ-മാൻ എന്ന് നിസ്സംശയം പറയാം. പ്രതിമാസം അഞ്ച് ദശലക്ഷത്തിലധികം സർച്ചുകൾ ഇന്റർനെറ്റിൽ സ്പൈഡർ-മാനെ സംബന്ധിച്ച് ഉണ്ടാവുന്നുവെന്നത് ആ കഥാപാത്രത്തിന്റെ ജനപ്രിയത തെളിയിക്കുന്നു. മാർവൽ കോമിക്സിനുവേണ്ടി സ്റ്റാൻ ലി, സ്റ്റീവ് ഡിക്കോ എന്നിവർ ചേർന്ന് സൃഷ്ടിച്ച കഥാപാത്രമാണ് സ്പൈഡർ-മാൻ. 1962-ലെ 'ദി അമേസിങ് ഫാന്റസി' എന്ന കോമിക്സിലൂടെയാണ് മാർവൽ ആദ്യമായി സ്പൈഡർ-മാനെ അവതരിപ്പിക്കുന്നത്. പന്ത്രണ്ടോളം ചലച്ചിത്രങ്ങളിൽ സ്പൈഡർ-മാൻ കഥാപാത്രമായിട്ടുണ്ട്. മാർവൽ സിനിമാറ്റിക്ക് യൂണിവേഴ്സിന്റെ ഭാഗമായ ചലച്ചിത്രങ്ങളിലെ സ്പൈഡർ-മാന്റെ നിർമിതിയും അയാൾ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധികളെയുമാണ് പഠനവിധേയമാക്കിയിരിക്കുന്നത്.

## സൂപ്പർഹീറോ വേഷവും ഐഡൻഡിറ്റിയും

ഒരു സൂപ്പർഹീറോയെ മറ്റൊരു സൂപ്പർഹീറോയിൽനിന്ന് വ്യത്യസ്തമാക്കുന്നത് രണ്ട് ഘടകങ്ങളാണ്. ഒന്ന്, അവരുടെ വ്യത്യസ്തശക്തികളും അടുത്തത് അവർ ഉപയോഗിക്കുന്ന വിശിഷ്ട (unique)മായ വസ്തുങ്ങളും ഉപകരണങ്ങളുമാണ്. സൂപ്പർ നായകന്/നായികയ്ക്ക് സൂപ്പർ പവറുകൾ ലഭിക്കുന്നത് വ്യത്യസ്ത ഉറവിടങ്ങളിൽനിന്ന് ആയിരിക്കും. അതുകൊണ്ടുതന്നെ അവർ ഉപയോഗിക്കുന്ന ശക്തികളിലും അത് പ്രയോഗിക്കുന്ന രീതികളിലും വൈജാത്യങ്ങൾ കാണാം. ഗാമ വികിരണങ്ങൾ ഏൽക്കുന്നത് വഴിയാണ് ബ്രൂസ് ബാനറിന് സൂപ്പർ പവർ ലഭിച്ചത്. കോപം വർധിക്കുന്നതിനനുസരിച്ച് അയാളുടെ ശക്തിയും ഉയരുന്നു. അയൺമാന്റെ ശക്തിക്ക്

**മാർവൽ കോമിക്സിനുവേണ്ടി സ്റ്റാൻ ലി, സ്റ്റീവ് ഡിക്കോ എന്നിവർ ചേർന്ന് സൃഷ്ടിച്ച കഥാപാത്രമാണ് സ്പൈഡർ-മാൻ. 1962-ലെ 'ദി അമേസിങ് ഫാന്റസി' എന്ന കോമിക്സിലൂടെയാണ് മാർവൽ ആദ്യമായി സ്പൈഡർ-മാനെ അവതരിപ്പിക്കുന്നത്.**

ആധാരം ടെക്നോളജിയാണ്. റേഡിയോ ആക്ടീവ് സ്പൈഡറിൽനിന്ന് ഏൽക്കുന്ന കടിയിലൂടെയാണ് സ്പൈഡർ-മാൻ സൂപ്പർഹ്യൂമനായി മാറുന്നത്. സൂപ്പർ കഥാപാത്രങ്ങളുടെ കഴിവുകളിൽ വൈവിധ്യമുണ്ടെങ്കിലും അവർ ചെയ്യുന്ന പ്രവർത്തികളിൽ വൈവിധ്യമില്ല. അവർ പോരാടുന്നു, ലോകത്തെ സംരക്ഷിക്കുന്നു. എന്നാൽ, സൂപ്പർ ഹീറോസിന്റെ ശക്തികൾ അവരുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്നില്ല. അവരുടെ വ്യക്തിത്വവും സൂപ്പർപവറുകളും തമ്മിൽ യാതൊരു ബന്ധവുമില്ല. ഒരേ പ്രവർത്തി ചെയ്യുന്ന സൂപ്പർകഥാപാത്രങ്ങളെ പ്രേക്ഷകർ ആവർത്തന വിരസതയില്ലാതെ സ്വീകരിക്കാൻ കാരണം സൂപ്പർ ഹീറോയുടെ വ്യക്തിത്വനിർമിതിയിൽ സംവിധായകൻ നൽകുന്ന വ്യക്തത കാരണമാണ്.

മാർവൽ ലൈവ് ആക്ഷൻസുകളിലൂടെ കടന്നുപോകുമ്പോൾ സൂപ്പർഹീറോസിന്റെ നിലപാടുകളിലും പ്രവൃത്തികളിലും രണ്ട് വിരുദ്ധദ്വന്ദ്വങ്ങൾ കാണുവാൻ സാധിക്കും. അവർക്കിടയിലെ അഭിപ്രായഭിന്നതകൾ സൂപ്പർകഥാപാത്രങ്ങളുടെ സിവിൽവാറിലേക്കും തുടർന്ന് നേരിട്ടുള്ള ഏറ്റുമുട്ടലിലേക്കും നയിച്ചിട്ടുണ്ട്. ക്യാപ്റ്റൻ അമേരിക്ക, ബ്ലാക്ക് പാന്തർ, ഡെയർ ഡെവിൾ മുതലായവർ ജെന്റിൽമാൻ പരിവേഷവും കുലീനത്തവും പുലർത്തുമ്പോൾ അയൺമാൻ, തോർ, ഡോക്ടർ സ്ട്രേഞ്ച് തുടങ്ങിയവർ ധാർഷ്ട്യവും ഗർവും ഉള്ളവരാണ്. ഒന്നിച്ചു നിൽക്കുമ്പോൾ തന്നെ തമ്മിൽ ഇണങ്ങാത്ത വ്യക്തിത്വങ്ങൾക്ക് ഉടമകൾ കൂടിയാണവർ. ഇവരിൽനിന്നെല്ലാം വിഭിന്നമായ കഥാപാത്രനിർമിതിയാണ് സ്പൈഡർ-മാനിൽ കാണാനാവുക. സൂപ്പർഹീറോസിനെക്കുറിച്ച് നിലനിന്നിരുന്ന ധാരണകളെയെല്ലാം തിരുത്തിയെഴുതിയ കഥാപാത്രമായിരുന്നു സ്പൈഡർ-മാൻ. സ്വകാര്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന ഒരു പതിനാറ് വയസുകാരനിലാണ് സ്റ്റാൻ ലി എക്കാലത്തെയും മികച്ച സൂപ്പർഹീറോയെ കണ്ടെത്തിയത്. അവൻ മറ്റു നായകരെ പോലെയല്ല. കരയുന്ന, അടിവാങ്ങുന്ന, ഒറ്റപ്പെടുന്ന, കുറ്റപ്പെടുത്തലുകൾ ഏറ്റുവാങ്ങുന്ന, സാമ്പത്തികപ്രശ്നങ്ങളോട് പൊരുതുന്ന ഒരു സാധാരണ മനുഷ്യനെ നമുക്ക് സ്പൈഡർ-മാൻ സ്യൂട്ടിനുള്ളിൽ കണ്ടെത്താം.

സൂപ്പർഹീറോയ്ക്ക്, സൂപ്പർഹീറോ സ്യൂട്ടുകൾ ഉണ്ടായിരിക്കും. വെറും വസ്ത്രം മാത്രമായിട്ടല്ല അവർ സൂപ്പർഹീറോ സ്യൂട്ടുകളെ ഉപയോഗിക്കുന്നത്. ഹീറോയുടെ ശക്തി വർധിപ്പിക്കുന്ന ഘടകമാണ് ഇത്തരം സ്യൂട്ടുകൾ. സൂപ്പർ വില്ലനെ നേരിടുമ്പോൾ സൂപ്പർ നായകനെ സഹായിക്കുന്ന പ്രധാന ഉപകരണമാണത്. സൂപ്പർഹീറോ ജനപ്രിയമാകുന്നതിൽ ഒരു പ്രധാന പങ്ക് അവരുടെ വസ്ത്രങ്ങൾക്കുണ്ട്. സൂപ്പർ സ്യൂട്ടുകൾ അണിഞ്ഞ രൂപത്തിലാണ് സൂപ്പർഹീറോയുടെ ചിത്രം ആരാധകരുടെ മനസ്സിൽ നിൽക്കുന്നത്. സ്റ്റാൻ ലി ഇപ്രകാരം പറയുന്നു: ‘സൂപ്പർഹീറോയ്ക്ക് വേഷം ആവശ്യമില്ലെങ്കിലും ആരാധകർക്ക് വസ്ത്രങ്ങൾ ഇഷ്ടമാണ്. വേഷവിധാനങ്ങൾ ധരിച്ചാൽ കഥാപാത്രങ്ങൾ കൂടുതൽ ജനപ്രിയമാകും.’[2]

സൂപ്പർഹീറോ ജനപ്രിയമാകുന്നതിൽ ഒരു പ്രധാന പങ്ക് അവരുടെ വസ്ത്രങ്ങൾക്കുണ്ട്. സൂപ്പർ സ്യൂട്ടുകൾ അണിഞ്ഞ രൂപത്തിലാണ് സൂപ്പർഹീറോയുടെ ചിത്രം ആരാധകരുടെ മനസ്സിൽ നിൽക്കുന്നത്. സ്റ്റാൻ ലി ഇപ്രകാരം പറയുന്നു: ‘സൂപ്പർഹീറോയ്ക്ക് വേഷം ആവശ്യമില്ലെങ്കിലും ആരാധകർക്ക് വസ്ത്രങ്ങൾ ഇഷ്ടമാണ്.

Homemade Suit, Tony Stark Suit, Stealth Suit, Iron Spider Suit തുടങ്ങി ധാരാളം വേഷങ്ങളിൽ സ്പൈഡർ-മാൻ സിനിമകളിൽ പ്രത്യക്ഷപ്പെടാറുണ്ട്. എതിരാളികൾക്ക് അനുസരിച്ചാണ് സ്പൈഡർ-മാൻ തന്റെ സ്യൂട്ടുകൾ മാറി ഉപയോഗിക്കുന്നത്. വെബ് ഷൂട്ടർ, വെബ് ഫ്ലൂയിഡ് , സ്പൈഡർ ഡ്രോൺ, ജി.പി.എസ് ട്രാക്കിങ് സിസ്റ്റം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയാണ് സ്പൈഡർ-മാന്റെ പ്രധാന ഡിവൈസുകൾ. തന്റെ സൂപ്പർ പവറിനെ ഏറ്റവും കൃത്യതയോടെ ഉപയോഗിക്കാൻ ഈ ഉപകരണങ്ങൾ സ്പൈഡർ-മാനെ സഹായിക്കുന്നു. സൂപ്പർഹീറോ സ്യൂട്ടുകൾ പ്രഹരങ്ങളിൽനിന്ന് ഹീറോയുടെ ശരീരത്തെ സംരക്ഷിക്കുക മാത്രമല്ല ചെയ്യുന്നത്. അവ മറ്റൊന്നുകൂടെ സംരക്ഷിക്കുന്നുണ്ട്. അത് സൂപ്പർഹീറോയുടെ ഐഡന്റിറ്റിയാണ്.

## സ്പൈഡർ-മാന്റെ സ്വത്വപ്രതിസന്ധി

സ്പൈഡർ-മാന്റെ ദൗർബല്യമായി മാർവൽ തന്നെ പറയുന്ന കാര്യമാണ് അയാളുടെ സീക്രട്ട് ഐഡന്റിറ്റി. പീറ്റർ പാർക്കർ അഥവാ സ്പൈഡർ-മാൻ അപകർഷതാബോധം(inferiority complex) പേറുന്ന ഒരു കൗമാരക്കാരനാണ്. തനിക്ക് എന്തെങ്കിലും കുറവുണ്ടെന്നോ, താൻ താഴ്ന്ന മനുഷ്യനാണെന്നോ ഒക്കെയുള്ള ചിന്തയാണ് അപകർഷത. തന്റെ കഴിവുകേടുകളെക്കുറിച്ചുള്ള അതിബോധമാണ് പീറ്ററിനെ നയിക്കുന്നത്. ചെറിയ കുട്ടിയായിരിക്കുമ്പോൾ പോലും അപകർഷത ഉണ്ടാവുമെന്ന് ആൽഫ്രഡ് ആഡ്ലർ പറയുന്നു. ശാരീരികവും മാനസികവുമായ പരിമിതികൾ, പരാജയങ്ങൾ, താഴ്ന്ന സാമൂഹികസ്ഥിതി, താഴ്ന്ന സാമ്പത്തികസ്ഥിതി തുടങ്ങിയ കാരണങ്ങൾ വ്യക്തികളിൽ അപകർഷതാബോധം നിർമിച്ചേക്കും. പീറ്ററിനെ സംബന്ധിച്ചിടത്തോളം അനാഥത്വം, ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക ഞെരുക്കങ്ങൾ എന്നിവ ബാല്യത്തിൽ തന്നെ അവനെ അരക്ഷിതബോധത്തിലേക്കും അപകർഷതയിലേക്കും നയിച്ചു. ഒരു സൂപ്പർഹ്യൂമണായി മാറിയതിനുശേഷവും പീറ്റർ പാർക്കറിന് സ്വതവേ ഉണ്ടായിരുന്ന അപകർഷതാബോധം കുറയുകയല്ല, വർധിക്കുകയാണ് ഉണ്ടായത്. സ്പൈഡർ-മാനായി മാറിയ അന്നുമുതൽ ഒരുതരത്തിൽ ഇരട്ടജീവിതമാണ് പീറ്റർ നയിച്ചിരുന്നത്.

ടോണി സ്റ്റാർക്കിനും അവഞ്ചേഴ്സിനും[3] ശേഷം സ്പൈഡർ-മാന്റെ ഐഡന്റിറ്റി തിരിച്ചറിയുന്നത് പീറ്ററിന്റെ സുഹൃത്തായ നെഡ് ആണ്. അവൻ പീറ്ററിനെ ആദ്യമേ ഉപദേശിക്കുന്നത് അവനാണ് സ്പൈഡർ-മാൻ എന്ന കാര്യം എല്ലാവരോടും വെളിപ്പെടുത്താനാണ്. എന്നാൽ പീറ്റർ നെഡിനെക്കൊണ്ട് സത്യം ചെയ്യിപ്പിക്കുകയാണ് ഉണ്ടായത്. പിൽക്കാലത്ത് അവർ തമ്മിൽ ഉടലെടുത്ത വലിയ സൗഹൃദത്തിനു പിന്നിൽപ്പോലും ഈ വലിയ രഹസ്യം പ്രവർത്തിക്കുന്നുണ്ട്. സ്പൈഡർ-മാനെന്ന അപരത്വം പീറ്ററിലെ അപകർഷതയെ വർധിപ്പി



ക്കുന്നു. സ്പൈഡർ-മാൻ ആരാധകരെ സൃഷ്ടിക്കുകയും പ്രശസ്തനാകുകയും ചെയ്യുമ്പോൾ പീറ്റർ സ്കൂളിലെ അൺപോപ്പുലർ വിദ്യാർഥിയാണ്. സ്പൈഡർ-മാൻ കുറ്റവാളികളെ വേട്ടയാടുമ്പോൾ പീറ്റർ സ്കൂളിലെ ബുള്ളികളുടെ (വഴക്കാളി കുട്ടികളുടെ) സ്ഥിരം ഇരയാണ്. സ്പൈഡർ-മാനെ എല്ലാവരും തലയിലേറ്റുമ്പോൾ യഥാർഥ പീറ്ററിനെ എല്ലാവരും അവഗണിക്കുന്നു. അവനോട് കൂട്ടുകൂടാതിരിക്കുന്ന കുട്ടികൾ തന്നെ സ്പൈഡി തങ്ങളുടെ സുഹൃത്താണെന്ന് നുണപറയുന്നു. പീറ്ററിന്റെ മനസ്സിൽ ഇത് വലിയ സംഘർഷം സൃഷ്ടിക്കുന്നു. തന്റെ ഐഡൻഡിറ്റി മറച്ചുവയ്ക്കാൻ പീറ്റർ പറയുന്ന കാരണം താനാണ് സ്പൈഡർ-മാൻ എന്ന് പുറംലോകം അറിഞ്ഞാൽ ശത്രുക്കൾ തന്റെ കുടുംബത്തെയും കൂട്ടുകാരെയും ആക്രമിക്കും എന്നതാണ്. എന്നാൽ സ്വയം വെളിപ്പെടുത്തുന്നതിന് അവന് മറ്റൊരു തടസ്സം കൂടിയുണ്ട്. അത് പീറ്ററിന് തന്നോടുതന്നെയുള്ള അപകർഷതയാണ്.

സ്പൈഡർ-മാൻ : ഹോം കമിംഗ് എന്ന സിനിമയിൽ പീറ്ററിന്റെ സ്നേഹപാത്രമായ ലിസ് സ്പൈഡിയെ പ്രണയിക്കുന്നുവെന്ന് അറിയുമ്പോൾ സ്പൈഡർ-മാനായി വന്ന് അവളുടെ പ്രണയം നേടണമെന്ന് പീറ്റർ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അതിൽനിന്ന് അവനെ തടയുന്നത് അപകർഷതയാണ്. "ടോണി സ്റ്റാർക്കിനെ പോലെയുള്ള ഒരാളെയാണ് അവൾ പ്രതീക്ഷിക്കുന്നതെങ്കിലോ... ആ സ്ഥാനത്ത് എന്റെ മുഖം കണ്ടാൽ അവൾ നിരാശപ്പെട്ടും" എന്ന് ചിന്തിച്ച് പീറ്റർ മറഞ്ഞുനിൽക്കുകയാണ്. എന്നാൽ സ്കൂളിൽ സ്പൈഡർ-മാൻ തരംഗം ആഞ്ഞടിക്കുമ്പോൾ പീറ്റർ അതിൽ സന്തോഷിക്കുന്നുമുണ്ട്. ആ സന്ദർഭത്തിൽ പീറ്റർ പാർക്കർ എന്ന വ്യക്തിത്വത്തെ സ്പൈഡർ-മാൻ എന്ന ആൾട്ടർ ഈഗോ(alter ego) ഹൈജാക്ക് ചെയ്യുന്നത് കാണാം. സ്പൈഡർ-മാനായി കൂടുതൽ ഊർജസ്വലമായി പണിയെടുക്കുന്ന പീറ്ററിനെയാണ് പിന്നീട് ഹോം കമിങ്ങിൽ കാണുന്നത്. വൾച്ചർ എന്ന സൂപ്പർ വില്ലനെ വിടാതെ പിന്തുടരാൻ പീറ്ററിന് പ്രചോദനമാകുന്നത് സ്പൈഡർ-മാൻ എന്ന നിലയിൽ അവന് ലഭിക്കുന്ന അംഗീകാരമാണ്. ഒരു സൂപ്പർഹീറോ എന്ന പ്രിവിലേജിൽ ജീവിക്കുമ്പോഴും യഥാർഥത്തിൽ പീറ്റർ സൂപ്പർഹീറോ സ്യൂട്ടിനുള്ളിൽ ഒളിച്ചു ജീവിക്കുകയാണ് ചെയ്യുന്നത്. ഈ കാര്യം നെഡ് മനസ്സിലാക്കുന്നുണ്ട്. "ഡ്യൂഡ്... ആരും നിന്നെ തിരിച്ചറിയുന്നില്ലെങ്കിൽ പിന്നെ പ്രശസ്തനായിട്ട് എന്ത് ഗുണം?" എന്ന നെഡിന്റെ ചോദ്യത്തെ പീറ്റർ അവഗണിക്കുകയാണ്.

അതിമാനുഷനായ സ്പൈഡർ-മാനിലെ ദുർബലനായ പീറ്റർ വ്യക്തമായി പ്രത്യക്ഷനാകുന്ന സന്ദർഭം സിനിമയിലുണ്ട്. താൻ നൽകിയ സ്യൂട്ട് ടോണി സ്റ്റാർക്ക് പീറ്ററിൽ നിന്ന് തിരിച്ചെടുക്കുന്ന സന്ദർഭമാണത്. "പ്ലീസ്... ഇതുമാത്രമേ എനിക്കുള്ളൂ... സ്യൂട്ടില്ലെങ്കിൽ ഞാൻ ഒന്നുമല്ല" എന്ന് ടോണിയോട് നിസ്സഹായനായി അപേക്ഷിക്കുന്ന പീറ്ററിനെ നമുക്ക് കാണാം. സ്വന്തം ഐഡൻഡിറ്റിയിൽ നിന്ന് സ്പൈഡർ-മാൻ വേഷത്തിലേക്ക് പീറ്റർ എത്രമാത്രം ഉൾവലിഞ്ഞു എന്ന് ഇതിൽനിന്ന് വ്യക്തമാണ്. സ്പൈഡർ-മാൻ വേഷത്തിൽ തനിക്ക് ലഭിച്ച സാമൂഹിക അംഗീകാരം പീറ്റർ സ്യൂട്ടിന്റെ മഹത്വവും മേന്മയുമായി കരുതുന്നു. അവൻ സ്വന്തം കഴിവുകളെക്കുറിച്ച് ബോധവാനല്ല. സൂപ്പർഹീറോയെയും സൂപ്പർ വില്ലനെയും തമ്മിൽ വേർതിരിക്കുന്ന ഘടകം അവരുടെ മനസ്സാണ്. പീറ്ററിനുള്ളിലെ നന്മയും ധാർമികബോധവുമാണ് അവനെ സൂപ്പർ ഹീറോ ആക്കുന്നത്. എന്നാൽ അപകർഷതാബോധത്താൽ അവൻ സ്വയം ശൂന്യവൽക്കരിച്ചുകൊണ്ടിരിക്കുന്നു. ഇത് ശരിയല്ല എന്ന അർഥം ടോണിയുടെ മറുപടിയിലുണ്ട്. "അങ്ങനെയാണ് നീ ചിന്തിക്കുന്നതെങ്കിൽ പിന്നെ നീയിത് ധരിക്കുവാൻ പാടില്ല" എന്ന് ടോണി പറയുന്നു. സീക്രട്ട് ഐഡൻഡിറ്റി പിന്നീട് സൂപ്പർ ഹീറോയ്ക്ക് ദൗർബല്യമായി മാറുമെന്ന് ടോണിക്കറിയാം. താനാണ് അയൺമാൻ എന്ന് പത്രസമ്മേളനം നടത്തി വെളിപ്പെടുത്തിയ ആളാണ് ടോണി

സ്പൈഡർ-മാൻ വേഷത്തിൽ തനിക്ക് ലഭിച്ച സാമൂഹിക അംഗീകാരം പീറ്റർ സ്യൂട്ടിന്റെ മഹത്വവും മേന്മയുമായി കരുതുന്നു. അവൻ സ്വന്തം കഴിവുകളെക്കുറിച്ച് ബോധവാനല്ല. സൂപ്പർഹീറോയെയും സൂപ്പർ വില്ലനെയും തമ്മിൽ വേർതിരിക്കുന്ന ഘടകം അവരുടെ മനസ്സാണ്. പീറ്ററിനുള്ളിലെ നന്മയും ധാർമികബോധവുമാണ് അവനെ സൂപ്പർ ഹീറോ ആക്കുന്നത്.



സ്റ്റാർക്ക്. ആ രീതിയിൽ പീറ്ററിനെയും ലോകത്തിന് വെളിപ്പെടുത്തികൊടുക്കാൻ ടോണി ശ്രമിക്കുന്നുണ്ട്. എന്നാൽ സ്പൈഡർ-മാനെ കാണാൻ ജനങ്ങൾ കാത്തിരിക്കുമ്പോൾ "നന്ദി മിസ്റ്റർ സ്റ്റാർക്ക്. എനിക്കൊന്നും വേണ്ട... ഞാൻ സാധാരണപോലെ കഴിയാം" എന്ന് പറഞ്ഞ് ഒളിച്ചോടുകയാണ് പീറ്റർ പാർക്കർ.

ടോണി സ്റ്റാർക്കിന്റെ മരണശേഷമുള്ള കഥയാണ് സ്പൈഡർ-മാൻ : ഫാർ ഫ്രം ഹോമിൽ കാണുന്നത്. ടോണിയുടെ വേർപാട് സൃഷ്ടിച്ച ആഘാതത്തിനുപുറമേ അദ്ദേഹത്തിന്റെ പിൻഗാമിയെ ലോകം സ്പൈഡർ-മാനിൽ കാണുന്നു എന്നതും പീറ്ററിൽ വലിയ സമ്മർദം ഏൽപ്പിക്കുന്നു. സ്പൈഡർ-മാനിൽ നിന്ന് പുറത്തുവന്ന് പീറ്റർ എന്ന യാഥാർഥ്യത്തിൽ ജീവിക്കാൻ അവൻ നടത്തുന്ന പരിശ്രമങ്ങളാണ് തുടർന്ന് കാണുന്നത്. മിഡ് ടൗൺ സ്കൂളിലെ വിദ്യാർഥികൾ യൂറോപ്പിലേക്കുള്ള സയൻസ് ടൂറിൽ പങ്കെടുക്കുകയാണ്. കൂട്ടത്തിൽ പീറ്ററും നെഡുമുണ്ട്. അവരുടെ സഹപാഠിയായ മിഷേലിനോട് പീറ്ററിന് പ്രണയമാണ്. അക്കാര്യം അവളോട് അവതരിപ്പിക്കണം എന്ന ലക്ഷ്യത്തോടെയാണ് അവൻ ഈ ട്രിപ്പിൽ പങ്കെടുക്കുന്നതുതന്നെ. പീറ്റർ എന്ന നിലയിലുള്ള സാധാരണ ജീവിതം വീണ്ടെടുക്കാൻ അവൻ വളരെയേറെ ആഗ്രഹിക്കുന്ന സമയത്താണ് അപ്രതീക്ഷിതമായി ടൂറിനിടയിൽ ഒരു മിഷൻ പീറ്ററിന് ഏറ്റെടുക്കേണ്ടിവരുന്നത്. സൂപ്പർഹീറോ ഐഡന്റിറ്റിയോടും അതിന്റെ ഉത്തരവാദിത്വങ്ങളോടും മടുപ്പ് തോന്നിതുടങ്ങിയ പീറ്ററിന് എല്ലാവരും തന്നെ അടുത്ത അയൺമാനാക്കാൻ ശ്രമിക്കുന്നു എന്നത് താങ്ങാവുന്നതിനും അപ്പുറമായിരുന്നു. ജനങ്ങൾക്ക് സ്പൈഡർ-മാൻ ആരാണെന്നറിയില്ല. പീറ്ററിന് ജനങ്ങളെ സഹായിക്കാൻ ഇഷ്ടമാണ്. എന്നാൽ അവൻ ഒരു കൗമാരക്കാരൻ മാത്രമാണ്. നൂറുകൂട്ടം പ്രശ്നങ്ങൾക്ക് നടുവിലാണ് അവന്റെ ജീവിതം. പിൻഗാമിയായി ടോണി തെരഞ്ഞെടുത്തത് തന്നെയാണെന്ന് അറിയുന്ന പീറ്റർ പിന്നീട് കൂടുതൽ കൂടുതൽ പ്രതിസന്ധിയിലേക്കാണ് കടക്കുന്നത്. ഈഡിത്ത് എന്ന സെക്യൂരിറ്റി ഡിഫൻസ് സിസ്റ്റത്തിന്റെ അവകാശം ടോണി പീറ്ററിനാണ് നൽകുന്നത്. ടോണി കാണുന്നതുപോലെയല്ല സൂപ്പർഹീറോ പരിവേഷത്തെ പീറ്റർ കാണുന്നത്. മൾട്ടി ബില്ല്യൻ വിലയുള്ള ആ സിസ്റ്റം പീറ്റർ എന്ന കൗമാരക്കാരന് ബാധ്യതയായി മാറുന്നു. പീറ്ററിന് വേണ്ടത് ഒരു കൗമാരക്കാരന്റെ ജീവിതമാണ്. അവൻ ശാരീരികമായി അതിമാനുഷൻ ആയിരിക്കാം. എന്നാൽ ഒരു കൗമാരക്കാരന് താങ്ങാനാവുന്ന മാനസിക സമ്മർദമേ അവനും താങ്ങാനാവുകയുള്ളൂ.

പീറ്ററിന്റെ ഇരട്ടജീവിതം അവനെ ആന്റിസോഷ്യലാക്കി (antisocial) മാറ്റുന്നു. തന്റെ രഹസ്യ ഐഡന്റിറ്റി സംരക്ഷിക്കുന്നതിനുവേണ്ടി തന്നോട് അടുപ്പമുള്ളവരോട് കള്ളം പറയാനും സ്നേഹിക്കുന്നവരിൽനിന്ന് അകന്നുപോകാനും പല അവസരങ്ങളിലും പീറ്റർ നിർബന്ധിതനാകുന്നു. കൂടാതെ തന്റെ സാമൂഹികജീവിതം മെച്ചപ്പെടുത്തുന്നതിനോ, സ്വന്തം ഉത്തരവാദിത്വങ്ങളും ജോലികളും പൂർത്തിയാക്കുന്നതിനോ ഉള്ള അവസരങ്ങളും പീറ്ററിന് നഷ്ടമാകുന്നു. ഹോം കമിങ്ങിൽനിന്ന് ഫാർ ഫ്രം ഹോമിലെത്തുമ്പോൾ ഇരട്ടജീവിതത്തിന്റെ ഏറ്റവും വേദനാജനകമായ സന്ദർഭങ്ങളിലൂടെയാണ് പീറ്റർ കടന്നുപോകുന്നത്. പീറ്റർ അവൻ മാത്രമാകാൻ ശ്രമിക്കുമ്പോൾ സ്പൈഡർ-മാന്റെ കടമകൾ അവന് ബാധ്യതയാണ്. അതിനാൽ തന്നിൽ വന്നുചേരുന്ന സ്പൈഡർ-മാന്റെ ചുമതലകളെ മറ്റുള്ളവരിൽ വച്ചൊഴിയാൻ പീറ്റർ തയാറാകുന്നു. ഈ അവസരം ഉപയോഗപ്പെടുത്തി പീറ്ററിനെ ചതിക്കുകയാണ് മിസ്റ്റീരിയോ എന്ന സൂപ്പർ വില്ലൻ. പീറ്ററിന്റെ നിഷ്കളങ്കത അവനോട് അടുക്കുന്നവരോടെല്ലാം ഇമോഷണൽ ബന്ധം സ്ഥാപിക്കുന്നു. സൂപ്പർ വില്ലന്മാർക്കുപോലും ഇതിന് സാധിക്കുന്നുണ്ട്. അതിനാൽ പ്രതിയോഗിയോടുമാത്രമല്ല, സ്വന്തം മനസ്സിനോടും അവന് പോരാടേണ്ടിവരുന്നു. മിസ്റ്റീരിയോ പീറ്ററിൽ നിന്ന് ഈഡിത്തിനെ സ്വന്തമാക്കുന്നത് കായികമായി പോരാടിക്കൊണ്ടല്ല, പീറ്ററെന്ന കൗമാരക്കാരന്റെ നിഷ്കളങ്കതയെ മുതലെടുത്തുകൊണ്ടാണ്. ഇവിടെയും അവന് വിനയാകുന്നത് അവന്റെ ഉള്ളിലെ സ്വത്വപ്രതിസന്ധിയാണ്. "സ്വയം പറ്റിച്ചുകൊണ്ടിരിക്കുന്നവരെ പറ്റിക്കാൻ വളരെ എളുപ്പമാണ്" എന്ന് ഈഡിത്തിന്റെ നിയ

ന്ത്രണം തട്ടിയെടുത്തശേഷം മിസ്റ്റീരിയോ പറയുന്നുണ്ട്. സ്യൂട്ടിനുള്ളിൽ മറഞ്ഞിരിക്കുന്ന ഒരു സൂപ്പർഹീറോയ്ക്കെതിരെ പ്രയോഗിക്കാവുന്ന ഏറ്റവും വിനാശകരമായ ആയുധം അയാളുടെ മുഖം വെളിപ്പെടുത്തുകയാണ്. സിനിമയുടെ അവസാനം അത്രനാൾ പീറ്റർ ഭയപ്പെട്ട കാര്യം സംഭവിക്കുന്നു. തന്റെ മരണത്തിന് ഉത്തരവാദി സ്പൈഡർ-മാൻ ആണെന്നും, സ്പൈഡർ-മാൻ വേഷത്തിനുള്ളിൽ പീറ്റർ പാർക്കർ ആണെന്നും മിസ്റ്റീരിയോ ലോകത്തെ അറിയിക്കുന്നു. അങ്ങനെ ജനങ്ങളുടെ കാഴ്ചപ്പാടിൽ പീറ്റർ വഞ്ചകനും മിസ്റ്റീരിയോ സൂപ്പർഹീറോയുമായി മാറുന്നു.

സ്പൈഡർ-മാന്റെ ബലഹീനതയായി മാർവൽ പറയുന്ന മറ്റൊന്ന് നിർഭാഗ്യ(bad luck)മാണ്. തന്റേതല്ലാത്ത ഒരു കാര്യം എങ്ങനെയാണ് പീറ്ററിന് ദൗർബല്യമായി മാറുന്നതെന്ന് അത്ഭുതം തോന്നാം. എന്നാൽ മാർവൽ കോമിക്സിലൂടെ കണ്ണോടിച്ചാൽ കാണാം ഏറ്റവും ദൗർഭാഗ്യവാനായ സൂപ്പർഹീറോയാണ് സ്പൈഡർ-മാൻ. മൂന്നാമത്തെ സിനിമയായ സ്പൈഡർ-മാൻ : നോ വേ ഹോമിൽ എത്തുമ്പോൾ താൻ സംരക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്ത പൊതുജനം പീറ്ററിനെ തെറ്റിദ്ധരിക്കുന്നതും പീഡിപ്പിക്കുന്നതുമായ ദുരവസ്ഥ അവന് വന്നുചേരുന്നു. ലോകം സ്പൈഡർ-മാൻ ആരാണെന്ന സത്യം തിരിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോൾ പീറ്റർ കുറ്റവാളിയാണ്. പീറ്ററിന്റെ ഐഡൻറ്റിറ്റി വെളിപ്പെട്ടപ്പോൾ അവന് ചുറ്റുമുള്ളവരുടെ ജീവിതം ദുരിതത്തിലാകുന്നു. ഇപ്പോൾ അവനെ സഹായിക്കാൻ ടോണി സ്റ്റാർക്കില്ല. പീറ്ററിനും കൂട്ടർക്കും സ്വസ്ഥമായ ഒരു ജീവിതം സാധ്യമാകാത്ത സ്ഥിതിവരുന്നു. പീറ്റർ ചെയ്ത നന്മകളുടെയെല്ലാം മുഖമായിമാറിയത് സ്പൈഡർ-മാനും അതേസമയം കഷ്ടകാലത്ത് ക്രൂശിക്കപ്പെടുന്നത് പീറ്ററുമാണെന്ന് കാണാം. ലോകം പീറ്ററിനെ തിരിച്ചറിഞ്ഞ സമയത്തും സത്യത്തെ അംഗീകരിച്ച് മുന്നോട്ടുപോകാൻ പീറ്റർ തയാറല്ല. ഫാർ ഫ്രം ഹോമിലെത്തുമ്പോൾ 'പീറ്റർ' എന്ന സ്വന്തം സ്വത്വത്തെ നിഷ്കാസനം ചെയ്യാൻ ശ്രമിക്കുന്ന പീറ്ററിനെയാണ് നാം കാണുക.

പീറ്റർ പാർക്കർ ആണ് സ്പൈഡർ-മാൻ എന്ന യാഥാർഥ്യം ലോകം മറക്കണം എന്ന ആവശ്യവുമായാണ് പീറ്റർ മറ്റൊരു സൂപ്പർഹീറോയായ ഡോക്ടർ സ്ട്രേഞ്ചിനെ സമീപിക്കുന്നത്. സ്ട്രേഞ്ച് സ്പെൽ ഉപയോഗിക്കുന്നതിനിടയിലെ പീറ്ററിന്റെ അപക്വമായ ഇടപെടലുകൾ കാരണം മന്ത്രം വിപരീതഫലം ഉളവാക്കുന്നു. മൾട്ടിവേഴ്സിലെ സ്പൈഡർ-മാനെ അറിയുന്ന സൂപ്പർ വില്ലൻമാരെല്ലാം എർത്ത് 616 എന്ന പീറ്ററിന്റെ യൂണിവേഴ്സിലേക്ക് വരുന്ന അവസ്ഥ സംജാതമാകുന്നു. അങ്ങനെ മൾട്ടിവേഴ്സിലെ വില്ലന്മാരോട് പീറ്റർ പോരാടേണ്ട സ്ഥിതിവരുന്നു. സത്യത്തിൽ പീറ്ററിന് വന്നുചേർന്ന ദുരവസ്ഥയ്ക്ക് ഉത്തരവാദി ഏതെങ്കിലും സൂപ്പർ വില്ലൻ ആയിരുന്നില്ല. പീറ്റർ പുറത്ത് കാണിക്കാൻ മടിച്ച അവന്റെ യഥാർഥ ഐഡൻറ്റിറ്റിയായിരുന്നു.




ഡോക്ടർ സ്ട്രേഞ്ചും ഈ കാര്യത്തിൽ പീറ്ററിനെ ഉപദേശിക്കുന്നുണ്ട്. "നോക്ക് പാർക്കർ, ഇവിടെ പ്രശ്നം മിസ്റ്റീരിയോ അല്ല. നീ ഒരേസമയം ഇരട്ടജീവിതം ജീവിക്കാൻ നോക്കുന്നതാണ് പ്രശ്നം. എത്രനാൾ അത് തുടരുന്നോ, അത് കൂടുതൽ അപകടം ആകുകയേ ഉള്ളൂ" എന്ന് സ്ട്രേഞ്ച് പറയുന്നു. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമായി പീറ്റർ തിരഞ്ഞെടുക്കുന്ന വഴി സ്വയം റദ്ദുചെയ്യുക എന്നതാണ്. സ്വന്തം സ്വത്വത്തെ ഇല്ലാതാക്കിക്കൊണ്ടാണ് പീറ്റർ പ്രശ്നം പരിഹരിക്കുന്നത്. 'പീറ്ററി'നെ എല്ലാവരും മറക്കണമെന്ന മന്ത്രം സ്ട്രേഞ്ചിനെക്കൊണ്ട് അവൻ പ്രയോഗിപ്പിക്കുന്നു. അങ്ങനെ സ്പൈഡർ-മാനെ ലോകം മറക്കുകയെന്ന സ്ഥിതിയിൽനിന്ന് പീറ്റർ പർക്കറിനെ ലോകം മറക്കുകയെന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ ചെന്നവസാനിക്കുന്നു. ഇതിന്റെ ഫലമായി തന്റെ കാമുകിയെയും സുഹൃത്തിനെയും ബന്ധുക്കളെയും പീറ്ററിന് നഷ്ടമാകുന്നു. ശരിയായ അർഥത്തിൽ പീറ്റർ അനാഥനായി മാറുന്നു. പീറ്ററിന്റെ അപകർഷതാബോധവും രഹസ്യ ഐഡൻറ്റിറ്റിയും അതിൽനിന്ന് രൂപമെടുത്ത സ്വത്വപ്രതിസന്ധിയും അവനെ കൊണ്ടുചെന്നെത്തിക്കുന്നത് തന്റെ ഉണ്മയെ കുഴിച്ചുമൂടുന്നതിലാണ്. അങ്ങനെ പീറ്ററിന്റെ സിവിലിയൻ വ്യക്തിത്വം ലോകത്തിന്റെ ഓർമയിൽ നിന്ന് ശാശ്വതമായി മായ്ക്കപ്പെടുന്നു.

നോ വേ ഹോം അവസാനിക്കുമ്പോൾ സ്പൈഡർ-മാൻ നിലനിൽക്കുകയും പീറ്റർ പാർക്കർ വിസ്മൃതിയിലാകുകയും ചെയ്യുന്നു. എങ്കിലും ജീവിതം അവസാനിക്കുന്നില്ല. തന്റെ അവസ്ഥകളോട് പോരാടാൻ പീറ്റർ തയാറാകുകയാണ്. മറ്റ് സൂപ്പർഹീറോസിൽനിന്ന് സ്പൈഡർ-മാനെ സവിശേഷമാക്കുന്നത് അവന്റെ വ്യക്തിത്വമാണ്. തന്റെ പരിമിതികളിൽ

പീറ്റർ ചെയ്ത നന്മകളുടെയെല്ലാം മുഖമായിമാറിയത് സ്പൈഡർ-മാനും അതേസമയം കഷ്ടകാലത്ത് ക്രൂശിക്കപ്പെടുന്നത് പീറ്ററുമാണെന്ന് കാണാം. ലോകം പീറ്ററിനെ തിരിച്ചറിഞ്ഞ സമയത്തും സത്യത്തെ അംഗീകരിച്ച് മുന്നോട്ടുപോകാൻ പീറ്റർ തയാറല്ല. ഫാർ ഫ്രം ഹോമിലെത്തുമ്പോൾ 'പീറ്റർ' എന്ന സ്വന്തം സ്വത്വത്തെ നിഷ്കാസനം ചെയ്യാൻ ശ്രമിക്കുന്ന പീറ്ററിനെയാണ് നാം കാണുക.



നിന്നുകൊണ്ടും എപ്പോഴും ശരി ചെയ്യാൻ പരിശ്രമിക്കുന്ന, സ്വയം വേദനിക്കുമ്പോഴും അപകർഷത അനുഭവിക്കുമ്പോഴും മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്ന സൂപ്പർഹീറോയാണവൻ. സൂപ്പർ വില്ലൻമാരോട് മാത്രമല്ല, തന്നോട്ടതന്നെയുമുള്ള പോരാട്ടമാണ് പീറ്റർ പാർക്കറിന്റെ ജീവിതം. സ്പൈഡർ-മാന്റെ സ്രഷ്ടാവായ സ്റ്റാൻ ലി പറയുന്നു : 'മാർവൽ കോമിക്സ് നൂറുകണക്കിന് കഥാപാത്രങ്ങളെ സൃഷ്ടിച്ചു. എന്നാൽ ഒരാൾ ബാക്കിയുള്ളവരെക്കാൾ മുകളിൽ നിൽക്കുന്നു : സ്പൈഡർ-മാൻ. അവൻ ലോകമെമ്പാടും ഏറ്റവും പ്രിയപ്പെട്ടവനാണ്. അതെന്നെ വളരെയധികം സന്തോഷിപ്പിക്കുന്നു.'[4]

## കുറിപ്പുകൾ

1. dictionary.com/browse/superhero.
2. Stan Lee on what is a Superhero, blog.oup.com, 2013.
3. മാർവൽ സിനിമകളിൽ പ്രത്യക്ഷപ്പെടുന്ന സൂപ്പർ ഹീറോസിന്റെ ടീമിനെയാണ് 'അവഞ്ചേഴ്സ്' എന്ന് വിളിക്കുന്നത്.
4. Stan Lee Reveals His Favorite Comic Book Character, parade.com, 2016.

## ഗ്രന്ഥസൂചിക


1. ഫ്രോയിഡ്, സിഗ്മണ്ട്. പ്രണയത്തിന്റെയും രതിയുടെയും മനശ്ശാസ്ത്രം. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2010.
2. Orgler, Hertha. Alfred Adler, The Man and His Work : Triumph over the inferiority Complex. London : Sidgwick & Jackson Ltd, 1975.
3. Sanderson, Peter. Marvel Universe : The Complete Encyclopedia of Marvel's Greatest Characters. London : Virgin Books, 1996.



## വെബ്സൈറ്റ്


1. blog.oup.com
2. dictionary.com
3. parade.com


## ചലച്ചിത്രസൂചിക


1. Captain America : Civil War, 2016, Anthony Russo, Joe Russo.
2. Spider-man : Homecoming, 2017, Jon Watts.
3. Avengers : Infinity War, 2018, Anthony Russo, Joe Russo.
4. Avengers : Endgame, 2019, Anthony Russo, Joe Russo.
5. Spider-man : Far From Home, 2019, Jon Watts.
6. Spider-man : No Way Home, 2021, Jon Watts.


*(സോണിമോൻ പി. എസ്. - 9847478407)*



ശ്രീനാരായണഗുരു

# നവോത്ഥാനത്തിന്റെ ശബ്ദങ്ങൾ– നാരായണസ്മൃതിയിൽ

## ഡോ. ജെ.പി. പ്രജിത്ത്

ഭാരതീയ സാഹിത്യത്തിലെ സാഹിത്യവിഭാഗങ്ങളിൽ വൈദികസാഹിത്യശാഖയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒരു വിഭാഗമാണ് സ്മൃതികൾ - ശ്രുതി, സ്മൃതി എന്നിവ സർവസാധാരണമായി കേട്ടു പരിചയമുള്ള വാക്കുകളാണ്. ശ്രുതി[1] എന്നാൽ വേദം 'സ്മൃതി[2] എന്നാൽ 'ഓർത്തത്' എന്നാണർഥം. ശ്രുതികളിൽ നിന്നരുത്തിരിഞ്ഞ ജീവിതസത്യങ്ങളെ ഓർത്തുകൊണ്ടാണ് നാം ജീവിക്കേണ്ടത് എന്നത് ഒരു കാലത്തെ നിയമമായിരുന്നു. അതാണ് നല്ല ജീവിതങ്ങളെ ഉണ്ടാക്കുന്നതെന്നും ജീവിതത്തിന്റെ അർഥതലങ്ങൾ നന്നാക്കാൻ ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും വിധിനിഷേധങ്ങളുമൊക്കെ വേണ്ടിവരും എന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്ന ഗ്രന്ഥങ്ങളെയാണ് 'സ്മൃതി' എന്ന് പറയുന്നത് . ഇത് കാലം, ദേശം എന്നിവ മാറുന്നതനുസരിച്ച് മാറിക്കൊണ്ടിരിക്കും. അതിനാൽ അവയെ വിമർശിച്ചിട്ടുകാര്യമില്ല. കാരണം അവ ഒരു കാലഘട്ടത്തിൽ നിലനിന്നിരുന്ന ദേശാചാരങ്ങളോടും, സംസ്കാരത്തോടും, മതപരമായ കാര്യങ്ങളോടും, സാമൂഹികമായ ചുറ്റുപാടുകളുമായും വർണാശ്രമ ധർമങ്ങളുമായും ബന്ധപ്പെട്ടു നിന്നിരുന്നു. സ്മൃതിഗ്രന്ഥങ്ങളിൽ മനുസ്മൃതി ഏറെ പ്രസിദ്ധവും ധാരാളം വിമർശനങ്ങൾക്ക് ഇന്നും വിധേയമായിക്കൊണ്ടിരിക്കുന്നതുമായ ഒരു ഗ്രന്ഥമാണ്. ഏതു ഗ്രന്ഥമായാലും അവയിലെ നല്ലതിനെ ഉൾക്കൊള്ളുകതന്നെവേണം. ഏതോ കാലത്ത് രചിക്കപ്പെട്ട കൃതികളാണിവ. അവയിൽ ചില മൂല്യങ്ങൾ ഉണ്ടുതാനും അവ ഉൾക്കൊണ്ടാൽ മതിയല്ലോ. പലതും ചിലപ്പോൾ കാലഹരണപ്പെട്ട ചിന്തകളാകാം. അവയെ തള്ളിക്കളയുകയേ തരമുള്ളൂ. അന്നത്തെകാലഘട്ടത്തിലെ സ്ത്രീയല്ല ഇന്നത്തെ കാലത്തെ സ്ത്രീ, അന്നത്തെ സംസ്കാരമല്ല ഇന്നത്തെ സംസ്കാരം, അന്നത്തെ സാമൂഹിക വ്യവസ്ഥിതിയല്ല ഇന്ന്. അന്നത്തെ ആചാരാനുഷ്ഠാനങ്ങളോ, ചിന്തകളോ ഒന്നുമല്ല ഇന്നു നിലനിൽക്കുന്നത്. കൊള്ളേണ്ടതും തള്ളേണ്ടതും മനസ്സിലാക്കി നേരോടെയുള്ള വായനയും ഗവേഷണവുമാണ് വേണ്ടത്. അല്ലാതെ വാഗ്വാദങ്ങൾ നടത്തി സമയം നഷ്ടപ്പെടുത്തിയിട്ടുകാര്യമില്ല. അങ്ങനെയായാൽ അവയിലെ നിയമങ്ങളെ അനുസരിക്കുന്നതുപോലെ തോന്നിപ്പോകും. പരാശരസ്മൃതി, ദേവലസ്മൃതി, യാജ്ഞവല്ക്യസ്മൃതി എന്നീ അനേകം സ്മൃതി ഗ്രന്ഥങ്ങൾ ഭാരതത്തിലുണ്ട്. ഏതു ഗ്രന്ഥമായാലും നന്നായി മനസ്സിലാക്കിയുള്ള വിമർശനാത്മക പഠനമാണ് പ്രസക്തമായിട്ടുള്ളത്.

ഭാരതത്തിൽ വിവിധകാലഘട്ടങ്ങളിലായുണ്ടായ ഗ്രന്ഥങ്ങളാണ് സ്മൃതികൾ. അറിയുന്നതും അറിയാത്തതുമായ ധാരാളം സ്മൃതികൾ രൂപം കൊണ്ടിട്ടുണ്ട്. പിന്നീടുള്ള കാലങ്ങളിൽ അവയ്ക്ക് വലിയ പ്രാധാന്യം ഉണ്ടായില്ല. അറിയുന്നതും അറിയാത്തതുമായ ധാരാളം ഗ്രന്ഥകാരന്മാരാൽ വിരചിതമാണിവ. ആധുനികയുഗത്തിലെ സ്മൃതികാരൻ ആരാണെന്നതിനുത്തരം ശ്രീനാരായണഗുരു എന്നാകുന്നു. കേരളം കണ്ട ആത്മീയാചാര്യന്മാരിൽ പ്രമുഖനായിരുന്നല്ലോ ശ്രീനാരായണഗുരു. ഒരേ സമയം ആത്മീയാചാര്യനും സാമൂഹിക പരിഷ്കർത്താവും നവോത്ഥാന നായകനുമൊക്കെയായിരുന്നു ഗുരു. ശരിക്കും കേരളത്തെ സൃഷ്ടിച്ചതാര് എന്ന ചോദ്യത്തിന് നാം മിത്തിനെയാണ് ആശ്രയിക്കുന്നത്. പരശുരാമൻ എന്നാണ് അതിന് ഉത്തരവും. ആധുനിക കേരള സ്രഷ്ടാവ് നാരായണ ഗുരുവാണെന്ന് നിസ്സംശയം പറയാം. മറ്റ് നവോത്ഥാനനായ



*വർക്കല ജനാർദന സ്വാമിക്ഷേത്രം*

കന്മാരെയെല്ലാം സ്മരിച്ചുകൊണ്ടുതന്നെ പറയാം ഗുരുവാണെന്ന്. അദ്ദേഹം ഇല്ലായിരുന്നെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്താകുമായിരുന്നു.

"ദേശകാലോചിതം കർമ
ധർമ ഇത്യഭിധീയതേ"

ധർമങ്ങളിലും ദേശങ്ങളിലും ആചാരങ്ങളും മതങ്ങളും എല്ലാം മാറിക്കൊണ്ടിരിക്കും. വേഷം, ഭാഷ, ആചാരങ്ങൾ, സിദ്ധാന്തങ്ങൾ എല്ലാം മാറും. ദേശകാലോചിതമായ കർമമാണ് 'ധർമം' എന്നു പറയുന്നത്. ഇത്തരം ധർമത്തെ സംബന്ധിക്കുന്ന വിഷയങ്ങളാണ് 'സ്മൃതി' കളിലുള്ളത്. ഭാരതത്തിൽ അവസാനമായി ഉണ്ടായ സ്മൃതി ഏതെന്നു ചോദിച്ചാൽ അത് 'നാരായണസ്മൃതി' തന്നെയാകുന്നു. നാരായണഗുരു പല സന്ദർഭങ്ങളിലായി പറഞ്ഞുവച്ച ധർമതത്വങ്ങൾ ശ്രീനാരായണധർമം എന്നറിയപ്പെടുന്നു. ആയിരത്തി ഒരുനൂറ് ചിങ്ങത്തിൽ വർക്കല ശിവഗിരിമഠത്തിൽവച്ച് അരുളിച്ചെയ്ത ഉപദേശങ്ങളാണിത്. ഈ ധർമോപദേശങ്ങളെ പദ്യരൂപത്തിൽ എഴുതുവാനായി തന്റെ ശിഷ്യനായ ആത്മാനന്ദസ്വാമിയെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് അവ പലപ്പോഴായി എഴുതി ഗുരുവിനെയേൽപ്പിക്കുകയും ചെയ്തു. ആവശ്യമുള്ള തിരുത്തലുകൾ വരുത്തി രൂപപ്പെടുത്തിയെടുത്തതാണ് ഈ ഗ്രന്ഥം. ജ്ഞാനരഹസ്യം ഉൾക്കൊള്ളാനാകാത്ത സാധാരണ ജനങ്ങൾക്കു വേണ്ടിയുള്ളതാണ് നാരായണസ്മൃതി. പരമ്പരാഗതമായ രീതി അനുസരിച്ച്, ഗുരുക്കന്മാർ അവരുടെ സിദ്ധാന്തങ്ങളെയും ഉപദേശങ്ങളെയും വാമൊഴിയായി ശിഷ്യന്മാരോട് പറയുകയും ശിഷ്യന്മാർ വരമൊഴിയാക്കുകയുമാണ് സാമ്പ്രദായികം. അവർ ലേഖകന്മാരായിട്ടോ ശിഷ്യൻമാരായിട്ടോ ആണ് അധികവും കാണുന്നത്. ഇതിൽ പാഠഭേദങ്ങളും വരാം. കൃതി ജനകീയമാകുമ്പോൾ ധാരാളം വ്യത്യാസങ്ങളും വന്നുപെടാം. പക്ഷേ, നാരായണസ്മൃതിയിൽ അപൂർവമായേ പാഠവ്യത്യാസങ്ങൾ ഉള്ളൂ. തന്റെ ശിഷ്യനായ ആത്മാനന്ദസ്വാമിയെക്കൊണ്ട് ടി ഗ്രന്ഥം എഴുതിക്കുകയാണുണ്ടായത്. ഗുരു പറഞ്ഞുകൊടുത്ത കാര്യങ്ങൾ തന്നെയാണ് ശിഷ്യൻ പദ്യരൂപത്തിലാക്കിയത്. അത് ആത്മാനന്ദസ്വാമികൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.[3] പക്ഷേ, ഇതിന്റെ ഒന്നാംപതിപ്പ് സ്വാമി ശ്രീനാരായണതീർഥരുടെ വ്യാഖ്യാന സഹിതം ശിവഗിരിമഠത്തിൽ നിന്ന് 1957-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അത് ശ്രീനാരായണധർമം എന്ന പേരിൽ ആയിരുന്നു. നടരാജഗുരു ടി ഗ്രന്ഥം സ്മൃതിരൂപമായി കാണുന്നതിനാൽ സ്മൃതി ഗ്രന്ഥങ്ങളുടെ ഗണത്തിൽപ്പെടുത്തി നാരായണസ്മൃതി എന്ന പേരും നൽകി.[4] ഗുരുവിനോടായി ശിഷ്യന്മാർ നടത്തുന്ന സംവാദരൂപമായാണീ ഗ്രന്ഥം രചിച്ചിരിക്കുന്നത്. ആ കാലഘട്ടം വച്ചുനോക്കുമ്പോൾ അതൊരു നവോത്ഥാനസ്മൃതി തന്നെയായിരുന്നു. കാലഘട്ടത്തിന്റെ പ്രത്യേകതയാൽ ചിലതൊക്കെ മാറ്റിനിർത്തിയാൽ തൊണ്ണൂറ്റിയഞ്ചു ശതമാനവും മനുഷ്യത്വവും, സഹജീവിസ്നേഹവും ജീവിതമൂല്യങ്ങളും നവോത്ഥാന ചിന്തകളും ആണ് ഗുരു ഇതിലൂടെ ഉപദേശിച്ചിരിക്കുന്നത്. ആധുനിക കാലത്തെ സാമൂഹികവ്യവസ്ഥിതിയെ മുൻനിറുത്തി എഴുതിയ ഒരു ഉത്തമഗ്രന്ഥമാണിത്. ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന കാലദേശപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് അനിവാര്യതകളും പലേടത്തായി പ്രതിഫലിക്കുന്നുണ്ട്. അവയെല്ലാം കുറ്റം പറഞ്ഞ് തള്ളാനാകില്ല. അത് അന്നത്തെ ആവശ്യം തന്നെയായിരുന്നു. പ്രായോഗിക ജീവിതം തന്നെയാണ് ഏറെയും. മറ്റു സ്മൃതിഗ്രന്ഥങ്ങളെ തള്ളിപ്പറയുന്നതുപോലെ നാരായണസ്മൃതിയെ ഒരു കാലഘട്ടത്തിലും തള്ളിപ്പറയാൻ പറ്റാത്തവിധം മൂല്യങ്ങൾ നിറഞ്ഞതാണ്. നവോത്ഥാനത്തിന്റെ

**ഭാരതത്തിൽ വിവിധ കാലഘട്ടങ്ങളിലായുണ്ടായ ഗ്രന്ഥങ്ങളാണ് സ്മൃതികൾ. അറിയുന്നതും അറിയാത്തതുമായ ധാരാളം സ്മൃതികൾ രൂപം കൊണ്ടിട്ടുണ്ട്. പിന്നീടുള്ള കാലങ്ങളിൽ അവയ്ക്ക് വലിയ പ്രാധാന്യം ഉണ്ടായില്ല.**



*വർക്കല തുരങ്കം*

ശബ്ദങ്ങൾ പലഭാഗങ്ങളിലും ശക്തമായി ധ്വനിക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു ഗ്രന്ഥം മറ്റൊരു സ്മൃതികാരന്മാരും എഴുതിയിട്ടില്ല. സത്യാധിഷ്ഠിതവും മൂല്യബോധമുള്ളതും ലക്ഷ്യബോധമുള്ളതും, സേവനനിരതമായതും, അർഥവത്തായതുമായ ജീവിത നിയമങ്ങളെയാണ് ഇതിലൂടെ പറഞ്ഞു കാണുന്നത്. പത്തു സർഗങ്ങളിലായാണ് ഈ ഗ്രന്ഥം വിഭജിച്ചിരിക്കുന്നത്. ഉപോദ്ഘാതം, ധർമാധർമവിവേചനം, സാമാന്യധർമം, സൂതകം, ആശ്രമധർമം, ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, പഞ്ചമഹായജ്ഞങ്ങൾ, അപരക്രിയ, സന്യാസം എന്നീ പ്രകാരമാകുന്നു. ഇവയിൽ ധാരാളം ഉൾപ്പിരിവുകളും ഉണ്ട്.

ആത്മാനന്ദസ്വാമി തന്റെ ഗുരുവായ ശ്രീനാരായണനെ ഒന്നാം സർഗമായ ഉപോദ്ഘാതത്തിലെ ഗുരുവന്ദനശ്ലോകത്തിൽ ഇപ്രകാരം സ്മരിക്കുന്നു. "കേവലം അറിവു മാത്രമായ ജ്യോതിസ്സ്, നാരായണസ്വരൂപമാർന്ന കുഴങ്ങിപോകാത്ത ബുദ്ധിയുള്ളവർക്ക് ധർമബോധം ഉണ്ടാകത്തക്കവണ്ണം നിത്യവും പ്രശോഭിക്കുമാറാകട്ടെ."[5] തുടർന്നുള്ള ശ്ലോകങ്ങളിൽ സ്ഥലമാഹാത്മ്യങ്ങളെയും സ്ഥലവർണനകളെയുംകൊണ്ട് മനോഹരമാക്കിയിരിക്കുന്നു. ശിവഗിരിക്കുന്നും വർക്കലയും ഉൾപ്പെട്ട പ്രാന്തപ്രദേശങ്ങൾ, ജനാർദനസ്വാമീക്ഷേത്രം എന്നിവ മനോഹരമായി വർണിച്ചിട്ടുണ്ട്. അതിനാൽ ഈ ഗ്രന്ഥം തീർച്ചയായും ശിവഗിരി സന്നിധിയിൽ വച്ചു രചിക്കപ്പെട്ടതുതന്നെയാകുന്നു എന്നറിയാൻ സാധിക്കും. ''കണ്വമുനിശാർദ്ദൂല തപോദീപ്ത്യാ''അതായത് കണ്വൻ എന്ന മുനിശ്രേഷ്ഠന്റെ തപസ്സിന്റെ ദീപ്തിയാൽ ശോഭിച്ചിരുന്ന എന്ന സ്ഥലനാമം വിവക്ഷിച്ചിരിക്കുന്നതിൽ നിന്നും വർക്കലയിൽ നിന്നും നടയറ എന്ന സ്ഥലത്തേക്കുപോകും വഴി കണ്വാശ്രമം എന്ന സ്ഥലമുള്ളതായി കാണാം. 'വൽക്കലം' എന്ന പദമാണ് വർക്കലയായി പരിണമിച്ചത്. ഇത് പുരണകഥയുമായി ബന്ധമുള്ളതാണ്. വർക്കല ജനാർദനസ്വാമിക്ഷേത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന കഥയാണിത്. ഈ പ്രദേശത്ത് തെങ്ങ്, മാവ്, പ്ലാവ്, അശോകം, വാഴ, കമുക്, ഞാവൽ എന്നീ മരങ്ങൾ നിറഞ്ഞതും കൈത്തോട്ടുകളോടു കൂടിയതായും വർണിച്ചിരിക്കുന്നു. ജലഗതാഗതസൗകര്യമുള്ള തുരങ്കം (വർക്കല തുരങ്കം), ശുദ്ധജല ഉറവകൾ, പറങ്കിമാവുകൾ, വിശാലമായ നെൽവയലുകൾ, പുന്നമരങ്ങൾ എന്നിവകൊണ്ട് മനോഹരമായ ദേശമായി പറയുന്നു.

ഗുരുവന്ദനാനന്തരം പാരിസ്ഥിതികമായി ഔന്നത്യത്തിൽ നിൽക്കുന്ന ശുദ്ധവായുവുള്ള, ശുദ്ധജലമുള്ള ദിവ്യമായ ഒരു ദേശത്തെയാണിവിടെ വിവരിച്ചിരിക്കുന്നത്. ഇന്നും ഏറെക്കുറെയെങ്കിലും ചൈതന്യം മങ്ങാതെ ഈ ദേശം നിലനിൽക്കുന്നുണ്ട്. തുടർന്നുള്ള ശ്ലോകങ്ങളിൽ മേൽവിവരിച്ച പ്രകാരമുള്ള മനോഹരമായ സ്ഥലത്ത് വൃക്ഷലതാദികളാലും, ശുദ്ധജലസ്രോതസുകളാൽ സമൃദ്ധവുമായ ശിവഗിരി എന്നൊരു കുന്നുള്ളതായും ആ ഗിരി ഭക്തന്മാരുടെ ആഗ്രഹങ്ങളെ സാധിച്ചുകൊടുത്ത് വിരാജിക്കുന്ന ശാരദാംബയായി ശോഭിക്കുന്നതായും വർണിച്ചിരിക്കുന്നു. ഈ ശിവഗിരിക്കുന്നിൽ ധർമജ്ഞനും നീതിവൈജ്ഞാനികനും സർവതന്ത്രസ്വതന്ത്രനും ബ്രഹ്മത്തിൽ ലീനനായിട്ടിരിക്കുന്ന മനസ്സോടുകൂടിയവനും ലോകക്ഷേമത്തിൽ നിത്യവും തൽപ്പരനായിരിക്കുന്നവനുമായ നാരായണഗുരു പ്രശോഭിക്കുന്നു.

**ആധുനിക കാലത്തെ സാമൂഹികവ്യവസ്ഥിതിയെ മുൻനിറുത്തി എഴുതിയ ഒരു ഉത്തമഗ്രന്ഥമാണിത്. ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന കാലദേശപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് അനിവാര്യതകളും പലേടത്തായി പ്രതിഫലിക്കുന്നുണ്ട്. അവയെല്ലാം കുറ്റം പറഞ്ഞ് തള്ളാനാകില്ല. അത് അന്നത്തെ ആവശ്യം തന്നെയായിരുന്നു.**

മനുഷ്യർക്ക് ജാതി ഒന്നാണെന്നും; നിന്ദിക്കപ്പെടാത്ത മതവും ഒന്നാണ്; ദൈവവും ഒന്നുതന്നെ". എത്ര വലിയ ആശയങ്ങളാണ് മറ്റു സ്മൃതി ഗ്രന്ഥങ്ങളെവച്ചു നോക്കുമ്പോൾ നമുക്കിവിടെ കാണാൻ കഴിയുന്നത്.

അനുഷ്ടുപ്പ് വൃത്തത്തിലാണ് കൃതി രചിച്ചിരിക്കുന്നത്.

"സർവതന്ത്രസ്വതന്ത്രശ്ച
ബ്രഹ്മനിർലീനമാനസഃ
ലോകക്ഷേമപരോ നിത്യം
ഭാതി നാരായണോഗുരുഃ"[6]

അപ്രകാരമുള്ള മഹാത്മാവിനെ സമീപിച്ചിട്ട് ധർമപരിശോധനയിൽ തത്പരരായ ബോധാനന്ദ സ്വാമി തുടങ്ങിയ ശിഷ്യന്മാർ, നമസ്കരിച്ചുകൊണ്ടു ചോദിച്ചു. ഇപ്രകാരം സംവാദരൂപത്തിൽ ഗുരുമുഖത്തുനിന്നും ശിഷ്യന്മാർ ലോകാനുഗ്രഹ കാരണവും അവനവനെത്തന്നെ ഉദ്ധരിക്കുന്നതുമായ കാര്യങ്ങളെ കേട്ടു. പതിമൂന്നു ശ്ലോകങ്ങളിലായിട്ടാണ് ഒന്നാം സർഗം ചമച്ചിരിക്കുന്നത്.

ധർമാധർമവിവേചനം എന്ന രണ്ടാം സർഗത്തിലാകട്ടെ ശിഷ്യന്മാർ ധാരാളം സംശയങ്ങൾ ഗുരുവിനോടായി ചോദിക്കുകയും അതിനു ഗുരു സമാധാനം പറയുകയും ചെയ്യുന്നു. തുടർന്ന് പന്ത്രണ്ട് ശ്ലോകങ്ങളിലൂടെ ധർമം എന്താണ്, അധർമം എന്താണ്, മതം, ജാതി, തീണ്ടൽ, തൊടീൽ, ഈശ്വരസങ്കൽപ്പത്തിലുള്ള വൈരുധ്യം, ആചാര ദുരാചാരങ്ങൾ, ജാത്യഭിമാനങ്ങൾ, ബഹുദൈവാരാധന, പരമതദ്രോഹം, മതം മാറ്റങ്ങൾ, നീചന്മാർ, താഴ്ന്ന ജാതിക്കാരുടെ ഇടയിലുള്ള ശ്രുതി, സ്മൃതി നിഷേധങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുകയും ഗുരു അതിനെല്ലാം ഉത്തരം നൽകുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിലെല്ലാം അന്നത്തെ കാലഘട്ടംവരെ നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതികളും ജാതി ചിന്തകളും എല്ലാം സ്പഷ്ടമായി പ്രകടമാകുന്നുണ്ട്. ഇതിനെല്ലാം ഗുരു സൗമ്യവും എന്നാൽ ശക്തമായ ഭാഷയിലും ഉപദേശങ്ങൾ നൽകിക്കൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ ആവശ്യങ്ങളെ അദ്ദേഹം കണ്ടറിഞ്ഞ് സമയോചിതമായി പ്രവർത്തിച്ചു. ഈശ്വരൻ ഒന്നേയുള്ളു എന്ന് വേദാന്തമതം പറയുമ്പോഴും പഠിക്കുമ്പോഴും ശിഷ്യരായ ഞങ്ങൾ സത്യാസത്യങ്ങളെ മനസ്സിലാക്കാൻ കഴിയാതെ കുഴങ്ങുന്നതായും സർവതത്വങ്ങളും അറിയുന്ന അങ്ങ് ഈ വക സംശയങ്ങൾക്ക് നിവൃത്തിവരുത്തിത്തരണമെന്നു ഗുരുവിനോടായി അപേക്ഷിക്കുന്നതുമാണ് സന്ദർഭം.

"സർവതത്ത്വാർഥവേത്താസി
ലോകസ്യവിവിധാകൃതേഃ
ആപൂര്യയാഞ്ചാമസ്മാകം
ഗുരോഹ്യനുഗ്രഹാണ നഃ"

തുടർന്നുള്ള നാൽപ്പത്തിയൊന്നു ശ്ലോകങ്ങളിലൂടെ ഗുരു ധർമത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നു. രണ്ടാം സർഗത്തെയാകട്ടെ ഏകജാതി വിചാരം, ഏകമതവിചാരം, ഏകദൈവവിചാരം എന്നിങ്ങനെ മൂന്നായി വിഭജിച്ചിട്ടുണ്ട്. വളരെ പ്രാധാന്യമുള്ള ഒരു സർഗമാണിത്. ഗുരുവിന്റെ അദ്വൈതചിന്തയും, സമത്വഭാവനയും, മാനവികതയും എല്ലാം ഇതിൽ നിറഞ്ഞിരിക്കുന്നു.

"അപകർഷകരം കിഞ്ചി-
ദസ്മഞ്ജസവർത്മഗം
പുണ്യക്ഷയവിധായിത്വാ-
ദാചരേന്ന കദാചന"

പുണ്യക്ഷയത്തിനു കാരണമായിത്തീരുമെന്നുള്ളതുകൊണ്ട്, അപകർഷത്തെ (തരംതാഴ്ത്തപ്പെട്ട അവസ്ഥ) ഉണ്ടാക്കുന്നതും നല്ലതല്ലാത്ത വഴിക്കു തിരിഞ്ഞുപോകുന്നതുമായ ഒന്നും ഒരിക്കലും പ്രവർത്തിക്കരുതെന്ന് ഗുരു അടിവരയിട്ടുപറയുന്നു. മനുഷ്യർക്ക് ജാതി ഒന്നാണെന്നും; നിന്ദിക്കപ്പെടാത്ത മതവും ഒന്നാണ്; ദൈവവും ഒന്നുതന്നെ". എത്ര വലിയ ആശയങ്ങളാണ് മറ്റു സ്മൃതി ഗ്രന്ഥങ്ങളെവച്ചു നോക്കുമ്പോൾ നമുക്കിവിടെ കാണാൻ കഴിയുന്നത്. മറ്റു സ്മൃതികളിൽ ചാതുർവർണ്യം ശക്തമായി പറയുമ്പോൾ അവരുടെ ഉച്ചനീചത്വങ്ങളെക്കുറിച്ചു പറയുമ്പോൾ ഗുരു തന്റെ സ്മൃതിയിലൂടെ ഇവിടെ മനുഷ്യനൊന്നാണ്, ദൈവം ഒന്നാണ് തുടങ്ങിയ വലിയതത്വങ്ങൾ പ്രകാശിപ്പിക്കുന്നു. ഇതിലെ ഏകജാതിവിചാരം എന്ന ഭാഗത്ത് ജാതിയെപ്പറ്റി ഗുരു പറഞ്ഞിരിക്കുന്നതു നോക്കുക.

"മനുഷ്യണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
നൈവ സാ ബ്രാഹ്മണത്വാദിർ
യൗഗികത്വാദ് വിമൃശ്യതാം

സമാനമായ അർഥത്തിൽ ചെറിയ വ്യത്യാസങ്ങളോടെയുള്ള ഗുരുവിന്റെ മറ്റു ശ്ലോകങ്ങളും കണ്ടുവരുന്നു.

ന ബ്രാഹ്മണാദിരസ്യൈവം

ഹാ ! തത്വം വേത്തി കോ/പി ന. ഇത്തരത്തിലും ഉണ്ട്.

പശുക്കൾക്ക് ഗോത്വം എന്നതുപോലെ മനുഷ്യർക്ക് മനുഷ്യത്വം ജാതിയാകുന്നു. ബ്രാഹ്മണത്വം തുടങ്ങിയ ഒന്നും ജാതിയെ കുറിക്കുന്നില്ല എന്നുള്ളത്, എല്ലാറ്റിനെയും യോജിപ്പിച്ചു വച്ചു ചിന്തിച്ചുനോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. മനുഷ്യത്വം ഉണ്ടായാൽമാത്രം മതിയെന്ന് പലശ്ലോകങ്ങളിലായി പുനരാവർത്തിക്കുന്നു. 'ഏകമതവിചാരം' എന്ന ഭാഗത്ത് മതത്തെക്കുറിച്ചുള്ള ചർച്ചകളാണ്. ഇവിടെ മതം ഒന്നേയുള്ളു എന്നും - മഹാന്മാരും തത്വമറിഞ്ഞവരുമായവരുടെ അഭിപ്രായത്തെയാണ് മതം എന്നു പറയുന്നത് എന്നു വിവരിക്കുന്നു.

"മഹമ്മദാഃ ക്രൈസ്തവാശ്ച
ജൈനാബൗദ്ധാസ്ഥഥേ തരേ
ഏകതാപാദനായൈവ
പ്രയതന്തേ നിരന്തരം.

ഇതിൻപ്രകാരം എല്ലാമതക്കാരും ഏകതയെ പ്രാപിക്കാൻ വേണ്ടി തന്നെയാണ് നിരന്തരം പ്രയത്നിക്കുന്നത്. തമ്മിൽ വാദിച്ചും, ബലപ്രയോഗം എന്നിവകൊണ്ട് ഒന്നും സാധിക്കില്ല എന്നും പറയുന്നു. ഇവിടെ സാന്ദർഭികമായി ഗീതയിലെ ശ്ലോകത്തെയും ഉദ്ധരിക്കുന്നുണ്ട്. തുടർന്നുള്ള 'ഏകദൈവവിചാരം' എന്ന ഭാഗത്ത് ഈശ്വരൻ ഒന്നാണെന്ന് ശിഷ്യരോടായി വിവരിക്കുന്നു. സൃഷ്ടികർത്താവായ ഈശ്വരൻ ഒന്നേയുള്ളുവെന്ന് അദ്ദേഹം നിസ്സംശയം

സമർഥിക്കുന്നു. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്ന തന്റെ വിഖ്യാതമായ സന്ദേശമാണ് പറയുന്നത്. ശിഷ്യരുടെ സംശയനിവൃത്തിക്കുശേഷം അടുത്ത സർഗമായ 3-ാം സർഗത്തിൽ മനുഷ്യരുടെ സാമാന്യധർമത്തെ വിശദമാക്കുന്നു. സാമാന്യ ധർമത്തിൽ പഞ്ചധർമങ്ങളെയും ശുദ്ധിപഞ്ചകങ്ങളെയും പറയുന്നുണ്ട്. പ്രസിദ്ധമായ ഗുരുതത്വങ്ങൾ ഇവിടെ കാണാം.

"അഹിംസാ സത്യമാസ്തേയ-
സ്ത്ഥൈവാവ്യഭിചാരിതാ
മദ്യസ്യവർജനംചൈവം
പഞ്ചധർമാസ്സമാസതഃ"

പഞ്ചധർമങ്ങളായ അഹിംസ, സത്യം, ആസ്തേയം, വ്യഭിചരിക്കാതിരിക്കൽ, മദ്യവർജനം എന്നിവയെ പറഞ്ഞിട്ട് അവയിലെ ഓരോന്നിനെയും വിവരിക്കുന്നു. "അഹിംസാപരമോധർമഃ" അഹിംസപരമമായ ധർമമാണെന്ന് ഗുരു അടിവരയിടുന്നു. ബുദ്ധമതതത്വങ്ങളുമായി പലതിനും ബന്ധമുള്ളതായികാണുന്നു. ഈ പഞ്ചശീലതത്വങ്ങൾ മാത്രം മതിയല്ലോ മനുഷ്യൻ നന്നാവാൻ. കർശനമായി പഞ്ചശീല തത്വങ്ങളെ ആചരിക്കണമെന്ന് ഗുരു പറയുന്നു. ഇതാണ് 'ആചാരം' ശരിയായ ആചാരം. മദ്യ സേവകൊണ്ട് എന്തെന്തു ദോഷങ്ങൾ സംഭവിക്കാം എന്ന് തുടർന്നുള്ള ആറു ശ്ലോകങ്ങളിലായി വിശദമാക്കുന്നു. ഇന്നത്തെ സമൂഹം അറിഞ്ഞിരിക്കേണ്ടതും, പുതുതലമുറകളിലെ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതുമായ വളരെ പ്രധാനപ്പെട്ട ചിന്തകളുമാണിത്.

"ബുദ്ധേർവൈകല്യജനകം
മദ്യമിത്യുച്യതേ ബുധൈഃ
മദ്യസേവാം നകുർവീത
മദ്യം വിഷസമം വിദുഃ"

ബുദ്ധിക്കുവൈകല്യമുണ്ടാക്കുന്നതിനെ അറിവുള്ളവർ മദ്യമെന്നു വിളിക്കുന്നു. ഇത് ഏതു തരം ലഹരിയുമാകാം എന്നർഥം. മദ്യസേവ ചെയ്യരുത്. മദ്യം വിഷത്തിനു സമമാണ് എന്ന് അറിവുള്ളവർ പറയുന്നു. മറ്റു സ്മൃതികളെ മുഴുവനായി തള്ളുന്നതുപോലെ ഈ ഒരു കാലത്ത് ഗുരുവിന്റെ മദ്യവർജന ചിന്തയെയും എതിർത്ത് ബഹളമുണ്ടാക്കുമോ എന്നു ഭയമില്ലാതില്ല. മദ്യപിക്കാത്തവർ വേറിട്ട കാഴ്ചകളായിക്കൊണ്ടിരിക്കുന്ന കാലമാണ് നാം കാണുന്നത്. കുടുംബത്തോടെ ഇരുന്ന് മദ്യപിക്കുന്ന കാഴ്ചകളാണല്ലോ ഇന്ന് അധികവും. ലിംഗഭേദമില്ലാതെയും പ്രായഭേദമില്ലാതെയുമുള്ള ലഹരിയുടെ ഉപയോഗം സർവസാധാരണമാണ്. ഇതൊക്കെ അവനവന്റെ വ്യക്തിപരമായ കാര്യങ്ങളായും കരുതുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗാന്ധിയൻ സ്റ്റഡീസും, സബ്സ്റ്റൻസ് അബ്യൂസ് പ്രിവെൻഷൻ സെല്ലുകളും അതുവഴി മറ്റു ബോധവല്ക്കരണ ക്ലാസ്സുകളും നടത്തുന്നുമുണ്ട്. ഫലം വിദൂരതയിൽ ഉണ്ടാകും എന്ന് പ്രത്യാശിക്കാം. അവനവന്റെ ഇഷ്ടങ്ങളെ തടയിടാൻ പാടില്ലല്ലോ. ബോധവല്ക്കരണങ്ങളെക്കാളും മഹാന്മാരുടെ വാക്കുകൾക്ക് കുട്ടികളിൽ വളരെയധികം സ്വാധീനം ചെലുത്താൻകഴിയും. അതവരെ ഉത്തമരാക്കും. അതുകൊണ്ട് ഇത്തരം ഉപദേശങ്ങൾക്ക് പാഠ്യഭാഗങ്ങളിൽ പ്രത്യേക സ്ഥാനമുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ ശാസ്ത്രബോധം അത്യാവശ്യം തന്നെയാണ്. പക്ഷേ അതിൽമാത്രം ഊന്നിയുള്ള വിദ്യാഭ്യാസം ഒരു വരണ്ട തലമുറയെ ആയിരിക്കും സൃഷ്ടിക്കുക.

രണ്ടാമത്തേതായ ശുദ്ധി പഞ്ചകത്തിൽ ശരീരം, വാക്ക്, മനസ്സ്, ഇന്ദ്രിയങ്ങൾ, ഗൃഹം എന്നീ അഞ്ചിന്റെയും ശുദ്ധികൾ ചേർന്നാണ് മനുഷ്യരുടെ പഞ്ചശുദ്ധികൾ എന്നു പറയുന്നത്. ഈ അധ്യായത്തിൽ പഞ്ചധർമങ്ങളെ ഓരോന്നായി വിശദീകരിക്കുന്നു. ആരോഗ്യവും, നിത്യസുഖവും ഉണ്ടാക്കുന്നതും ആത്മാവിന് ഹിതകരവുമായ പഞ്ചശുദ്ധികളെ ആചരിക്കുന്നയാൾക്ക് ഈ ലോകത്തിൽ ദീർഘായുസ്സും, ആരോഗ്യവും, പ്രസന്നബുദ്ധിയും ഉണ്ടാകുമെന്നറിയണം. ആത്മോപദേശ ശതകത്തിൽ പറയുന്നതുപോലെ "അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം''. പഞ്ചശുദ്ധികളുണ്ടാകാൻ ഈ ഒരു ചിന്ത കൈക്കൊണ്ടാൽ മതിയല്ലോ. കരചരണങ്ങൾകൊണ്ടും വാക്കുകൾകൊണ്ടും ശ്രവണനയനങ്ങൾകൊണ്ടുമെല്ലാം ചെയ്യുന്ന കർമങ്ങൾ മറ്റുള്ളവർക്ക് നന്മയെ ഉണ്ടാക്കുന്നതായിരിക്കണം. 'അവിഹിതം' ചെറുതായി ഇല്ലാതായി കണ്ടാൽ ലോകം നിശ്ചയമായും ഉൽക്കർഷത്തെ പ്രാപിക്കും. നാലാംസർഗം 'സൂതകം' എന്ന പേരിലാണറിയുന്നത്. ഇവിടെ പ്രസവം തുടങ്ങിയ ധർമത്തെയും ആചരണങ്ങളെയും വിശദമാക്കുന്നു. അന്നത്തെകാലത്ത് പ്രസവം അവരവരുടെ ഗൃഹങ്ങളിലാണല്ലോ നടന്നിരുന്നത്. പ്രസവമുറി, പരിചാരകർ, ആ വീടിന്റെ ശുചിത്വം, പ്രസവശേഷമുള്ള മാതൃശിശുസംരക്ഷണം, നാമകരണം എന്നിവ സവിശേഷം പറയുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ ബാലോപചരണം, വിദ്യാരംഭം എന്നിവ പറഞ്ഞ് അവസാനിപ്പിച്ചിരിക്കുന്നു. ഒരു കുഞ്ഞിന്റെ പരിപാലനം, വിദ്യാഭ്യാസം, അവിടെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നല്ല പൗരനായി വളർത്തേണ്ടതെങ്ങനെ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഭാഗങ്ങളിലെല്ലാം വളരെ മൂല്യാധിഷ്ഠിതമായ ധാരാളം ശ്ലോകങ്ങൾ കാണാൻ കഴിയും. അഞ്ചാം സർഗത്തിൽ ആശ്രമധർമങ്ങളാണ് പറയുന്നത്. ചതുരാശ്രമങ്ങളെയും അവിടെ പാലിക്കപ്പെടേണ്ട ധർമങ്ങളേയും പ്രതിപാദിക്കുന്നുണ്ട്. ആറാം സർഗത്തിലും ഏഴാം സർഗത്തിലും വീണ്ടും വിശദമായി ബ്രഹ്മചര്യത്തിന്റെ പ്രാധാന്യവും, ഗാർഹസ്ഥ്യജീവിതത്തിന്റെ പ്രാധാന്യത്തെയും സവിസ്തരം ഉപദേശിക്കുന്നു. ഭാര്യാഭർത്താക്കന്മാർ ജീവിതത്തിൽ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചും മര്യാദകളെക്കുറിച്ചും പരസ്പരം മനസ്സിലാക്കി പ്രേമത്തോടെ ജീവിക്കേണ്ടതിനെക്കുറിച്ചും വിശദമാക്കിയിരിക്കുന്നു. ബ്രഹ്മചര്യത്തിൽ ധർമപഞ്ചകവും ശുദ്ധിപഞ്ചകവും അനുസരിക്കണമെന്ന് ഗുരു പ്രത്യേകം ഓർമിപ്പിക്കുന്നു. ഗാർഹസ്ഥ്യവിധിയിൽ സ്ത്രീധനം അരുതെന്ന് ഗുരു പ്രത്യേകം

മറ്റു സ്മൃതികളിൽ ചാതുർവർണ്യം ശക്തമായി പറയുമ്പോൾ അവരുടെ ഉച്ചനീചത്വങ്ങളെക്കുറിച്ചു പറയുമ്പോൾ ഗുരു തന്റെ സ്മൃതിയിലൂടെ ഇവിടെ മനുഷ്യനൊന്നാണ്, ദൈവം ഒന്നാണ് തുടങ്ങിയ വലിയതത്വങ്ങൾ പ്രകാശിപ്പിക്കുന്നു.

**നവോത്ഥാന ചിന്തകൾ ഒഴിച്ച് നിർത്തിയാൽപ്പോലും സാമൂഹികമായും സാംസ്കാരികമായും സാഹിതീയവുമായ കോണുകളിൽ നിന്ന് വീക്ഷിക്കുമ്പോൾ ഗവേഷണാത്മകമായ ധാരാളം മേഖലകൾ നാരായണ സ്മൃതിയിൽ കാണാൻ സാധിക്കും.**

ഓർമിപ്പിക്കുന്നു. ഇഷ്ടംപോലെ സ്ത്രീധനം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതിനെ സജ്ജനങ്ങൾ നിന്ദിച്ചിട്ടുണ്ട്. സ്ത്രീധനം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത് മക്കളെ വിൽക്കുന്നതിനു തുല്യമായി പറയുന്നു.

ദാനാദാനേ യൗതകസ്യ
പ്രകാമം സാധുഗർഹിതേ
ദദാതി യദി ചാദത്തേ
തത് സ്യാത് സന്തതിവിക്രയഃ

ഗൃഹസ്ഥാശ്രമിയും പഞ്ചധർമങ്ങളെയും പഞ്ചശുദ്ധികളെയും പാലിക്കേണ്ടതാണെന്ന് പറഞ്ഞ് എട്ടാം സർഗത്തിലേക്ക് കടക്കുന്നു. ഇതിൽ പഞ്ചമഹായജ്ഞങ്ങളാണ് വിധിക്കുന്നത്. ബ്രഹ്മസംബന്ധി, പിതൃസംബന്ധി, ദേവസംബന്ധി, ഭൂതസംബന്ധി, മനുഷ്യസംബന്ധി ഇങ്ങനെ അഞ്ചുവിധത്തിലുള്ള യജ്ഞങ്ങൾ ഒരുവൻ നിത്യേന അനുഷ്ഠിക്കണമെന്നും ഊന്നി പറയുന്നു. ഭർത്താവോ ഭാര്യയോ മരിച്ചാൽ പുനർവിവാഹത്തിനാഗ്രഹമുണ്ടെങ്കിൽ അവരുടെ സമ്മതത്തോടെ മാത്രം ആകാം എന്നും, ഭാര്യാഭർത്താക്കന്മാർ പരസ്പരം തെറ്റുകുറ്റങ്ങൾ മനസ്സിലാക്കി തിരുത്തി നന്നായി ജീവിക്കേണ്ടതാണെന്നും, കുടുംബിനി ഗുണവതിയല്ലെങ്കിൽ, ഏറ്റവും ഉത്തമമായ കുടുംബമായിരുന്നാൽപ്പോലും അതു ഗുണഹീനമായിത്തീരുമെന്നുള്ളതു തീർച്ചയാണെന്നും ക്രമേണ അതു നാശമാകുകയും ചെയ്യുമെന്നും നേരെ മറിച്ച് ഗുണയുക്തയാണെങ്കിൽ പടിപടിയായി ഉയരുമെന്നും, കാപട്യമില്ലാത്ത കുടുംബജീവിതം നിരന്തരമായ ആനന്ദമനുഭവിക്കുന്ന പദവിയെ പ്രാപിക്കുമെന്നും ഉപദേശിക്കുന്നു. വിധവകൾ അപശകുനമായി കണ്ടിരുന്ന കാലഘട്ടത്തിൽ വിധവാവിവാഹത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. ഇത് പ്രത്യേകം സ്മർത്തവ്യമാണ്. ഒൻപതാം സർഗത്തിൽ അപരക്രിയകളെ അഥവാ മരണാനന്തരകർമങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ദഹനക്രിയകൾക്കുശേഷം പത്തുദിവസത്തെ ദുഃഖാചരണത്തെക്കുറിച്ചും ചടങ്ങുകളെക്കുറിച്ചും നിസ്സംശയം മാനവർ ആചരിക്കണമെന്നും ആചരിക്കുന്നവർ പണം ധൂർത്തടിക്കാതെ ദേശാനുസാരം പാലിച്ചുകൊള്ളേണ്ടതാണെന്നും ഉപദേശിച്ച് അവസാനത്തെ സർഗമായ സന്യാസം എന്ന പാഠത്തിലേക്കു പ്രവേശിക്കുന്നു. ഇവിടെ യോഗ്യതയില്ലാത്ത സ്ത്രീയെയും പുരുഷനെയും സന്യസിപ്പിക്കരുതെന്നും ഇക്കാര്യത്തിൽ നിസ്വാർഥത അത്യാവശ്യമാണെന്നും ഗുരുവിന്റെ അനുജ്ഞയോടെയുള്ള ചടങ്ങുകളാൽ സന്യാസദീക്ഷ സ്വീകരിക്കേണ്ടതാണെന്നും വിസ്തരിച്ചിട്ടുണ്ട്. തുടർന്ന് സന്യാസി ജീവിക്കേണ്ടതെങ്ങനെയാകണമെന്നും സന്യാസിയുടെ ഉപജീവനം ദുസ്സഹമായാൽപ്പോലും ജീവിക്കാനായി മറ്റുമാർഗങ്ങൾ സ്വീകരിക്കരുതെന്നും, ജ്ഞാന സമ്പാദനം മാത്രമാണ് സന്യാസിക്ക് പ്രധാനം എന്നും വെളിവാക്കുന്നു. തികഞ്ഞ പരോപകാരിയായിരിക്കണം ഒരു സന്യാസി. ഇപ്രകാരം പത്താം സർഗം അവസാനിപ്പിച്ചിരിക്കുന്നു. ഇന്ന് യഥാർഥ സന്യാസിമാർ ആരെങ്കിലും ഉണ്ടോ എന്നകാര്യം സംശയമാണ്. വേഷഭൂഷാദികളൊന്നുമില്ലാതെ സന്യസ്ത തുല്യരായി ജീവിതം നയിക്കുന്നവർ വിരലിലെണ്ണാൻ ഉണ്ടാകാം. ശങ്കരാചാര്യർ പറഞ്ഞതുപോലെ "ഉദരനിമിത്തം ബഹുകൃതവേഷം" അതുമാത്രമേ ഇന്നത്തെകാലത്തുള്ളൂ. എല്ലാവിഭാഗങ്ങളിലുമുള്ള ആചാര്യന്മാരുടെ ലക്ഷ്യവും ഇതൊക്കെതന്നെയാണ്. മോക്ഷമോ ലോകനന്മയോ അല്ലായെന്നർഥം. ഓരോരുത്തരും പേരും പ്രശസ്തിക്കും തന്റെ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കുംവേണ്ടി നെട്ടോട്ടം ഓടുന്ന കാഴ്ചകളാണ് ഇന്ന് കാണുന്നത്. ആരാധനാലയങ്ങളുടെ കാര്യങ്ങളായാൽപ്പോലും അങ്ങനെതന്നെയാണ് കാണുന്നത്.


ഓരോ സർഗത്തിലും ജീവിതയജ്ഞത്തിനാവശ്യമായ മഹത്തായ ഉപദേശങ്ങളാണ് ശ്രീനാരായണൻ ലോകർക്കായി ഉപദേശിച്ചിരിക്കുന്നത്. ഇതെപ്പോഴും സ്മൃതിപഥത്തിലുണ്ടായാൽ മാത്രം മതി മനുഷ്യൻ നന്നാവാൻ. ഏതു സ്മൃതികളെ എതിർത്താലും നാരായണസ്മൃതി ആർക്കാണെതിർക്കാൻ കഴിയുന്നത്. അത് ഏതു നൂറ്റാണ്ടിനും ഉൾക്കൊള്ളാൻ തക്ക പാകതയുള്ളതായി നിലനിൽക്കുകതന്നെചെയ്യും. പരമതനിന്ദകളെ എതിർക്കുകയും, മനുഷ്യത്വത്തിനു പ്രാധാന്യം നൽകുകയും ശരിയായ ജീവിതവൃത്തികളെയും മൂല്യങ്ങളെയും ഉപദേശിക്കുകയും, ശ്രേയസും പ്രേയസും ഉണ്ടാകാനുള്ള മാർഗങ്ങളെയും, അനാചാരമാകാത്ത ക്രമമായ ആചാരങ്ങളെയും എത്രവിശേഷമായാണ് ഗുരു ഉപദേശിക്കുന്നത്. ഇത് എന്നും ലോകർ അറിയേണ്ടതും പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എങ്ങും ഇരുട്ടുകെട്ടിയ കോട്ടകളാണ് നമ്മുടെ മുൻപിൽ, അതിൽ നന്മയുടെ ഏതാനും മിന്നാമിനുങ്ങുകൾ ഉണ്ടെങ്കിൽ അവയെ വാരിക്കൂട്ടി കത്തിക്കുക എന്നതാണല്ലോ മിക്കവാറുമുള്ള രീതി. ഈ കെട്ടകാലത്ത് കാറ്റും വെളിച്ചവും കടക്കാത്ത തുരുമ്പെടുത്ത മനസ്സാക്ഷികളാകാതിരിക്കാൻ നാരായണസ്മൃതി ഉതകുമെന്നതിൽ സംശയമില്ല. കെട്ടകാലം എന്നു പറയാനാകില്ല. കാലം കെടുന്നില്ല മനുഷ്യനാണ് കെടുന്നത്. നമ്മിലെ നന്മകളെ പ്രകാശിപ്പിക്കേണ്ടത് സത്ചിന്തകളിലൂടെയും സത്പ്രവൃത്തികളിലൂടെയുമാണ്. ഇതുവരെയുണ്ടായിട്ടുള്ള എല്ലാ സ്മൃതിഗ്രന്ഥങ്ങളും നിരത്തിവച്ചാൽ അതിൽ നാരായണസ്മൃതി വേറിട്ടു നിൽക്കുന്ന ഒന്നായി കാണാം. കാരണം അതിൽ മനുഷ്യത്വത്തിനും സ്നേഹത്തിനും കരുണയ്ക്കും അതിലൂടെയുള്ള ഒരു നവലോകത്തിനും വിലനൽകുന്നു എന്നതുതന്നെ. സ്മൃതിഗ്രന്ഥങ്ങളിൽ നാരായണസ്മൃതി സൂര്യനുതുല്യമാകുന്നു. അതിനുകീഴിലുള്ള മറ്റു സ്മൃതികളെല്ലാം ഈ സൂര്യതേജസ്സിനു ള്ളിലെ മങ്ങിയ നക്ഷത്രങ്ങളെ ആകുന്നുള്ളൂ.

ഒരു ഇരുണ്ടയുഗത്തിലെ ശ്രുതിസ്മൃതികളുടെ വലയം ഭേദിച്ച നാരായണസ്മൃതിയെന്ന നവോത്ഥാനസ്മൃതിയാണിവിടെ ഗുരുവിന്റെ മൊഴികളിലൂടെ ശിഷ്യൻ നിർവഹിച്ചിരിക്കുന്നത്. ജാതിയുടെ പേരിലുള്ള അയിത്താചാരം മാനുഷിക മൂല്യങ്ങളെ ഇല്ലാതാക്കി. പുലയനും പറയനും തമ്മിൽപ്പോലും തീണ്ടലുണ്ടായി. കേരളീയജീവിതം പലതട്ടുകളിലായി.

മനുസ്മൃതി നിയമസംഹിതയായി, 'ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജയേത്' എന്ന് മനുസ്മൃതി അയിത്തജാതിക്കാരെ വിജ്ഞാനത്തിന്റെ പാതയിൽ നിന്നോടിച്ചപ്പോൾ ഗുരു തന്റെ സ്മൃതിയിൽ 'സർവേ ചാത്മസുഖാവാപ്ത്യൈർ പ്രവർത്തന്തേ' എല്ലാവരും ആത്മ സുഖപ്രാപ്തിക്കു വേണ്ടിയുള്ള ശ്രമമാണ നടത്തേണ്ടത് എന്നു പറഞ്ഞു. അറിവിനേറെ പ്രാധാന്യം നൽകി. അറിവാണ് ദൈവം എന്നു തന്റെ കൃതികളിലൂടെ ഉദ്ഘോഷിച്ചു. പഞ്ചമഹായജ്ഞങ്ങളിൽ മനുഷ്യന്റെ ജാതി മനുഷ്യത്വമാണെന്ന് പഠിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം കൽപ്പിച്ചു. ഇങ്ങനെ നോക്കുമ്പോൾ ഏതു പ്രകാരത്തിലായാലും നാരായണസ്മൃതി ലോകത്തിനു എന്നും സ്വീകരിക്കാവുന്ന ഉത്തമ സ്മൃതിഗ്രന്ഥമാണ്. നവോത്ഥാന ചിന്തകൾ ഒഴിച്ച് നിർത്തിയാൽപ്പോലും സാമൂഹികമായും സാംസ്കാരികമായും സാഹിതീയവുമായ കോണുകളിൽ നിന്ന് വീക്ഷിക്കുമ്പോൾ ഗവേഷണാത്മകമായ ധാരാളം മേഖലകൾ നാരായണ സ്മൃതിയിൽ കാണാൻ സാധിക്കും.

## അടിക്കുറിപ്പുകൾ

1. 'ശ്രൂയതേ ഇതിശ്രുതിഃ' (ശ്രവിക്കപ്പെടുകയാൽ ശ്രുതി) സംസ്കൃതനിരുക്തകോശം- എൻ.കെ. രാജഗോപാൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, p. 222.
2. സ്മൃതേർവേദധർമോ അനേന ഇതി സ്മൃതിഃ (ഇതിനാൽ വേദധർമം സ്മരിക്കപ്പെടുന്നതുകൊണ്ട് സ്മൃതി) Ibid P.
3. നാരായണസ്മൃതി- മുനിനാരായണപ്രസാദ്, നാരായണ ഗുരുകുലം, ആമുഖം, p 6
4. Ibid - P. 7
5. Ibid - S1 - 1-P. 11
6. Ibid - Sarga I- S1- 12- P.14



*നടരാജഗുരു*

7. Ibid - Sarga II- S1-25- P. 18
8. Ibid - Sarga II- S1-28- P. 18
9. Ibid - Sarga II - S1- 35-P.20
10. Ibid - Sarga II - S1- 50 - P. 24
11. Ibid - Sarga III- S1-1- P.30
12. Ibid - Sarga III- S1- 82- P. 34
13. Ibid - Sarga VII-S1- 181- P. 60-61

*(ഡോ. ജെ.പി. പ്രജിത്ത്*
*E-mail: drjpprajith@gmail.com*
*Mob: 9400288791)*

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**വെറ്റിലയുടെ പുരാവൃത്തം**
**വേറ്റിനാട് പി.എസ്.കുമാർ**

ഔഷധഗുണം കൊണ്ടും ആചാരപരമായ ഔന്നത്യം കൊണ്ടും സസ്യങ്ങളിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്ന വെറ്റിലയുടെ പ്രാധാന്യം വിശദമാക്കുന്ന ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 110



# ശാസനങ്ങളിലെ ഓണപരാമർശങ്ങൾ

ശ്രീകല ചിങ്ങോലി

ഇന്ന് സമൃദ്ധിയുടെയും കാർഷികോത്സവത്തിന്റെയും പ്രതീകമായി നാം കൊണ്ടാടുന്ന ഓണം ഒരു കാലത്ത് സംഘകാല തമിഴകത്തിൽ കൊണ്ടാടപ്പെട്ടിരുന്നു. ഇതിനെക്കുറിച്ചുള്ള ആദ്യത്തെ സാഹിത്യപരമായ പരാമർശം കാണുന്നത് മാങ്കുടി മരുതനാരുടെ 'മധുരൈക്കാഞ്ചി'യെന്ന സംഘകാല സാഹിത്യത്തിലാണ്. സംഘ സാഹിത്യത്തിലെ പത്തുപാട്ടുകളിൽ ഒന്നാണ് മധുരൈക്കാഞ്ചി.

ഇതിൽ ഓണം മഹാവിഷ്ണു ജയന്തിയാണ്. മധുരൈക്കാഞ്ചിക്കാരൻ കവിയുടെ വാക്യത്തിൽ

"കണങ്കൊൾ അവുണർക്കടന്ത
പൊലന്താൾ മായോൻമേയ ഓണനന്നാൾ"

ഐന്തിണകൾ എന്നറിയപ്പെട്ടിരുന്ന മുല്ലൈ, പാലൈ മരുതം, കുറിഞ്ചി, നെയ്തൽ എന്നിവയിൽ മുല്ലൈ പ്രദേശത്തെ താമസക്കാർ ഇടയരും ആയരും ആയിരുന്നു. അവരുടെ തൊഴിൽ കാലിവളർത്തലും. അതിനാൽ മായോൻ അഥവാ കണ്ണൻ അവരുടെ ദേവനായി. "രാക്ഷസന്മാരെ നിഗ്രഹിച്ചവനും പൊൻമണിമാല അണിഞ്ഞവനും കൃഷ്ണനിറത്തോടു കൂടിയവനുമായ വിഷ്ണു (മായോൻ) ഭൂമിയിലവതരിച്ച നല്ലനാളാണ് 'ഓണ'മെന്ന് മാങ്കുടി മരുതനാർ എഴുതിയിരിക്കുന്നു. മായോൻ വിഷ്ണുവായതിനാൽ ആ വിഷ്ണുജയന്തി, വാമനജയന്തിയുമാകാം (വാമനൻ വിഷ്ണുവിന്റെ പത്തവതാരങ്ങളിൽ ഒന്നാണല്ലോ).

സംഘകാല സാഹിത്യത്തിലെ പരാമർശത്തിനു മുൻപുതന്നെ തിരുപ്പതി വെങ്കിടേശ്വരനായ വി



ഷ്ണുവിന്റെ തിരുനാളായി ഓണം ആഘോഷിച്ചിരുന്നു. വിശ്വത്തെ മൂന്നടിയായി അളന്ന വാമനമൂർത്തിയാണ് വെങ്കിടേശ്വരൻ. സംഘസാഹിത്യക്കാർ വെങ്കിടേശനെ നെടിയോൻ, എന്നാണ് വിളിച്ചിരുന്നത്.

'അൻറു ഞാലം അളന്തപിരാൻ പരൻ
ചെൻറു ചേർ തിരുവേങ്കടമാമലൈ"

എന്നാണ് തിരുവായ് മൊഴിയിലെ പരാമർശം. അങ്ങനെയെങ്കിൽ ആ വെങ്കിടേശ്വരന്റെ ജയന്തി തന്നെയാണ് ഓണം. ഓണമാഹാത്മ്യം വിവരിക്കുന്ന പതികങ്ങളിൽ പെരിയാഴ്‌വാർ കൃഷ്ണനെ സംബോധന ചെയ്ത് ഓണവിശേഷം വിവരിക്കുന്നുണ്ട്. നാലായിരം ദിവ്യപ്രബന്ധങ്ങളിലെ തിരുപ്പല്ലാണ്ട് മുതലായ പതികങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

ഇതിനുശേഷം ഓണത്തെക്കുറിച്ചുള്ള ആധികാരികമായ പരാമർശമുള്ളത് രണ്ടാം ചേരരാജാക്കന്മാരുമായി ബന്ധപ്പെട്ട ശാസനങ്ങളിലാണ്. ചേര ശാസനങ്ങളിൽ ഭൂരിപക്ഷവും ക്ഷേത്രഭരണവുമായി ബന്ധപ്പെട്ടതാണ്. (എ.ഡി 849-ലെ തരിസാപ്പള്ളി ശാസനം, എ.ഡി 1000-ലെ ജൂതശാസനം എന്നിവയാണ് ചേരശാസനങ്ങളിൽ മതേതരസ്വഭാവം ഉള്ളവ). ക്ഷേത്രത്തിലെ ഒരുത്സവം എന്ന നിലയിലാണ് ചേരശാസനങ്ങളിൽ ഓണം പരാമർശിക്കപ്പെട്ടിട്ടുള്ളത്.

ഓണത്തെക്കുറിച്ചുള്ള ആദ്യത്തെ ലിഖിത പരാമർശം കാണുന്നത് തിരുവാറ്റവായ ചെപ്പേടിലാണ്. രണ്ടാമത്തെ ചേരപ്പെരുമാളായ സ്ഥാണുരവി കുലശേഖരന്റെ (എ.ഡി 843--883) പതിനേഴാമത്തെ ഭരണ വർഷമായ എ.ഡി 861-ൽ പുറത്തിറക്കപ്പെട്ട ഈ ശാസനം വട്ടെഴുത്ത് ലിപിയിലാണ്. തിരുവാറ്റവായ ചെപ്പേട് എന്ന പേരിലാണ് ഈ ശാസനം അറിയപ്പെടുന്നത്. കോട്ടയം ജില്ലയിലെ വാഴപ്പള്ളിക്ക് സമീപം സ്ഥിതിചെയ്യുന്ന വിഷ്ണുക്ഷേത്രമാണ് തിരുവാറ്റവായ ക്ഷേത്രം. ഈ ക്ഷേത്രത്തിന് പുഞ്ചപ്പടക്കാലത്ത് ചേന്നൻ ചങ്കരൻ എന്ന വ്യക്തി ദാനംചെയ്ത ഭൂമിയിലെ നെല്ലുകൊണ്ട് ഓണമൂട്ട് നടത്തണമെന്ന് ഈ ശാസനം പ്രസ്താവിക്കുന്നു. ഈ ഭൂമിയിലെ നെല്ലുകൊണ്ട് ബ്രാഹ്മണർക്കുള്ള ഊട്ടും നടത്തണമെന്നും ശാസനം പറയുന്നു.

ഓണത്തെക്കുറിച്ച് മറ്റൊരു പരാമർശമുള്ളത് എ.ഡി 12-ാം നൂറ്റാണ്ടിലെ തിരുവല്ലാശാസനത്തിലാണ്. 630 ഓളം വരികളുള്ള തിരുവല്ലാശാസനം ഏറ്റവും വലിയ ശാസനമാണ്. ഈ ശാസനത്തിന്റെ 403 മുതൽ 438 വരെയും, 621-ാമത്തെ വരിയിലുമാണ് ഓണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണുന്നത്. തിരുവല്ലാശാസനത്തിന്റെ 411-ാം വരിയിലെ പരാ

ഓണത്തെക്കുറിച്ചുള്ള ആദ്യത്തെ ലിഖിത പരാമർശം കാണുന്നത് തിരുവാറ്റവായ ചെപ്പേടിലാണ്. രണ്ടാമത്തെ ചേരപ്പെരുമാളായ സ്ഥാണുരവി കുലശേഖരന്റെ (എ.ഡി 843--883) പതിനേഴാമത്തെ ഭരണ വർഷമായ എ.ഡി 861-ൽ പുറത്തിറക്കപ്പെട്ട ഈ ശാസനം വട്ടെഴുത്ത് ലിപിയിലാണ്.



എൻ.എൻ. കക്കാട്

മർശപ്രകാരം നെല്ലുവിളയുന്ന മുഞ്ഞനാട്ടിലെ (മുഞ്ഞനാട് എവിടെയാണെന്ന വ്യക്തമല്ല. കുട്ടനാട്ടിലാണെന്ന കരുതപ്പെടുന്നു). ഭൂമി. ആവണിയോണത്തിന്റെ അഥവാ തിരുവോണത്തിന്റെ ചെലവു നടത്താനായി നീക്കിവച്ചിരിക്കുന്നു. ഓണവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളാണ് 405 മുതൽ 408-ാം വരിവരെ പരാമർശിക്കപ്പെടുന്നത്. തിരുവല്ല ശാസനത്തിന്റെ 621-ാം വരിയിൽ 'തിരുവോണക്കണം' എന്നൊരു പരാമർശവും കാണുന്നു. തിരുവോണാഘോഷത്തിനായി ക്ഷേത്രം നീക്കിവച്ച ഭൂമിയുടെ ഉത്തരവാദിത്വമുള്ള ബ്രാഹ്മണ ഊരാളരുടെ സമിതിയാണ് തിരുവോണക്കണം എന്ന പദംകൊണ്ട് വ്യാഖ്യാനിക്കപ്പെടുന്നത്.

ഓണത്തെക്കുറിച്ചുള്ള മറ്റൊരു പരാമർശം ചേരരാജാവായ ഭാസ്കര രവിവർമയുടെ തൃക്കാക്കര ശാസനത്തിലാണ് (എ.ഡി 962-1021) ഭാസ്കര രവിയുടെ 42-ാമത്തെ ഭരണവർഷമായ എ.ഡി 1004-ലാണ് തൃക്കാക്കര ശാസനത്തിന്റെ കാലം കാണുന്നത്. തൃക്കാക്കര ദേവന് പൂരാടം മുതൽ തിരുവോണം വരെയുള്ള മൂന്ന് ദിവസങ്ങളിൽ അനുഷ്ഠിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഈ ശാസനം പരാമർശിക്കുന്നത്. ഈ ദിവസങ്ങളിൽ ബ്രാഹ്മണർക്കും വൈഷ്ണവർക്കും ക്ഷേത്രത്തിൽ സൗജന്യമായ ഊട്ട് അഥവാ ഭക്ഷണം ഉണ്ടായിരുന്നുവെന്നും ശാസനം സൂചിപ്പിക്കുന്നു.

ഓണത്തെക്കുറിച്ചുള്ള മറ്റൊരു പരാമർശം ചേരരാജാവായ ഭാസ്കര രവിവർമയുടെ തൃക്കാക്കര ശാസനത്തിലാണ് (എ.ഡി 962-1021) ഭാസ്കര രവിയുടെ 42-ാമത്തെ ഭരണവർഷമായ എ.ഡി 1004-ലാണ് തൃക്കാക്കര ശാസനത്തിന്റെ കാലം കാണുന്നത്.

താഴേക്കാട് രേഖ രാജസിംഹൻ എന്ന ചേരരാജാവിന്റെ മൂന്നാം ഭരണവർഷവുമായി ബന്ധപ്പെട്ടതാണ്. ഈ രേഖ ഇരിങ്ങാലക്കുടയ്ക്ക് അടുത്തുള്ള താഴേക്കാട് പള്ളിപ്പറമ്പിലുള്ള ഒരു സോപാനക്കല്ലിൽ നിന്നാണ് കണ്ടെത്തിയത്. താഴേക്കാട് രേഖയുടെ 22-ാം വരിയിൽ ഓണനെല്ല് എന്ന പദം പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഓണനെല്ലിനോടൊപ്പം പടയണി എന്ന പദവും പരാമർശിക്കപ്പെടുന്നു.

"മൂടിയ കാടിന്നിരുളണി
മഞ്ഞു പുതപ്പുകൾ മാറ്റി
വരികെന്നുയിരിനമുയിരേ
പൊന്നും ചിങ്ങപ്പൂങ്കതിരേ"

എന്നൊരു വിളി ഒരു മലയാള മഹാകവിയുടെ നാവിൽ നിന്നുയരണമെങ്കിൽ ഓണത്തിന് പ്രകൃതിയോട്, മനുഷ്യജീവിതത്തോട് അത്രമാത്രം ഗാഢബന്ധമുണ്ടായിരിക്കണം. വല്ലായ്മയുടെയും വറുതിയുടെയും ഇരുളിമയുടേയും കറുത്ത തിരശ്ശീലനീക്കി പഞ്ഞമാസത്തിന് അറുതിവരുത്തി കാഞ്ചനത്തേരിൽ വന്നെത്തുന്ന സ്വപ്നമാണ് മലയാളിക്ക് ഓണം.

സാങ്കൽപ്പികമായ ഒരു കെട്ടുകഥയുടെ, മഹാബലി, വാമന സംഗമത്തിന്റെ പിൻബലം മാത്രമല്ല, മറിച്ച് ഈ അണയാനിരിക്കുന്ന ശുഭകരമായ നല്ല നാളെകളെക്കുറിച്ചുള്ള സങ്കൽപ്പം കൂടിയാണ് ഓണത്തിന്റെ സന്ദേശം. കേരളമെന്നൊരു രാജ്യവും അവിടെ ജീവിക്കുന്ന ഓരോ മലയാളിയും ജീവിച്ചിരിക്കുന്നിടത്തോളം കാലം ഓണമെന്ന സുന്ദരപ്രതീക്ഷ ഇവിടെ തുടരുകതന്നെ ചെയ്യും.

പഴമയുടെ, ഗ്രാമസംസ്കൃതിയുടെ നന്മ മുഴുവൻ ആവാഹിച്ചുവരുന്ന ഒരുത്സവമാണ് ഓണം. പൂവിളിയും പൊന്നൂഞ്ഞാലും പൂക്കളവും പൊൻവെയിലുമെല്ലാം ഓണത്തിന്റെ മാത്രം പ്രത്യേകതയാണ്. ഓണത്തിന്റെ നിറം മഞ്ഞയാണെന്ന് കവികൾ അടയാളപ്പെടുത്തുന്നു. മൂത്തുപഴുത്ത നെൽക്കതിരിന്റെ പൊന്നാഭ, മഞ്ഞ നിറമുള്ള ഓണത്തുമ്പികൾ, പൂക്കളത്തിൽ കുടനിവർത്താൻ വിരിഞ്ഞുനിൽക്കുന്ന മഞ്ഞമത്തപ്പൂവുകൾ. മഞ്ഞ പിഴിഞ്ഞ ഓണപ്പുവാട, മഞ്ഞ നിറമാർന്ന നേന്ത്രക്കുലകൾ, മഞ്ഞക്കസവുകോടി, മഞ്ഞനിറമുള്ള ഓണവില്ല്, മാവേലിത്തമ്പുരാന്റെ ചേലയും ഓലക്കുടയും കൂടി മഞ്ഞനിറം, ചുറ്റിയിരിക്കുന്ന വില്ലീസിനും നിറം മഞ്ഞ വറുത്തുപ്പേരിക്കും വലിയ പർപ്പടകത്തിനും അങ്ങനെ ആകെ കൂടി മഞ്ഞനിറമാകുമ്പോൾ ഓണത്തെ പൊന്നോണമെന്നല്ലാതെ എന്തു വിശേഷിപ്പിക്കാൻ!

തോട്ടം പാടവും തൊടിയും മലകളും ഓണത്തിനു വേണ്ടി പൂചൂടുകയാണ്. നമ്മുടെ കൃഷിരീതികൾ പോലും മുൻകാലങ്ങളിൽ ഓണാഘോഷങ്ങളെ കണക്കാക്കിയായിരുന്നു. ആകുലതകളും വേദനകളും നിറഞ്ഞ നിത്യമായ അലോസരതകളിൽ നിന്ന് ഒരൽപ്പനേരത്തേക്കുള്ള വിടുതൽ ഓണത്തെ നമ്മുടെ ദിവ്യ സങ്കൽപ്പങ്ങളിൽ ഒന്നാക്കുന്നു.

മലയാളികൾക്ക് ആണ്ടുപിറപ്പും സമൃദ്ധിയുമൊക്കെയാണ് ഓണം. കേരളത്തിൽ ബുദ്ധമത സംസ്കാരത്തിന്റെ ഭാഗമായുണ്ടായതാണ് ഓണാഘോഷമെന്നു വിശ്വസിക്കപ്പെടുന്നു. കൊല്ലവർഷം 825-ലാണ് ആദ്യമായി കേരളത്തിൽ ഓണാഘോഷം തുടങ്ങിയതെന്നും ചരിത്രരേഖകൾ സൂചിപ്പിക്കുന്നു.

അതിപ്രാചീനമായ ചന്ദ്രോത്സവമെന്ന മണിപ്രവാളത്തിലും ഭാസ്കര രവിവർമയുടെ തൃക്കാക്കര ശാസനത്തിലും ഓണത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്. നാഗരിക നവ്യതകളെ തോളിലേറ്റുന്ന ഇന്നത്തെ ജനത ഓണത്തെ പിൻതള്ളിയാലും പ്രകൃതി ആ നന്മകളെ പ്രതിഫലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

"നന്ദി തിരുവോണമേ നന്ദി



നീ വന്നുവല്ലോ?

അടിമണ്ണിടിഞ്ഞു കടയിളകിച്ചരിഞ്ഞൊരു കുന്നുമ്പയിൽ ചെറുചിരിവിടർത്തി നീ വന്നുവല്ലോ.

നന്ദി തിരുവോണേ നന്ദി".

എന്ന് കക്കാട് എഴുതുന്നത് പൊലിഞ്ഞുപോയൊരു സൽക്കാലവാഴ്‌വിന്റെ ചരിത്രം മാത്രമല്ല, എല്ലാ പ്രതീക്ഷയും കൊഴിഞ്ഞിടത്ത് ഒരു തുമ്പപ്പൂവെങ്കിലും വിടർത്തി പ്രകൃതിയോട് രമ്യത പ്രഖ്യാപിക്കുന്ന നന്മയുടെ പ്രതീകമായിട്ടാണ്.

കൃഷ്ണവർണനായ മഹാവിഷ്ണു ശത്രുസംഹാരത്തിനായി അവതരിച്ച സുദിനമായി മധുരാപുരവാസികൾ ഓണത്തെ കൊണ്ടാടുന്നു. മധുരയിൽ ഏഴു ദിവസമായിരുന്നു ഓണാഘോഷം. അന്ന് നഗരവാസികൾക്ക് നൽകിയിരുന്ന വിഭവസമൃദ്ധമായ സദ്യയെക്കുറിച്ച് മധുരൈക്കാഞ്ചിയിൽ, വിവരണമുണ്ട്. അന്ന് നടത്തിയിരുന്ന ചേരിപ്പോരെന്ന കായികവിനോദത്തിന്റെ പരിണാമമാണ് പിൽക്കാലത്ത് നാം ആഘോഷിക്കുന്ന 'ഓണത്തല്ല്' എന്ന വിനോദം. ഓണത്തിന് ഒരു ജാതിമതരാഷ്ട്രീയത്തിന്റെയും ആവശ്യമില്ല. അതൊരു ജനതയുടെ, കൂട്ടായ്മയുടെ, ആഘോഷമാണ്. ഓണത്തിന് എത്തിച്ചേരാത്ത ഭർത്താക്കന്മാരെ വിവാഹമോചനത്തിന്റെ വക്കോളമെത്തിച്ച പ്രശ്നങ്ങളും പഴയ തറവാടുകളിൽ നിലനിന്നിരുന്നതായി "മലബാർ ആൻഡ് ഇറ്റ്സ് ഫോക്ക്" എന്ന കൃതിയിൽ ചരിത്രകാരനായ ഇളംകുളംകുഞ്ഞൻപിള്ള വിവരിക്കുന്നു. ഇത് ഓണത്തിന്റെ പ്രാധാന്യത്തെ എടുത്തുകാട്ടുന്നുണ്ട്. ഇന്ന് ഈ നിലയാകെ മാറി. എൻ.വി. കൃഷ്ണവാരിയരുടെ ഒരു ഓണക്കവിതയിലെ വരികളായ

"ഉള്ളത്തിൽ കള്ളക്കർക്കട-
മെങ്ങനെ പൊന്നോണം പുലരാൻ"

എന്ന അവസ്ഥയായിരിക്കുന്നു. ശാസ്ത്രം ഓണത്തെ കിനാവ് എന്ന് വിശേഷിപ്പിക്കുമ്പോഴും ലോകചരിത്രം ഓണത്തെ കളവായ ഒരു ഐതിഹ്യത്തിന്റെ പിൻബലമെന്ന് പരാമർശിക്കുമ്പോഴും മലയാളിയുടെ ഹൃദയത്തിൽനിന്ന് മൗന മന്ത്രണമായുയരുന്ന സുന്ദരസ്വപ്നംതന്നെയാണ് ''ഓണം''. അതിനാൽ കുന്നും കാടും മേടും മരവും പൂത്താലമേന്തുന്ന പൊന്നോണത്തെ പ്രകൃതി ഒരിക്കലും മറക്കുന്നില്ല. അതു തന്നെയാണ് ഓണത്തിന്റെ സ്വീകാര്യതയും.

## റഫറൻസ്


1. മലയാള ഭാഷാ ചരിത്രം, പി. ഗോവിന്ദപ്പിള്ള
2. ഡോ. സി.ആർ. നാരായണൻ, കേരളത്തിലെ ദേശീയോത്സവങ്ങൾ
3. The land of Perumals - Francis Day
4. മുല്ലൈപ്പാട്ട് - ന പൂത്തനാർ


** ആലപ്പുഴജില്ലയിലെ മാന്നാർ മുതൽ പുറക്കാട് വരെയുള്ള പ്രദേശങ്ങളും തിരുവാറ്റവായയിൽ ഉൾപ്പെട്ടിരുന്നതായി പറയപ്പെടുന്നു.*

*(ശ്രീകല ചിങ്ങോലി - 8129274166)*

**മലയാളികൾക്ക് ആണ്ടുപിറപ്പും സമൃദ്ധിയുമൊക്കെയാണ് ഓണം. കേരളത്തിൽ ബുദ്ധമത സംസ്കാരത്തിന്റെ ഭാഗമായുണ്ടായതാണ് ഓണാഘോഷമെന്നു വിശ്വസിക്കപ്പെടുന്നു.**



# മുടിയേറ്റിലെ കളമെഴുത്ത്

ഡോ. കെ. ആർ. അജീന്ദ്രനാഥ്, സുരേഷ് കെ.

നാടോടി കലാരൂപങ്ങളാൽ സമ്പന്നമാണ് കേരളം. കേരളത്തിലെ നാടോടി നാടകങ്ങളിൽ ഏറ്റവും പ്രാചീനമായിട്ടുള്ളതും അനുഷ്ഠാന സ്വഭാവം പ്രദർശിപ്പിക്കുന്നതുമായ കലയാണ് മുടിയേറ്റ്. ഭദ്രകാളി ക്ഷേത്രങ്ങളിലാണ് പ്രധാനമായും മുടിയേറ്റ് അവതരിപ്പിച്ചു വരുന്നതെങ്കിലും മധ്യകേരളത്തിലെ വിവിധ ദേവീക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ച് കുംഭം, മീനം, മേടം എന്നീ മാസങ്ങളിൽ മുടിയേറ്റ് നടത്തപ്പെടാറുണ്ട്.

ദേവിയായ കാളി, ദാരികൻ എന്ന അസുരനെ വധിക്കുന്നതാണ് മുടിയേറ്റിന്റെ പ്രമേയം. ശിവൻ, നാരദൻ, കാളി, കൂളി, ദാരികൻ, കോയിമ്പിട നായർ എന്നിവരാണ് മുടിയേറ്റിലെ പ്രധാന കഥാപാത്രങ്ങൾ. കുറുപ്പ്, മാരാർ എന്നീ സമുദായത്തിൽപ്പെട്ടയാളുകളാണ് മുടിയേറ്റ് അവതരിപ്പിക്കുന്നത്. ചെണ്ടയും ഇലത്താളവുമാണ് പ്രധാന വാദ്യങ്ങൾ, ഇവയെ കൂടാതെ വീക്കൻ ചെണ്ടയും ഉപയോഗിക്കുന്നു. നിലവിളക്കും തീവെട്ടിയും പന്തങ്ങളുമെല്ലാം വെളിച്ചത്തിനായി ഉപയോഗിക്കുന്നു. കഥാപാത്രങ്ങൾക്കു മുഖത്ത് ചമയവും കിരീടവും ഉടുത്തുകെട്ടും ഉണ്ടാകും. അരിമാവും ചുണ്ണാമ്പുമാണ് മുഖത്ത് ചുട്ടികുത്താൻ ഉപയോഗിക്കുന്നത്. കളമെഴുത്ത്, തിരിയുഴിച്ചിൽ, താലപ്പൊലി, പ്രതിഷ്ഠാപൂജ, കളംമായ്ക്കൽ എന്നിവ മുടിയേറ്റിലെ പ്രധാന ചടങ്ങുകളാണ്. ഇതിലെ കളമെഴുത്ത് എന്ന ചടങ്ങ് മുടിയേറ്റ് എന്ന അനുഷ്ഠാന നാടകത്തെ ശക്തമാക്കിത്തീർക്കുന്ന



ഒരു ഘടകമാണ്.

കേരളത്തിന്റെ തനതായ കാർഷിക സമൃദ്ധിയെ സൂചിപ്പിക്കുന്ന കുരുത്തോല, അടയ്ക്ക, മാവിന്റെ ഇല, കവുങ്ങിൻ പൂക്കുല ഇവകൊണ്ട് അലങ്കരിച്ച ഒരു പന്തൽ ആദ്യമായി തയാറാക്കുന്നു. ഈ പന്തലിന്റെ താഴെയാണ് കളമെഴുത്ത് നടക്കുന്നത്. അനുഷ്ഠാനകലയായതുകൊണ്ട് നിലവിളക്കു കൊളുത്തൽ ചടങ്ങിന് വലിയ പ്രാധാന്യമുണ്ട്, കത്തിച്ചു വച്ച നിലവിളക്കിനു മുന്നിലിരുന്ന് ഇഷ്ടദേവതയെ സ്തുതിച്ചുകൊണ്ട് കളം വരയ്ക്കുന്നു. ഇത് മണിക്കൂറുകൾ നീളുന്ന ചടങ്ങാണ്. മുടിയേറ്റ് അവതരിപ്പിക്കുന്ന ദിവസം ഉച്ചതിരിഞ്ഞ് കളം വരച്ചു തുടങ്ങുന്നു. കളത്തിന്റെ സങ്കീർണതയും അനുഷ്ഠാനത്തിന്റെ സവിശേഷതകളും അനുസരിച്ച് ചില കാവുകളിൽ മുടിയേറ്റിന് ദിവസങ്ങൾ മുൻപ് തന്നെ കളമെഴുത്ത് ആരംഭിക്കും. മൂന്നുദിവസം മുൻപ് ആരംഭിക്കുന്ന കളമെഴുത്തുണ്ട്. ചിലത് ഏഴുദിവസം. മറ്റു ചിലപ്പോൾ നാല്പതു ദിവസം മുൻപു തന്നെ കളമെഴുത്ത് ആരംഭിക്കും. കളമെഴുത്ത് വിശ്വാസികളായ കുടുംബത്തിന്റെ വഴിപാടായിട്ടാണ് നടത്തപ്പെടുന്നത്.

## കളത്തിന്റെ ഐതിഹ്യം

ദാരിക വധത്തിനു ശേഷവും ഭദ്രകാളിയുടെ ഉഗ്രകോപം അടങ്ങിയില്ല, ദാരികന്റെ ശിരസ്സറുത്തു കൊണ്ട് ദേവി സംഹാരതാണ്ഡവമാടാൻ തുടങ്ങി. ഭദ്രകാളിയുടെ കോപം അടങ്ങാതിരുന്നാൽ സകലചരാചരങ്ങൾക്കും പ്രശ്നങ്ങളുണ്ടാകുമെന്ന് മനസ്സിലാക്കിയ നാരദൻ കൈലാസത്തിൽ ചെന്ന് ഘോരരൂപിണിയായിത്തീർന്ന ദേവിയുടെ കോപം ശാന്തമാക്കണമെന്ന് അപേക്ഷിക്കുന്നു. രണഭൂമിയിലെ ദേവിയുടെ രൂപം ഏതു വിധമാണെന്ന് മഹാദേവൻ നാരദരോട് ആരായുന്നു. അത് വാക്കുകൾ കൊണ്ട് വിവരിക്കാനാകാത്ത നാരദൻ ദേവിയുടെ രൂപം നിലത്തുവരച്ചുകാണിക്കുന്നു. ഈ രൂപത്തെ അടിസ്ഥാനപ്പെടുത്തിയാണ് കളം വരയ്ക്കൽ ആരംഭിച്ചത്. ഇതു കൂടാതെ മറ്റൊരു ഐതിഹ്യം കൂടി നിലവിലുണ്ട്. ദാരികനെ വധിച്ചിട്ടും കലിയടങ്ങാതെ കൈലാസത്തിലേക്ക് പാഞ്ഞെത്തിയ കാളിയെ ശാന്തയാക്കാൻ ശിവന്റെ നിർദേശമനുസരിച്ച് സുബ്രഹ്മണ്യൻ വരച്ച ദേവിയുടെ പ്രതിരൂപമാണ് ആദ്യത്തെ കളമെന്നതാണ് അത്.

## കളമെഴുതുന്ന രീതി

കളം വരയ്ക്കുന്ന സ്ഥലം ശുദ്ധമാക്കുന്നതാണ് ആദ്യത്തെ പ്രവൃത്തി. സ്ഥലം വൃത്തിയാക്കി ചാണകവെള്ളം തളിക്കുന്നു. ക്ഷേത്രത്തിന്റെ വടക്കുകിഴക്ക് ഭാഗത്തായാണ് കളത്തിന്റെ സ്ഥാനം. കളം വരയ്ക്കുന്നതിനുമുമ്പായി പന്തലിന്റെ തെക്കുകിഴക്കേ കോണിൽ വിളക്കുതെളിയിക്കും, ഇതോടൊപ്പം പ്രഥമ പൂജ്യദേവനായ വിഘ്നേശ്വരനെ സ്തുതിക്കും. കളത്തിലെ രൂപത്തിന്റെ ശിരസ്സ് കിഴക്കോട്ടും പാദം പടിഞ്ഞാറോട്ടുമായാണ് വരയ്ക്കുന്നത്. ശിരസ്സ് കിഴക്കോട്ടാകുന്നതു കൊണ്ടുതന്നെ ദർശനം പടിഞ്ഞാറോട്ട് ആയിരിക്കും. മുടിയേറ്റ് അവതരണം കഴിഞ്ഞാൽ അടുത്ത പ്രഭാതത്തോടെ കളം മായ്ച്ചു കളയുന്നു.

പ്രകൃതിയിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കൾ കൊണ്ടാണ് കളം നിർമിക്കുന്നത്. പന്തൽ അലങ്കരിച്ചു കഴിഞ്ഞാൽ ശിരോഭാഗം വരുന്ന ഭാഗത്തായി ഗണപതിക്കായി സങ്കൽപ്പിച്ചുകൊണ്ട് നാക്കിലയിൽ തൊണ്ടുകളഞ്ഞ നാളികേരം, തെങ്ങിന്റെയോ കവുങ്ങിന്റെയോ പൂക്കുല, നെല്ല്, അരി എന്നിവ വയ്ക്കുന്നു. ഇതിനടുത്തുതന്നെ ചുവന്ന പട്ട് വിരിച്ച് പീഠം

കളം വരയ്ക്കുന്ന സ്ഥലം ശുദ്ധമാക്കുന്നതാണ് ആദ്യത്തെ പ്രവൃത്തി. സ്ഥലം വൃത്തിയാക്കി ചാണകവെള്ളം തളിക്കുന്നു. ക്ഷേത്രത്തിന്റെ വടക്കുകിഴക്ക് ഭാഗത്തായാണ് കളത്തിന്റെ സ്ഥാനം. കളം വരയ്ക്കുന്നതിനുമുമ്പായി പന്തലിന്റെ തെക്കുകിഴക്കേ കോണിൽ വിളക്കുതെളിയിക്കും, ഇതോടൊപ്പം പ്രഥമ പൂജ്യദേവനായ വിഘ്നേശ്വരനെ സ്തുതിക്കും.



വയ്ക്കുന്നു. പീഠത്തിൽ ദേവിയുടെ തൃക്കയ്യിലുള്ള നാന്ദകം വാളിന്റെ മാതൃകയിലുള്ള ഒരു വാൾ വയ്ക്കുന്നു. ഇത്രയും ചെയ്ത ശേഷം മാത്രമേ കളമെഴുത്ത് തുടങ്ങാറുള്ളൂ.

എത്ര ചെറിയ കളമായാലും അത് തയാറാക്കാൻ കുറഞ്ഞത് രണ്ടുപേരെങ്കിലും വേണ്ടിവരും. ആശാനായി ഒരാളും പരികർമിയായി മറ്റൊരാളും എന്നതാണ് കളമെഴുത്തിന്റെ രീതി. പരികർമികളായി വരുന്നവർ ശിഷ്യൻമാരായിരിക്കും ക്രമേണ അവർ കളമെഴുത്തിൽ വൈദഗ്ധ്യം നേടുന്നതാണ്. വലിയ കളങ്ങൾക്ക് ഏഴടി വീതിയും ഒമ്പതടി നീളവും എന്നതാണ് കണക്ക്. കളത്തിന്റെ വലുപ്പമനുസരിച്ച് പരികർമികളുടെ എണ്ണവും കൂടിവരും. വ്രതമെടുത്ത് കുളിച്ച് കോടിവസ്ത്രം ധരിച്ചുവേണം കളം വരയ്ക്കേണ്ടത്. കളമെഴുതുന്നവരും സഹായികളും മേൽവസ്ത്രം ധരിക്കാറില്ല.

## കളമെഴുത്തിലെ നിറങ്ങൾ

അരിപ്പൊടി, മഞ്ഞൾപ്പൊടി, കരിപ്പൊടി, പച്ചപ്പൊടി, ചുവന്നപൊടി എന്നീ പഞ്ചവർണപ്പൊടികളാണ് കളമെഴുത്തിന് ഉപയോഗിക്കുന്നത്. മഞ്ഞനിറം സ്വർണത്തേയും ചുവപ്പുനിറം ചെമ്പിനേയും, പച്ചനിറം നാകത്തേയും കറുപ്പ് ഇരുമ്പിനേയും വെള്ളനിറം വെള്ളിയേയും പ്രതിനിധീകരിക്കുന്നു. ചടങ്ങു നടക്കുന്നത് രാത്രിയായതിനാൽ നിറങ്ങൾ വളരെ ആകർഷകമായ രീതിയിൽ വിന്യസിച്ചാൽ മാത്രമേ കളത്തിന് പൊലിമയുണ്ടാകുകയുള്ളൂ. കളമെഴുത്തിന് ഉപയോഗിക്കുന്ന അടിസ്ഥാന നിറങ്ങൾ പഞ്ച



ഭൂതങ്ങളെ പ്രതിനിധാനം ചെയ്യുന്നു. രാത്രിക്ക് കറുപ്പ്, പ്രകൃതിക്ക് പച്ച, കുരുതിക്ക് ചുവപ്പ്, പന്തങ്ങൾക്ക് മഞ്ഞ, പ്രകാശത്തിന് വെള്ള എന്നിങ്ങനെ നിറങ്ങളുടെ ഉചിതമായ ഉപയോഗത്താൽ നിർമിതമാകുന്ന വർണചിത്രം തന്നെയാണ് കളം.

പാരമ്പര്യമായി കൈമാറി വരുന്ന രീതികളാണ് കളമെഴുത്തിന്റെ രചനയ്ക്ക് അടിസ്ഥാനമാകുന്നത്, ഇത്തരം രീതികൾക്ക് പ്രാദേശിക വ്യത്യാസം ഉണ്ടാകുന്നതാണ്. കളം വരയ്ക്കുന്നയാൾ തന്റെ ഇഷ്ടദേവതയെ മനസ്സിൽ ധ്യാനിച്ചശേഷം കളം വരച്ചു തുടങ്ങുന്നു. ഭദ്രകാളി രൂപമാണ് കളമെഴുത്തിൽ ചിത്രീകരിക്കുന്നത്. മുഖം, കിരീടം, മാറ്, അരയ്ക്കു കീഴെയുള്ള ഭാഗം, കൈകാലുകൾ എന്ന ക്രമത്തിലാണ് ഭദ്രകാളിയുടെ രൂപം വരയ്ക്കുന്നത്. ആയുർരേഖ അഥവാ ബ്രഹ്മസൂത്രം വരച്ചതിനു ശേഷമാണ് ദേവീരൂപം വരയ്ക്കാൻ തുടങ്ങുന്നത്. കിഴക്കു പടിഞ്ഞാറ് ദിശയിൽ നെടുകെ വരയ്ക്കുന്ന വരയെയാണ് ആയുർരേഖ എന്ന് വിളിക്കുന്നത്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് ദേവിയുടെ ശരീരാവയവങ്ങൾ വരയ്ക്കുന്നത്. അരിപൊടിച്ച് വെള്ള നിറം തയാറാക്കുന്നു. വാക, കുവളം തുടങ്ങിയ ഇലകൾ പൊടിച്ച് പച്ചനിറത്തിലുള്ള പൊടി തയാറാക്കുന്നു. മഞ്ഞൾ പൊടിച്ച് മഞ്ഞയും ഉമികത്തിച്ച് കരിയെടുത്ത് കരിപ്പൊടിയും തയാറാക്കുന്നു. നനഞ്ഞ മഞ്ഞൾ പൊടിയിൽ ചുണ്ണാമ്പ് ചേർത്ത് ചുവന്ന പൊടിയും തയാറാക്കുന്നു. ഈ വസ്തുക്കൾ പരസ്പരം കലർത്തി നിറങ്ങളുടെ വകഭേദവും നിർമിക്കാറുണ്ട്.

കണ്ണുകൾ, മൂക്ക്, ചുണ്ട്, സ്തനങ്ങൾ എന്നിവ എഴുന്നു നിൽക്കുന്ന രീതിയിലാണ് വരയ്ക്കുന്നത്. കണ്ണുകൾക്കും മൂക്കിനും ചുണ്ടിനും വർണപ്പൊടികൾകൊണ്ട് ചെറു കൂനകൾ നിർമിക്കുന്നു. സ്തനങ്ങൾക്കുവേണ്ടി അരിയും നെല്ലുമാണ് ഉപയോഗിക്കുന്നത്. മുലകൾ തയാറാക്കുന്നതിന് കണക്കുണ്ട്. പതിനാറ് ചതുരശ്രമീറ്ററിനുള്ളിൽ തയാറാക്കുന്ന കളത്തിനുള്ളിൽ വരയ്ക്കുന്ന ദേവീരൂപത്തിന്റെ ഒരു മുലയ്ക്ക് ഒരു പറ നെല്ല് എന്നതാണ് പതിവ്. ശിരസ്സും കിരീടവുമാണ് ആദ്യം വരച്ചു തീർക്കുന്നത്. അതിനുശേഷം മാറ്, ഉദരഭാഗം, അരയ്ക്കു താഴെയുള്ള ഭാഗം, കൈകാലുകൾ എന്നീ ക്രമത്തിലാണ് കളമെഴുത്ത് പുരോഗമിക്കുന്നത്. ഈ രീതിയിൽ വരയ്ക്കുന്നതുകൊണ്ട് പൂർത്തീകരിച്ച ഭാഗത്ത് വരയ്ക്കുന്നയാൾക്ക് ചവിട്ടേണ്ടി വരുന്നില്ല എന്ന ഗുണമുണ്ട്.

ദേവിയുടെ ശരീരത്തിന് പച്ചനിറമാണ് നൽകുന്നത്. മുടി അഴിച്ചിട്ട രീതിയിലാണ് വരയ്ക്കുന്നത്, കറുത്തപൊടി ഉപയോഗിച്ച് കേശം വരയ്ക്കുന്നു. ചെറിയ ഭദ്രകാളീരൂപങ്ങൾക്ക് നാലുകൈയുകളാണ് ഉണ്ടാവുക. കളം വലുതാകുന്നതിനനുസരിച്ച് കൈകളുടെ എണ്ണവും കൂടി വരുന്നു. അറുപത്തിനാല് കൈയ്യുകൾ വരെ വരയ്ക്കാൻ കഴിയും. അറുപത്തിനാലു കരങ്ങളിൽ ഒന്നോ രണ്ടോ കൈയ്യുകളിലൊഴികെ മറ്റെല്ലാത്തിലും ആയുധങ്ങൾ വരച്ചു ചേർക്കും. ഇടതു കൈയ്യിൽ താരതമ്യേന മൂർച്ചയില്ലാത്ത ആയുധങ്ങളും വലതു കൈയ്യിൽ മൂർച്ചയേറിയ ആയുധങ്ങളുമാണ് വരയ്ക്കുക. ആയുധങ്ങളെ കൂടാതെ ചില കൈയ്യുകളിൽ ശംഖ്, ചക്രം തുടങ്ങിയവയും വരയ്ക്കാറുണ്ട്.

കിരീടം വളരെ അലങ്കാരങ്ങളോടെയാണ് വരച്ചു ചേർക്കുക. പൊടികൾ രണ്ടോ മൂന്നോ കൂനകളാക്കി അടുപ്പിച്ച് ഇട്ടുകൊണ്ട് ഭംഗികൂട്ടുന്നു. കിരീടം പൂർത്തിയാക്കിയതിനുശേഷം മുഖത്തിന് ആകൃതി നൽകുന്നു. നെറ്റിത്തടം, പുരികം, കണ്ണ്, മൂക്ക്, ചുണ്ട് എന്നിവ വരച്ചു ചേർക്കുന്നു. കണ്ണിന്റെ സ്ഥാനങ്ങളിൽ ആദ്യം വെള്ളപ്പൊടിയിടുന്നു. തുടർന്ന് കറുപ്പു പൊടിയാൽ വെള്ളനിറത്തിനു മുകളിൽ കണ്ണുകൾ വരയ്ക്കുന്നു. ചുണ്ടുകൾ വിടർത്തി പല്ലും നാക്കും പുറത്തു കാണുന്ന വിധത്തിലാണ് വായ് വരയ്ക്കുന്നത്. ചുണ്ടും നാക്കും ചുവപ്പുനിറത്തിലും പല്ലുകൾക്കും (ദംഷ്ട്രകൾക്കും) വെള്ളനിറവുമാണ് നൽകുന്നത്. കേരളത്തിൽ നി

രമ്പര്യമായി കൈമാറി വരുന്ന രീതികളാണ് കളമെഴുത്തിന്റെ രചനയ്ക്ക് അടിസ്ഥാനമാകുന്നത്, ഇത്തരം രീതികൾക്ക് പ്രാദേശിക വ്യത്യാസം ഉണ്ടാകുന്നതാണ്. കളം വരയ്ക്കുന്നയാൾ തന്റെ ഇഷ്ടദേവതയെ മനസ്സിൽ ധ്യാനിച്ചശേഷം കളം വരച്ചു തുടങ്ങുന്നു. ഭദ്രകാളി രൂപമാണ് കളമെഴുത്തിൽ ചിത്രീകരിക്കുന്നത്. മുഖം, കിരീടം, മാറ്, അരയ്ക്കു കീഴെയുള്ള ഭാഗം, കൈകാലുകൾ എന്ന ക്രമത്തിലാണ് ഭദ്രകാളിയുടെ രൂപം വരയ്ക്കുന്നത്.



ലവിലുണ്ടായിരുന്ന പഴയകാല ആഭരണങ്ങളോട് സാദൃശ്യമുള്ള ആഭരണങ്ങളാണ് വരയ്ക്കുന്നത്, ഇവയെല്ലാം കല്ല് പതിച്ചവയായിരിക്കും.

സാഹചര്യങ്ങൾക്കനുസരിച്ച് ദേവിയുടെ വ്യത്യസ്തങ്ങളായ രൂപങ്ങളാണ് വരയ്ക്കാറുള്ളത്. ദേവി താണ്ഡവമാടുന്ന രൂപം, നിൽക്കുന്നതും ഇരിക്കുന്നതുമായ രൂപങ്ങൾ, ദാരികവധം നടത്തുന്ന രൂപം, ദാരികന്റെ ശിരസ്സ് കൈയ്യിൽ പിടിച്ചിരിക്കുന്ന രൂപം എന്നിങ്ങനെ വ്യത്യസ്തങ്ങളായ രൂപങ്ങൾ. ഭദ്രകാളിയുടെ രൂപം പൂർത്തിയായാൽ കളത്തിന്റെ പുറത്തുള്ള ഭാഗം, ഇതിനെ പുറക്കളം എന്നു പറയുന്നു. മോടിപിടിപ്പിച്ച് കളം വരപൂർത്തിയാക്കുന്നു. പൂർത്തിയായ കളം ഏൽപ്പിക്കുന്ന ചടങ്ങാണ് അടുത്തത്.

കളമെഴുതിയ ആൾക്ക് ദക്ഷിണവച്ച് കളം വഴിപാട് നടത്തിയയാൾ കളം ഏറ്റുവാങ്ങുന്നു. തുടർന്ന് കളം പൂജനടത്തുന്നു. കളംപൂജ നടത്തുന്നത് കുറുപ്പൻമാരാണ്. തുടർന്ന് കളമെഴുതിയയാൾ തിരികത്തിച്ച് വഴിപാട് നടത്തിയയാളേയും ആരാധകരേയും ഉഴിയുന്നു. ഇതിനുശേഷം കളംപാട്ട് നടത്തുന്നു. ദേവീമാഹാത്മ്യം പാടി ഭഗവതി സ്തുതി നടത്തുന്നത് കളമെഴുതുന്നയാൾ തന്നെയായിരിക്കും. തുടർന്ന് സ്ത്രീകളും കുട്ടികളും ചേർന്ന് താലമെടുത്ത് ദേവിയെ പുറത്തേക്ക് ആനയിക്കുന്നു. കളമെഴുത്തിലെ അവസാന ചടങ്ങ് കളം മായ്ക്കലാണ്. കളമെഴുതിയയാൾ കുരുത്തോല ഉപയോഗിച്ച് പാദം മുതൽ ശിരസ്സുവരെ കളം മായ്ക്കുന്നു. ഏറ്റവുമൊടുവിലായി മുഖവും മായ്ക്കുന്നു.

മുടിയേറ്റിലെ കളമെഴുത്ത് ഒരു മികച്ച കലാസൃഷ്ടിയാണ്. പൂർണമായും പ്രകൃതിയിൽ നിന്നു ലഭിക്കുന്ന വസ്തുക്കളുപയോഗിച്ച് ദ്രാവിഡ ആചാരത്തിന്റെ ഭാഗമായി എഴുതപ്പെടുന്ന കളം ചിത്രരചനയുടെ പാരമ്പര്യത്തിന്റെ ഉദാഹരണമാണ്. കേരളത്തിന്റെ പാരമ്പര്യ ചിത്രരചനാസങ്കേതത്തിന്റെ സൂക്ഷ്മതയും പ്രത്യേകതകളും ഈ കലാരൂപത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ബിംബരൂപവൽക്കരണം, ഇമേജറികളുടെ സന്നിവേശം, വർണപ്പൊടികൾ കൊണ്ട് നിർമിക്കുന്ന ദ്വിമാന ത്രിമാന പ്രതീതി ഇങ്ങനെ ചിത്രരചനയിൽ കാണുന്ന സവിശേഷ സങ്കേതങ്ങൾ നമ്മുടെ പൈതൃക ചിത്രകലാ സങ്കേതങ്ങൾക്ക് ഉണ്ടായിരുന്നുവെന്നതിന്റെ തെളിവാണ് ഇന്നും നിലനിൽക്കുന്ന ഈ കലാരൂപം.

## ഗ്രന്ഥസൂചി



1. *ഭാരതീയ ലാവണ്യവിചാരവും കലാപാരമ്പര്യവും, വിജയകുമാർ മേനോൻ കേരളസാഹിത്യ അക്കാദമി*
2. *അച്യുതമേനോൻ ചേലനാട്ട്, കേരളത്തിലെ കാളിസേവ, യൂണിവേഴ്സിറ്റി ഓഫ് മദ്രാസ് - 1943.*
3. *വിഷ്ണു നമ്പൂതിരി എം.വി, നാടോടി വിജ്ഞാനീയം, ഡി.സി. ബുക്സ്, കോട്ടയം - 1996.*
4. *വിഷ്ണു നമ്പൂതിരി എം.വി., തെയ്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം - 1998.*
5. *രാജഗോപാൽ സി.ആർ., മുടിയേറ്റ്, നാടോടിനേരങ്ങ്, നാട്ടറിവ് പഠനകേന്ദ്രം, കണിമംഗലം - 2003*
6. *നമ്പ്യാർ, ഏ.കെ. 1989 കേരളത്തിലെ നാടൻ കലകൾ, എൻ. ബി. എസ് കോട്ടയം*
7. *പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, എഡിറ്റർ കേരളസംസ്കാരപഠനങ്ങൾ കറന്റ് ബുക്സ്, കോട്ടയം- 2013*



*(സുരേഷ് കെ. - 9895737432)*



**മുടിയേറ്റിലെ കളമെഴുത്ത് ഒരു മികച്ച കലാസൃഷ്ടിയാണ്. പൂർണമായും പ്രകൃതിയിൽ നിന്നു ലഭിക്കുന്ന വസ്തുക്കളുപയോഗിച്ച് ദ്രാവിഡ ആചാരത്തിന്റെ ഭാഗമായി എഴുതപ്പെടുന്ന കളം ചിത്രരചനയുടെ പാരമ്പര്യത്തിന്റെ ഉദാഹരണമാണ്. കേരളത്തിന്റെ പാരമ്പര്യ ചിത്രരചനാ സങ്കേതത്തിന്റെ സൂക്ഷ്മതയും പ്രത്യേകതകളും ഈ കലാരൂപത്തിൽ ഉൾക്കൊണ്ടിരിക്കുന്നു.**



# മിത്തും സ്വത്വബോധത്തിന്റെ അടിവേരുകളും

## എൻ. വിയുടെ ഓണച്ചിന്തകളെ മുൻനിർത്തിയുള്ള അന്വേഷണം

മേഘ്ന ആർ.

മലയാളിയെന്ന സ്വത്വബോധത്തിൽ വളരെയധികം സ്വാധീനമുള്ളതാണ് ഓണം. ഓണമെന്ന പദത്തിന്റെ നിരുക്തി പരിശോധിക്കുമ്പോൾ നാം ചെന്നെത്തുക സംസ്കൃതഭാഷയിലെ ശ്രാവണം എന്ന പദത്തിലും പാലിഭാഷയിലെ സാവണം എന്ന പദത്തിലുമാണ്. സാവണം മലയാളമാവുമ്പോൾ ആവണവും പിന്നീട് ഓണവുമായി മാറുന്നു. ഓണം മലയാളിയുടെ സ്വത്വബോധനിർമിതിയിൽ പ്രധാനപ്പെട്ട ഒന്നാണെങ്കിലും അതിന്റെ ഐതിഹ്യത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും ഏകാഭിപ്രായമില്ല. എങ്കിലും ഇന്ന് ഓണം മലയാളിയുടെ മാത്രം ഒരു ആഘോഷമായി വിശേഷിപ്പിക്കാം. ഓണം മലയാളിയുടെ തനത് ആഘോഷോത്സവമാണോ എന്നതാണ് ഇവിടുത്തെ പ്രധാന അന്വേഷണം. ഓണത്തിന്റെ തായ്‌വേരിനെക്കുറിച്ചുള്ള അന്വേഷണം, മാറിയ സാഹചര്യത്തിൽ വർഷങ്ങൾക്കു മുമ്പ് നടത്തിയതിൽ പ്രധാനി എൻ.വി. കൃഷ്ണവാരിയരാണ്. ആ അന്വേഷണം ചെന്നെത്തിയത് പഴയ ദ്രാവിഡ പാരമ്പര്യത്തിലേക്കും സുമേരിയൻ നാഗരികതയിലേക്കും എല്ലാമാണ്. മലയാളിയെ വിശ്വമാനവനാക്കുന്ന എന്തോ ഒന്ന് ഓണത്തിൽ ഒളിഞ്ഞിരിക്കുന്നുണ്ട് എന്ന് സാമാന്യമായി പറയാം.

ഓണത്തെക്കുറിച്ച് 1953-54ൽ പ്രസിദ്ധീകരിച്ച എൻ.വിയുടെ രണ്ടു പഠനങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഇന്ത്യ സ്വതന്ത്രമായെങ്കിലും കേരളസംസ്ഥാനം രൂപപ്പെട്ടിട്ടില്ലാത്ത കാലത്താണ് എൻ.വിയുടെ പഠനങ്ങൾ വന്നത്. ഫ്യൂഡൽ ജന്മിത്വം ശക്തമായിരുന്ന ആ കാലം രാഷ്ട്രീയമായ ഇടപെടലുകൾകൊണ്ട് മുഖരിതമായിരുന്നു. എൻ.വി. പഠനങ്ങളുടെ ഈ സാമൂഹിക പശ്ചാത്തലം സ്വത്വ



ബോധം ഉറപ്പിക്കാനുള്ള മലയാളിയുടെ ശ്രമത്തിൽ പ്രധാനമാണ്. തിരുക്കൊച്ചിയും മലബാറും എന്നിങ്ങനെ വ്യത്യസ്ത രാജ്യങ്ങളായി തിരിഞ്ഞിരുന്ന ആ ഭൂപ്രദേശത്തെ ഒരുമിച്ചുനിർത്തിയതിൽ മലയാളം എന്ന ഭാഷപോലെതന്നെ ശക്തമാണ് ഓണം എന്ന ആഘോഷവും. ഈ രീതിയിലുള്ളൊരു സാമൂഹിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഓണത്തിന്റെ ഭൂമിക മൂലദ്രാവിഡത്തിലേക്കും മഹാബലിയുടെ രാജ്യം പടിഞ്ഞാറൻ ഏഷ്യയിലെ സുമേരിയൻ നാഗരികതയിലേക്കും വ്യാപിപ്പിക്കാൻ എൻ.വി. ശ്രമിക്കുന്നത്. ഓണത്തെസംബന്ധിച്ച് ഇത്ര വിശാലമായ ഭൂഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ കാഴ്ച്ചപ്പാട് അന്ന് തീർത്തും പുതിയതായിരുന്നു.

കേരളമെന്ന ഇന്നത്തെ ചെറിയ ഭൂപ്രദേശത്ത് തനതായി രൂപം കൊണ്ടതല്ല ഓണം എന്നും അത് ദ്രാവിഡദേശത്തിന്റെ മുഴുവൻ ഉത്സവമായിരുന്നുവെന്നും എൻ.വി പറയുന്നു. ദ്രാവിഡരുടെ പ്രാചീനമായ ആചാരവിശേഷങ്ങൾക്ക് മാറ്റങ്ങൾ സംഭവിച്ചതിന്റെ ഭാഗമായി ഓണവും മാറിപ്പോയി. എന്നാൽ കേരളത്തിൽ മാത്രം വലിയ മാറ്റങ്ങളൊന്നും കൂടാതെ ഇന്നും തുടർന്നു പോരുന്നു.

തമിഴ്സാഹിത്യത്തിലുൾപ്പെടുന്ന സംഘസാഹിത്യത്തിലെ പത്തുപ്പാട്ടിലെ മധുരൈക്കാഞ്ചിയിലാണ് ഓണത്തെക്കുറിച്ചുള്ള ആദ്യപരാമർശങ്ങൾ കാണുന്നത്. തമിഴ് സാഹിത്യം പോലെ വൈപുല്യവും പഴമയും ഉള്ള സാഹിത്യം മലയാളഭാഷയ്ക്ക് അവകാശപ്പെടാനില്ല. മധുരൈക്കാഞ്ചിയിലെ പരാമർശത്തെ അവലംബിച്ചാണ് എൻ.വി. മലയാളിയുടെ ഓണത്തിന്റെ അടിവേരിലേക്ക് ചെന്നെത്തുന്നത്. തമിഴ്നാട്ടിലെ മധുരയിൽ ക്ഷേത്രോത്സവമായി ആഘോഷിച്ചിരുന്ന ഓണംതന്നെയാണ് ചില വ്യതിയാനങ്ങളോടെ കേരളത്തിൽ ഇന്നും തുടരുന്ന ഓണം എന്നാണ് എൻ.വി. സമർഥിക്കുന്നത്. തമിഴും മലയാളവും ഒന്നെന്നരീതിയിലുള്ള കാലത്താണ്, മൂലദ്രാവിഡകാലത്താണ് ഓണത്തിന്റെ പിറവി. മറ്റു ദ്രാവിഡർ അതിനെ ക്രമേണ കയ്യൊഴിഞ്ഞപ്പോൾ മലയാളികൾ മാത്രമാണ് അത് ചരിത്രത്തിലിങ്ങോളം തുടർന്നു പോരുന്നത്.

തമിഴ്സാഹിത്യത്തിലുൾപ്പെടുന്ന സംഘസാഹിത്യത്തിലെ പത്തുപ്പാട്ടിലെ മധുരൈക്കാഞ്ചിയിലാണ് ഓണത്തെക്കുറിച്ചുള്ള ആദ്യപരാമർശങ്ങൾ കാണുന്നത്. തമിഴ് സാഹിത്യം പോലെ വൈപുല്യവും പഴമയും ഉള്ള സാഹിത്യം മലയാളഭാഷയ്ക്ക് അവകാശപ്പെടാനില്ല.

ഓണത്തിന്റെ പ്രാചീനമായ സാമൂഹികപശ്ചാത്തലം കണ്ടെടുക്കുന്നതിലൂടെ കേരളത്തിന്റെ മൂലദ്രാവിഡപാരമ്പര്യവും തെളിഞ്ഞുവരുന്നു. അതോടൊപ്പം മലയാളിയുടെ തനതുരീതികളെക്കുറിച്ചും അദ്ദേഹം നിരീക്ഷിക്കുന്നു. മരുമക്കത്തായം, സംബന്ധവിവാഹം, ബഹുഭർതൃത്വം തുടങ്ങിയ ആചാരങ്ങളെയും തറ്റുടുപ്പ്, മുൻകുടുമ എന്നീ വേഷവിധാനങ്ങളെയും ഒടി, മാട്ട്, മാരണം പോലുള്ള മാന്ത്രികവിദ്യകളെയും പാന, കളമ്പാട്ട്, തെയ്യം തുടങ്ങിയ അനുഷ്ഠാന കലകളെയുമാണ് മലയാളിയുടെ തനതുരീതികളായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. അതിപ്രാചീനകാലം മുതലുള്ള ഇവയിൽ പലതും ഇന്നും സജീവമായി നിലനിൽക്കുന്നതും ആഘോഷിക്കപ്പെടുന്നതുമാണ്. മലയാളഭാഷയുടെ ഉൽപ്പത്തിവികാസത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഇത്തരം സാംസ്കാരികസവിശേഷതകളെ പലരും ആശ്രയിക്കുന്നുണ്ടെന്നു കാണാം. മരുമക്കത്തായം, മുൻകുടുമ, മുണ്ടുടുപ്പ് എന്നിവയെല്ലാം മലയാളത്തിന്റെ വിലക്ഷണാചാരങ്ങളാണെന്ന് കേരളപാണിനീയം പീഠിക

യിൽ ഏ.ആർ. രാജരാജവർമ 1917ൽത്തന്നെ നടത്തിയ നിരീക്ഷണം ഉദാഹരണം (1917.14). എന്നു മാത്രമല്ല ഏ. ആറിന്റെ ഈ നിരീക്ഷണം എൻ.വിയുടെ പഠനങ്ങൾക്ക് പശ്ചാത്തലമായിനിൽക്കുന്നുമുണ്ട്. പ്രത്യക്ഷത്തിൽ വ്യക്തമല്ലെങ്കിലും കേരളസംസ്കാരത്തിന് മൂലദ്രാവിഡമായ ഒരു പാരമ്പര്യമുണ്ടെന്നു കൂടിയാണ് ഓണചിന്തയിലൂടെ എൻ.വി പ്രഖ്യാപിക്കുന്നത്.

സാംസ്കാരികമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കേരളസംസ്കാരത്തിന്റെ മൂലദ്രാവിഡപാരമ്പ ര്യത്തെ സ്ഥാപിച്ചെടുക്കാൻ പ്രധാനമായും മലയാളഭാഷയിൽ നിലനിൽക്കുന്നതും മറ്റുദ്രാവിഡഭാഷാശാഖകൾ ഉപേക്ഷിച്ചുകളഞ്ഞതുമായ ചില പ്രയോഗരീതികളെയാണ് ആശ്രയിക്കുന്നത്. ദ്രാവിഡകുടുംബ ത്തിൽപ്പെട്ട ഭാഷകളാണ് തമിഴ്, മലയാളം, കന്നട, തുളു എന്നിവയെല്ലാം. കൊടുന്തമിഴാണ് പിൽക്കാലത്ത് മലയാളമായി പരിണമിച്ചതെങ്കിലും തമിഴും മലയാളവും മൂലദ്രാവിഡഭാഷയുടെ രൂപാന്തരങ്ങൾ മാത്രമാണ്. തമിഴ്-മലയാളങ്ങൾ തമ്മിൽ ബന്ധമുള്ളതുപോലെ ഇവിടുത്തെ ആചാരങ്ങൾ തമ്മിലും സംസ്കാരരൂപങ്ങൾ തമ്മിലും ബന്ധമുണ്ട്. ഭാഷയുടെ പാരമ്പര്യവും ചരിത്രവും ഒറ്റ ഉറവയിൽ നിന്നൊഴുകിപ്പരന്നതുപോലെ സംസ്കാരത്തിനും സമാനമായ ചരിത്രവും പാരമ്പര്യവുമുണ്ട്. എൻ.വി പറയാൻ ശ്രമിക്കുന്നതും അതാണ്. സംസ്കാരത്തെ സംബന്ധിച്ച് വിശാലമായ ഒരു കാഴ്ചപ്പാടാണ് എൻ.വി അവതരിപ്പിക്കുന്നത്.

മധുരൈക്കാഞ്ചി എന്ന സാഹിത്യകൃതിയിലെ പരാമർശത്തെ അടിസ്ഥാനമാക്കി ഓണത്തെ ദ്രാവിഡത്തോളം വളർത്തുന്ന എൻ.വി. ചരിത്രപരമായി മഹാബലിയുടെ രാജ്യത്തെ അന്വേഷിക്കുന്നതാണ് രണ്ടാമത്തെ ലേഖനം. മഹാബലി എന്ന അസുരരാജാവ്(1997.15) എന്ന ലേഖനത്തിലൂടെ പറയുന്നത് മഹാബലിയുടെ ചരിത്രതിരുശേഷിപ്പുകളാണ്. എൻ.വി മഹാബലിയുടെ ചരിത്രം അന്വേഷിക്കുന്നത് ഇന്ത്യക്ക് പുറത്തേക്കാണ്. അതിന്റെ വ്യാപ്തി പടിഞ്ഞാറൻ ഏഷ്യയിലെ സുമേരിയൻ നാഗരികതയോളം പഴമയുള്ളതാണ്. മഹാബലി ഒരു കേരളീയ രാജാവോ മിത്തോ ഐതിഹ്യപുരുഷനോ അല്ല. എൻ.വിയെ സംബന്ധിച്ച് മഹാബലി ചരിത്രപുരുഷനാണ്. കേരളസമൂഹത്തിന്റെ ഓണദേശീയതയുടെ വേരുകളും ചരിത്രവും ലോകത്തിലെ ആദ്യ നാഗരികതയായ സുമേരിയൻ നാഗരികതയോളം പ്രാക്തനമാണ്.

കേരളീയർ ഐതിഹ്യപുരുഷനായിക്കാണുന്ന മഹാബലിയെ കൃത്യമായ വസ്തുതകളുടെ വെളിച്ചത്തിൽ എൻ.വി. അവലോകനം ചെയ്യുന്നു. മഹാബലിയുടെ ചരിത്രം പുരാണങ്ങളിൽ മാത്രമല്ല, പുരാണേതരങ്ങളായ രേഖകളിലും രേഖപ്പെടുത്തിയിട്ടുണ്ട്. അസ്സീറിലെ രാജാക്കൻമാരുടെ പേരുകളുടെ കൂടെ ബെലെ ശബ്ദം കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ബെലെ സംസ്കൃതീകരിച്ച് ബലിയാകുന്നു. മഹാബലി അസ്സീറിലെ ഒരു രാജാവാണ്. വിശാലമായ മാനവികതയുടെ വെളിപ്പെടുത്തലാണ് ഈ പഠനം.

വൈലോപ്പിള്ളിയുടെ 'ഓണപ്പാട്ടുകാർ' (1984.227) എന്ന കവിത ഉദ്ധരിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നതുതന്നെ. ചരിത്രം പിറക്കുന്നതിനും മുമ്പേയുണ്ടായിരുന്ന ഓണക്കാലത്തിന്റെ ഓർമയിൽ പാട്ടുകൾ പാടുന്നവരാണ് വൈലോപ്പിള്ളിയുടെ ഓണപ്പാട്ടുകാർ. വിശ്വത്തോളം വിശാലമായ ദേശങ്ങളിലെല്ലാം പലപല പേരിൽ വേഷത്തിൽ സംസ്കാരത്തിൽ നിന്നെല്ലാം ഈ ഓണപ്പാട്ടുകാർ വരുന്നുണ്ട്. എന്നാൽ അത് കിനാവാണെന്നും കളവാണെന്നും ലോകചരിത്രവും പറയുന്നു. പക്ഷേ, മലയാളിക്ക് അതിനെക്കാൾ സത്യമായത് ഹൃദയനിമിന്തരിതസുന്ദരതത്വമാണ്. ലോകചരിത്രം കളവെന്നു പറഞ്ഞ ഓണത്തെ ചരിത്രവൽക്കരിക്കാനാണ് എൻ.വി.യുടെ ശ്രമം. അത് കേവലം കവിഭാവനയല്ലെന്ന് തെളിയിക്കാനാണ് ഉദ്യമിക്കുന്നത്. ചുരുക്കത്തിൽ മിത്തുകളിലും കവിഭാവനയിലും നിത്യസ്വപ്നമായിനിൽക്കുന്ന മാവേലിക്കാലത്തെ ചരിത്രത്തിൽ കുടിയിരുത്തിക്കൊണ്ട് മലയാളിയുടെ സ്വത്വബോധത്തിൽ പ്രധാനമായ ഓണത്തെ ചരിത്രവൽക്കരിക്കുന്നു എൻ.വി.

എൻ.വി.കൃഷ്ണവാരിയർ ചരിത്രത്തിലേക്കും മിത്തിലേക്കും നടത്തുന്ന ഈ അന്വേഷണം അന്ന് തീർത്തും പുതുതായിരുന്നെങ്കിലും പിൽക്കാലത്ത് മറ്റ് ചില പണ്ഡിതർകൂടി സമാനമായ രീതിയിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതേസമയം ഓണത്തെ തമിഴകത്തോട് ബന്ധിപ്പിക്കുന്നതിനെ വിമർശിക്കുന്ന പഠനങ്ങളും ചിലതുണ്ടായിട്ടുണ്ട്.

സാംസ്കാരികാടിത്തറയെ സംബന്ധിച്ചുള്ള എൻ.വിയുടെ വിശാലമായ സങ്കൽപ്പത്തോട് ചേർത്തുവയ്ക്കാവുന്നതാണ് പിൽക്കാലത്ത് കേസരി ഏ. ബാലകൃഷ്ണപ്പിള്ള അവതരിപ്പിച്ച പുന്ത് (1984.30) എന്ന ആശയം. പുന്ത് ഒരു ഏകലോകസങ്കൽപ്പമാണ്. ഇന്നത്തെ ലോകത്തിലെ സംസ്കാരങ്ങളെല്ലാം ഒരു കുടുംബത്തിൽ നിന്നുണ്ടായ മക്കളാണെന്നും ലോകത്തിലെ എല്ലാനാഗരികതകളും ഈ കുടുംബത്തിൽ വേരുള്ളവയാണെന്നും ഉള്ള ആശയത്തെയാണ് കേസരി പുന്ത് എന്ന സംജ്ഞകൊണ്ട് അർഥമാക്കുന്നത്. ഭൂചലനത്തിന്റെയും പ്രളയത്തിന്റെയും ഫലമായി പ്രാചീനമായ അറേബ്യൻജനത പലവഴിക്കായിപ്പിരിഞ്ഞെന്നും ആ ജനതയിൽ നിന്നുണ്ടായവയാണ് ഇന്നു കാണുന്നവയെല്ലാം എന്നും കേസരി വാദിക്കുന്നു. എൻ.വി.യാകട്ടെ കുറേക്കൂടി ചരിത്രവസ്തുതകളുടെ പശ്ചാത്തലത്തിലാണ് തന്റെ വാദം ഉന്നയിക്കുന്നത്. സങ്കുചിതമായ ദേശീയതാബോധത്തിൽ നിന്നുമാറി വിശാലമായ വളരെയധികം വ്യാപ്തിയുൾക്കൊള്ളുന്ന ഏകതയിലേക്കാണ് എൻ.വി പഠനങ്ങൾ വേരുന്നുന്നത്.

ഓണത്തിന്റെ ചരിത്രത്തെക്കുറിച്ചും ഐതിഹ്യത്തെക്കുറിച്ചും എൻ.വി.യുടെ ലേഖനം വന്ന കാലത്തുതന്നെ ചില പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇളംകുളം കുഞ്ഞൻപ്പിള്ളയുടെ അഭിപ്രായമാണ് അതിൽ മുഖ്യം.

സാംസ്കാരികാടിത്തറയെ സംബന്ധിച്ചുള്ള എൻ.വിയുടെ വിശാലമായ സങ്കൽപ്പത്തോട് ചേർത്തുവയ്ക്കാവുന്നതാണ് പിൽക്കാലത്ത് കേസരി ഏ. ബാലകൃഷ്ണപ്പിള്ള അവതരിപ്പിച്ച പുന്ത് (1984.30) എന്ന ആശയം. പുന്ത് ഒരു ഏകലോകസങ്കൽപ്പമാണ്.

എൻ.വിയുടെ പഠനങ്ങൾ അംഗീകരിക്കുകയും ഒരു പരിധിവരെ പിന്തുടരുകയുമാണ് ഓണം ചരിത്രത്തിൽ എന്ന ലേഖനത്തിൽ ഇളംകുളം ചെയ്യുന്നത്. ഓണത്തെക്കുറിച്ചുള്ള തന്റെ നിരീക്ഷണം അദ്ദേഹം അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "തിരുവോണം മഹാവിഷ്ണുവിനും ശിവന് തിരുവാതിരയും പ്രധാന നക്ഷത്രങ്ങളായതുകൊണ്ട് തമിഴ്, മലയാളം, തുളു എന്നീ ഭാഷകളിൽ തിരു ചേർത്താണ് പറയാറുള്ളത്. ആയതിനാൽ തമിഴും മലയാളവും ചേർന്ന ആദ്യ തമിഴകകാലത്തുതന്നെയായിരിക്കും ഓണവും തിരുവാതിരയും സവിശേഷമായിത്തീർന്നത്" (1955.14). ശൈവവൈഷ്ണവ സമ്പ്രദായങ്ങളുടെ ഫലമായാണ് ഈ ബന്ധം സിദ്ധിച്ചത്. 'ഓണവും കൊല്ലവർഷവും' എന്ന ലേഖനത്തിൽ ഗോവിന്ദൻ കുട്ടിനായർ കൊല്ലവർഷവുമായി ഓണത്തിനു ബന്ധമില്ലെന്നു പറയുന്നു. അതിനുശേഷമുള്ള കണ്ടെത്തലുകൾ എൻ.വിയുടെ കണ്ടെത്തലുകളോട് സാത്മ്യം പ്രാപിക്കുന്നു. "പൗരാണികയുഗത്തിലെ വൈഷ്ണവസംസ്കാരത്തിന്റെ ബീജാവാപം നടന്നത് വൈദികകാലത്തെ ആദിത്യാരാധനയിലാണ്. സത്യത്തിൽ വേദത്തിന്റെ ആദിത്യൻ വിഷ്ണുവായി മാറുന്നു. മഹാവിഷ്ണുവിന്റെ ത്രിവിക്രമത്വവും വിഷ്ണുത്വവ്യാപനശീലവും വേദത്തിലെ ആദിത്യനിലും കാണാൻകഴിയും. ആര്യവർഗീയവും ദ്രാവിഡവർഗീയവുമായ സംസ്കാരങ്ങൾ ഓണച്ചടങ്ങുകളിൽ ഉൾച്ചേർന്നുകിടപ്പുണ്ട്. അതുകൊണ്ട് ആര്യന്മാരും ദ്രാവിഡരും ഒന്നായിച്ചേർന്നതിനു ശേഷമാകണം ഓണത്തിന്റെ ഇന്നത്തെ രൂപമുണ്ടായത്" (1955.42). മധുരയിലെ ഓണംതന്നെയാണ് വൈഷ്ണവഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരത്തോടുകൂടി കേരളത്തിൽ സാർവത്രികമായിത്തീർന്നതെന്ന പി.കെ. ഗോപാലകൃഷ്ണന്റെ അഭിപ്രായവും എൻ.വിയുടെ നിഗമനങ്ങളെ പിന്തുടരുന്നതായി കാണാം. എൻ.വിയുടെ പഠനങ്ങൾക്ക് ആദ്യകാലത്ത് വലിയവിമർശനങ്ങളൊന്നുമുണ്ടായിട്ടില്ല. കെ.ടി. രവിവർമ, മേലങ്ങത്ത് നാരായണൻകുട്ടി എന്നിവരാണ് പിൽക്കാലത്ത് ഓണത്തെക്കുറിച്ചുള്ള കൂടുതൽ അന്വേഷണങ്ങൾ നടത്തിയത്. എൻ.വി. പറയുന്ന അസുരൻ ബലിയാണെന്നും വിഷ്ണുവാമനാവതാരം പൂണ്ടു ബലിയുടെമേൽ കൈവരിച്ച വിജയമാണ് സംഘകാലത്തെ ഓണത്തിന്റെ സാഹചര്യമെന്നും പറയുന്ന വ്യാഖ്യാനം ശരിയല്ലെന്നാണ് കെ.ടി. രവിവർമ പറയുന്നത് (2001.153). മധുരനാട്ടിൽ രാജാവ് ജയിച്ചതിന്റെ സന്തോഷത്തിൽ നൽകുന്ന ഭക്ഷണത്തിൽ (ഓണസദ്യ) മാംസാഹാരങ്ങളും ഉണ്ടായിരുന്നു. ആ മാംസാഹാരത്തിന്റെ കാര്യം വിസ്മരിച്ചിട്ട് എൻ.വി ഓണസദ്യയാക്കി മാറ്റുകയാണ് ചെയ്തതെന്നും കെ.ടി പറയുന്നു. അതുപോലെ രാജാവ് പരിചാരകർക്ക് കൊടുക്കുന്ന സമ്മാനങ്ങളെ ഓണപ്പുടവയാക്കി മാറ്റുകയാണ് എൻ.വി. ചെയ്തതെന്നും കെ.ടി. പറയുന്നു. മധുരൈകാഞ്ചിയിലെ ഓണം ശ്രാവണ (ചിങ്ങം)മാസത്തിലാണെന്നു എൻ.വി പറയുന്നുണ്ട്. തിരുജ്ഞാനസംബന്ധർ, പെരിയാഴ്‌വാർ എന്നിവരുടെ ഓണപ്പരാമർശങ്ങൾ നോക്കുമ്പോൾ തിരുവോണത്തിന് കൃഷ്ണനുമായോ വാമനനുമായോ ബലിയുമായോ യാതൊരു ബന്ധവും കാണാൻ കഴിയില്ലെന്നും കെ.ടി. പറയുന്നു. കെ.ടി. രവിവർമയെപ്പോലെ വിമർശനാത്മകമായിട്ടാണ് മേലങ്ങത്ത് നാരായണൻകുട്ടിയും പറയുന്നത്. രാക്ഷസസമൂഹത്തെ നിഗ്രഹിച്ചവനും പൊൻമാലയണിഞ്ഞവനും കറുപ്പ് വർണമുള്ളവനുമായ മഹാവിഷ്ണു അവതരിച്ച സുദിനമാണ് തിരുവോണം. അതിനൊരു ദ്രാവിഡ പാരമ്പര്യവും അവകാശപ്പെടാനില്ലെന്നും മേലങ്ങത്ത് പറയുന്നു (2000: 200). ഓണസദ്യയെക്കുറിച്ചുള്ള കെ.ടിയുടെ വാദം സ്വീകാര്യമല്ല. കേരളത്തിലെ ഓരോ വീട്ടിലും ഓണസദ്യ തയാറാക്കുന്നത് തങ്ങൾക്ക് അനുയോജ്യമായരീതിയിലാണ്. മാംസാഹാരം മുതൽ റെഡിമെയ്ഡ് സദ്യ വരെ ഉൾപ്പെടുത്തുന്നവരുണ്ട്. ഓരോ നാടും ഓരോ വീടും തങ്ങൾക്കാവുന്നതുപോലെ ഓണം ഗംഭീരമായി ആഘോഷിക്കാറുണ്ട്. ഇത് ഓണത്തിന്റെ നാടൻ സംസ്കാരത്തെയാണ് കാണിക്കുന്നത്. മധുരയിലെ ഓണാഘോഷത്തിന്റെ പല ചടങ്ങുകളും തൃക്കാക്കരയിലെ ഓണാഘോഷത്തെ അനുസ്മരിപ്പിക്കുന്നുണ്ട്.

ഓണം എക്കാലത്തും ഒരു സാമൂഹികസ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്. എന്നാലും ഓണം കേരളത്തിന്റെ മാത്രം ആഘോഷമാണെന്ന ധാരണ മലയാളിയുടെ സ്വത്വബോധത്തിൽ മറഞ്ഞിരിപ്പുണ്ട്. ഓണം ദേശീയോത്സവമായി അംഗീകരിക്കുന്നതിനും മുമ്പ് മലയാളിയുടെ ബോധത്തെയും ധാരണയേയും ചരിത്രപരമായിത്തന്നെ തിരുത്താനും എൻ.വിക്കു കഴിഞ്ഞു. എൻ.വിക്കു ശേഷം ഓണത്തെയും മഹാബലിയേയും കുറിച്ച് കൂടുതൽ അന്വേഷണാത്മകവും എൻ.വി പഠനങ്ങളുടെ തുടർച്ച എന്നു പറയാവുന്നതുമായ നിരീക്ഷണം എൻ.ഗോപിനാഥൻ കേരളത്തനിമയിൽ അവതരിപ്പിച്ചിട്ടുള്ളതാണ് (2013: 82). ഓണവും മഹാബലിയും കൃത്യമായ ചരിത്രപഠനത്തിനു വിധേയമാകുന്നു. മാവേലിനാട് ഒരു ഐതിഹ്യമെന്നിരിക്കെ കേരളത്തിലെ ഭൂഭാഗങ്ങളെല്ലാം അതിൻകീഴിൽ വരുന്നു. അതിർത്തി നിർണയിക്കപ്പെട്ടിട്ടില്ലാത്ത മാവേലിനാട് ഐതിഹ്യമായി നിൽക്കുന്നു. ഓണാഘോഷത്തെക്കുറിച്ച് ശരിയായ അറിവൊന്നുമില്ലെങ്കിലും ഓണം ഇന്നും കേരളത്തിൽ ഗൃഹാതുരത്വമുണർത്തുന്ന ജനകീയോത്സവമാണ്. മഹാബലിയും പറമ്പുമല പാരിയും പുരോഹിതവർഗത്തിന്റെ അടിച്ചമർത്തലിനു വിധേയരായവരാണ് (2013:85). അതിനു കാരണം ഭൂമി രാജ്യാധിപത്യത്തിന്റെ ചിഹ്നമായി മാറിയതാണ്. ചതിപ്രയോഗങ്ങളിലൂടെ ഭൂമി നേടിയെടുക്കുന്നത് രാജ്യാതിർത്തി വികസിപ്പിക്കാനുള്ള അധികാര-ഭരണവ്യവസ്ഥയുടെ രാഷ്ട്രീയ നീക്കമാണ്. മഹാബലിയും പാരിയും അധികാരിയുടെ സ്വാർഥതാൽപ്പര്യത്തിനു ഇരയായവരാണ്. കേരളത്തിനുപുറത്തുള്ള പല സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ദീപാവലിയുടെയും ലക്ഷ്മീപൂജയുടെയും ഭാഗമായി ബലിയും ഓർമിക്കപ്പെടുന്നു.

ദ്രാവിഡദേശത്തിന്റെ പൊതുവായ ആഘോഷമായിരുന്ന ഓണം പിന്നീടുപിന്നീട് കേരളത്തിൽ

ഓണം എക്കാലത്തും ഒരു സാമൂഹികസ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്. എന്നാലും ഓണം കേരളത്തിന്റെ മാത്രം ആഘോഷമാണെന്ന ധാരണ മലയാളിയുടെ സ്വത്വബോധത്തിൽ മറഞ്ഞിരിപ്പുണ്ട്. ഓണം ദേശീയോത്സവമായി അംഗീകരിക്കുന്നതിനും മുമ്പ് മലയാളിയുടെ ബോധത്തെയും ധാരണയേയും ചരിത്രപരമായിത്തന്നെ തിരുത്താനും എൻ.വിക്കു കഴിഞ്ഞു.

മാത്രം തുടർന്നുപോന്ന എന്നും മഹാബലിയെക്കുറിച്ചുള്ള മിത്ത് അസീറിയയുടെ ചരിത്രത്തിൽനിന്ന് വ്യാപിച്ചതാണെന്നും ഉള്ള എൻ.വി.യുടെ കണ്ടെത്തലുകളെ പിൽക്കാല പഠിതാക്കൾ ശരിവെക്കുകയാണ് ചെയ്തിട്ടുള്ളത്. അതിലെ ചരിത്രവസ്തുതകളെക്കാൾ പ്രധാനമായി കാണേണ്ടത് മലയാളിയുടെ വിശ്വമാനവസങ്കൽപ്പത്തെയും അത് സ്വത്വബോധത്തിന്റെ ഭാഗമായി കൊണ്ടുനടക്കുന്നതിന്റെയും സാംസ്കാരികതലമാണ്. വൈലോപ്പിള്ളിക്കവിതയെ ഉദ്ധരിച്ചുകൊണ്ട് മലയാളിയുടെ സ്വത്വബോധത്തിലെ ഓണസങ്കൽപ്പത്തിന് ചരിത്രപരമായ അടിത്തറ നിർമിക്കുകയാണ് എൻ.വി. ചെയ്തതെന്നു കാണാം. കേരളപ്പിറവിക്കുമുമ്പേ മലയാളികൾ വ്യത്യസ്തരാജ്യക്കാരായി ചിതറിനിന്ന കാലത്ത് ഭാഷയെപ്പോലെ അത്തരം അതിർത്തികളെ മറികടന്നുകൊണ്ട് അവരെ ഒരുമിപ്പിക്കുന്ന മറ്റൊരു വികാരമായി ഓണത്തെ പ്രതിഷ്ഠിക്കുകയാണ് എൻ.വി. ഫലത്തിൽ ചെയ്തത്.



*വൈലോപ്പിള്ളി ശ്രീധരമേനോൻ*

## ഗ്രന്ഥസൂചി


1. കൃഷ്ണവാരിയർ.എൻ.വി., 1995, കലോത്സവം, കോഴിക്കോട്, പൂർണപബ്ലിക്കേഷൻസ്.
2. കുഞ്ഞൻപ്പിള്ള ഇളംകുളം, 1954, ഓണം ചരിത്രത്തിൽ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, സെപ്തംബർ
3. ഗോപാലകൃഷ്ണൻ, പി.കെ. 1975, കേരളത്തിന്റെ സാംസ്കാരികചരിത്രം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. ഗോപിനാഥപ്പിള്ള, എൻ. 2013. കേരളത്തനിമ, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
5. നാരായണൻകുട്ടി മേലങ്ങത്ത്, (വിവ) 2000. പത്തുപ്പാട്ട്, സംഘസാഹിത്യം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.
6. ബാലകൃഷ്ണപ്പിള്ള, കേസരി.എ 1984, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം.
7. രവിവർമ, കെ.ടി. 2001, ഋഗ്വേദം മുതൽ ഓണപ്പാട്ടുകാർ വരെ, ത്രിവിക്രമബലിമിത്തിന്റെ വികാസപരിണാമങ്ങൾ, കോട്ടയം, ഡി.സി. ബുക്സ്.
8. രഞ്ജിത്ത്കുമാർ.പി. 2006, ഓണാഘോഷത്തിന്റെ പുരാവൃത്തങ്ങളും അനുഷ്ഠാനങ്ങളും-ഒരു ഘടനാത്മക പഠനം, പി.എച്ച്.ഡി. തിസിസ്സ്, കാലിക്കറ്റ് സർവകലാശാല.



*(മേഘ്ന ആർ. - 8547942863)*



**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**പലിശയുടെ വേദപുസ്തകം**

**ഡോ.എം.നിസാറുദ്ദീൻ**

ഇസ്ലാമിക് ബാങ്കിങ്ങിന്റെ കാണാപ്പുറങ്ങൾ ചർച്ച ചെയ്യുന്ന വളരെ വ്യത്യസ്തമായ പുസ്തകം.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 360



*സക്കറിയ*

# അർഥങ്ങളുടെ ഏകലോചനം

ഡോ. ഇ. ബാനർജി





ആർദ്രവും സങ്കീർണവുമായ പ്രശ്നങ്ങളെ ആവിഷ്കരിക്കുന്ന ഘട്ടത്തിലും ഉന്നതമായ ഹാസ്യം സമകാലീന കഥകളിൽ സമാന്തര ധാരയായി സൃഷ്ടിക്കപ്പെടുന്നുണ്ട്. ചാക്യാരുടെ മൂന്നാം കണ്ണ് സമീപകാല കഥകളിൽ ദീപ്തമാകുന്നു. ആ സവിശേഷ ഭാവത്തെ 'ബൈഫോക്കൽ ഡയമൻഷൻ' എന്നു വിളിച്ചത് എൻ. എസ്. മാധവനാണ്. അദ്ദേഹമതിനെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്: 'ഒരു കണ്ണിൽക്കൂടി കാണുമ്പോൾ കിട്ടുന്ന മാനം ഒന്നു മാത്രമേയുള്ളൂ. അതിൽ രണ്ടുമാനം വരണമെങ്കിൽ രണ്ടു വീക്ഷണം വരണം. ഈ രണ്ടു വീക്ഷണവും ചേർന്ന് പരസ്പരപൂരകമാവുമ്പോൾ നമുക്ക് യാഥാർഥ്യം ലഭിക്കും. യാഥാർഥ്യത്തിന് എപ്പോഴും രണ്ടു വീക്ഷണങ്ങൾ വേണം. രണ്ടാം ഡയമൻഷൻ വരുന്നത്, പ്രസാദാത്മകത വരുന്നത് ഫണ്ണിലൂടെയാണ്. ഇത് ക്രിയാത്മകമായി വരണം. ഈ മൂന്നാമന്റെ കണ്ണ്, നമ്മുടേതല്ലാത്ത കണ്ണിൽക്കൂടി കാണുമ്പോൾ കിട്ടുന്നത് എന്താണോ, അതു ചിലപ്പോൾ കാരുണ്യമായിരിക്കാം അല്ലെങ്കിൽ ഫൺ ആയിരിക്കാം. ഇത് എഴുത്തുകാരന്റെ നെഗറ്റീവ് കേപ്പബിലിറ്റി എന്നു പറയും. മൂന്നാമത്തെ ആളുടെ കണ്ണിൽക്കൂടിയുള്ള കാഴ്ചയിൽ വ്യക്തി ഇല്ലാതാകുന്നു. വ്യക്തിപരമായ അന്വേഷണങ്ങളും. ഒരെഴുത്തുകാരന് മൂന്നാമന്റെ കണ്ണ് ആവശ്യമാണ്'. ഈയൊരു സവിശേഷാനുഭവം കഥകളിൽ പകർന്നു നൽകണമെങ്കിൽ എഴുത്തിന്റെ തഴക്കവും പ്രതിഭയുടെ ഗൂഢസാന്നിധ്യവും അനിവാര്യമാണെന്ന് പറയേണ്ടതില്ലല്ലോ. 'അർഥങ്ങളുടെ ഏകലോചനം' എഴുത്തിൽ അനുഭവപ്പെടുന്ന ദർശനമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അത് ഒരിക്കലും ബോധപൂർവം സൃഷ്ടിക്കാനാവില്ല. ജീവിതത്തെ ചരിത്രത്തോട് ചേർത്തു നിർത്തി ചിന്തിക്കുവാനും ജീവിതാസംബന്ധങ്ങളുടെ യാഥാർഥ്യത്തെ ഹാസ്യാത്മകമായി കാണാനുമുള്ള താൽപ്പര്യം കൂടിയുണ്ടാകണം. കഥയുടെ വാക്നിർമിതിയിൽ അനായാസമായി പ്രത്യക്ഷപ്പെടുകയും ദർശനത്തെ തീക്ഷ്ണസാന്നിധ്യമായി അനുഭവപ്പെടുത്തുകയും ചെയ്യുന്ന ഈ ശക്തിവിശേഷം വാസ്തവത്തിൽ പ്രതിഭയുടെ മൂന്നാംകണ്ണ് കൂടിയാണ്. ചില കഥകൾ പരോക്ഷമായ അത്തരം കാഴ്ചകളിലേക്ക് നമ്മെ നയിക്കാറുണ്ട്.

സക്കറിയയുടെ 'റാണി' എന്ന കഥയിൽ ചാക്യാരുടെ കണ്ണിന്റെ നോട്ടമുണ്ട്. ഇരുപത്തിനാലു വയസ്സ മാത്രമുള്ള റാണിക്ക് കടിഞ്ഞൂൽ പ്രസവം കഴിഞ്ഞ് തുടങ്ങിയ നടുവേദന മാറ്റാൻ ഒരു വൈദ്യത്തിനും കഴിയാത്തതുകൊണ്ടാണ് ഭർത്താവായ ഷാജി, ബേബി വൈദ്യന്റെ സഹായം തേടിയത്. റാണിയുടെ അവസ്ഥ കേട്ട് ഷാജിയുടെ വീട്ടിൽ വന്ന് ചികിത്സിക്കാനുള്ള സൗമനസ്യവും വൈദ്യൻ കാണിച്ചു. സൗകര്യത്തിനായി കുഞ്ഞിനെ അമ്മയുടെ വീട്ടിലുമാക്കി. വൈദ്യൻ റാണിക്ക് ആവികൊടുപ്പും തിരുമ്മും തുടങ്ങിയപ്പോൾ ഷാജി കൈക്കാരനായി സഹായിച്ചു നിന്നു. തിരുമ്മിന്റെ ഘട്ടങ്ങളിൽ ബ്രായും ജട്ടിയും ഊരുമ്പോൾ നാണിച്ച പെണ്ണിനെ 'ഊര് റാണി. എല്ലായിടത്തും തിരുമ്മാതെ പറ്റുമോ?' എന്നു ഷാജി സമാധാനിപ്പിക്കുന്നുണ്ട്. റാണി വൈദ്യന്റെ നിർദ്ദേശപ്രകാരം കൈകൾ പൊക്കുന്നു, കാലുകൾ അകത്തുന്നു, മടക്കുന്നു, ചെരിഞ്ഞു കിടക്കുന്നു, കമിഴ്ന്നും മലർന്നും കിടക്കുന്നു. വൈദ്യന്റെ വിരലുകൾ നാണമുള്ളിടത്ത് തൊടുമ്പോൾ അവളൊന്നു കുലുങ്ങും. ഷാജി പുഞ്ചിരിക്കും. കുറച്ച് കഷ്ടപ്പെടാതെ വേദന പോകുമോ മോളേ! സന്തോഷമോ സങ്കടമോ എന്നു തിരിച്ചറിയാൻ കഴിയാത്ത ഭാവത്തിൽ റാണി അതെല്ലാം ഏറ്റു വാങ്ങുന്നുമുണ്ട്.

വൈദ്യൻ പെട്ടെന്നാണ് ഒരാശങ്ക അറിയിച്ചത്. കുറച്ചുകൂടി കൂവളത്തില വേണം. താൻ കൊണ്ടു വരുന്ന മരുന്ന് തികയുന്നതാണെങ്കിലും ഇവിടെ അത്യാവശ്യമായിരിക്കുന്നു. അധികം മൂക്കാത്ത ഇല വേണം താനും. കുറച്ച് ദൂരെ കൂവളത്തില ഉണ്ടെങ്കിലും അവിടേക്ക് പോകാൻ ഷാജിയെ പ്രയാസപ്പെടുത്തുന്ന കാര്യം മറ്റൊന്നാണ്. ദാഹിച്ചാൽ ഒരു ഗ്ലാസ്സ് വെള്ളം പോലും കിട്ടാതെ വൈദ്യൻ ഒറ്റയ്ക്കായിപ്പോകുമല്ലോ എന്നോർത്താണ് ഷാജി വിഷമിച്ചത്. വൈദ്യൻ പുരുഷനും അവൾ സ്ത്രീയും നമ്മുടെ നാടും ഓർത്താൽ താനില്ലാതെ വൈദ്യനിനി തിരുമ്മാൻ മടിക്കുമോ എന്ന ആശങ്കയും ഷാജിക്കുണ്ട്. എന്നിട്ടും പ്രവാസിയായ കൂട്ടുകാരന്റെ വീട് ലക്ഷ്യമാക്കി ഷാജി ഓട്ടോയിൽ പായുന്നുണ്ട്. വളരെ സാഹസികമായിത്തന്നെ വിയർത്തു കുളിച്ച് കൂവളത്തില പറിക്കുകയും ചെയ്തു. പണ്ട് ചീട്ടു കളിച്ചിരുന്ന കൂട്ടുകാരന്റെ വീട്ടിലെ വരാന്ത കണ്ടപ്പോൾ ആ തൂണിൽ ചാരി ഇത്തിരി നേരമിരിക്കാൻ തോന്നി. കണ്ണുകളടച്ച് ഇരുന്നു. അപ്പോൾ കുറച്ചൊന്നു മയങ്ങി. നന്മതിന്മകളുടെ ചരിത്രസന്ധികളിലൂടെ അബോധമായി യാത്ര ചെയ്തു തിരിച്ചു ഭൂമിയിലെത്തിയപ്പോഴാണ് സമയം സന്ധ്യയായ കാര്യം ഷാജി അറിഞ്ഞത്. ഓടിപ്പാഞ്ഞു വീട്ടിലെത്തുമ്പോൾ തിരുമ്മ് കഴിഞ്ഞ് വൈദ്യൻ പോയിരുന്നു. കുളിച്ച് മുടി വിടർത്തിയിട്ട് ഭംഗിയുള്ള സാരിയണിഞ്ഞ് പുഞ്ചിരിച്ചു കൊണ്ടു നിന്ന ഭാര്യയെ കണ്ടിട്ടും ഷാജിക്ക് സമാധാനമുണ്ടായില്ല. നീ വൈദ്യന് ഒരു ചായയെങ്കിലും കൊടുത്തോയെന്ന് ഉൽക്കണ്ഠപ്പെടുകയാണ്.

ഉള്ള കൂവളത്തില കൊണ്ട് കാര്യം നടത്തിയെന്നും ഷാജി ഇല്ലാത്തതിൽ വൈദ്യൻ നന്നായി വിഷമിച്ചെന്നും റാണി അറിയിക്കുന്നുണ്ട്. താൻ ഇടയ്ക്ക് എണീറ്റുപോയി ഒരു ലൈം ടീ ഉണ്ടാക്കിക്കൊടുത്തു വെന്നു കേട്ടപ്പോഴാണ് ഷാജി ഒന്നു സമാധാനിച്ചത്. ഇപ്പോൾ നിന്റെ വേദന എങ്ങനെയുണ്ടെന്നു ചോദിക്കുമ്പോൾ 'റാണിയുടെ കണ്ണുകളിൽ മധുരമായ ഒരാലസ്യം നിറഞ്ഞു. അവൾ മുടി പകുത്ത് ഒരു വശത്തെ മാറിലേക്കിട്ടുകൊണ്ട് പറഞ്ഞു: ഓ, അത് പമ്പ കടന്നു'. ഓരോ വാക്കുകളിലും ഹാസ്യം നിറച്ച അനുഭവമാണ് കഥാകാരൻ ഒരുക്കിവെച്ചിരിക്കുന്നത്. യാഥാർഥ്യങ്ങളിലൂടെയും ഹാസ്യത്തിന്റെ അകമ്പടിയിൽ ചെന്നെത്തുന്ന അനുഭവങ്ങളിലൂടെയും ഒരു ലോകദർശനം കഥാകാരൻ അവതരിപ്പിക്കുന്നുണ്ട്. അനുഭവങ്ങളുടെ രണ്ടു യാഥാർഥ്യങ്ങളിലൂടെയാണ് ജീവിത ദർശനത്തെ രൂപപ്പെടുത്തിയിരിക്കുന്നതെന്നു കാണാം. ഈ ലോകം എത്ര നിഷ്കളങ്കമാണെന്ന ആരും കാണാത്ത യാഥാർഥ്യത്തെയാണ് ഇവിടെ ദീപ്തമാക്കിയിരിക്കുന്നത്. ആധുനിക വൈദ്യശാസ്ത്രത്തിന് കഴിയാത്ത അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന നാട്ടു വൈദ്യന്മാർ. അവരുടെ വീടിനു മുന്നിൽ ചികിത്സയ്ക്കെത്തിയവരുടെ വിലപിടിച്ച കാറുകളുടെ നിര. ഇതെല്ലാം ലോകജീവിതത്തിന്റെ നിഷ്കളങ്കതയെ ബോധ്യമാക്കുന്നുണ്ടല്ലോ.

സദാ പുഞ്ചിരിക്കുന്ന ചെറുപ്പക്കാരനും സുന്ദരനുമായ വൈദ്യനെ എത്ര നിഷ്കളങ്കനായാണ് ഷാജി കാണുന്നത്. താനില്ലെങ്കിൽ അയാൾ പെണ്ണിനെ തടവുമോയെന്നു പോലും സംശയിക്കുന്ന നിഷ്കളങ്കനായ ഭർത്താവ്. അത് എത്ര വേഗമാണ് വൈദ്യൻ തിരിച്ചറിഞ്ഞതും കൂവളത്തിലയ്ക്കായി ഓടിക്കുന്നതും. ലോകമറിഞ്ഞ് പണമെല്ലാം വാരിക്കൂട്ടിയ മനുഷ്യരുടെ വിലപിടിച്ച കാറുകൾ വീട്ടുമുന്നിലെത്തിക്കാനുള്ള തന്റെ വിജയം വൈദ്യരുടെ നിഷ്കളങ്കതയായിത്തന്നെ തിരിച്ചറിയണം. പെണ്ണിന്റെ ശരീരത്തിന്റെ അഴകളവുകളെല്ലാം ഭർത്താവിന്റെ മുന്നിൽവെച്ച് കൃത്യമായി മനസ്സിലാക്കിയ ഒരാൾക്ക് ഷാജിയുടെ നിഷ്കളങ്കത വേഗത്തിൽ തിരിച്ചറിയാനാകും. വേദന പമ്പ കടത്തിയ വൈദ്യന് ലൈംടീ കൊടുത്ത് അതിന്റെ ആലസ്യത്തിലും സന്തുഷ്ടിയിലും നിൽക്കുന്ന ഭാര്യയെ കണ്ടിട്ടും തനിക്കുവേണ്ടി കാത്തിരുന്നു മുഷിഞ്ഞ വൈദ്യനെയോർത്ത് വിഷമിക്കുകയാണ് ഷാജി. എത്ര നിഷ്കളങ്കരാണ് ചില മനുഷ്യർ എന്ന് കഥാകാരൻ ആശങ്കപ്പെട്ടതിന്റെ സദ്ഫലമാണ് 'റാണി'. എന്നാൽ ലോകം അത്ര നിഷ്കളങ്കമല്ലെന്നും നിഷ്കളങ്കർക്ക് അതൊരിക്കലും മനസ്സിലാകില്ലെന്നും പരോക്ഷ ധ്വനിയായി കടന്നുവരുന്നു. റാണി പേരുപോലെ യഥാർഥ പെണ്ണിന്റെ മിടുക്ക് അവസരോചിതമായി മനസ്സിലാക്കിയ പെണ്ണാണെന്ന തിരിച്ചറിവ് എത്ര പ്രസാദാത്മകമായാണ് കഥയിൽ നമ്മൾ അനുഭവിക്കുന്നത്. റാണി പ്രതിഭകൊണ്ട് തിളങ്ങിയ കഥയാണ്.



*വി.ജെ. ജയിംസ്*

കെ. രേഖയുടെ 'അവളാര്' എന്ന കഥയിലും ചാക്യാർച്ചിരി ഒളിപ്പിച്ച കാര്യം വായനക്കാർക്ക് കണ്ടെത്താവുന്നതേയുള്ളൂ. അത് അർഥങ്ങളുടെ ഏകലോചനമായി മാറുന്നതും മനസ്സിലാക്കാവുന്നതാണ്. ഉദ്യോഗസ്ഥയായ ഭാര്യയും രണ്ടു മക്കളുമടക്കം കൂട്ടത്തോടെ ആത്മഹത്യ ചെയ്യാനുള്ള തീരുമാനത്തിൽ സുഭാഷ് വേഗത്തിലെത്തിച്ചേർന്നതല്ല. ഒരുപാട് ആലോചനകൾക്കും ചിന്തകൾക്കും ശേഷമെടുത്ത തീരുമാനമാണ്. അതിനു കാരണം ഭാര്യയുടെ വലുപ്പമുള്ള രണ്ടു മുലകളായിരുന്നു. ജീവിതത്തിൽ ഭാര്യ കടന്നുവന്ന സമയം മുതൽ ഇരുപത്തിരണ്ടു വർഷത്തെ ജീവിതത്തിലുടനീളം ഭാര്യയുടെ മുട്ടൻ മുലകളെ പ്രതി സുഭാഷ് മാനസിക വേദനയനുഭവിക്കുകയാണ്. സക്കറിയയും ദിനകരനും ദിലീപ് നായരും രാജഗോപാലനെഴുത്തച്ഛനുമടങ്ങിയ സുഹൃത്തുക്കളാണ് സുഭാഷിന്റെ ജീവിതഭാഗധേയം നിശ്ചയിച്ചിരുന്നത്. എന്തിനുമേതിനും ഭർത്താവിന് ആശ്രയം ഈയുള്ളവർ മാത്രമാണെന്ന് ലതയ്ക്കും

**കെ. രേഖയുടെ 'അവളാര്' എന്ന കഥയിലും ചാക്യാർച്ചിരി ഒളിപ്പിച്ച കാര്യം വായനക്കാർക്ക് കണ്ടെത്താവുന്നതേയുള്ളൂ. അത് അർഥങ്ങളുടെ ഏകലോചനമായി മാറുന്നതും മനസ്സിലാക്കാവുന്നതാണ്. ഉദ്യോഗസ്ഥയായ ഭാര്യയും രണ്ടു മക്കളുമടക്കം കൂട്ടത്തോടെ ആത്മഹത്യ ചെയ്യാനുള്ള തീരുമാനത്തിൽ സുഭാഷ് വേഗത്തിലെത്തിച്ചേർന്നതല്ല.**




ഇരുകവികളും ബുദ്ധിപരമായി യുദ്ധതന്ത്രം മെനയുന്നത് ഒട്ടൊരു ആഹ്ലാദത്തോടെ വായനക്കാരന് കാണാൻ കഴിയും. രണ്ടുപേരും മാതൃകയാക്കുന്നത് പുഷ്കിനെയാണെന്നും അറിയാനാകും. കാമുകിയുടെ ജാരനു നേരെ തോക്കു ചൂണ്ടിനിന്ന പുഷ്കിൻ മില്ലി സെക്കന്റിന്റെ വ്യത്യാസത്തിൽ പിന്നിലായി വെടികൊണ്ട് നിർവാണം പ്രാപിച്ചു.

അറിയാവുന്ന സത്യമാണ്. ഇവരുടെ മദ്യപാന സദസ്സുകളിലെ പെരുമുല സന്ദേഹങ്ങളിലാണ് സുഭാഷ് തളർന്നുപോയത്. ദാമ്പത്യ ജീവിതത്തിന്റെ സന്ദിഗ്ധ ഘട്ടങ്ങളിലെല്ലാം വലിയ ചോദ്യചിഹ്നമായി ഭാര്യയുടെ മുലകൾ മാറിയിട്ടുണ്ടെന്ന് സുഭാഷ് തിരിച്ചറിയുന്നുമുണ്ട്.

കല്യാണം കഴിഞ്ഞുവന്ന സമയത്ത് സക്കറിയ ചോദിച്ചത് 'എങ്ങനെ എടുത്തു പെരുമാറുന്നെടോ ഇത്രേം വലിയ മൊല' എന്നാണ്. അവളാർക്ക് കൊള്ളാം നമുക്ക് ഗുണമൊന്നുമില്ലെടോ എന്നു പറഞ്ഞ് സുഭാഷ് ചിരിച്ച് ഒഴിയുന്നുണ്ട്. കുഞ്ഞു പിറന്നപ്പോൾ ദിനകരൻ പറഞ്ഞത് ഇങ്ങനെയാണ്: 'നിന്റെ പിള്ളേർക്ക് മൊലപ്പാലു കുടിച്ചു മടുക്കുമല്ലേ ....... അണക്കെട്ടു തുറന്നു വിട്ടപോലാകുമല്ലോ....... അമ്മാതിരി മൊലയല്ലേ നിന്റെ ഭാര്യയ്ക്ക്'. 'പിള്ളേർക്ക് ഓരോരോ പൊടി കലക്കിക്കൊടുക്കുകയാണ്. അവളാരെക്കൊണ്ട് ഒന്നിനും കൊള്ളത്തില്ലെന്നേ' എന്നു വീണ്ടും പെണ്ണിന്റെ നിഷ്ഫലത ചൂണ്ടിക്കാട്ടി തടിതപ്പി. വീട്ടുപണി തുടങ്ങിയ സമയത്ത് ദിലീപ് നായർ പറഞ്ഞതിതാണ്. 'തനിക്ക് ലോൺ കിട്ടാനോ എന്തെങ്കിലും കാര്യം സാധിക്കാനോ എന്താ പ്രയാസം. ഭാര്യയെ കൊണ്ടുപോയാൽ പോരെ. അവരുടെ മുല കണ്ടാൽ, അപ്പൊ കാര്യം നടക്കില്ലേ'. 'കൂടെക്കിടക്കുന്നവനല്ലേ രാപ്പനിയറിയൂ' എന്ന് ചിരിച്ചു തള്ളിയെങ്കിലും സുഭാഷിന്റെ ഹൃദയവേദന അഴക്കും ചലവുമായി ദാമ്പത്യത്തിൽ പെയ്തിറങ്ങി. ഒടുവിൽ അനാവശ്യം പറയാത്ത രാജഗോപാലനെഴുത്തച്ഛനും ദിവസങ്ങൾക്കു മുൻപ് പറഞ്ഞതിങ്ങനെ 'പണ്ടു കാലത്തെ മുലക്കരം, ഇന്നുണ്ടായിരുന്നെങ്കിൽ തന്റെ കുടുംബം കരം കൊടുത്തു മുടിഞ്ഞേനെ....' മുലക്കരത്തമാശയിൽ തരിച്ചിരുന്നുപോയ സുഭാഷിന് സമാധാനമെല്ലാം നഷ്ടപ്പെട്ടു. മുല മുറിച്ച് കളഞ്ഞാൽ പ്രശ്നം തീരുമോയെന്ന ഭാര്യയുടെ വേവലാതിക്കും അയാളെ സമാധാനിപ്പിക്കാനായില്ല.

മദ്യപാന സദസ്സുകളെല്ലാം ലതയുടെ പെരുമുല ചർച്ചയിൽ അവസാനിക്കുന്നത് കണ്ട് നിരാശപ്പെട്ട് ഇയാൾക്ക് ഈ ചർച്ചയൊന്ന് അവസാനിപ്പിച്ചുകൂടെയെന്ന് ഭാര്യ ചോദിക്കുന്നൊരവസരമുണ്ട്. ഭർത്താവിന്റെ മൗനം ചില കാര്യങ്ങൾ വെളിപ്പെടുത്തുന്നത് ലതയ്ക്കറിയാം. കിടപ്പറക്കഥകൾ അശ്ലീലമായി പങ്കുവയ്ക്കുന്നതിന്റെ രസം തന്റെ ഭർത്താവും അനുഭവിക്കുന്നുണ്ട്. കൂട്ടുകാരെ ഒഴിവാക്കാനാവാത്തവിധം തന്റെ ജീവിതത്തോട് അവർ ചേർന്നു നിൽക്കുന്നതും സുഭാഷിനെ മൗനിയാക്കുന്നുണ്ട്. ഇതൊന്നും ഇനിയും സഹിക്കാനാകാത്ത അവസ്ഥയിലാണ് ആത്മഹത്യക്ക് തയാറെടുത്തത്. വ്രണം ബാധിച്ച പട്ടിയെ കൊല്ലാനെന്നു പറഞ്ഞ് സ്വർണപ്പണിക്കാരന്റെ കയ്യിൽ നിന്ന് സുഭാഷ് സയനൈഡു വാങ്ങിക്കരുതുന്നു. 'കുട്ടികളോട് കാര്യം പറയേണ്ട. ഐസ്ക്രീമിലോ ബിരിയാണിയിലോ അവർക്കത് കൊടുത്താൽ മതി. ഞാൻ പറഞ്ഞല്ലോ നിങ്ങളെല്ലാം മരിച്ചെന്ന് ഉറപ്പാക്കിയിട്ടേ ഞാൻ മരിക്കൂ'. എന്നൊരൗദാര്യത്തിലാണ് കൂട്ടമരണം സുഭാഷ് ആസൂത്രണം ചെയ്തത്. നിന്റൊരു മൊല കാരണം ആണുങ്ങളു കൂടുന്ന ഒരു സദസ്സിലും അഭിമാനത്തോടെ നിൽക്കാൻ പറ്റുന്നില്ലെന്ന ആത്മസങ്കടം ഭാര്യയെ അറിയിക്കാനും മറക്കുന്നില്ല.

ഇത്ര വലിയ മുലയിൽ നിസ്സഹായയാകുന്ന ലതയും ചില നേരങ്ങളിൽ നിരാശപ്പെടുന്നുണ്ട്. പണ്ടു മുതൽ വലിയ മുലകൾ തന്റെ ആത്മാഭിമാനത്തെ നിസ്സാരമാക്കിയിട്ടുണ്ടെന്ന കാര്യം വേദനയോടെ അവൾ തിരിച്ചറിയുന്നുമുണ്ട്. സ്കൂളിൽ പഠിക്കുന്ന കാലത്ത് മാർക്കു കൂടുതൽ എപ്പോഴെങ്കിലും കിട്ടിയാൽ കൂട്ടുകാർ അർഥം വച്ച് മുലയിലേക്ക് നോക്കും. മാഷന്മാർ മാർക്ക് നൽകിയത് നിനക്കല്ല നിന്റെ മുലയ്ക്കാണെന്ന താൽപ്പര്യം. ഏതെങ്കിലുമൊരു കാര്യത്തിന് ഇളവോ സൗജന്യമോ കിട്ടിയാൽ പ്രതിസ്ഥാനത്ത് നിൽക്കുന്നത് അവളുടെ മുലയാണ്. തന്റെ ധർമസങ്കടം ഘനീഭവിച്ചുണ്ടായ കരിമ്പാറക്കെട്ടുകളാണീ മുലയെന്നു ലതയ്ക്കും തോന്നിയിരുന്നു. കുട്ടികൾക്ക് ഒരു തുള്ളി പാലുകൊടുക്കാൻ കഴിയാത്ത കണ്ണേറു തട്ടിയ ഈ വലിയ മുലകൾ സ്വന്തമെന്നു വിചാരിക്കാൻ പോലും ലതയ്ക്കാവുമായിരുന്നില്ല. അതുകൊണ്ടു വേണ്ടവിധം അതിനെ പരിപാലിച്ചുമില്ല. എന്നാൽ ഭർത്താവിന്റെ വേവലാതി മൂത്തപ്പോഴാണ് മുലയോട് ഒരു വാത്സല്യം തോന്നുന്നതും അതിനെ ഭംഗിയായി അലങ്കരിച്ച് മോടിപെടുത്തിയതും. അതിന്റെ പ്രശംസ പലരിൽ നിന്നും ലത ഏറ്റുവാങ്ങുന്നുമുണ്ട്.

മരിക്കേണ്ടുന്ന നിസ്സഹായമായ സാഹചര്യത്തെക്കുറിച്ചും ലത ചിന്തിക്കുന്നുണ്ട്. അമ്മയുടെ വലിയ മുലകൾ അച്ഛനെ അലട്ടുന്നതുകൊണ്ടാണ് കൂട്ടമായി മരിക്കാൻ പോകുന്നതെന്ന് കുട്ടികളെ അറിയിക്കാൻ കഴിയാത്ത നിസ്സഹായതയും അമ്മയെന്ന നിലയിൽ ലത മനസ്സിലാക്കുന്നു. നമ്മുടെ നാട്ടിൽ ഏറി വരുന്ന വർഗീയതയിലും ജാതിവിവേചനത്തിലും മനം മടുത്തു മരിക്കുന്നു എന്നെഴുതിവെച്ചാലോയെന്ന് ഹിന്ദുവാദിയായ ഭർത്താവിനെ ഞോടുന്നതിൽ രാഷ്ട്രീയവും കടന്നുവരുന്നു. 'സ്വന്തം ഭക്ഷണം തീരുമാനിക്കാൻ അവകാശമില്ല. ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും പേരിൽ കൊലപാതകം. പെൺകുട്ടികൾക്ക് സ്വതന്ത്രമായി ജീവിക്കാനാവാത്ത അവസ്ഥ' തുടങ്ങി നാട്ടിലെ മനുഷ്യാവസ്ഥയെ തുറന്നുകാട്ടിയിട്ട് 'മുലക്കരം കൊടുക്കാൻ പണം ഉണ്ടാകില്ലെന്ന് ഭയന്ന് ആത്മഹത്യ ചെയ്യുന്നു എന്നെഴുതിയാലോ'യെന്ന പരിഹാസത്തിന്റെ മുന കൂർപ്പിച്ച് ഭർത്താവിന്റെ നെഞ്ചിൽത്തറയ്ക്കുന്നുണ്ട്.

സുഭാഷിന്റെ മേലുദ്യോഗസ്ഥന്റെ പേരിട്ടു വളർത്തിയ ഇണങ്ങാത്ത പട്ടിക്ക് സയനൈഡ് കലർത്തിയ ഭക്ഷണം കൊടുത്തുകൊന്നെങ്കിലും, പ്രായത്തിന്റെ പാകതയറിയാത്ത, ലോകത്തെക്കുറിച്ച് ഒന്നുമറിയാത്ത നിഷ്കളങ്കരായ കുട്ടികളെ കൊല്ലാനെളുപ്പമാണെങ്കിലും അത് ഒരമ്മയുടെ വലിയ പരാജയമാണെന്ന് തിരിച്ചറിയുമ്പോഴാണ്, മുറിക്കകത്തു ഭർത്താവ് കടന്നയുടൻ വാതിൽ പുറത്തു

നിന്നു പൂട്ടിയത്. മുറിക്കകത്ത് ഒരു വന്യമൃഗത്തെപ്പോലെ മുരണ്ടുകൊണ്ട് ഭർത്താവ് നിൽക്കുമ്പോൾ അയാളുടെ നാലു കൂട്ടുകാരെയും വിളിച്ച് ഭാര്യമാരോടൊപ്പം ഉടൻ ഇവിടെയെത്തണമെന്ന് ലത അറിയിച്ചു. എന്നിട്ട് ഭർത്താവിനോട് സംസാരിച്ചു. അതിൽ നിന്നും എത്തിച്ചേരുന്നവരോട് അവൾ പറയാൻ പോകുന്ന കാര്യത്തിന്റെ ഏകദേശരൂപം മനസ്സിലാക്കി 'വൃത്തികെട്ടവളേ'യെന്നും 'കുരുത്തം കെട്ടവളേ'യെന്നും ക്ഷോഭിക്കുന്നുണ്ടെങ്കിലും ബഹളം കഴിഞ്ഞ് ശാന്തനാകുമ്പോൾ പട്ടിയെ സയനൈഡ് കൊടുത്ത് കൊന്നതിന് കേസു വരുമോയെന്ന അയാൾ ഭയപ്പെടുകയാണ്. അതുകേട്ട ഭാര്യ തലയറഞ്ഞു ചിരിക്കുന്നിടത്താണ് കഥയവസാനിക്കുന്നത്.

ലോകം പലപ്പോഴും സ്ത്രീയെ സ്ഥാനപ്പെടുത്തുന്നത് പ്രത്യക്ഷമായ മുലകളിലാണ്. മുലകൾ സ്ത്രീസ്വത്വത്തിന്റെ പ്രത്യക്ഷ അടയാളമാണ്. സ്ത്രൈണസത്തയുടെ സൗന്ദര്യത്തെ മുഴവനും ഒതുക്കുന്നത് പലപ്പോഴും ആ ഒരവയവത്തിലാണ്. സ്ത്രീയുടെ കഴിവുകളെയും സ്വത്വാഭിമാനങ്ങളെയും നിസ്തേജമാക്കാൻ പലപ്പോഴും ഉപയോഗിക്കുന്നതും മുലകളെയാണ്. അതിൽ അവളുടെ എല്ലാ മഹത്വങ്ങളും മാനങ്ങളും സത്തയും ഉള്ളടക്കുന്നു. അല്ലെങ്കിൽ മുലകളിൽ സ്ത്രീകളെ തളച്ചിടുന്നു. ഇതിന്റെ നേരനുഭവമാണ് ഹാസ്യത്തിന്റെ ചാന്ദ്രപ്രഭയിൽ കെ. രേഖ ആവിഷ്കരിച്ചത്. പേര് ലതയെന്നാണെങ്കിലും അതിൽ പടർന്നു കിടക്കുന്ന വലിയ മുലകൾ അവരുടെ കഴിവുകളെ ഇടിച്ചുകൊണ്ട് സ്ഥാനപ്പെടുന്നിടത്താണ് കഥ ഗൗരവമുള്ള അനുഭവമായി മാറുന്നത്. പഠിക്കുമ്പോൾ സഹപാഠികൾക്ക് അപഹസിക്കാനൊരു വസ്തു. കല്യാണപ്രായമെത്തുമ്പോൾ കൂട്ടുകാർക്ക് കളിയാക്കാനൊരു കാരണം. അതുകഴിയുമ്പോൾ പുരുഷന് പരിഹസിക്കാനൊരു കാഴ്ചപ്പണ്ടം. എന്നാൽ ലതയെ വിഷമിപ്പിച്ചത്, എല്ലാ പെണ്ണിന്റെയും ധാർമിക സങ്കടം ഉറഞ്ഞുകൂടിക്കല്ലിച്ച ഒരവയവത്തിന്റെ ഗതികേടോർത്താണ്. അത് സ്ത്രീകളുടെ മുഴവൻ ശാപവുമാണ്. സ്ത്രീയുടെ മഹത്വമറിയാത്ത പുരുഷനാണ് സ്ത്രീത്വത്തെ മറ്റുള്ളവർ പരിഹസിക്കുമ്പോൾ ചൂളിപ്പോകുന്നത്. തന്റെ ഭാര്യ കാഴ്ചവസ്തുവാകുന്നുവെന്ന ബോധം ജീവിതം കെടുത്താൻ മാത്രം വളരുന്ന അപകടത്തെ കഥ കാണിച്ചുതരുന്നു. അതിൽ പെണ്ണിനും കുട്ടികൾക്കും ഭാഗമാകേണ്ടി വരുന്നുവെന്ന ചിന്തയാണ് തന്റെ സ്വത്വത്തെ തിളയ്ക്കാൻ ലതയെ സഹായിച്ചത്. തന്റെ മുലയെ സ്നേഹിച്ചു തുടങ്ങുന്നത് സ്വന്തം സ്വത്വത്തിന്റെ മൂല്യം തിരിച്ചറിയുന്നതുകൊണ്ടാണ്. അവിടെയാണ് അഹന്തയും ദുരഭിമാനവും നിറഞ്ഞ പുരുഷനെ യാഥാർഥ്യം ഗ്രഹിപ്പിക്കാൻ തയാറായത്. സ്ത്രീയെ ലൈംഗികചരക്കായി മാത്രം മനസ്സിലാക്കിയ കൂട്ടുകാരെ അവരുടെ ഭാര്യമാരോടൊപ്പം ക്ഷണിച്ചത് സ്ത്രീയുടെ സത്തയും സത്യവും അതിന്റെ തനിമയിൽ അറിയിക്കാനാണ്. അതിന്റെ കാരുണ്യത്തിലാണ് അവൾ ചിരിച്ചു പോകുന്നത്. അർഥവത്തായ ആ ചിരിയാണ് കഥയെ തിളക്കി നിർത്തുന്നത്.



കെ. രേഖ

വി.ജെ. ജെയിംസിന്റെ 'വെടിവെപ്പ് മത്സരം' എന്ന കഥ ആക്ഷേപഹാസ്യത്തിന്റെ മറ്റൊരു വെടിക്കെട്ടാണ്. ചായക്കോപ്പയിലെ കൊടുങ്കാറ്റായി മലയാള കാവ്യലോകം കണ്ട പ്രാസവാദത്തിന്റെ പുനർ നിർമിതിയാണ് ഈ കഥ. അന്നും തർക്കങ്ങളുടെ ശൗര്യത്തിൽ നിന്നോ വാഗ്വാദങ്ങളുടെ വീറിൽ നിന്നോ നിയതമായ ഒരു തീർപ്പിലെത്താൻ പ്രാസവാദത്തിനു കഴിഞ്ഞിരുന്നില്ല. രക്തബന്ധങ്ങളുടെ മാന്യത തർക്കച്ചന്തയിൽ കളയാതിരിക്കാൻ മാത്രമുണ്ടായ വെടിനിർത്തൽ ആയിരുന്നു. പിന്നീടും അതിന്റെ ഫലശ്രുതിയെക്കുറിച്ച് പുതിയ തലമുറ തർക്കത്തിലേർപ്പെട്ടുകൊണ്ടിരുന്നു. പ്രാസത്തിൽ പണിതെടുത്ത വൃത്ത കവിതയാണോ ഇതെല്ലാം നിരാകരിച്ച ഗദ്യകവിതയാണോ കാവ്യത്തിൽ കേമം എന്നു തെളിയിക്കാൻ ഇരുകൂട്ടരും ഇന്നും ആവുംവിധം പോരിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. പഴയ പ്രാസവാദം പോലെ തന്നെ ഇരുകൂട്ടരും ഞങ്ങൾ ജയിച്ചുവെന്ന് അട്ടഹസിച്ചുകൊണ്ടുമിരിക്കുന്നു. സമകാലീന മലയാള കാവ്യത്തിന്റെ പുതുഭാവുകത്വത്തെ വിളംബരം ചെയ്യുന്ന ഈ സമയത്ത് പ്രസ്തുത വിഷയത്തെ കഥയുടെ പ്രമേയമായി സ്വീകരിച്ചുകൊണ്ട് ആക്ഷേപഹാസ്യത്തിന്റെ വിരുന്നൊരുക്കുകയാണ് വി. ജെ. ജെയിംസ്.

കവിയരങ്ങിനുശേഷമുള്ള പതിവു മധുപാന സദസ്സിൽവച്ചാണ് വൃത്തകവിതയെ ജീവനാക്കിയ കവി ഗുണശേഖരനും ദ്വിതീയാക്ഷരപ്രാസം മലയാളത്തിനു വേണ്ടെന്ന് മുറവിളികൂട്ടിയ ഗദ്യകവി അജാതശത്രുവും പോരിനിറങ്ങിയത്. അലക്സാണ്ടർ പുഷ്കിനെപ്പോലെ എതിരാളിയുമായി പരസ്പരം തോക്കുചൂണ്ടി വിധി നിശ്ചയിക്കാമെന്ന് ഇരുവരും തീരുമാനിക്കുകയാണ്. വരിയുടച്ച് സൂക്ഷ്മമുഖത കെടുത്തുന്ന ഗദ്യകവിതയുടെ നെഞ്ചു തുളച്ചൊരു വെടിയുണ്ട. പ്രതികരണശേഷിയും പേശീബലവുമില്ലാത്ത



> അതിനുശേഷമുള്ള ബോധപൂർവമായ പിൻമാറ്റങ്ങളിലാണ് അർഥരാഹിത്യത്തിന്റെ പൂർണത പ്രകടമാകുന്നത്. ആക്ഷേപഹാസ്യത്തിന്റെ ശരങ്ങൾ മർമങ്ങളിൽത്തന്നെ എയ്ത്തു തറപ്പിക്കാനുള്ള കഥാകാരന്റെ വിരുതാണ് 'വെടിവയ്പ്പ മത്സര'ത്തെ ചേതോഹരമാക്കുന്നത്.

വൃത്തകവിതയുടെ കഥകഴിക്കുമെന്ന് ഗദ്യകവി. അങ്കം കുറിക്കാൻ തോക്കെവിടെ എന്ന ദാർശനിക പ്രശ്നം ഇരുകവികളെയും ബാധിച്ചു. 'മലയാളത്തിലെ കവികൾക്കെല്ലാം തോക്കുപയോഗിക്കാനുള്ള ലൈസൻസ് കൊടുക്കണമെന്ന്" ആത്മവേദനയിൽ പിടഞ്ഞുകൊണ്ട് ഗുണശേഖര കവി പറഞ്ഞു. കഥയും കവിതയുമെഴുതി ഭാഷയെ അപമാനിച്ചിട്ടില്ലാത്ത വായനക്കാരന്റെ പ്രതികരണത്തിൽ സാഹിത്യപ്പോരിന്റെ വിധി തീർപ്പാക്കുന്നത് കാണാം. 'എന്തിന് കവികൾക്ക് മാത്രമാക്കണം? കഥാകൃത്തുക്കൾക്കും കൊടുക്കണം ലൈസൻസ്. പരസ്പരം അവർ തോക്കു ചൂണ്ടുന്നതോടെ വായനക്കാരായ ഞങ്ങടെ ജോലിഭാരം കുറയു'മെന്നാണ് അയാൾ കണ്ടെത്തിയത്. സാഹിത്യകാരന്മാർ പല പ്രകാരത്തിൽ അരങ്ങിലെത്തിക്കുന്ന വക്കാണത്തിന്റെയും വാഗ്വാദത്തിന്റെയും അവസാനവിധി എന്തായിരിക്കുമെന്ന ധ്വനിയാണ് വായനക്കാരൻ പങ്കുവെച്ചത്. അതിൽ സ്ഥാനപ്പെടുന്ന സഹൃദയന്റെ ക്ഷമ കളയരുതെന്ന താക്കീതാണ് രസിപ്പിക്കുന്നതെന്ന് കാണാം. വിമർശനം നിറയൊഴിക്കലാണെന്നും അതിനവകാശം വായനക്കാരനു മാത്രമാണെന്നും ബാക്കിയെന്തും അസംബന്ധമാണെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ആരാധകന്റെ ബ്രൈമൂർ എസ്റ്റേറ്റിൽ അടുത്ത ഞായറാഴ്ച തോക്കു കൊണ്ടു വിധി നിശ്ചയിക്കാൻ ഇരു കവികളും അങ്കം കുറിച്ചു. വാട്ടർ അതോറിറ്റി ജീവനക്കാരനായ പ്രാസകവി ഗുണശേഖരനും ഏജീസ് ഓഫീസ് ജീവനക്കാരനായ ഗദ്യകവി അജാതശത്രുവും സേവനവേതന അസമത്വത്തിന്റെ ഹുങ്കും ജാള്യതയും പുറത്തെടുത്തു. കേന്ദ്രത്തിന്റെയും സ്റ്റേറ്റിന്റെയും കാഴ്ചയുടെ വൈരുദ്ധ്യം കവിയരങ്ങുകളിലും അവർ ആഘോഷിച്ച്, ആരമുള്ള വൃത്തകവിതയും വൃത്തമടിച്ചു പരത്തിയ ചതുര കവിതയും ഇനിയാരെന്ന ഹുങ്കിൽ നിറഞ്ഞാടി. വൃദ്ധന്മാർ പഴയ ഉദ്ധാരണകാലം അയവിറക്കുന്ന പോലൊരു അവശകർമമാണ് വൃത്ത കവിതയെന്നും അതിനാൽ അത് വൃദ്ധകവിതയാണെന്നും അജാതശത്രു പരിഹസിച്ചു. എന്നാൽ ചുണ്ടു ചുവപ്പിച്ചും തുണിയുടെ സ്ഥാനം തെറ്റിച്ചും അശ്ലീലമായി വശീകരിക്കുന്ന ഒരഭിസാരികയാണ് ഗദ്യകവിതയെന്നു ഗുണശേഖരകവി പുച്ഛിച്ചു. കാലാകാലങ്ങളായി തീർപ്പാക്കാതെ കിടന്ന ഈ കൊലവിളികൾക്കാണ് തോക്കിൻ കുഴലിലൂടെ തീർപ്പാക്കാൻ അവസരം കൈവന്നത്. ഉണ്ടയുള്ള തോക്കും അത് പിടിക്കാനുള്ള ധൈര്യത്തിന് രണ്ടു കുപ്പിയും കൊണ്ടുവരണമെന്ന അപേക്ഷ നിവൃത്തിയാക്കാൻ ആരാധകനും സമ്മതിച്ച് ഞായറാഴ്ച കാണാനായി പിരിഞ്ഞു.

ഇരുകവികളും ബുദ്ധിപരമായി യുദ്ധതന്ത്രം മെനയുന്നത് ഒട്ടൊരു ആഹ്ലാദത്തോടെ വായനക്കാരന് കാണാൻ കഴിയും. രണ്ടുപേരും മാതൃകയാക്കുന്നത് പുഷ്കിനെയാണെന്നും അറിയാനാകും. കാമുകിയുടെ ജാരനു നേരെ തോക്കു ചൂണ്ടിനിന്ന പുഷ്കിൻ മില്ലി സെക്കന്റിന്റെ വ്യത്യാസത്തിൽ പിന്നിലായി വെടികൊണ്ട് നിർവാണം പ്രാപിച്ചു. വൺ, ടൂ, ത്രീ പറയുന്നതിനിടയിൽ ടൂ എത്തിയപ്പോൾ തന്നെ ജാരൻ വെടിവെച്ചതുകൊണ്ടാകാം അതു സംഭവിച്ചതെന്ന് ഗുണശേഖരൻ ചിന്തിക്കുന്നുണ്ട്. പ്രതിഭയെ വീഴ്ത്തി ജാരനെ ജയിക്കാൻ ഇനി അനുവദിക്കരുത്. അതുകൊണ്ട് ടൂ എത്തുമ്പോൾത്തന്നെ ഗദ്യകവിതയുടെ കഥ കഴിക്കണമെന്ന് മനസ്സിൽ നിശ്ചയിച്ചു. എന്നാൽ ടൂവിനു മുൻപു തന്നെ വെടിവെച്ചിടണമെന്ന് അജാതശത്രുവും മനസ്സിൽ കരുതുന്നു. നിർണായക സന്ധികളിൽ അധാർമികത ഒരു മറയായി ഉപയോഗിക്കാമെന്ന് മഹാഭാരതം പോലും വെളിപ്പെടുത്തുന്നുണ്ട് എന്ന സമാധാനത്തിൽ അയാൾ എത്തിച്ചേരുന്നു. മനസ്സിൽ ഈയൊരു തീരുമാനം വച്ചുകൊണ്ടാണ് ലോകനാർക്കാവിലമ്മയെ വിളിച്ച് സത്യം ചെയ്ത് പോര് കുറിച്ചത്. അങ്കക്കലിപൂണ്ട ഇരുകവികളും പരസ്പരം ചോരയ്ക്കായി ദാഹിച്ചുകൊണ്ട് ഞായറാഴ്ച കാത്തിരിക്കുന്നത് നമ്മൾ കാണുന്നുണ്ട്.

ബോധമനസ്സിൽ തോക്കുകണ്ടാൽ കവികൾ പേടിച്ചു മൂത്രമൊഴിക്കുമെന്ന അങ്കലാപ്പിൽ ആരാധകൻ യാത്രയ്ക്കിടയിൽ തന്നെ ഇരുവർക്കും ലഹരി പകർന്നു. ഏതാനും പെഗ്ഗകത്താക്കിയ ഗുണശേഖരൻ വടക്കൻ വീരഗാഥയിലെ ചന്തുവിന്റെ സംഭാഷണമോർമിപ്പിച്ചുകൊണ്ടാണ് അങ്കത്തിലേക്കടുത്തത്. "ഗുണശേഖരൻ പുഷ്കിനെ വീണ്ടുമോർമിച്ചു. പാവം, സത്യസന്ധനായിരുന്നു. ജീവനോളം പ്രണയിച്ചവൾ അയാളെ വഞ്ചിച്ചു. ത്രീ വരെ എത്താൻ നിൽക്കാതെ ടൂവിൽ വെച്ചേ നിറയൊഴിച്ച് ജാരനും വഞ്ചിച്ചു. തോൽവികൾ ഏറ്റുവാങ്ങാനായി ഇനിയൊരു കവിയുടെയും ജീവിതം ബാക്കിയാവരുത്". ഇവിടെയെല്ലാം ചിരിയിൽ നിറയാതിരിക്കാൻ വായനക്കാരന് പ്രയാസപ്പെടേണ്ടിവരും. ശീലിച്ചിട്ടില്ലാത്തതിനാൽ ആദ്യം പരിശീലന വെടിയായിരുന്നു. പണ്ടെന്നോ അയയിൽ തൂക്കിയിട്ട് വെയിലും മഴയുമേറ്റ് നിറംകെട്ട ഒരു അടിവസ്ത്രത്തിലേക്കാണ് നിറയൊഴിക്കാൻ നിർദേശിച്ചത്. അജാതശത്രു നിറതോക്ക് പിടിച്ച് ഏകാഗ്രമായി വെടിവെച്ചു. വെടിപൊട്ടിയതും എന്റമ്മോ എന്നു നിലവിളിച്ച് വായനക്കാരൻ തുടയിട്ടക്ക് പൊത്തിപ്പിടിച്ചുകൊണ്ട് വിറയ്ക്കുകയാണ്. അൽപ്പം പാളിയതുകൊണ്ടുമാത്രം വായനക്കാരന്റെ പ്രത്യുൽപ്പാദന ക്ഷമതയ്ക്ക് കേടുപറ്റിയില്ല. വരിയുടയാതെ രക്ഷപ്പെട്ടതിന്റെ ആഹ്ലാദം വായനക്കാരനു വലുതായിരുന്നു. കവികളുടെ തർക്കത്തിൽ കേടുപറ്റാൻ സാധ്യതയുള്ളത് വായനക്കാരന്റെ അവയവങ്ങൾക്കാണെന്നും കൂടി ധ്വനിക്കുന്നുണ്ടിവിടെ. രണ്ടാമത്തെ വെടി കൃത്യമായി ഷഡ്ഡി തുളച്ചുകൊണ്ടുതന്നെ പോയി.


ഗുണശേഖരൻ ആദ്യവെടിക്കു തന്നെ അടിവസ്ത്രത്തിന്റെ പ്രസക്തഭാഗം ചിന്നിച്ചു കളഞ്ഞു. ഉന്നം നോക്കിയപ്പോൾ തന്നെ അതൊരു സ്ത്രീ ഉണക്കാനിട്ട് എടുക്കാൻ മറന്നുപോയ പാന്റീസാണെന്ന് പറഞ്ഞ് ആരാധകനു നേരെയും വെടിവച്ചു. എസ്റ്റേറ്റിൽ ഒരു സ്ത്രീ വന്നതിന്റെയും പാന്റീസ് എടുക്കാൻ മറന്നതിന്റെയും പിന്നിലെ നിഗൂഢത ഒരു ചിന്തയാ

യി അവതരിപ്പിച്ച് തന്റെ ക്രാന്തദർശിത്വത്തിന് അടിവരയിട്ടു. എസ്റ്റേറ്റെന്നു പറഞ്ഞപ്പോൾ 'അട വെടിവെപ്പു വീരാ' എന്ന് ആരാധകനെ അഭിസംബോധന ചെയ്യുമ്പോഴും കവിയുടെ ക്രാന്തദർശിത്വം ആർക്കും ശ്രദ്ധിക്കാനേ കഴിഞ്ഞില്ല. 'വെടിവച്ച് മരിക്കാൻ തുടങ്ങുമ്പോഴും മണം പിടിക്കാനുള്ള ആവിരുതി'നെ ശ്ലാഘിച്ചു കൊണ്ട് കവിയെ ആരാധകൻ പുകഴ്ത്തുന്നുമുണ്ട്. എങ്കിലും പാലായിൽ നിന്ന് ബി.എം. ഡബ്ല്യുവിൽ എസ്റ്റേറ്റിലെത്തിച്ച ലവള് അതെങ്ങനെ മറന്നുവെന്ന ചിന്തയിൽ അൽപ്പനിമിഷം ആരാധകൻ സന്ദേഹിക്കുന്നുമുണ്ട്. കണക്കു പറഞ്ഞു വാടക വാങ്ങിയ പാന്റീസ് തന്നെയാണ് കവികൾക്ക് ഉന്നം പിടിക്കാനുള്ള അനുയോജ്യ വസ്തുവെന്ന് അയാൾ സമാധാനിക്കുകയും ചെയ്യു.

കാലങ്ങളായി വിധിയാകാതെ കിടന്ന തർക്കത്തിന് ഒറ്റത്തവണ തീർപ്പാക്കലിനായി കവികൾ തീപാറുന്ന നോട്ടമയച്ച് സൂചനയ്ക്കായി കാത്തുനിൽക്കുന്നു. മനക്കട്ടിയില്ലാത്ത വായനക്കാരൻ ആർക്കു റീത്തുവയ്ക്കുമെന്നോർത്താണ് ആധിപ്പെട്ടത്. സന്ധി സംഭാഷണത്തിനോ പിൻമാറ്റത്തിനോ യാതൊരു സാധ്യതകളുമവശേഷിക്കാതെ മദ്യലഹരിയിലെങ്കിലും ഇന്ദ്രിയങ്ങളടക്കി അപരനെ വെടിവെച്ചിടാൻ ജാഗ്രതയോടെ നിന്ന കവികൾക്ക് ആരാധകൻ അവസാന വിസിൽ കൊടുത്തു. എന്നാൽ ത്രീ പറയുന്നതിനു മുമ്പുതന്നെ രണ്ടു തോക്കുധാരികളും കാഞ്ചിവലിച്ച് ആർത്തനാദം മുഴക്കി. വെടിപൊട്ടാത്തതിൽ ആധിപ്പെട്ടു വീണ്ടും വീണ്ടും കാഞ്ചിവലിക്കുന്ന കവികളെ നോക്കി ആരാധകൻ ഒരു വെടക്കു ചിരി പൊട്ടിച്ചപ്പോഴാണ് അതുവരെ തുടയിടുക്ക് മറച്ച കൈയെടുത്ത് വായനക്കാരൻ വാപൊത്തിച്ചിരിച്ചത്. കവികളുടെ ഇളിഭ്യതയിൽ വായനക്കാർ ചില സന്ദേഹങ്ങളിൽ എത്തുന്നുണ്ട്. ഒരാൾ ആദ്യം രണ്ടു വെടിയുതിർത്തപ്പോൾ മറ്റേയാൾ പരിശീലനത്തിന് ഒരു വെടിയേയുതിർത്തുള്ളൂ. ഓരോ തോക്കിലും എത്രയുണ്ടയാണ് നിറച്ചതെന്നും എന്തുണ്ടതം കൊണ്ടാണ് തോക്കിൽ നിറയൊഴിഞ്ഞതെന്നുമുള്ള സന്ദേഹങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ വായനക്കാരനെ കഥ രസിപ്പിക്കുന്നു. തിരിച്ച് ചോദ്യങ്ങൾ കഥ ആവശ്യപ്പെടാത്തതുകൊണ്ടുതന്നെ ആശയങ്ങളിലേക്ക് തിരിയേണ്ടതും ഒരനിവാര്യതയാണ്.


ആരാണ് വലുതെന്ന് നിശ്ചയിക്കാനുള്ള എല്ലാ യുദ്ധങ്ങളും സമരങ്ങളും അസംബന്ധമാണെന്ന് ചരിത്രം വൃത്തിയായി പറഞ്ഞു തരുന്നുണ്ട്. ഗദ്യകവിതയെന്നും വൃത്ത കവിതയെന്നുമൊക്കെയുള്ള വേർതിരിവുകളും അതിനുവേണ്ടിയുള്ള വാഗ്വാദങ്ങളും അതിലും വലിയ അസംബന്ധമാണെന്ന് ഈ കഥ തിരിച്ചറിയുന്നുണ്ട്. അതെല്ലാം ഉണ്ടയില്ലാവെടിയായിക്കാണാനുള്ള സഹൃദയത്വം വായനക്കാരനുണ്ടെന്ന സത്യം തന്മയത്വത്തോടെയാണ് ആവിഷ്കരിച്ചത്. ഇങ്ങനെയുള്ള അസംബന്ധസമരങ്ങളെക്കുറിച്ച് ആലോചിക്കാനുള്ള വിവേകം പ്രകടിപ്പിക്കാത്ത എഴുത്തുകാരെ കണക്കിന് പരിഹസിക്കുന്നുമുണ്ട്. ആശയത്തിന് ഉറപ്പും സാംഗത്യവുമുണ്ടെങ്കിൽ മാത്രമേ അതിനൊരു സമര രീതിയാകാൻ കഴിയുകയുള്ളൂ. എന്നാൽ പരിഹാരത്തിന് പരസ്പര പോരാട്ടമല്ല പോംവഴിയെന്ന് പരിണത പ്രജ്ഞനായി കഥാകൃത്ത് സ്ഥാപിച്ചിരിക്കുന്നു. ഇത് സമകാലിക രാഷ്ട്രീയത്തെക്കൂടി ആന്തരികമായി ആവിഷ്കരിക്കുന്നുണ്ട്. കേന്ദ്രവും സ്റ്റേറ്റും തമ്മിലുള്ള ആശയഭിന്നത ഉണ്ടയില്ലാവെടിയായി പൊട്ടുന്നതിന്റെ അസംബന്ധം കഥയിൽ വ്യഞ്ജിക്കുന്നുണ്ട്. അതിരടയാളങ്ങൾക്കുവേണ്ടി പോരാടി ജീവൻ കളയുന്ന പട്ടാളക്കാരുടെ രക്തസാക്ഷിത്വത്തെ ഉജ്ജ്വലമാക്കുന്ന രാജ്യങ്ങൾ തങ്ങളിലുള്ള സമരങ്ങളും വെടിവെപ്പും എത്ര അർഥശൂന്യമാണെന്ന് കഥ ഭംഗിയായി വെളിപ്പെടുത്തുന്നു. അതിനുശേഷമുള്ള ബോധപൂർവമായ പിൻമാറ്റങ്ങളിലാണ് അർഥരാഹിത്യത്തിന്റെ പൂർണത പ്രകടമാകുന്നത്. ആക്ഷേപഹാസ്യത്തിന്റെ ശരങ്ങൾ മർമങ്ങളിൽത്തന്നെ എയ്തു തറപ്പിക്കാനുള്ള കഥാകാരന്റെ വിരുതാണ് 'വെടിവയ്പ്പ മത്സര'ത്തെ ചേതോഹരമാക്കുന്നത്.

*(ഡോ. ഇ. ബാനർജി - 9446080968)*




**അതിരടയാളങ്ങൾക്കു വേണ്ടി പോരാടി ജീവൻ കളയുന്ന പട്ടാളക്കാരുടെ രക്തസാക്ഷിത്വത്തെ ഉജ്ജ്വലമാക്കുന്ന രാജ്യങ്ങൾ തങ്ങളിലുള്ള സമരങ്ങളും വെടിവെപ്പും എത്ര അർഥശൂന്യമാണെന്ന് കഥ ഭംഗിയായി വെളിപ്പെടുത്തുന്നു.**


## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




**മൂലകങ്ങളുടെ കഥ**
**ഡോ. സി.പി. ശ്രീകണ്ഠൻ നായർ**

ആദിമയുഗം മുതൽ ശാസ്ത്രം കൈവരിച്ച നേട്ടങ്ങളും അതിലൂടെ മൂലകങ്ങളുടെ കുടുംബത്തിലെ സ്വഭാവസവിശേഷതകളും വ്യക്തവും ലളിതവുമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ശാസ്ത്രഗ്രന്ഥം

₹ 110




# ഫെമിനിസത്തിന്റെ സജീവതയും ഇന്റർനെറ്റിന്റെ സാങ്കേതികരാഷ്ട്രീയവും

**അഞ്ജന മേനോൻ**

സ്ത്രീയുടെ ജീവിതവും അവളുടെ ശരീരവും ചരിത്രപരമായി അതിരുകളാൽ നിർവചിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻ പശ്ചാത്തലത്തിൽ, അഭികാമ്യമായ സ്ത്രീയുടെ ശരീരം സാംസ്കാരികമായി ക്രോഡീകരിക്കപ്പെട്ടതും സാമൂഹികമായി അംഗീകരിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ആലേഖനം ചെയ്ത ഇടമാണ്. ശരീരം തീവ്രമായി വ്യക്തിപരമാണെങ്കിലും, അതിന്റെ പ്രകടനം സാമൂഹികബന്ധങ്ങൾ, ലിംഗഭേദം, പ്രായം, വർഗം, വംശം എന്നിവയെ സ്വാധീനിക്കുന്ന അതേ വേരിയബിളുകളാൽ രൂപപ്പെട്ടതാണ്. പെൺകുട്ടികളുടെ സാമൂഹികവൽക്കരണം സങ്കീർണമായ ഒരു പ്രക്രിയയാണ്, ഇതിന്റെ പ്രധാന ലക്ഷ്യം പെൺകുട്ടികളിൽ സ്വന്തം സ്വത്വത്തെ നിഷേധിക്കുന്നതും സ്വയം നിരസിക്കുന്നതും ഉൾപ്പെടെയുള്ള 'ഉചിതമായ' പെരുമാറ്റച്ചട്ടങ്ങൾ വളർത്തിയെടുക്കുകയും, അവരുടെ ജീവിതത്തെ പ്രാഥമികമായി മറ്റുള്ളവർക്കുള്ള സേവനത്തിന്റെ അടിസ്ഥാനത്തിൽ കാണാൻ പരിശീലിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഇത്തരത്തിൽ സ്ത്രീയുടെ ശരീരം തുടർച്ചയായി സാമൂഹിക പ്രതീക്ഷകൾക്ക് അനുയോജ്യമാക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു; കടുത്ത അവകാശ നിഷേധത്താൽ അവളുടെ ശാരീരിക സമഗ്രത നിരന്തരം ലംഘിക്കപ്പെടുന്നു (Mathur, 2008, p. 55).

സ്ത്രീകളെ അവരുടെ ശരീരം കൊണ്ട് തിരിച്ചറിയുന്നത് പുരുഷാധിപത്യ സംസ്കാരത്തിൽ അടിച്ചമർത്തലിന്റെ മൂലകാരണമായി മാറുന്നു. പുരുഷാധിപത്യം അസഹനീയമായപ്പോൾ, പോരിനിറങ്ങുകയും ശബ്ദമുയർത്തുകയും ചെയ്ത സ്ത്രീകൾ നമുക്ക് ഇന്ന് അപരിചിതരല്ല. അവർക്കായി നിശ്ചയിച്ചിരിക്കുന്ന അതിരുകൾ തുടർച്ചയായി ലംഘിച്ചുകൊണ്ടാണ് അവർ മുന്നേറിയത്. പതിറ്റാണ്ടുകളായി ശരീരത്തെക്കുറിച്ചുള്ള ധാരണയിലെ പോരാട്ടങ്ങളെയും മാറ്റങ്ങളെയും ഇവരുടെ മുന്നേറ്റങ്ങൾ കൈകാര്യം ചെയ്യുന്നു. അത്തരം അതിരുകൾ പൊതു/സ്വകാര്യ ഇടങ്ങളിൽ മാത്രമല്ല, ഓൺലൈനിലും ഓഫ്‌ലൈനിലും ഒരേസമയം ശക്തമായി തന്നെ നിലകൊള്ളുന്നു. സമീപകാലങ്ങളിൽ രാജ്യത്തുടനീളമുള്ള സ്ത്രീകൾ "നല്ല സ്ത്രീ" എന്ന സാമൂഹിക അതിരുകൾക്കപ്പുറത്ത് തങ്ങളുടെ ഇടങ്ങൾ സ്വന്തമാക്കാനുള്ള ആഗ്രഹം പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്. ഇവരെ നമ്മൾ ഫെമിനിസ്റ്റ് എന്ന് അഭിസംബോധന ചെയ്യു.

ഫെമിനിസം ഒരു ഏകീകൃത സങ്കൽപ്പമല്ല, മറിച്ച് വൈവിധ്യമാർന്നതും ബഹുതലങ്ങളുള്ളതും സങ്കീർണവും പലപ്പോഴും വൈരുധ്യാത്മകവുമായ ആശയങ്ങളുടെ ഒരു ബഹുസ്വര സംയോജനമാണ്. ഫെമിനിസം ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് വിവിധ സമീപനങ്ങളുണ്ട്, അതിനാൽ ഏതെങ്കിലും ഒരു നിർവചനത്തിലൂടെ മാത്രം ഫെമിനിസം എന്ന ആശയത്തെ മനസ്സിലാക്കുക എന്നത് സാധ്യമല്ല. വിശാലമായ അർഥത്തിൽ ഫെമിനിസം എന്നത്


> ഫെമിനിസം ഒരു ഏകീകൃത സങ്കൽപ്പമല്ല, മറിച്ച് വൈവിധ്യമാർന്നതും ബഹുതലങ്ങളുള്ളതും സങ്കീർണവും പലപ്പോഴും വൈരുധ്യാത്മകവുമായ ആശയങ്ങളുടെ ഒരു ബഹുസ്വര സംയോജനമാണ്

“കുടുംബത്തിലും ജോലിസ്ഥലത്തും പൊതുവേ സമൂഹത്തിലും സ്ത്രീകളുടെ അധ്വാനം, പ്രത്യുൽപ്പാദന ക്ഷമത, ലൈംഗികത എന്നിവയുടെ പുരുഷാധിപത്യ നിയന്ത്രണം, ചൂഷണം, അടിച്ചമർത്തൽ എന്നിവയെക്കുറിച്ച് ഭൗതികവും പ്രത്യയശാസ്ത്രപരവുമായ തലങ്ങളിലുള്ള അവബോധവും, നിലവിലെ സാഹചര്യം മാറ്റിമറിക്കാൻ സ്ത്രീകളുടെയും പുരുഷന്മാരുടെയും ബോധപൂർവമായ പ്രവർത്തനവുമായി” കണക്കാക്കാം (Bhasin & Khan, 1986). ലളിതവും വിശാലവുമായ ഈ നിർവചനമനുസരിച്ച്, ലിംഗ വിവേചനത്തിന്റെയും പുരുഷാധിപത്യത്തിന്റെയും അസ്തിത്വം തിരിച്ചറിയുകയും അതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയും ചെയ്യുന്ന ഏതൊരുവനും (സ്ത്രീയോ പുരുഷനോ) ഒരു ഫെമിനിസ്റ്റാണ് (Bhasin & Khan, 1986).

മുൻകാലങ്ങളിൽ ഫെമിനിസ്റ്റുകൾ സമൂഹത്തിൽ നിയമപരമായി തുല്യമായ സ്ഥാനത്തിനും, നിയമ പരിഷ്കാരങ്ങൾക്കുമായി പോരാടി. അവരുടെ പോരാട്ടങ്ങൾ പ്രധാനമായും വീടിനും കുടുംബത്തിനും പുറത്തായിരുന്നു. പുരുഷാധിപത്യത്തെ, സ്ത്രീകളുടെ കീഴ്‌വഴക്കങ്ങളെ ശാശ്വതമാക്കുന്ന ഒരു വ്യവസ്ഥയായി അവർ നോക്കിയിരുന്നില്ല (Bhasin & Khan, 1986). എന്നാൽ ഇന്ന്, ഫെമിനിസം വിശകലനത്തിന്റെ ഒരു മാതൃകയായി, നിലപാടായി, സ്ത്രീയുടെ വീക്ഷണകോണിൽ നിന്ന് ലോകത്തെ നോക്കുന്ന രീതിയായി മാറിയിരിക്കുന്നു. ഗവണ്മെന്റ് നയങ്ങൾ, ജനകീയ സംസ്കാരം, നടപ്പുരീതികൾ എന്നിവയെ ചോദ്യം ചെയ്യുകയും പ്രത്യയശാസ്ത്രപരവും സ്ഥാപനപരവുമായ സമ്പ്രദായങ്ങൾ സ്ത്രീകളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന ചിന്തയും ഈ ആശയധാര ഉയർത്തുന്നു (Price, 2009).

21-ാം നൂറ്റാണ്ടിലെത്തിനിൽക്കുന്ന ചരിത്രപരമായ ഫെമിനിസ്റ്റ് പോരാട്ടം അതിന്റെ ശ്രദ്ധ നിയമപരമായ സമത്വത്തിൽ നിന്ന് സ്ത്രീ നിത്യേന നേരിടുന്ന വിവേചനങ്ങളിലേക്ക് മാറ്റി. സ്ത്രീകളുടെ ഇടങ്ങളെ അടയാളപ്പെടുത്തുന്ന അതിരുകൾ ചോദ്യം ചെയ്യാനും പൊളിച്ചെഴുതാനുമുള്ള ശ്രമങ്ങൾക്ക് വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു 'ഗ്ലോബൽ' സ്വഭാവവും കൈവരിച്ചു. ഇതോടെ സ്ത്രീകളുടെ ശരീരത്തെക്കുറിച്ചുള്ള ധാരണകളിലും ചിത്രീകരണങ്ങളിലും, ശരീരത്തിന്റെ മേലുള്ള നിയന്ത്രണ സങ്കൽപ്പങ്ങളിലും, സ്ത്രീകൾ നേരിടുന്ന ശാരീരിക അരക്ഷിതത്വത്തിന്റെയും ദുർബലതയുടെയും തലങ്ങളിലും, പോരാട്ടങ്ങളിലും, കാര്യമായ പരിവർത്തനം ഇന്ത്യ കണ്ടു. എന്നിരുന്നാലും ഈ മാറ്റങ്ങൾ പൊതുസമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം പൂർണമായും തൃപ്തികരമോ ഏകതാനമോ ആയിട്ടില്ല.

സ്ത്രീ ശരീരങ്ങൾ എന്നും തീവ്രമായ ചർച്ചകളുടെ വേദിയാണ്. ഇന്ത്യൻ സാഹചര്യത്തിൽ, സ്ത്രീകളെ ചോദ്യം ചെയ്യുന്ന മനോഭാവം, എക്കാലവും നിലവിലുണ്ടെന്ന് വി. ഗീത നമ്മെ ഓർമിപ്പിക്കുന്നു (Geetha, 2009). കന്യകാത്വവും പവിത്രതയും ‘സദ്ഗുണങ്ങളാണ്’, അവ പെൺകുട്ടികളുടെ സാമൂഹിക വൽക്കരണ മാതൃകയുടെ ഭാഗമായി വേരൂന്നിയതാണ്. ഒരു ‘നല്ല സ്ത്രീ’ എന്ന പ്രതിച്ഛായ ഇപ്പോഴും കുടുംബത്തിന്റെ ബഹുമാനം ഉയർത്തിപ്പിടിക്കുകയും സ്വകാര്യ ഡൊമെയ്നിൽ നിലനിൽക്കുന്ന ‘നിശ്ശബ്ദതയുടെ സംസ്കാരം’ നിലനിർത്തുകയും ചെയ്തുപോരുന്നു. (Mathur, 2008, p. 55).



ഇന്ത്യയിലെ ഫെമിനിസത്തിന്റെ നവതരംഗം, കൂടുതലും സോഷ്യൽ മീഡിയയുടെ നേതൃത്വത്തിലുള്ള ഒരു സമഗ്ര പ്രസ്ഥാനമാണ്, അത് സ്ത്രീസ്വാതന്ത്ര്യവും സാമൂഹികനീതിക്കായുള്ള വിശാലമായ ആഹ്വാനവുമായി സമന്വയിക്കുന്നു. ടെക്ക് യുഗത്തിലേക്ക് ഇന്ത്യ ആവേശത്തോടെ പ്രവേശിക്കുമ്പോൾ അത് വിശാലവും വൈവിധ്യപൂർണവുമായ ആക്ടിവിസത്തെ സ്വീകരിച്ചു. സമൂഹം ഫെമിനിസത്തിന്റെ നാലാമത്തെ തരംഗത്തിലേക്ക് പ്രവേശിച്ചതിനാൽ അതിന്റെ കാഴ്ചപ്പാടിൽ കാര്യമായ മാറ്റം സംഭവിച്ചു.

യഥാർഥ സാമൂഹിക ഘടനകളുടെയും പവർ ഡൈനാമിക്സിന്റെയും സാങ്കേതിക സവിശേഷതകളും മാനദണ്ഡങ്ങളും സൈബർസ്പേസിലും ഉൾച്ചേർന്നിരിക്കുന്നു. അതിനാൽ, അതിന്റെ ഭൂപ്രകൃതി ഭാഗികമായി നോൺ-ഇലക്ട്രോണിക് സ്പെയ്സിലൂടെ നെയ്തെടുക്കുന്നു. സൈബർ കൾച്ചറുകൾ ഒരു വലിയ പരിധിവരെ പുല്ലിംഗമായി രൂപപ്പെട്ടിട്ടുണ്ടെന്ന് മുൻകാല പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിനർഥം, ശക്തി, മത്സരം, ശ്രേണി എന്നിവ ഇലക്ട്രോണിക് സ്പെയ്സിൽ ആലേഖനം ചെയ്യുകയും വേൾഡ് വൈഡ് വെബിന്റെ ഉപയോഗങ്ങളെ രൂപപ്പെടുത്തുകയും ചെയ്യുന്നു എന്നാണ്. പുരുഷസംസ്കാരങ്ങളും അധികാരശ്രേണികളും പുനർനിർമിക്കുമ്പോൾ പോലും, സൈബർസ്പേസ് സ്ത്രീകളെ പുതിയ തരത്തിലുള്ള സംവാദങ്ങളിൽ

ഇന്ത്യയിലെ ഫെമിനിസത്തിന്റെ നവതരംഗം, കൂടുതലും സോഷ്യൽ മീഡിയയുടെ നേതൃത്വത്തിലുള്ള ഒരു സമഗ്ര പ്രസ്ഥാനമാണ്, അത് സ്ത്രീസ്വാതന്ത്ര്യവും സാമൂഹികനീതിക്കായുള്ള വിശാലമായ ആഹ്വാനവുമായി സമന്വയിക്കുന്നു.




ഏർപ്പെടാൻ പ്രാപ്തരാക്കുന്നു.

സൈബർസ്പേസിന്റെ വ്യാപകമായ ഉപയോഗം, ആഗോള വ്യാപ്തിയുള്ള ഡിജിറ്റൽ ലൊക്കേഷനുകളിലേക്ക് പ്രാദേശിക വിഷയങ്ങളുടെ പരിവർത്തനം കണ്ടു. വെർച്വൽ സ്പേസുകൾ സ്ത്രീകൾക്ക് മുന്നിൽ കേൾവിയുടെ ഒരു വലിയ സാധ്യത തുറന്നു. ഒരാളുടെ ഭയം, ആഗ്രഹങ്ങൾ, പ്രശ്നങ്ങൾ എന്നിവ പ്രകടിപ്പിക്കാനും അതിലും പ്രധാനമായി, യഥാർഥ സഹാനുഭൂതിയോടെ പ്രതികരിക്കാനും കഴിവുള്ള ഒരു ഇടമായി സോഷ്യൽ മീഡിയ രൂപാന്തരപ്പെടുന്നു. ഇരകളുടെ സാമൂഹിക നിർമിതിയെ നിരാകരിക്കുകയും എല്ലാവരുടെയും അനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന വികേന്ദ്രീകൃതവും സമത്വപരവുമായ സമീപനം സ്വീകരിക്കുകയും ചെയ്തുകൊണ്ട് ഹാഷ്ടാഗ് പ്രസ്ഥാനങ്ങൾ പുതിയ ആവശ്യങ്ങൾക്കും തന്ത്രങ്ങൾക്കും വഴിയൊരുക്കി. അത് പ്രാതിനിധ്യ ശബ്ദങ്ങളുടെ നിലവിലുള്ള പാരമ്പര്യത്തെ തകർക്കുകയും വ്യക്തിയുടെ ജീവിതാനുഭവങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്തു.

പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്കെതിരായ അസാധാരണമായ ലൈംഗികാതിക്രമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം സ്ത്രീവിരുദ്ധതയെ കാണുക എന്ന പ്രവണതയെ പാടെ ഉപേക്ഷിച്ച്, നിരുപദ്രവകരമായി കണക്കാക്കപ്പെടുന്നതും വലിയതോതിൽ അംഗീകരിക്കപ്പെടുന്നതുമായ ലൈംഗിക പീഡനങ്ങളും, തെരുവുകളിലും തൊഴിലിടങ്ങളിലും നിത്യേന സ്ത്രീകളെ ബാധിക്കുന്ന പീഡനങ്ങളും ചർച്ചയുടെ കേന്ദ്രബിന്ദുവാക്കികൊണ്ടാണ് നാലാം തരംഗ ഫെമിനിസം ടെക്നോളജിയുടെ പിൻബലത്തോടെ ശക്തിയാർജിച്ചത് (Kurian, 2018). ഈ പ്രസ്ഥാനങ്ങളിലൂടെ യുവാക്കൾ സ്വാതന്ത്ര്യം, ലൈംഗികത, തിരഞ്ഞെടുപ്പ്, ആഗ്രഹം എന്നിവയുടെ വ്യവഹാരം പൊതുമണ്ഡലത്തിലേക്ക് കൊണ്ടുവരികയായിരുന്നു. ഈ സംസ്കാരത്തിൽനിന്ന് വികസിച്ച ഓരോ പ്രസ്ഥാനത്തിന്റെയും രാഷ്ട്രീയം അവ പരിണമിച്ച പ്രത്യേക സാമൂഹികസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് മാത്രമേ അതിന്റെ ശരിയായ അർഥത്തിൽ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ പുതിയ ഫെമിനിസത്തിന്റെ ചിട്ടയായ വിശകലനം ഇനിയും നടക്കാനിരിക്കുന്നതേയുള്ളൂ.

സൈബർസ്പേസിന്റെ വ്യാപകമായ ഉപയോഗം, ആഗോള വ്യാപ്തിയുള്ള ഡിജിറ്റൽ ലൊക്കേഷനുകളിലേക്ക് പ്രാദേശിക വിഷയങ്ങളുടെ പരിവർത്തനം കണ്ടു. വെർചൽ സ്പേസുകൾ സ്ത്രീകൾക്ക് മുന്നിൽ കേൾവിയുടെ ഒരു വലിയ സാധ്യത തുറന്നു.

തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്കിടയിൽ ഉയർന്ന ചലനാത്മകത അനുഭവിച്ചിട്ടുള്ള കേരളം ഫെമിനിസത്തിന്റെ ഹാഷ്ടാഗ് യുഗത്തിലേക്ക് പ്രവേശിക്കാൻ വൈകി. ആദ്യകാലങ്ങളിൽ സൈബർസ്പേസിലേക്കുള്ള പ്രവേശനം ലിംഗഭേദവും സാമ്പത്തിക മാനദണ്ഡങ്ങളും പിന്തുടർന്നു. സ്മാർട്ട്ഫോണുകളുടെ ഉപയോഗവും വളരെ കുറവായിരുന്നു, ഇന്റർനെറ്റ് കഫേകൾ ലിംഗ-നിഷ്പക്ഷ ഇടമായി കണക്കാക്കപ്പെട്ടിരുന്നില്ല. 2020-ഓടെ കേരളത്തിലെ സ്ത്രീകൾ നാലാം തരംഗ ഫെമിനിസത്തിന്റെ പദാവലിയെയും, സൈബർസ്പേസ് വാഗ്ദാനം ചെയ്യുന്ന സാധ്യതകളെയും കുറിച്ച് മെച്ചപ്പെട്ട അവബോധം നേടിയിരുന്നു. ഇന്റർനെറ്റിലേക്കുള്ള പ്രവേശന സാധ്യതയും വർധിച്ചു. ഇത് ഉയർന്ന പങ്കാളിത്തത്തോടെ നിരവധി ഹാഷ്ടാഗ് പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് വഴിതെളിച്ചു. മലയാളി സമൂഹത്തിനകത്ത് ഉരുത്തിരിഞ്ഞ ചില സൈബർ ചലനങ്ങളെയും തുടർന്നുള്ള ഫെമിനിസ്റ്റ് ഐക്യദാർഢ്യങ്ങളെയും വിശകലനം ചെയ്തുകൊണ്ട് പനോരമിക് വീക്ഷണം സൃഷ്ടിക്കാനുള്ള ശ്രമമാണ് ഈ ലേഖനം.

## ഹാപ്പി റ്റു ബ്ലീഡ് (Happy To Bleed)

ഇന്ത്യയിൽ പലപ്പോഴും നിഷിദ്ധ വിഷയമായ ആർത്തവത്തെ പൊതുചർച്ചയുടെയും സംവാദത്തിന്റെയും മണ്ഡലത്തിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് #HappyToBleed കാമ്പെയ്ൻ ആരംഭിച്ചത്. പഞ്ചാബിലെ പട്യാലയിൽ നിന്നുള്ള കോളെജ് വിദ്യാർഥിനിയും ലിംഗാവകാശ പ്രവർത്തകയുമായ നികിത ആസാദിന്റെ നേതൃത്വത്തിൽ രോഷാകുലരായ സ്ത്രീകൾ, തങ്ങൾ രക്തസ്രാവത്തിൽ സന്തുഷ്ടരാണെന്ന് സോഷ്യൽ മീഡിയയിലൂടെ ആവർത്തിച്ചു (Das, 2016).

നികിത ആസാദ്, "#HappyToBleed: An Initiative Against Sexism" എന്ന പേരിൽ യൂത്ത് കി ആവാസ് എന്ന പ്ലാറ്റ്ഫോമിലൂടെ ഒരു നിവേദനം ആരംഭിച്ചു. ഇതേത്തുടർന്ന് നിരവധി സ്ത്രീകൾ സോഷ്യൽ മീഡിയയിൽ "ഹാപ്പി ടു ബ്ലീഡ്" എന്ന് സ്വയം പ്രഖ്യാപിച്ചു. (Sharma, 2016). രക്തം പുരണ്ട സാനിറ്ററി നാപ്കിനുകളുടെയും അടിവസ്ത്രങ്ങളുടെയും ചിത്രങ്ങൾ ചിലർ പോസ്റ്റ് ചെയ്തു. "ഓരോ മാസവും രക്തസ്രാവമുണ്ടാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, ഞങ്ങൾ ഇല്ലെങ്കിൽ നിങ്ങൾ ഉണ്ടാകില്ലായിരുന്നു!" പ്രസ്ഥാനം മുന്നോട്ടുവച്ച ഒരു സുപ്ര

ധാന മുദ്രാവാക്യവും വസ്തുതയും ആയിരുന്നു ഇത് (Das, 2016).

എല്ലായ്പ്പോഴും രഹസ്യസ്വഭാവം കൈക്കൊണ്ടിരുന്ന ആർത്തവമെന്ന വിഷയം നിരവധി വാർത്താചാനലുകളുടെ പ്രൈംടൈമിൽ ചർച്ച ചെയ്യപ്പെടുകയും പ്രധാനപത്രങ്ങളിൽ ഇടം നേടുകയും ചെയ്തു (Sharma, 2016). #HappyToBleed കാമ്പെയ്ൻ കേരളത്തിൽ ഉയർന്നുവന്ന ഒരു പ്രശ്നത്തെ തുടർന്ന് ആരംഭിച്ചതാണെങ്കിലും, സംസ്ഥാനത്തിന് പുറത്ത്, പ്രത്യേകിച്ച് മെട്രോപൊളിറ്റൻ നഗരങ്ങളിലാണ് അതിന്റെ പ്രതിധ്വനികൾ ഉയർന്ന ഡിഗ്രികളിൽ അനുഭവപ്പെട്ടു.

## മീടൂ (metoo)

ലൈംഗിക പീഡനം, ബലാത്സംഗ സംസ്കാരം എന്നിവയ്ക്കെതിരായ ഒരു സാമൂഹിക പ്രസ്ഥാനമാണ് മീടൂ. 2006-ൽ അതിജീവിതയും ആക്ടിവിസ്റ്റുമായ തരാന ബർക്ക് ആണ് "മീടൂ" എന്ന പ്രയോഗം സോഷ്യൽ മീഡിയയിലൂടെ ആദ്യമായി ഈ അർഥത്തിൽ ഉപയോഗിക്കുന്നത്. സഹോദരീഭാവത്തിന്റെ (sisterhood) ആവിഷ്കാരത്തിലൂടെ അതിജീവിച്ചവരോട് സഹാനുഭൂതി പ്രകടിപ്പിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രാരംഭ ലക്ഷ്യം. ലൈംഗിക പീഡനവും ആക്രമണവും യഥാർഥത്തിൽ എത്ര വ്യാപകമാണെന്ന് എടുത്തുകാണിച്ചുകൊണ്ട് ലൈംഗികാതിക്രമത്തെ കുറിച്ച് ബഹുജന അവബോധം സൃഷ്ടിക്കാൻ ഈ പ്രസ്ഥാനത്തിന് സാധിച്ചു. ഇന്ത്യയിൽ, ലൈംഗിക പീഡനത്തിന്റെയും ദുരുപയോഗത്തിന്റെയും നിരവധി കഥകൾ വെളിച്ചത്തുകൊണ്ടു വരാൻ മീടൂ പ്രസ്ഥാനം കാരണമായി.

മീടൂ വെളിപ്പെടുത്തലുകൾ കേരള സമൂഹത്തെ ഇളക്കി മറിക്കുക തന്നെ ചെയ്തു. ഇതിലൂടെ ലൈംഗികാതിക്രമങ്ങളെയും തൊഴിലിടങ്ങളിലെ ആക്രമണത്തെയും കുറിച്ച് കാലങ്ങളായി സ്ത്രീയിൽ അടിച്ചേൽപ്പിക്കപ്പെട്ട മൗനം വലിയൊരു പരിധിവരെ ലംഘിക്കപ്പെട്ടു. സോഷ്യൽ മീഡിയയിലൂടെയും ഓഫ്‌ലൈൻ ആക്ടിവിസത്തിലൂടെയും കാമ്പെയ്ൻ ശക്തി പ്രാപിക്കുകയും തൊഴിലിടങ്ങളിലെ പീഡനങ്ങളെ അതിജീവിച്ച സ്ത്രീകൾക്ക് പുതിയ ശക്തി നൽകുകയും ചെയ്തു. ഇത് അതിജീവിതയിൽ നിന്ന് കുറ്റവാളിയിലേക്ക് നാണക്കേടിന്റെ തിരശ്ശീല മാറ്റി; സംഭാഷണത്തിലെ ഈ മാറ്റം ചരിത്രത്തിലെ ഒരു സുപ്രധാന നിമിഷമായിരുന്നു, അത് ജോലിയിലെ പവർ ഡൈനാമിക്സിനെക്കുറിച്ചുള്ള സൂക്ഷ്മമായ ചർച്ചകളെ പ്രോത്സാഹിപ്പിക്കുകയും സ്ത്രീകളുടെ അനുഭവങ്ങളെ കേന്ദ്ര ബിന്ദുവിലേക്ക് കൊണ്ടുവരികയും ചെയ്തു. മീടൂ പ്രസ്ഥാനം ലൈംഗികാതിക്രമങ്ങൾ, ബലാത്സംഗ സംസ്കാരം, പുരുഷാധിപത്യം എന്നിവയുമായി ബന്ധപ്പെട്ട മുഖ്യധാരാ ആശങ്കകൾ പരിഹരിക്കാനുള്ളതല്ല, മറിച്ച് അടിച്ചമർത്തലിന്റെ വിവിധ അച്ചുതണ്ടുകളാൽ അസമത്വമുള്ള സമൂഹത്തിൽ നീതി എങ്ങനെയായിരിക്കാം എന്നതിനെക്കുറിച്ചുള്ള കൂട്ടായ പ്രാതിനിധ്യ സമവായത്തിലെത്തുന്നതിനുള്ള തുടക്കമിടുന്നതിൽ വിജയംകണ്ടു (Naraharisetty, 2020, p. 23).



മലയാള ചലച്ചിത്രമേഖലയിൽ വിമൻ ഇൻ സിനിമാ കളക്ടീവ് (ഡബ്ല്യുസിസി) രൂപീകരിച്ചതും സാംസ്കാരിക വകുപ്പിന് കീഴിൽ ജസ്റ്റിസ് ഹേമ കമ്മിറ്റി രൂപംകൊണ്ടതും കേരളത്തിലെ #മീടൂ പ്രസ്ഥാനത്തിന്റെ അനന്തരഫലമായിരുന്നു. മലയാളചലച്ചിത്രമേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവേചനത്തിലേക്കും പീഡനങ്ങളിലേക്കും വെളിച്ചം വീശിക്കൊണ്ട് #അവൾക്കൊപ്പം എന്ന ഹാഷ്ടാഗിലൂടെ ഡബ്ല്യൂ. സി. സി, ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്തവിധം #മീടൂ കേരളത്തിന് ആക്കം കൂട്ടി. അതിജീവിച്ച പലരേയും തങ്ങൾ തനിച്ചല്ലെന്ന് ബോധ്യപ്പെടുത്താനും പരസ്പരം വിശ്വസിക്കാനും പ്രേരിപ്പിച്ചു. ഇതോടെ ഭാരപ്പെടുത്തുന്ന 'രഹസ്യങ്ങൾ' ശക്തമായ സാക്ഷ്യപത്രങ്ങളായി മാറി, അപരിചിതർ സഹോദരിമാരായി. അതിജീവിതരുടെ സ്വയം വീണ്ടെടുക്കൽ പ്രക്രിയയ്ക്ക് ആവശ്യമായ ഊഷ്മളമായ സഹാനുഭൂതിയും പിന്തുണയും നൽകാനുമായി.

മലയാള ചലച്ചിത്രമേഖലയിൽ വിമൻ ഇൻ സിനിമാ കളക്ടീവ് (ഡബ്ല്യുസിസി) രൂപീകരിച്ചതും സാംസ്കാരിക വകുപ്പിന് കീഴിൽ ജസ്റ്റിസ് ഹേമ കമ്മിറ്റി രൂപംകൊണ്ടതും കേരളത്തിലെ മീടൂ പ്രസ്ഥാനത്തിന്റെ അനന്തര ഫലമായിരുന്നു.

## റെഫ്യൂസ് ദി അബ്യൂസ്

2020 ഒക്ടോബർ 2-ന്, സിനിമാ കളക്ടീവിലെ (ഡബ്ല്യൂ. സി. സി) സ്ത്രീകൾ ആരംഭിച്ച ഒരു കാമ്പെയ്നായിരുന്നു 'റെഫ്യൂസ് ദി അബ്യൂസ്'. "അഹിംസാത്മക പ്രവർത്തനത്തിന്റെ ആദ്യ തത്വം അപമാനകരമായ എല്ലാറ്റിനോടും നിസ്സഹകരണമാണ്" എന്ന മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ഉദ്ധരണിയോടെ ഗാന്ധി ജയന്തി ദിനത്തിൽ ആരംഭിച്ച്, രണ്ട് മാസം നീണ്ടുനിന്ന ഈ കാമ്പെയ്ൻ വികസിച്ചപ്പോൾ, സൈബർ ഭീഷണിയെക്കുറിച്ചുള്ള സംഭാ

> സ്റ്റേറ്റ് ഫെമിനിസം ഒരു പുതിയ സംസ്ഥാന-സമൂഹ ബന്ധങ്ങളുടെ ആവിർഭാവത്തെ സ്വാഗതം ചെയ്യുകയും സംസ്ഥാന പ്രവർത്തനത്തിന്റെ ലിംഗപരമായ വീക്ഷണം അവതരിപ്പിക്കുകയും ചെയ്യുന്നു. കേരളത്തെ സംബന്ധിച്ച് ഇത് വളരെ നൂതനമായ ആശയമാണ്.

ഷണത്തിന് ധൈര്യം പകരാൻ വിവിധ മേഖലകളിൽ നിന്നുള്ള ആളുകൾ ഒത്തുചേർന്നു. #refusetheabuse, #itsinyourhands തുടങ്ങിയ ഹാഷ്ടാഗുകൾക്കൊപ്പം, കേരളത്തിന്റെ സൈബർ സംസ്കാരം മെച്ചപ്പെടുത്തുന്നതിനും ഉത്തരവാദിത്വമുള്ള സോഷ്യൽ മീഡിയ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സത്യസന്ധമായ ശ്രമമായിരുന്നു ഇത്. ഈ ക്യാമ്പെയ്നിനോടനുബന്ധിച്ച് ജെ ദേവിക, ചിത്ര വിജയകുമാർ, ദർശന ശ്രീധർ മിനി, രശ്മി പി.എസ്., എലിസബത്ത് അലക്സാണ്ടർ എന്നിവർ നടത്തിയ മലയാളിയുടെ സൈബർ സംസ്കാരത്തെക്കുറിച്ചുള്ള പഠനവും പൊതുവേദിയിൽ ചർച്ചയായി.

## സ്റ്റേറ്റ് ഫെമിനിസം - 'ഇനിവേണ്ട' വിട്ടുവീഴ്ച

സ്റ്റേറ്റ് ഫെമിനിസം ഒരു പുതിയ സംസ്ഥാന-സമൂഹ ബന്ധങ്ങളുടെ ആവിർഭാവത്തെ സ്വാഗതം ചെയ്യുകയും സംസ്ഥാന പ്രവർത്തനത്തിന്റെ ലിംഗപരമായ വീക്ഷണം അവതരിപ്പിക്കുകയും ചെയ്യുന്നു. കേരളത്തെ സംബന്ധിച്ച് ഇത് വളരെ നൂതനമായ ആശയമാണ്. സ്ത്രീകളുടെ വിദ്യാഭ്യാസം, തൊഴിൽ എന്നിവയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വലിയ തോതിൽ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും സാംസ്കാരിക മുന്നേറ്റങ്ങളിൽ ഈ മാറ്റം കാര്യമായി പ്രതിഫലിച്ചില്ല. സൈബർ ഇടങ്ങളിലൂടെയുള്ള ഇടപെടലുകളിലൂടെയാണ് കേരളം സ്റ്റേറ്റ് ഫെമിനിസത്തെ വലിയ തോതിൽ സ്വീകരിച്ചു തുടങ്ങുന്നത്.

ജനാധിപത്യ ഗവണ്മെന്റുകൾ വിജയിക്കണമെങ്കിൽ, പുരുഷന്മാരുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ പദവിയും അവകാശങ്ങളും പ്രോത്സാഹിപ്പിക്കാനും തുടരുന്ന ലിംഗാധിഷ്ഠിത അസമത്വങ്ങൾക്ക് കാരണമാകുന്ന ലിംഗാധിഷ്ഠിത ശ്രേണികളെ നിരാകരിക്കാൻ പ്രവർത്തിക്കുകയും വേണം എന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണ് ഇത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജനാധിപത്യം എന്നാൽ ഫെമിനിസ്റ്റ് ആയിരിക്കണം എന്ന മുൻധാരണയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ആശയം (Goertz & Mazur, 2008). സ്റ്റേറ്റ് ഫെമിനിസം പലപ്പോഴും തനത് സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് ഫെമിനിസത്തിന്റെ ആശയങ്ങളെ ലഘൂകരിക്കുകയോ പാരമ്പര്യത്തിന്റെയോ സംസ്കാരത്തിന്റെയോ പേരിൽ വളച്ചൊടിക്കുകയോ ചെയ്യാറുള്ളതായി വിദഗ്ധർ വിലയിരുത്തിയിട്ടുണ്ട്.

ഇനിവേണ്ട വിട്ടുവീഴ്ച എന്ന ഹാഷ്ടാഗ് ഉപയോഗിച്ച് കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിത ശിശുക്ഷേമ വകുപ്പ് മീമുകളുടെ (memes) സഹായത്തോടെ ശ്രദ്ധേയമായൊരു കാമ്പയ്ൻ നടത്തിപോരുന്നുണ്ട്. 2020ൽ കൊറോണ മഹാമാരിയെ തുടർന്ന് ഇലക്ട്രോണിക് സ്പേസുകളിലേക്ക് നമ്മുടെ ശ്രദ്ധ മാറിയതോടെയാണ് വനിതാ ശിശുക്ഷേമ വകുപ്പിന്റെ ഈ പ്രവർത്തനങ്ങൾക്ക് ഏറെ ജനശ്രദ്ധ ലഭിക്കുന്നത്. ആണത്തബോധം, സ്ത്രീധനം, കല്യാണം, സൗന്ദര്യം, അഭിപ്രായ സ്വാതന്ത്ര്യം, തുല്യത, പ്രണയം, പി സി ഓ എസ്, ഗാർഹിക പീഡനം, പാരന്റിങ്, പോസ്റ്റ്മാർട്ടം ഡിപ്രെഷൻ, ലിംഗനിഷ്പക്ഷ മാതൃകകൾ തുടങ്ങി അനവധി വിഷയങ്ങളിൽ ജനപ്രിയ സിനിമകളിലെ ഡയലോഗുകളും, കോടതി വിധികളുമൊക്കെ കോർത്തിണക്കിയാണ് ബോധവൽക്കരണ പരിപാടികൾ വിഭാവനം ചെയ്തത്. വിമൻസ് ഡേ, മെൻസ് ഡേ, വാലന്റൈൻസ് ഡേ, ഹ്യൂമൻ റൈറ്റ്സ് ഡേ എന്നിങ്ങനെ പ്രത്യേക ദിനങ്ങളിലും സാമൂഹികബോധം പുതുക്കിയൊരുക്കുന്നതിനുള്ള ക്യാമ്പയ്നുകൾ നടന്നു.

“വേർതിരിവിനോട് ഇനി വേണ്ട വിട്ടുവീഴ്ച” എന്ന കാമ്പയ്നിന്റെ ഭാഗമായി യുവ ഗായിക ആര്യ ദയാലുമായി ചേർന്ന് വനിതാ ശിശുക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ അവതരിപ്പിച്ച 'അങ്ങനെ വേണം' എന്ന വീഡിയോ ഗാനവും ഏറെ ജനശ്രദ്ധനേടി. കാലത്തിനൊപ്പം മാറാൻ ആഹ്വാനം ചെയ്ത ആ ഗാനം, കേരളത്തിന്റെ പൊതുസമൂഹത്തിൽ പെൺകുട്ടികൾ നിത്യേന അനുഭവിക്കുന്ന പല സംഘർഷങ്ങളും കൃത്യമായി അടയാളപ്പെടുത്തി. ഈ ഗാനത്തിന് ലഭിച്ച പിന്തുണ കേരളത്തിലെ സ്ത്രീകൾ ഇത്തരത്തിലൊരു മാറ്റം ആഗ്രഹിക്കുന്നു എന്നതിന്റെ അടയാളമായിത്തന്നെ വിലയിരുത്താൻ കഴിയും.

## ചില പ്രതികരണങ്ങൾ

കേരളത്തിൽ പൊതുവേ ഇത്തരം പ്രസ്ഥാനങ്ങളോടുള്ള പ്രതികരണങ്ങൾ പുരുഷാധിപത്യവും പുരുഷ കേന്ദ്രീകൃതവുമായ സദാചാര സങ്കൽപ്പത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. ഫെമിനിസ്റ്റ് ഭൂമിശാസ്ത്രജ്ഞരും നഗര സൈദ്ധാന്തികരും ഏതു ഇടവും ലിംഗഭേദമുള്ളതാണെന്നും, അത്തരം ലിംഗഭേദം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും വാദിച്ചിട്ടുണ്ട്. ഇരയാക്കപ്പെട്ടവരുടെ വാക്കുകൾ കേൾക്കാനുള്ള സന്നദ്ധതയോ ഉത്തരവാദിത്വമോ പൊതുവേ സാമൂഹികഘടനയിൽ എവിടെയും കാണാറില്ല. ഗ്യാസ് ലൈറ്റിങ്, സ്വയം ഇരയാക്കൽ, കൂടുതൽ ഉപദ്രവിക്കൽ, പൊള്ളയായ ഭീഷണികൾ, നാടകീയമായ കരച്ചിൽ എന്നിവയായി എത്തുന്ന വേട്ടക്കാരനൊപ്പമാണ് സമൂഹം ചരിത്രപരമായി നിലക്കൊണ്ടിട്ടുള്ളത്. ശക്തനായ ഒരു പുരുഷൻ തന്നെ, ലൈംഗികമായി പീഡിപ്പിച്ചുവെന്ന് ഒരു സ്ത്രീ ആരോപിച്ചാൽ ഉടൻ തന്നെ, ഇരയെ വേട്ടയാടൽ ആരംഭിക്കുന്നു. അവിടെ സ്ത്രീയുടെ സ്വഭാവം, അവളുടെ ഉദ്ദേശ്യങ്ങൾ, അവളുടെ തൊഴിൽ, അവളുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാകുന്നു.

ഫെമിനിസ്റ്റ് പ്രശ്നങ്ങൾക്കായി ഓൺലൈനിൽ പ്രചാരണം നടത്തുന്നവർ നിരന്തരമായി അക്രമ ഭീഷണി നേരിടുന്നു. ലൈംഗിക പരാമർശങ്ങൾ, ബലാത്സംഗ ഭീഷണികൾ, പ്രതികാര അശ്ലീലം (revenge porn) എല്ലാം തന്നെ സൈബർ ഇടങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പരിമിതപ്പെടുത്തുന്നു. പൊതുചർച്ചകൾ, ലിംഗനിഷ്പക്ഷ നിലപാടുകൾ

സ്വീകരിക്കുമ്പോഴും പൊതുസദസ്സിൽ ഫെമിനിസ്റ്റുകൾ ഇന്നും ആക്ഷേപം ഏറ്റുവാങ്ങേണ്ടിവരുന്നു. പൗരുഷത്തിനു മുന്നിൽ സ്ത്രീ ശബ്ദം അസാധുവാക്കാനുള്ള തുടർച്ചയായ ശ്രമവും പരസ്യമായി തന്നെ നടക്കുന്നു.

## പുതിയ തുറവികൾ

ഹാഷ്ടാഗ് പ്രസ്ഥാനങ്ങളും സൈബർ ഫെമിനിസവും പൂർണമായി ഒരു ഇൻക്ലൂസിവ് പ്രൊജക്റ്റ് അല്ല. എന്നിരുന്നാലും അവ കൈവരിച്ച നേട്ടങ്ങൾ എളുപ്പത്തിൽ അവഗണിക്കാനാവില്ല. ഇവിടെ രാഷ്ട്രീയപരമായോ നീതിന്യായ വ്യവസ്ഥയുമായി ബന്ധപ്പെട്ടോ ഔദ്യോഗിക ഏജൻസിയുമായി സമരസപ്പെടാനുള്ള പദ്ധതിയല്ല രൂപീകരിക്കുന്നത്. ഹാഷ്ടാഗ് മൂവ്മെന്റുകളുടെ സ്വാധീനത്താൽ ചിലപ്പോൾ ഇത്തരം ഏജൻസികൾ നടപടികൾ എടുത്തേക്കാം. എന്നാൽ അത് വിശാലമായ പ്രവർത്തിയുടെ ഉപോൽപ്പന്നം മാത്രമാണ്. അത്തരം ശ്രമങ്ങൾ ഫെമിനിസ്റ്റ് സമരങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അതിന്റെ ദൃശ്യപരത വർധിപ്പിക്കുന്നതിനും അടിച്ചമർത്തപ്പെട്ട ശബ്ദങ്ങളെ ഉൾക്കൊള്ളുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സൗകര്യപ്രദമായ ഒരു മാധ്യമമായും വേദിയായും പ്രവൃത്തിച്ചിട്ടുണ്ട്. ഇവിടെ ഓരോ കഥയും അക്രമത്തിന്റെ ഘടനാപരവും വ്യവസ്ഥാപിതവുമായ രൂപങ്ങൾ തിരിച്ചറിയുന്നതിന് അത്യന്താപേക്ഷിതമാണ്. ആഖ്യാനം അതിജീവിച്ചവർക്ക് സ്വന്തമാക്കാനായി തിരികെ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു എന്നതുതന്നെയാണ് നാലാം തരംഗ സോഷ്യൽ മീഡിയ ഫെമിനിസ്റ്റ് ആഹ്വാനങ്ങളുടെ കാതൽ (Naraharisetty, 2020, p. 24).

ഇത്തരത്തിൽ, സമൂഹ മാധ്യമങ്ങൾ ഫെമിനിസ്റ്റ് ആക്ടിവിസ്റ്റുകൾക്ക് ബഹുജന സമാഹരണത്തിനുള്ള ഒരു ഉപകരണം എന്നതിലുപരി പഴയ ആധിപത്യത്തെ പൊളിച്ചെഴുതാൻ സ്ത്രീകൾ പുതിയ രീതിയിൽ ഒത്തുചേരുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്തു. സംസ്ഥാനത്തുടനീളം, ഫെമിനിസ്റ്റ് അറിവുകൾ, സ്വാധീനങ്ങൾ, പോരാട്ടങ്ങൾ എന്നിവയ്ക്ക് ഒരു പുതിയ ദൃശ്യപരതയും ശക്തിയും നിയമസാധുതയും നൽകി. എന്നാൽ ആന്തരിക മത്സരങ്ങൾ, ആരോപണങ്ങൾ, സംഘർഷങ്ങൾ എന്നിവയുടെ തീവ്രതയുമുണ്ട്. ലൈംഗികാതിക്രമങ്ങൾക്കെതിരെ ഏകീകൃത ശബ്ദത്തിൽ പ്രതികരിക്കാൻ ഫെമിനിസ്റ്റുകൾക്ക് കഴിയുന്നില്ലെങ്കിൽ, ഭരണകൂടം, വിപണി, മതഭ്രാന്തന്മാർ, നവലിബറൽ മുതലാളിത്ത ഘടനകൾ തുടങ്ങിയ ബാഹ്യ ഏജന്റുമാരുടെ ഭീഷണി ഉൾപ്പെടെയുള്ള പുരുഷാധിപത്യ ശക്തികളിൽ നിന്നുള്ള വർധിച്ച തിരിച്ചടിയും അവർ അഭിമുഖീകരിക്കുന്നു.

കേരളത്തിലെ സൈബർ ഇടങ്ങളിൽ ഫെമിനിസ്റ്റ് പ്രതിഷേധങ്ങളുടെ ആദ്യകാല ചരിത്രം സ്വതന്ത്രവും ഒറ്റപ്പെട്ടതുമായ സംഭവമായിരുന്നു. ജനകീയ പ്രതിഷേധങ്ങൾ ഉയർത്തുന്നതിനുപകരം അത്തരം പ്രസ്ഥാനങ്ങൾക്ക് കേവലമായ മാധ്യമശ്രദ്ധ ഉണർത്തുന്നതിനും യാഥാസ്ഥിതിക സമൂഹങ്ങളിൽ നിന്ന് പ്രതിഷേധങ്ങൾ ഏറ്റുവാങ്ങുന്നതിനും മാത്രമേ പലപ്പോഴും കഴിഞ്ഞുള്ളൂ. എന്നാൽ കാലക്രമേണ സംഭവിച്ച ഇന്റർനെറ്റ് ഡെമോക്രാറ്റൈസേഷന് ശേഷം സോഷ്യൽ മീഡിയയിലൂടെ ഫെമിനിസ്റ്റ് സംവാദങ്ങൾക്കും പ്രതിഷേധങ്ങൾക്കും സമൂലമായ വികേന്ദ്രീകൃതമായ ഒരു പ്ലാറ്റ്ഫോം തുറക്കപ്പെടുകയും സൈബർ പ്രതിഷേധങ്ങൾ നടത്തുന്നതിൽ സ്ത്രീകൾ വിജയകരമായി പങ്കെടുക്കുകയും ചെയ്തു. കേരളത്തിലെ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ പാത വിരൽ ചൂണ്ടുന്നത്, ഒരു രാഷ്ട്രീയ യാഥാർഥ്യത്തിൽ ഉൾച്ചേർന്നാൽ സ്ത്രീകളുടെ ശാക്തീകരണ സംവിധാനമായേക്കാവുന്ന ഒരു ആശയവിനിമയ ഇടം സൃഷ്ടിക്കുന്ന സോഷ്യൽ മീഡിയയുടെ ചിത്രമാണ്. സൈബർ ഫെമിനിസത്തിന്റെ അത്തരം ചലനങ്ങൾ നിരവധി സാധ്യതകളുള്ളതാണ്, കൂടാതെ "കേരള ഫെമിനിസത്തെ" പുതിയ ദിശകളിലേക്ക് നയിക്കുന്നതിനുള്ള പാത തുറന്നിടുകയും ചെയ്യുന്നു.

സൈബർസ്പേസ് ദേശീയ രാഷ്ട്രീയ വ്യവസ്ഥിതിയേക്കാൾ സാമൂഹിക പോരാട്ടങ്ങൾക്ക് കൂടുതൽ മൂർത്തമായ ഇടമാണ്. മനുഷ്യന്റെ അറിവും അനുഭവവും ഭൗതികവും സ്ഥലപരവുമായ രൂപമെടുക്കുന്ന സ്ഥലമായി സാമൂഹിക സൈദ്ധാന്തികർ 'ഡിജിറ്റൽ എംബോഡിഡ് സ്പേസ്' അംഗീകരിച്ചിട്ടുണ്ട്, ഇത് ലിംഗഭേദത്തിന്റെ സാമൂഹിക ഘടനയ്ക്ക് ശക്തമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. അവ്യക്തതകളും ദുരുപയോഗ സാധ്യതകളും ഉള്ളപ്പോൾ പോലും, ഗ്രഹണത്തിൽ നിന്ന് ഐഡന്റിറ്റിയിലേക്ക് മാറാനും അവരുടെ ശബ്ദം കേൾക്കാനും സംസാരിക്കാനും അവരെ പ്രാപ്തരാക്കുന്നതിനുള്ള സാധ്യതകൾക്കായി വെർച്വൽ ലോകം സ്ത്രീകൾ ഉപയോഗപ്പെടുത്തുന്നു. ഇത് ദൈനംദിന ജീവിതത്തിൽ സ്ത്രീകൾക്കായി നിശ്ചയിച്ചിട്ടുള്ള അതിർവരമ്പുകളുടെ കൂട്ടായ ലംഘനം സുഗമമാക്കാനും വഴിയൊരുക്കി.

ഇവിടെ, പ്രതികാരമനോഭാവമല്ല, എല്ലാവരോടുമുള്ള സ്നേഹവും സഹാനുഭൂതിയും അടിസ്ഥാനമാക്കിയുള്ള പരിവർത്തനമാണ് ഫെമിനിസ്റ്റുകൾ പിന്തുടരുന്നത്. അത് അടിച്ചമർത്തപ്പെട്ടവർക്ക് മാത്രമല്ല അടിച്ചമർത്തേണ്ടവനും വിമോചനം വിഭാവനം ചെയ്യുന്ന ഒരേയൊരു മാർഗമാണ്. അടിച്ചമർത്തലിനെ ധീരതയുടെ പ്രവർത്തിയായി മഹത്വവൽക്കരിക്കാനുള്ള എല്ലാ ശ്രമങ്ങളെയും അത് മായ്ക്കുകയും ഭീരുത്വത്തെ വിളിച്ചുപറയുകയും ചെയ്യുന്നു, അങ്ങനെ അധീശത്വത്തിന്റെ എല്ലാ ഘടനകളെയും അടിസ്ഥാനപരമായി ശല്യപ്പെടുത്തുന്നു.

സൈബർസ്പേസ് ദേശീയ രാഷ്ട്രീയ വ്യവസ്ഥിതിയേക്കാൾ സാമൂഹിക പോരാട്ടങ്ങൾക്ക് കൂടുതൽ മൂർത്തമായ ഇടമാണ്. മനുഷ്യന്റെ അറിവും അനുഭവവും ഭൗതികവും സ്ഥലപരവുമായ രൂപമെടുക്കുന്ന സ്ഥലമായി സാമൂഹിക സൈദ്ധാന്തികർ 'ഡിജിറ്റൽ എംബോഡിഡ് സ്പേസ്' അംഗീകരിച്ചിട്ടുണ്ട്, ഇത് ലിംഗഭേദത്തിന്റെ സാമൂഹിക ഘടനയ്ക്ക് ശക്തമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

## Reference


1. Abraham, K. (2014). Women in Cyberspace: A New Key to Emancipatory Politics of Location. Feminist Cyberethics in Asia. doi:10.1057/9781137395863_5
2. Anonymous. (n. d.). 100 Women. Encyclopædia Britannica. Retrieved May

6, 2022, from https://www. britannica. com/explore/100women/rise-of-feminism/feminism-the-fourth-wave
3. Armitage, J. , & Roberts, J. (2002). Living with Cyberspace: Technology and society in the twenty-first century. New York: Continuum.
4. Bhasin, K. , & Khan, N. S. (1986). Feminisms and its Relevance in South Asia. New Delhi: women unlimited.
5. Chamberlain, P. (2017). The Feminist Fourth Wave: Affective Temporality. Springer.
6. Das, M. (2016, February 16). Stop discriminating: 'happy to bleed' campaigners move SC. The Quint. Retrieved June 25, 2022, from https:// www. thequint. com/news/india/stop-discriminating-happy-to-bleed-campaigners-move-sc
7. Deccan Chronicle. (2018, March 18). Kerala: Teacher warns Girls Against Dress Style. Deccan Chronicle. Retrieved June 25, 2022, from https://www. deccanchronicle. com/nation/current-affairs/180318/kerala-teacher-warns-girls-against-dress-style. html
8. Feminism in the Last Decade: An Interactive. (2020, March). Retrieved from EPW Engage: https://www. epw. in/engage/article/womens-day-feminism-in-the-last-decade
9. Geetha, V. (2009). Patriarchy. Calcutta: Stree.
10. Goertz, G. , & Mazur, A. (2008). Politics, gender, and concepts: Theory and methodology. Cambridge University Press.
11. Outlook. (2018, March 19). Kerala women launch bare chest campaign on facebook to protest professor's 'melon' remark on female breast. Outlook India. Retrieved June 25, 2022, from https://www. outlookindia. com/website/story/kerala-women-launch-bare-chest-campaign-on-facebook-to-protest-professors-melon-/309697.
12. Kurian, Alka. (2018, February 2). #MeToo Campaign Brings the Rise of 'Fourth-Wave' Feminism in India. Retrieved from The Wire: https://thewire. in/gender/metoo-campaign-brings-the-rise-of-fourth-wave-feminism-in-india.
13. Kurian, A. (2018, February 1). #MeToo is riding a new wave of feminism in India. Retrieved June 15, 2018, from The Conversation: https://theconversation. com/metoo-is-riding-a-new-wave-of-feminism-in-india-89842.
14. Mahindru, M. (2020, September 16). Why are Indian women posting images of their legs on social media? Retrieved from Vogue: https://www. vogue. in/whats-new/content/yes-we-have-legs-social-media-campaign-malayali-actresses.
15. Mathur, K. (2008). Body as Space, Body as Site: Bodily Integrity and Women's Empowerment in India. Economic and Political Weekly, 43(17), 54–63. http:// www. jstor. org/stable/40277391.
16. Mehta, B. (2020, September 16). #WomenHaveLegs: Women Are Posting Pics In Shorts To Support 18-Year-Old Actor Who Was Trolled For It. ScoopWhoop. Retrieved June 25, 2022, from https://www. scoopwhoop. com/women/womenhaveleg-women-are-posting-pics-in-shorts-to-support-18-year-old-actor-who-was-trolled-for-it/
17. Nagarajan, S. (2020, September 16). 'Women have legs', say Mollywood heroines. Retrieved from The Hindu: https://www. thehindu. com/entertainment/movies/women-have-legs-say-mollywood-heroines-to-express-support-for-anaswara-rajan/article32622488. ece
18. Naraharisetty, R. (2020, October 10). Lessons from #MeToo: Where are we now? Economic & Political Weekly, LV(41), 21-24.
19. Pandey, G. (2015, November 23). Why are Indian women 'Happy to Bleed'? Retrieved from BBC News: https://www. bbc. com/news/world-asia-india-34900825
20. Pillai, M. T. (2017, August 24). The many Misogynies of Malayalam cinema. Economic and Political Weekly. Retrieved June 8, 2022, from https://www. epw. in/journal/2017/33/perspectives/many-misogynies-malayalam-cinema. html
21. Price, L. S. (2009). Feminist frameworks: Building theory on violence against women. Aakar Books.
22. Richards, V. (2015, November 25). Indian

women launch 'Happy to bleed' campaign to protest against 'sexist' religious rule. Retrieved from Independent: https://www.independent.co.uk/news/world/asia/indian-women-launch-happy-bleed-campaign-protest-against-sexist-religious-rule-a6748396.html

23. Roy, S. (2018, October 20). #MeToo Is A Crucial Moment to Revisit the History of Indian Feminism. Economic & Political Weekly, 53(42). Retrieved from https://www.epw.in/engage/article/metoo-crucial-moment-revisit-history-indian-feminism

24. Sen, S. (2015, November 25). Why #HappyToBleed campaign is an important movement for a country like India. Retrieved from News18: https://www.news18.com/news/buzz/why-happytobleed-campaign-is-an-important-movement-for-a-country-like-india-1168557.html

25. Sharma, S. (2016, November 30). Happy to bleed. Retrieved from Deccan Herald: https://www.deccanherald.com/content/583851/happy-bleed.html

26. Times of India. (2020, September 15). 'Surprise! Women have legs,' says Rima Kallingal expressing solidarity with Anaswara Rajan. Retrieved from Times of India: https://timesofindia.indiatimes.com/entertainment/malayalam/movies/news/surprise-women-have-legs-says-rima-kallingal-expressing-solidarity-with-anaswara-rajan/articleshow/78122792.cms

27. TNN. (2018, March 24). Watermelon jibe: Muslim groups slam action against Kerala pr. Retrieved from The Times of India: https://timesofindia.indiatimes.com/city/kozhikode/muslim-groups-slam-action-against-teacher/articleshow/63438189.cms

28. WCC. (2020, December 11). Refuse the abuse campaign conclusion. Women In Cinema Collective | WCC Blog. Retrieved June 8, 2022, from https://wcc.home.blog/2020/12/10/refuse-the-abuse-campaign-conclusion/

29. 'a wholesome conversation': WCC's refuse the abuse campaign ends on a high. The News Minute. (2020, December 12). Retrieved June 8, 2022, from https://www.thenewsminute.com/article/wholesome-conversation-wcc-s-refuse-abuse-campaign-ends-high-139500

(ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസേർച്ച് ജൂനിയർ റിസേർച്ച് ഫെല്ലോ,
മഹാരാജാസ് കോളേജ് ചരിത്ര വിഭാഗം ഗവേഷക)

*(അഞ്ജന മേനോൻ - 8714838523*
*anjanaabhinavmenon@gmail.com)*

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




**അരങ്ങിലെ പെണ്ണ്**
**ചരിത്രവും വർത്തമാനവും**
**ഡോ. ആശ എം.**

ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന കലാരൂപമായ നാടകത്തിൽ സ്ത്രീ പ്രാതിനിധ്യം എത്രത്തോളമുണ്ടെന്ന് പ്രതിപാദിക്കുന്ന ഗ്രന്ഥം.

₹ 270

# ഭാഷാവൈവിധ്യം ഹോർത്തൂസ് മലബാറിക്കൂസിൽ

ഡോ. സുമിത. വി

കേരളത്തിൽ കാണപ്പെട്ടിരുന്ന സസ്യലതാദികളെക്കുറിച്ച് പ്രതിപാദിക്കുന്ന കൃതിയാണ് ഹോർത്തൂസ് മലബാറിക്കൂസ്. നെതർലൻഡിലെ ആംസ്റ്റർഡാമിൽനിന്നും 1678-1693 കാലഘട്ടത്തിലായാണ് ഇതിന്റെ അച്ചടിയും പ്രസിദ്ധീകരണവും. മലബാറിൽ (കേരളത്തിൽ) കാണപ്പെടുന്ന ഔഷധമൂല്യമുള്ളതും അല്ലാത്തതുമായ 679 സസ്യവർഗത്തിൽപ്പെട്ട സസ്യങ്ങളെ 742 അധ്യായങ്ങളായി തിരിച്ച് 12 വാല്യങ്ങളായി ലാറ്റിൻ ഭാഷയിലാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. ലാറ്റിൻ ഭാഷയിലുള്ള കൃതിയാണിതെങ്കിലും മറ്റു പല ഭാഷകളുടെയും സാന്നിധ്യം പ്രത്യക്ഷമായും പരോക്ഷമായും ഈ ഗ്രന്ഥത്തിലുണ്ട്. കൂടാതെ ഗ്രന്ഥരചനയുടെ പല ഘട്ടത്തിലും വിവിധ ഭാഷകൾ പ്രധാന പങ്ക് വഹിച്ചിട്ടുമുണ്ട്.

ഹോർത്തൂസ് മലബാറിക്കൂസിൽ മൂന്ന് സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. ഇവ കോലെഴുത്ത്, ആര്യയെഴുത്ത്, നാഗരി ലിപികളിലാണ് തയാറാക്കിയിരിക്കുന്നത്. അതുപോലെ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന സസ്യങ്ങളുടെ ചിത്രങ്ങൾക്ക് മുകളിലായി നാല് ലിപികളിൽ സസ്യനാമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മലയാള ഭാഷാശൈലിയിലാണ് അധ്യായ നാമകരണം നടത്തിയിരിക്കുന്നത്. ഗ്രന്ഥത്തിനാവശ്യമായ വിവരശേഖരണഘട്ടം മുതൽ കിട്ടിയ അറിവുകളെ ചിട്ടപ്പെടുത്തി തർജമ ചെയ്ത് ഗ്രന്ഥനിർമാണത്തിനായി വിവിധ ഭാഷകൾ ഉപയോഗിച്ചിട്ടുണ്ട്. ഗ്രന്ഥപ്രസിദ്ധീകരണത്തിനുശേഷവും വിവിധ ഭാഷകളിലേക്ക് തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഒരു കൃതിയിൽ തന്നെ വ്യത്യസ്തഭാഷകളുടെ സാന്നിധ്യം കാണപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ഹോർത്തൂസ് മലബാറിക്കൂസിലെ ഭാഷകളെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

ഹോർത്തൂസ് മലബാറിക്കൂസിൽ മൂന്ന് സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ട്. ഇവ കോലെഴുത്ത്, ആര്യയെഴുത്ത്, നാഗരി ലിപികളിലാണ് തയാറാക്കിയിരിക്കുന്നത്. അതുപോലെ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന സസ്യങ്ങളുടെ ചിത്രങ്ങൾക്ക് മുകളിലായി നാല് ലിപികളിൽ സസ്യനാമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

## കോലെഴുത്ത് ഹോർത്തൂസ് മലബാറിക്കൂസിൽ

ഹോർത്തൂസ് മലബാറിക്കൂസിന്റെ ഒന്നാം വാല്യത്തിൽ മൂന്നാമത്തെ സാക്ഷ്യപത്രമായി ഇട്ടിഅച്യുതൻ നൽകിയ ഒരു സാക്ഷ്യപത്രം ചേർത്തിരിക്കുന്നു. (Van Rheede tot Draketnsein, 1678-1693). മലയാളലിപിയുടെ പ്രാരംഭഘട്ടത്തിലുപയോഗിച്ചിരുന്ന കോലെഴുത്ത് ലിപിയിലുള്ളതാണ് ഇത്.

## ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം

ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള വൃക്ഷങ്ങൾ, വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ, ഔഷധ സസ്യങ്ങൾ അവയുടെ ഔഷധഗുണങ്ങൾ, ചികിത്സാവിധികൾ തുടങ്ങിയ വിവരങ്ങൾ ഡച്ചുഗവർണറായ വാൻറീഡിന്റെ കൽപ്പന പ്രകാരം കരപ്പുറം കൊടകരപ്പള്ളി ദേശത്തെ പാരമ്പര്യവൈദ്യകുടുംബാംഗമായ ഇട്ടി അച്യുതൻ എന്ന ഞാൻ തന്റെ ദീർഘനാളത്തെ പ്രവൃത്തിപരിചയത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയതാണ് എന്ന് സ്വന്തം കൈപ്പടയിൽ എഴുതി കൈയൊപ്പ് ചാർത്തി നല്കിയ സാക്ഷ്യപത്രമാണ്. (മണിലാൽ, 2008). 1675 ഏപ്രിൽ 20 നാണ് സാക്ഷ്യപത്രം തയാറാക്കിയിട്ടുള്ളത്. കോലെഴുത്തിൽ തയാറാക്കിയ ഈ സാക്ഷ്യപത്രം പോർച്ചുഗീസ് ഭാഷയിലേക്ക് ഇമ്മാനുവൽ കർണിറോയും പോർച്ചുഗീസിൽ നിന്ന് ലാറ്റിനിലേക്ക് ഹെർമൻ ഡി. ഡോണപ്പും തർജമ ചെയ്തു. ഇട്ടി അച്യുതന്റെ ഈ സാക്ഷ്യപത്രം മലയാള ലിപി ചരിത്രത്തെ അടയാളപ്പെടുത്തുന്ന ആധികാരിക രേഖകൂടിയാണ്. മലയാളത്തിലെ ആധുനിക ലിപിസമ്പ്രദായം വരുന്നതിനു മുമ്പ് കേരളത്തിൽ കോലെഴുത്തിന് പ്രചുരപ്രചാരമുണ്ടായിരുന്നു എന്നതിന് ഒരു തെളിവാണ് ഈ സാക്ഷ്യപത്രം.


## ആര്യയെഴുത്ത് ഹോർത്തൂസ് മലബാറിക്കുസിൽ

ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഔദ്യോഗിക ദ്വിഭാഷിയും കൊച്ചി നഗരത്തിലെ സ്ഥിരതാമസക്കാരനുമായ ഇമ്മാനുവൽ കർണിറോ തയാറാക്കിയ സാക്ഷ്യപത്രം ആര്യയെഴുത്ത് ലിപിയിലുള്ളതാണ്. മലയാളത്തിൽ ആധുനിക ലിപിസമ്പ്രദായം രൂപപ്പെടുന്നതിനു മുമ്പ് പ്രചാരത്തിലുണ്ടായിരുന്ന ലിപിസമ്പ്രദായമാണ് ആര്യ എഴുത്ത്. (Van Rheede tot Drakenstein, 1678-1693).



## ഇമ്മാനുവൽ കർണിറോയുടെ സാക്ഷ്യപത്രം

ഈ സാക്ഷ്യപത്രം ആരംഭിക്കുന്നത് കർണിറോ സ്വയം പരിചയപ്പെടുത്തിക്കൊണ്ടാണ്. (മണിലാൽ, 2008). ഇന്ത്യയിലെ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഗവർണറായ വാൻറീഡിന്റെ ആജ്ഞപ്രകാരമാണ് ഈഴവ വൈദ്യനായ ഇട്ടി അച്യുതനും മറ്റ് മലയാളി വൈദ്യന്മാരുടെയും സഹായത്താൽ തയാറാക്കപ്പെട്ട ഈ ഗ്രന്ഥം മലയാളഭാഷയിൽനിന്നും പോർച്ചുഗീസ് ഭാഷയിലേക്ക് തർജമ ചെയ്തത് താൻ ആണെന്നാണ് സാക്ഷ്യപ്പെടുത്തുന്നത്. ആര്യയെഴുത്ത് ലിപിയിൽ തയാറാക്കപ്പെട്ടതാണ് ഈ സാക്ഷ്യപത്രം. ആധുനിക മലയാള ലിപിയുടെ പൂർവദശയിലുള്ള ആര്യയെഴുത്ത് ലിപിയുടെ സാന്നിധ്യം ഈ സാക്ഷ്യപത്രത്തിലൂടെ തെളിയിക്കപ്പെടുന്നു.



## നാഗരിലിപി ഹോർത്തൂസ് മലബാറിക്കുസിൽ


രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നീ കൊങ്കണി ബ്രാഹ്മണർ ചേർന്ന് നാഗരി ലിപിയിൽ തയാറാക്കിയിട്ടുള്ളതാണ് ഹോർത്തൂസ് മലബാറിക്കുസിൽ ചേർത്തിട്ടുള്ള മൂന്നാമത്തെ സാക്ഷ്യപത്രം. 17-ാം നൂറ്റാണ്ടിൽ കൊങ്കണിഭാഷ ലിങ്ഗ്വാ ബ്രാഹ്മണിക (ബ്രാഹ്മണഭാഷ) എന്നാണ് അറിയപ്പെട്ടിരുന്നത്. കൊങ്കണിക്ക് സ്വന്തമായി ലിപി വ്യവസ്ഥയില്ല. മറാഠിയുടെയും ഹിന്ദിയുടെയും പോലെ തോന്നിക്കുന്ന ദേവനാഗരി ലിപിയാണതിനുള്ളത്. ഈ ലിപിയിൽ തയാറാക്കിയ സാക്ഷ്യപത്രം പോർച്ചുഗീസ് ഭാഷയിലേക്ക് തർജമ ചെയ്തത് വിനായക പണ്ഡിറ്റ് ആണ്. പോർച്ചുഗീസിൽ നിന്ന് ലാറ്റിനിലേക്ക് ഹെർമൻ ഡി. ഡോണപ്പും തർജമ ചെയ്തിരിക്കുന്നു. (Van Rheede tot Drakenstein, 1678-1693).

## രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ തയാറാക്കിയ സാക്ഷ്യപത്രം

ബ്രാഹ്മണഭാഷയിൽ 'പലിവാനപാക്കോ' എന്നറിയപ്പെടുന്ന വർഷം 1595 മുതൽ (നമ്മുടെ കണക്കിൽ വർഷം 1674) 'റെക്ഷേക്കൊ' വർഷം വരെ (നമ്മുടെ കണക്കിൽ 1675) ഏപ്രിൽ 20 വരെ, ഞങ്ങൾ മൂന്നുപേരും ഡച്ച് ഗവർണറായ ഹെൻട്രിക് വാൻറീഡിന്റെ ആജ്ഞപ്രകാരം മലബാർ പ്രവിശ്യയിൽ കാണുന്ന ചെടികളും വൃക്ഷങ്ങളും വള്ളിച്ചെടികളും അവയുടെ പൂക്കളും ഫലങ്ങളും വിത്തുകളും സഹിതം വരയ്ക്കുന്നതിനും വിവരിക്കുന്നതിനുമായി ഭൃത്യന്മാരെകൊണ്ട് ഇവ എത്തിക്കുകയും ചെയ്തിരുന്നു. കൂടാതെ തങ്ങളുടെ 'മൻഹനിൻഗട്ടനം' (Manhaningttanam) എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ചെടികളുടെ പേരുകളും അവയുടെ ഔഷധഗുണങ്ങളെയും ഉപയോഗത്തെയും കുറിച്ചുള്ള വിവരങ്ങളും പുറമേ ഞങ്ങളുടെ ദീർഘനാളത്തെ പഠനപ്രവൃത്തി പരിചയത്തിന്റെയും കഠിനാധ്വാനത്തിലൂടെയും നേടിയെടുത്ത അറിവുകളും ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിനായി ഉപയോഗിച്ചിട്ടുള്ളതും ആണെന്ന് ഈ സാക്ഷ്യപത്രത്തിൽ പറയുന്നു (മണിലാൽ, 2008).

മലയാളത്തിലെ ആദ്യകാല എഴുത്ത് രൂപങ്ങളായ കോലെഴുത്ത്, ആര്യയെഴുത്ത് എന്നിവയ്ക്കൊപ്പം കൊങ്കണി ബ്രാഹ്മണർ നൽകിയ നാഗരി

രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട് എന്നീ കൊങ്കണി ബ്രാഹ്മണർ ചേർന്ന് നാഗരി ലിപിയിൽ തയാറാക്കിയിട്ടുള്ളതാണ് ഹോർത്തൂസ് മലബാറിക്കുസിൽ ചേർത്തിട്ടുള്ള മൂന്നാമത്തെ സാക്ഷ്യപത്രം. 17-ാം നൂറ്റാണ്ടിൽ കൊങ്കണിഭാഷ ലിങ്ഗ്വാ ബ്രാഹ്മണിക (ബ്രാഹ്മണഭാഷ) എന്നാണ് അറിയപ്പെട്ടിരുന്നത്.



ലിപിയിലുള്ള സാക്ഷ്യപത്രവും ഗ്രന്ഥത്തിന്റെ ആധികാരികതയ്ക്ക വേണ്ടിയാണ് ചേർത്തിട്ടുള്ളത്. അതിലൂടെ പതിനേഴാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന മൂന്ന് ലിപികൾ ആദ്യമായി രേഖപ്പെടുത്തപ്പെട്ട ആധികാരിക ഗ്രന്ഥമായി ഹോർത്തൂസ് മലബാറിക്കൂസ് മാറുകയും ചെയ്തു.

കോലെഴുത്ത്, ആര്യയെഴുത്ത്, നാഗരി ലിപികൾക്കു പുറമേ പല ഭാഷകളുടെയും സാന്നിധ്യം ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

## ലാറ്റിൻ, മലയാളം, അറബി, നാഗരിലിപികൾ

ഹോർത്തൂസ് മലബാറിക്കൂസിലെ സസ്യങ്ങളെ കൂടുതൽ മനസ്സിലാക്കുന്നതിനായി അവയുടെ ചിത്രങ്ങളും ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിത്രങ്ങൾക്ക് സമീപം ലാറ്റിൻ, മലയാളം, അറബി, നാഗരി ലിപികളിലായി സസ്യങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. (Van Rheede tot Drakenstein, 1678-1693).

## മലയാളം ഹോർത്തൂസ് മലബാറിക്കൂസിൽ

ലാറ്റിൻ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഹോർത്തൂസ് മലബാറിക്കൂസിൽ ശക്തമായ സാന്നിധ്യം കാണപ്പെടുന്ന ഒരു ഭാഷ മലയാളമാണ്. ഹോർത്തൂസ് മലബാറിക്കൂസിന്റെ ഉള്ളടക്കം പൂർണമായും ലാറ്റിൻ ഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അധ്യായങ്ങളുടെ പേരുകളായി നൽകിയിരിക്കുന്ന സസ്യനാമങ്ങൾ അച്ചടിച്ചിരിക്കുന്നത് ലാറ്റിനിലാണെങ്കിലും മലയാള ശൈലിയിൽ കേരളീയരായ തദ്ദേശീയർ പ്രാദേശികമായി ഉപയോഗിച്ചുവന്ന സസ്യനാമങ്ങൾ ലാറ്റിനിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. (Van Rheede tot Draketnsein, 1678-1693).

**ലാറ്റിൻ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഹോർത്തൂസ് മലബാറിക്കൂസിൽ ശക്തമായ സാന്നിധ്യം കാണപ്പെടുന്ന ഒരു ഭാഷ മലയാളമാണ്. ഹോർത്തൂസ് മലബാറിക്കൂസിന്റെ ഉള്ളടക്കം പൂർണമായും ലാറ്റിൻ ഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്.**

ഉദാഹരണമായി തെങ്ങിനെ "തെങ്ങ" എന്ന് തന്നെയാണ് അധ്യായനാമമായി നൽകിയിട്ടുള്ളത്. കവുങ്ങ, വാഴ, പപ്പായ മരം, പെരാലു, നെല്ലിക്കാമരം, കൊടകപാല തുടങ്ങിയവ മറ്റ് ചില ഉദാഹരണങ്ങളാണ്. യൂറോപ്യൻമാർക്ക് പരിചിതമല്ലാത്ത നൂറുകണക്കിന് സസ്യങ്ങളെയാണ് ഇവിടെ കണ്ടെത്തിയത് എന്നുള്ളതിനാൽ മലബാറിൽ പ്രാദേശികമായി പ്രചാരത്തിലിരിക്കുന്ന പേരുകൾ അതുപോലെ സ്വീകരിച്ച് ലാറ്റിനിൽ ഉപയോഗിച്ചിരിക്കുകയാണ് ചെയ്തത് (മണിലാൽ, 2008).

## അധ്യായങ്ങളുടെ മാതൃക (ലാറ്റിൻ)

അധ്യായം -1



Fol. 1

PARS PRIMA
HORTI
MALABARICI
DE
ARBORIBUS.
*TENGA.*
FIG. 1. 2. 3. 4.

*Tenga*, lingua Bramanum *Maddi*, est arbor cum farrecto caudice alte assurgens, nasciturque in arenosis.

*Radix* crassa cortice russescente ac nigricante, interius ligno molliori, fibras late transversum diffundens.

*Caudex* ...

അധ്യായം 2



MALABARICUS. 9

*CAUNGA.*

FIG. 5. 6. 7. 8.

*Caunga*, Ling. Bram. *Masi*, est arbor procera altitudine arborem *Tenga* aequans, nascens in arenosis.

*Radix* nigricans, oblonga, crassitie unius spithamae, radiculas albicantes & rufas, quae intus lignoso filamento sunt, ex se diffundens.


*Caudex* crassitie unius spithamae, maxima crassitie ad radicem, in summitate paulo minori obductus cortice viridi-claro.

...

ഹോർത്തൂസ് മലബാറിക്കൂസിൽ നൽകിയിട്ടുള്ള സസ്യങ്ങളുടെ ചിത്രങ്ങളുടെ മുകളിലായി 4 ഭാഷകളിൽ സസ്യങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ലാറ്റിനു ശേഷം മലയാളത്തിലാണ് സസ്യനാമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. അതിനുശേഷം അറബി, നാഗരി ലിപികളിൽ സസ്യങ്ങളുടെ പേരുകൾ ചേർത്തിരിക്കുന്നു.

## ഹോർത്തൂസ് മലബാറിക്കൂസിലെ ചിത്രങ്ങൾ


ചിത്രങ്ങൾക്കു മുകളിലായുള്ള മലയാള ലിപി പരിശോധിക്കുകയാണെങ്കിൽ വാക്കുകൾ എഴുതിയതിൽ ചില പ്രത്യേകതകൾ കാണാൻ കഴിയും. പാഠഭാഗത്ത് കൊടുത്തിട്ടുള്ള സസ്യനാമം കവുങ്ങിന്, 'കഉങ്ങ' എന്നാണ് ചിത്രത്തിന് മുകളിലായി മലയാള ലിപിയിൽ കൊടുത്തത്. അതുപോലെ ഇലഞ്ഞിക്ക് 'എലഞ്ഞി', ബാളംപുളി-വാളംമ്പുളി, കുമ്പുളു-കവുളു എന്നിങ്ങനെയാണ് കൊടുത്തിട്ടുള്ളത്. മലബാർ പ്രദേശത്ത് പ്രാദേശികമായി ഉപയോഗിച്ചിരുന്ന ഭാഷാശൈലിയിലാണ് സസ്യങ്ങളുടെ



പേരുകൾ ഹോർത്തൂസ് മലബാറിക്കൂസിൽ ഉപയോഗിച്ചിട്ടുള്ളത്. എല്ലാ സസ്യങ്ങൾക്കും കൃത്യമായ പേരും മലയാളലിപിയിൽ എഴുത്തും പതിനേഴാം നൂറ്റാണ്ടിലും നിലനിന്നിരുന്നു എന്നാണിതിൽ നിന്നും മനസ്സിലാക്കേണ്ടത്. ആ ലിപി വിന്യാസത്തിലൂടെ മലയാള സംസ്കാരത്തിന്റെ അടയാളപ്പെടുത്തലിന്റെ ചരിത്രരേഖയായി ഹോർത്തൂസ് മലബാറിക്കൂസ് മാറുകയായിരുന്നു.

## അറബി ഹോർത്തൂസ് മലബാറിക്കൂസിൽ

ഹോർത്തൂസ് മലബാറിക്കൂസിന്റെ രചനയിൽ സ്ഥാനം നേടിയ മറ്റൊരു ഭാഷ അറബിയാണ്. സസ്യങ്ങളുടെ ചിത്രങ്ങൾക്കു സമീപം നൽകിയിരിക്കുന്ന പേരുകളിൽ മൂന്നാമതായി ചേർത്തിരിക്കുന്നത് അറബി



ലിപിയാണ്. (Van Rheede tot Drakenstein, 1678-1693).


## നാഗരി ഹോർത്തൂസ് മലബാറിക്കൂസിൽ

രംഗഭട്ട്, വിനായകപണ്ഡിറ്റ്, അപ്പുഭട്ട് എന്നിവർ ചേർന്ന് തയാറാക്കിയ നാഗരി ലിപിയിലുള്ള സാക്ഷ്യപത്രങ്ങൾക്കു പുറമേ ഹോർത്തൂസ് മലബാറിക്കൂസിൽ ചേർത്തിരിക്കുന്ന സസ്യങ്ങളുടെ ചിത്രങ്ങൾക്കു സമീപം നാലാമതായി നാഗരിലിപിയിൽ സസ്യനാമങ്ങൾ ചേർത്തിരിക്കുന്നു. (Van Rheede tot Drakenstein, 1678-1693).

Downloaded from https://archive.org/search.php?query=hortus%20malabaricus%20volume%204

## പരിഭാഷകൾ

ഇട്ടി അച്യുതൻ പറഞ്ഞുകൊടുത്തിരുന്നതുപോലെ മലയാളത്തിൽ ആയിരുന്നില്ല ഹോർത്തൂസ്



**മലബാർ പ്രദേശത്ത് പ്രാദേശികമായി ഉപയോഗിച്ചിരുന്ന ഭാഷാശൈലിയിലാണ് സസ്യങ്ങളുടെ പേരുകൾ ഹോർത്തൂസ് മലബാറിക്കൂസിൽ ഉപയോഗിച്ചിട്ടുള്ളത്. എല്ലാ സസ്യങ്ങൾക്കും കൃത്യമായ പേരും മലയാളലിപിയിൽ എഴുത്തും പതിനേഴാം നൂറ്റാണ്ടിലും നിലനിന്നിരുന്നു എന്നാണിതിൽ നിന്നും മനസ്സിലാക്കേണ്ടത്.**



മലബാറിക്കുസ് പ്രസിദ്ധീകരിച്ചുവന്നത്. ചെടികളുടെ പേരുകൾ ഒഴികെ മറ്റെല്ലാ വിവരങ്ങളും ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തിരുന്നു. ഇട്ടി അച്യുതൻ മലയാളത്തിൽ പറഞ്ഞുകൊടുത്ത വിവരങ്ങൾ പോർച്ചുഗീസ് ഭാഷയിലേക്കാണ് ആദ്യം തർജമ ചെയ്തത്. ഡച്ച് കമ്പനിയുടെ ദ്വിഭാഷിയായിരുന്ന ഇമ്മാനുവൽ കർണിറോയാണ് തർജമ നിർവഹിച്ചത്. തുടർന്ന് കൊച്ചിയിലെ സിവിൽ സെക്രട്ടറിയായിരുന്ന ഹെർമൻ ഡി. ഡോണപ്പും കർണിറോയും ചേർന്ന് ഇത് ഡച്ചുഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഡച്ച് ഭാഷയിൽ നിന്ന് കൊച്ചിയിലെ കമ്പനി പുരോഹിതനായ ജോഹന്നസ് കസേറിയസ് ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. കേരളത്തിലെ സസ്യസമ്പത്തിനെ യൂറോപ്പുകാർക്ക് പരിചയപ്പെടുത്തുകയായിരുന്ന ഹോർത്തൂസ് മലബാറിക്കുസിന്റെ രചനയിലൂടെ വാൻറീഡ് ലക്ഷ്യംവച്ചത്. ലാറ്റിനായിരുന്ന അക്കാലത്തെ വൈജ്ഞാനിക സദസ്സുകളിൽ ഉപയോഗിക്കപ്പെട്ടിരുന്ന ഭാഷ, അതിനാലാണ് ഗ്രന്ഥം ലാറ്റിൻ ഭാഷയിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്.

ഹോർത്തൂസ് മലബാറിക്കുസ് ലാറ്റിനിൽ പ്രസിദ്ധീകരിച്ച കഴിഞ്ഞതിനു ശേഷവും മറ്റ് ഭാഷകളിലേക്ക് തർജമ ചെയ്യാനുള്ള ഒട്ടേറെ ശ്രമങ്ങൾ നടന്നു. ഹോർത്തൂസ് മലബാറിക്കുസിന്റെ ഏഴുമുതൽ പന്ത്രണ്ടുവരെയുള്ള വാല്യങ്ങൾ എഡിറ്റ് ചെയ്ത അബ്രഹാം വാൻപൂട്ടാണ് അത്തരമൊരു ശ്രമം ആദ്യമായി നടത്തിയത്. 1689-ൽ ഹോർത്തൂസ് മലബാറിക്കുസിന്റെ ആദ്യ രണ്ടു വാല്യങ്ങളുടെ പരിഭാഷ ഡച്ച് ഭാഷയിൽ തയാറാക്കി പ്രസിദ്ധീകരിച്ചു. എന്നാൽ തുടർന്നുള്ള വാല്യങ്ങളുടെ പരിഭാഷ അദ്ദേഹം നടത്തുകയുണ്ടായില്ല. പിന്നീട് 1774 ൽ മറ്റൊരു പരിഭാഷാശ്രമം നടക്കുകയുണ്ടായി. ജോൺഹിൽ എന്ന സസ്യശാസ്ത്ര പ്രതിഭ 'ലണ്ടൻ എഡിഷൻ' എന്ന പേരിൽ ഹോർത്തൂസ് മലബാറിക്കുസിന്റെ ആദ്യ വാല്യം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി. ചെടികളുടെ അന്നത്തെ ശാസ്ത്രീയനാമങ്ങൾ കൂടി ചേർത്തായിരുന്നു പ്രസിദ്ധീകരണം. (Heniger, 1986). ഇത്തരം ചെറിയ ശ്രമങ്ങൾ നടന്നുവെന്നല്ലാതെ പൂർണമായ രീതിയിൽ ഹോർത്തൂസ് മലബാറിക്കുസ് പരിഭാഷപ്പെടുത്താൻ സാധിച്ചിരുന്നില്ല.

കേരളത്തിലെ സസ്യസമ്പത്തിനെ യൂറോപ്പുകാർക്ക് പരിചയപ്പെടുത്തുകയായിരുന്നു ഹോർത്തൂസ് മലബാറിക്കുസിന്റെ രചനയിലൂടെ വാൻറീഡ് ലക്ഷ്യംവച്ചത്. ലാറ്റിനായിരുന്നു അക്കാലത്തെ വൈജ്ഞാനിക സദസ്സുകളിൽ ഉപയോഗിക്കപ്പെട്ടിരുന്ന ഭാഷ, അതിനാലാണ് ഗ്രന്ഥം ലാറ്റിൻ ഭാഷയിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്.

ലാറ്റിൻ ഭാഷയിൽ നിന്ന് മറ്റു ഭാഷകളിലേക്ക് ഹോർത്തൂസ് മലബാറിക്കുസ് പൂർണമായും പരിഭാഷപ്പെടുത്തുന്നതിന് ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. സസ്യശാസ്ത്രം, കേരളീയ നാട്ടുവൈദ്യം, മലയാളഭാഷയുടെ പരിണാമദശ, ലാറ്റിൻഭാഷ എന്നിവയിലെല്ലാം അവഗാഹമുള്ളവർക്കു മാത്രമേ ഈ ബൃഹത്ഗ്രന്ഥം ശരിയായ രീതിയിൽ പരിഭാഷപ്പെടുത്താൻ സാധിക്കുമായിരുന്നുള്ളൂ. സസ്യനാമങ്ങൾ 17-ാം നൂറ്റാണ്ടിൽ മലബാറിലെ തദ്ദേശീയർ പ്രാദേശികമായി ഉപയോഗിച്ചിരുന്ന വാമൊഴി നാമങ്ങളായതിനാലും അവയിൽ പലതും പ്രചാരത്തിലില്ലാത്തതും സസ്യവർഗങ്ങളെ കണ്ടെത്തുന്നതിൽ ഏറെ പ്രയാസകരവുമായ കാര്യമായിരുന്നു. എന്നാൽ ഈ വലിയ ദൗത്യം ഏറ്റെടുത്ത് ഹോർത്തൂസ് മലബാറിക്കുസിനെ പൂർണമായും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നതിനും കേരളത്തിൽ നിന്നു പ്രസിദ്ധീകരിക്കാനും കേരളീയനായ കെ.എസ്. മണിലാൽ എന്ന സസ്യശാസ്ത്ര പ്രൊഫസർക്കു കഴിഞ്ഞു. പതിറ്റാണ്ടുകൾ നീണ്ട തീവ്രപ്രയത്നങ്ങളുടെയും പ്രയാസങ്ങളുടെയും അന്വേഷണങ്ങളുടെയും ഒടുവിൽ ഹോർത്തൂസ് മലബാറിക്കുസ് ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തി. 2003-ൽ കേരളസർവകലാശാലയാണ് ഹോർത്തൂസ് മലബാറിക്കുസിന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിച്ചത്. 2008-ൽ ഇതിന്റെ മലയാള പരിഭാഷയും പ്രസിദ്ധീകരിച്ചു. ഹോർത്തൂസ് മലബാറിക്കുസിന്റെ പന്ത്രണ്ട് വാല്യങ്ങളും ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തുന്നതിനും ഹോർത്തൂസ് മലബാറിക്കുസിൽ പ്രതിപാദിച്ചിട്ടുള്ള 742 സസ്യങ്ങളിൽ ഒന്നൊഴികെ മുഴുവൻ സസ്യങ്ങളെയും ശേഖരിക്കുകയും യഥാർഥ സസ്യനാമങ്ങൾ കണ്ടെത്തുകയും അവയുടെ ശാസ്ത്രീയമായ വർഗീകരണവും വ്യാഖ്യാനവും നടത്തുകയും ചെയ്തു. ഈ ഗ്രന്ഥത്തെ സസ്യശാസ്ത്ര മേഖലയിലുള്ളവർക്കു മാത്രമല്ല വിജ്ഞാനദാഹികൾക്കെല്ലാം ഉപകാരപ്പെടുന്ന രീതിയിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് ഒരു ജന്മം നീണ്ടുനിന്ന അദ്ദേഹത്തിന്റെ ശ്രമഫലമായാണ്.

മലയാള പതിപ്പിന്റെ പ്രസിദ്ധീകരണം കൊണ്ട് ഭാഷാപരമായ ഒരു വൃത്തം പൂർത്തീകരിക്കപ്പെട്ടു. മലയാളം, പോർച്ചുഗീസ്, ഡച്ച്, ലാറ്റിൻ, ഇംഗ്ലീഷ്, മലയാളം എന്ന വൃത്തം പൂർണമാകുവാൻ 330 വർഷമാണ് വേണ്ടിവന്നത്. (മണിലാൽ, 2008).

## ഉപസംഹാരം

കേരളത്തിന്റെ വൈദ്യപാരമ്പര്യത്തിലേക്കും, സസ്യശാസ്ത്രത്തിലേക്കും, സംസ്കാരത്തിലേക്കും വെളിച്ചം വീശുന്ന ഹോർത്തൂസ് മലബാറിക്കുസിൽ നിരവധി ഭാഷകളാണ് സാന്നിധ്യം അറിയിച്ചിട്ടുള്ളത്. മലയാളഭാഷയിലെ ലിപിയുടെ പരിണാമഘട്ടങ്ങൾ അടയാളപ്പെടുത്തുന്ന കോലെഴുത്ത്, ആര്യയെഴുത്ത്, കൊങ്കണിഭാഷ അടയാളപ്പെടുത്തിയ നാഗരിലിപി, ലാറ്റിൻ, മലയാളം, അറബി, പോർച്ചു

ഗീസ്, ഡച്ച് എന്നിങ്ങനെ വിവിധങ്ങളായ ഭാഷകളുടെ സമന്വയം കൊണ്ട് സമ്പുഷ്ടമായ കൃതിയാണ് ഹോർത്തുസ് മലബാറിക്കുസ്.

## 11.സഹായകഗ്രന്ഥങ്ങൾ


മണിലാൽ, കെ. എസ്. (2008). വാൻറീഡിന്റെ ഹോർത്തുസ് മലബാറിക്കുസ്, തിരുവനന്തപുരം: കേരള യൂണിവേഴ്സിറ്റി. വാല്യം 1-12.

Fournier, Marian (1980). Hortus Malabaricus of Hendrick Adriaan van Reede tot Drakestein in Manilal, K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co., 1980.

Heniger, J. (1986). Hendrick Adriaan van Reede tot Drakestein (1636-1691) and Hortus Malabaricus. Rottendam & Boston: A.A. Balkema Publishers.

Manilal, K. S. (1979). The relationship of Hortus Malabaricus with Kerala and Malayam. Malayalam Lit. Surv. 3(4), 54-64.

Manilal, K. S., & Suresh, C. R. (1984). The Pandani in Rheede's Hortus Malabaricus. New Botanist, 11, 2, 120-125.

Manilal, K. S., Suresh, C. R., & Sivarajan, V. V. (1977). A Reinvestigation of the Plants Described in Rheede's "Hortus Malabaricus": An Introductory Report.Taxon, 26, 549-550.

Manilal, K.S. (1979). The Nagari Script in Hortus Malabaricus. Rheede Comm. Vol. Bio hist. Inst., Utrecht.

Manilal, K.S. (1980). Botany and History of Hortus Malabaricus, New Delhi: Oxford & IBH Publishing Co., 1980.

Manilal, K.S. (1980). Malayalam plant names from Hortus Malabaricus in modern Botanical Nomenclature in Manilal K.S. Botany and History of Hortus Malabaricus. New Delhi: Oxford & IBH Publishing Co.

Manilal, K.S. (1981). Ethnobotany of the Nagari Script in Hortus Malabaricus. Lucknow : Recent Researches in Indian Ethnobotany. Society of Ethnobotanists.

Manilal, K.S. (2003). Van Rheedes' Hortus Malabaricus. Thiruvananthapuram: University of Kerala, 12 vols.

Manilal, K.S. et al. (1977). A reinvestigation of the plants described in Rheede's "Hortus Malabaricus" : an introductory report. Taxon, 26 (5/6), 549-550. doi: 10.2307/1219647.

Nicolson, Dan H., et al. (1988). An interpretation or Van Reede's Hortus malabaricus. Germany: Koetltz Scientific Books.

സുമിത. വി. (2019). ഹോർത്തുസ് മലബാറിക്കുസ് : ഒരു സാംസ്കാരിക പാഠം (Ph. D. Thesis). മലപ്പുറം: മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവകലാശാല.

Suresh, C. R., Sivadasan, M., & Manilal, K. S. (1983). A Commentary on Rheede's Aroids. Taxon, 32, 1, 126-132.

Suresh, C.R. (1986). A reinvestigation of the medicinal plants described in Hortus Malabaricus (Ph.D. Thesis). Malappuram: University of Calicut.

Van Rheede tot Drakenstein. (1678-1693). Hortus Malabaricus. Amsterdam: Widow of J. Van Someren, J. Van Dyek, H. Widow of T. Boom. 12 Vols.



*(ഡോ. സുമിത. വി*
*e-mail: sumitha945@gmail.com)*



**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**സിനിമയുടെ ലോകം**
**അടൂർ ഗോപാലകൃഷ്ണൻ**

ലോകസിനിമയുടെ ഭൂപടത്തിൽ മലയാളസിനിമയ്ക്കും ഒരു ഇടം കണ്ടെത്തിയ ചലച്ചിത്രകാരൻ സിനിമയുടെ വിവിധ വശങ്ങളെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്നു. ഏറ്റവും മികച്ച ചലച്ചിത്ര ഗ്രന്ഥത്തിനുള്ള ദേശീയ പുരസ്കാരം നേടിയ കൃതിയുടെ ആറാം പതിപ്പ്.

₹ 110




# ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ

റെജിൽ കെ.പി.

നവീന സൗഹൃദ സാങ്കേതികവിദ്യയായ ബ്ലോക്ക്ചെയിൻ, ഭാവിജീവിതത്തിൽ മാറ്റിനിർത്താൻ സാധിക്കാത്ത ഒന്നാണ്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ബ്ലോക്ക്ചെയിനിൽ അടിസ്ഥാനപരമായ അറിവുനേടുകയെന്നത് നവസാങ്കേതികവിദ്യയിൽ ജോലിചെയ്യുന്ന ഏതൊരാളെ സംബന്ധിച്ചും അത്യന്താപേക്ഷിതമായ കാര്യമാണ്. ഈ ലേഖനത്തിൽ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയെ കുറിച്ചുള്ള ലളിതമായ കാര്യങ്ങൾ പ്രതിപാദിക്കാനാണ് ശ്രമിക്കുന്നത്. ബ്ലോക്ക്ചെയിൻ എങ്ങനെ പ്രവർത്തിക്കുന്നു, എന്തുകൊണ്ടാണ് ഇത് പ്രാധാന്യമർഹിക്കുന്നത്; നിങ്ങളുടെ ജോലി മുന്നോട്ട് കൊണ്ടുപോകാൻ ഇതെങ്ങനെ ഉപയോഗിക്കാം എന്നും അറിഞ്ഞിരിക്കേണ്ടതുണ്ട്. ബിസിനസ്സ് ശൃംഖലയിലെ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനും ആസ്തികൾ തിരഞ്ഞുപിടിക്കുന്നതിനും ഉപയോഗിക്കുന്ന പരിവർത്തനവിധേയമല്ലാത്ത ഡിജിറ്റൽ ലഡ്ജറാണ് ബ്ലോക്ക്ചെയിൻ. അദൃശ്യമായ ആസ്തികളും (ബൗദ്ധിക സ്വത്ത്, പേറ്റന്റുകൾ, പകർപ്പാവകാശങ്ങൾ, മറ്റ് അസറ്റുകൾ എന്നിവ) ദൃശ്യമായ ആസ്തികളും (വീടുകൾ, കാറുകൾ, ഭൂമി) എന്നിവ ഉൾപ്പെടെ ഈ ലഡ്ജറിലെ എല്ലാ ഇടപാടുകളും ഉടമയുടെ ഡിജിറ്റൽ ഒപ്പ് മുഖേനയാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അത് ഇടപാടുകളെ ആധികാരികമാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ ഡിജിറ്റൽ ലഡ്ജറിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ വളരെ സുരക്ഷിതമായിരിക്കും.

ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയുടെ നേട്ട



ങ്ങൾ ചുവടെ പറയുന്നവയാണ്.

## 1. ഉയർന്ന സുരക്ഷിതത്വം

ഒരു പ്രത്യേക ഡിജിറ്റൽ ഒപ്പ് ഇല്ലാതെ മറ്റ് ഉപയോക്താക്കൾക്ക് ഒരു വ്യക്തിയുടെ വിവരങ്ങൾ നശിപ്പിക്കുകയോ മാറ്റുകയോ ചെയ്യുന്നത് അസാധ്യമാകുന്ന തരത്തിൽ വഞ്ചനാരഹിത ഇടപാടുകൾ നടത്താൻ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിലൂടെ സാധിക്കുന്നു.


ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയ്ക്ക് അന്തർലീനമായ സുരക്ഷാഗുണങ്ങളുള്ള ഡാറ്റാഘടനയാണുള്ളത്. ഇടപാടുകളിൽ വിശ്വാസം ഉറപ്പാക്കുന്ന വികേന്ദ്രീകരണം, ക്രിപ്റ്റോഗ്രാഫി എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. മിക്ക ബ്ലോക്ക്ചെയിനുകളിലും ഡാറ്റ ബ്ലോക്കുകളായി ക്രമീകരിച്ചിരിക്കുന്നു. ഓരോ ബ്ലോക്കിലും ഇടപാടുകളുടെ വിവരങ്ങളാണ് അടങ്ങിയിരിക്കുന്നത്. ഓരോ പുതിയ ബ്ലോക്കും അതിനു മുൻപുള്ള മറ്റു ബ്ലോക്കുകളുമായി. ഒരു ക്രിപ്റ്റോഗ്രാഫിക് ശൃംഖലയിൽ ബന്ധിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ സാങ്കേതിക വിദ്യയിൽ സംഭരിക്കപ്പെട്ട വിവരങ്ങൾ ഉപയോക്താവ് അറിയാതെ കൈമാറ്റം ചെയ്യുന്നത് അസാധ്യമാണ്.

## 2. വികേന്ദ്രീകരണ സംവിധാനം

പരമ്പരാഗത ഇടപാടുകൾക്കായി നിങ്ങൾക്ക് ഒരു സർക്കാരിന്റെയോ ബാങ്കുപോലുള്ള സ്ഥാപനങ്ങളുടെയോ അംഗീകാരം ആവശ്യമാണെന്നിരുന്നാലും, ബ്ലോക്ക്ചെയിൻ ഉപയോഗിച്ച് വേഗത്തിൽ ഇടപാടുകൾ സുഗമമായും സുരക്ഷിതമായും നടത്താൻ സാധിക്കും. ഉപയോക്താക്കളുടെ പരസ്പര സമ്മതത്തോടെയാണ് ഇത് സാധ്യമാവുന്നത്. കൂടാതെ, പ്രവർത്തന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുമ്പോൾ സ്വയമേവ ചിട്ടയായ പ്രവർത്തനങ്ങൾ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ സൃഷ്ടിക്കാൻ കഴിയും.

ഒരു ബ്ലോക്ക്ചെയിൻ ഡാറ്റാബേസിൽ സൂക്ഷിച്ചിരിക്കുന്ന ഡാറ്റയെ വിവിധ സ്ഥലങ്ങളിലെ നിരവധി നെറ്റ്‌വർക്ക് നോഡുകൾക്കിടയിൽ വ്യാപിക്കാൻ അനുവദിക്കുന്നു. ഇത് അതിൽ സംഭരിച്ചിരിക്കുന്ന ഡാറ്റയുടെ വിശ്വസ്തത നിലനിർത്താൻ സഹായിക്കുന്നു. ആരെങ്കിലും ഡാറ്റാബേസിന്റെ ഒരു റെക്കോർഡ് മാറ്റാൻ ശ്രമിച്ചാൽ മറ്റ് നോഡുകൾ മാറ്റപ്പെടില്ല. ഒരു ഉപയോക്താവ് ബിറ്റ്കോയിന്റെ ഇടപാടുകളുടെ റെക്കോർഡ് തിരുത്തിയാൽ മറ്റെല്ലാ നോഡുകളും പരസ്പരം ക്രോസ്ചെക്ക് ചെയ്യുകയും തെറ്റായ വിവരങ്ങളടങ്ങുന്ന നോഡ് എളുപ്പത്തിൽ കണ്ടെത്തുകയും ചെയ്യും. ഇടപാടുകളുടെ കൃത്യവും സുതാര്യവുമായ ക്രമം സ്ഥാപിക്കാൻ ഈ സംവിധാനം സഹായിക്കുന്നു. ഈ രീതിയിൽ നെറ്റ്‌വർക്കിനുള്ളിലെ ഒരു നോഡിനും അതിനുള്ളിലെ വിവരങ്ങൾ മാറ്റാൻ കഴിയില്ല. ബ്ലോക്ക്ചെയിനിന്റെ വികേന്ദ്രീകൃതസ്വഭാവം കാരണം എല്ലാ ഇടപാടുകളും സുതാര്യമായി കാണാൻ സാധിക്കും. പുതിയ നോഡുകൾ കൂട്ടിച്ചേർക്കുമ്പോൾ അപ്ഡേറ്റ് ചെയ്യപ്പെടുന്നതുകൊണ്ട് ബിറ്റ്കോയിനോ മറ്റേതെങ്കിലും ഡിജിറ്റൽ കോയിനോ ആയാലും കൈമാറ്റം നടന്ന വിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.

**ഒരു ബ്ലോക്ക്ചെയിൻ ഡാറ്റാബേസിൽ സൂക്ഷിച്ചിരിക്കുന്ന ഡാറ്റയെ വിവിധ സ്ഥലങ്ങളിലെ നിരവധി നെറ്റ്‌വർക്ക് നോഡുകൾക്കിടയിൽ വ്യാപിക്കാൻ അനുവദിക്കുന്നു. ഇത് അതിൽ സംഭരിച്ചിരിക്കുന്ന ഡാറ്റയുടെ വിശ്വസ്തത നിലനിർത്താൻ സഹായിക്കുന്നു. ആരെങ്കിലും ഡാറ്റാബേസിന്റെ ഒരു റെക്കോർഡ് മാറ്റാൻ ശ്രമിച്ചാൽ മറ്റ് നോഡുകൾ മാറ്റപ്പെടില്ല.**



### 3. കാലതാമസമില്ലാതെ കള്ളപ്പണമിടപാടുകൾ കണ്ടെത്താനാകും

ബ്ലോക്ക്ചെയിൻ ഒരു ഓഡിറ്റ് ട്രയൽ സൃഷ്ടിക്കുകയും, ഇത് അതിന്റെ ഉപയോഗത്തിലെ ഓരോ ഘട്ടത്തിലും ആസ്തിയുടെ തെളിവ് രേഖപ്പെടുത്തുകയും ചെയ്യുന്നു. ബ്ലോക്ക്ചെയിൻ ഡാറ്റാ ബേസിൽ രേഖപ്പെടുത്തുന്ന ഓരോ ഡാറ്റയുടെ തെളിവും ഉപയോക്താക്കളുമായി നേരിട്ട് പങ്കിടാൻ കഴിയുന്നതുകൊണ്ട് കള്ളപ്പണമിടപാടുകളെ ഒരു പരിധിവരെ തടയാൻ സാധിക്കും.

### 4. കാര്യക്ഷമതയും വേഗതയും വർധിപ്പിക്കാം

പരമ്പരാഗത പേപ്പർ കറൻസി ഇടപാടുകൾ സമയമെടുക്കുന്നതും പിഴവുകൾ സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രക്രിയകളാണ്. ബ്ലോക്ക്ചെയിൻ ഉപയോഗിച്ച് ഈ പ്രക്രിയകൾ കാര്യക്ഷമമാകുന്നതിലൂടെ ഇടപാടുകൾ വേഗത്തിലും കാര്യക്ഷമമായും പൂർത്തീകരിക്കാൻ സാധിക്കും. ഇടപാടുകളുടെ വിശദാംശങ്ങളോടൊപ്പം ഡോക്യുമെന്റേഷനും ബ്ലോക്ക്ചെയിനിൽ സൂക്ഷിക്കും. പേപ്പർ കൈമാറ്റം ചെയ്യേണ്ടതിന്റെ ആവശ്യകത ഇത് ഇല്ലാതാക്കുന്നു.

### 5. ഓട്ടോമേഷൻ

ബ്ലോക്ക്ചെയിൻ സംവിധാനത്തിലൂടെ നടക്കുന്ന ഇടപാടുകൾ സ്മാർട്ട് കോൺട്രാക്ടുകൾ ഉപയോഗിച്ച് ഓട്ടോമേറ്റ് ചെയ്യാവുന്നതാണ്. അത് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുകയും പ്രക്രിയയെ വേഗത്തിലാക്കുകയും ചെയ്യുന്നു. മുൻകൂട്ടി വ്യക്തമാക്കിയ വ്യവസ്ഥകൾ പാലിച്ചുകഴിഞ്ഞാൽ ഇടപാടിന്റെയോ പ്രക്രിയയുടെയോ അടുത്ത ഘട്ടം സ്വയമേവ കാര്യക്ഷമമാകും. സ്മാർട്ട് കോൺട്രാക്ടുകൾ മാനുഷിക ഇടപെടലുകളും കരാറിന്റെ


# വിജ്ഞാനകൈരളി

## വിജ്ഞാനകൈരളിയിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

വിജ്ഞാനകൈരളിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവർ ലേഖനത്തിനോടൊപ്പം പേര്, മേൽവിലാസം, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. ലേഖനത്തിന്റെ വർക്ക് ഫയൽ, പി.ഡി.എഫ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ hariivkairali@gmail.com എന്ന വിലാസത്തിലോ editorvijnanakairali@gmail.com എന്ന വിലാസത്തിലോ അയയ്ക്കുക.

എഡിറ്റർ




നിബന്ധനകളും പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ മൂന്നാം കക്ഷികളെ ആശ്രയിക്കുന്നതും കുറയ്ക്കുന്നു.

## ബ്ലോക്ക്ചെയിൻ പ്രവർത്തിക്കുന്ന വിധം

ബ്ലോക്ക്ചെയിനിൽ 3 പ്രധാന ആശയങ്ങൾ ഉൾക്കൊള്ളുന്നു. ബ്ലോക്കുകൾ, നോഡുകൾ, മൈനിങ്ങ് ചെയ്യുന്നവർ.

### 1. ബ്ലോക്കുകൾ

ഓരോ ശൃംഖലയിലും ഒന്നിലധികം ബ്ലോക്കുകൾ അടങ്ങിയിരിക്കുന്നു. ഓരോ ബ്ലോക്കിലും 2 അടിസ്ഥാന ഘടകങ്ങളുണ്ട്.

#### i. ബ്ലോക്കിലെ ഡാറ്റ

ഒരു 32 ബിറ്റ് നമ്പറാണ് ഇതിനായി ഉപയോഗിക്കുന്നത്. ഓരോ ബ്ലോക്ക് സൃഷ്ടിക്കുമ്പോഴും ക്രമരഹിതമായി ഈ നമ്പർ ജനറേറ്റ് ചെയ്യുന്നു. ഇത് ബ്ലോക്ക് ഹാഷ് സൃഷ്ടിക്കുന്നു.

#### ii. ഹാഷ്

ഹാഷ് 256 ബിറ്റ് സംഖ്യയാണ്. വളരെയധികം പൂജ്യങ്ങളിൽ ആരംഭിക്കുന്ന വളരെ ചെറിയൊരു നമ്പറാണിത്. ഒരു ശൃംഖലയുടെ ആദ്യ ബ്ലോക്ക് സൃഷ്ടിക്കുമ്പോൾ ഒരു ക്രിപ്റ്റോഗ്രാഫിക്ക് ഹാഷ് സൃഷ്ടിക്കപ്പെടുന്നു. ഈ പ്രക്രിയയിലൂടെ ബ്ലോക്കിലെ ഡാറ്റയിൽ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയതായി കണക്കാക്കാം.

### 2. മൈനിങ്ങ് ചെയ്യുന്നവർ

മൈനിങ്ങ് പ്രക്രിയയിലൂടെ മൈനിങ്ങ് ചെയ്യുന്നവർ ബ്ലോക്ക് ചെയിനിൽ പുതിയ ബ്ലോക്കുകൾ സൃഷ്ടിക്കുന്നു. അംഗീകൃത ഹാഷ് നമ്പർ കണ്ടെത്തുവാനുള്ള ഗണിതപ്രശ്നം പരിഹരിക്കുവാനായാണ് മൈനിങ്ങ് പ്രക്രിയ നടത്തുന്നത്. ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു. ഏകദേശം 4 ബില്യൺ ഹാഷ് കോമ്പിനേഷനുകളിൽനിന്നും യോജിക്കുന്നവ കണ്ടെത്തുന്നതിനായി മൈനിങ്ങ് പ്രക്രിയ ആരംഭിക്കുന്നു. യോജിക്കുന്ന ഹാഷ് കണ്ടെത്തിയാൽ മൈനിങ്ങ് ചെയ്യുന്നവർ അവരുടെ ബ്ലോക്കുകളിൽ അത് ചേർക്കുകയും നെറ്റ്‌വർക്കിലെ എല്ലാ നോഡുകളും മാറ്റം അംഗീകരിക്കുകയും മൈനിങ്ങ് ചെയ്തവർക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു.


### 3. നോഡുകൾ

ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് വികേന്ദ്രീകരണം. ബ്ലോക്ക്ചെയിനിന്റെ പകർപ്പുകൾ പരിപാലിക്കുകയും പ്രവർത്തനം നിലനിർത്തുകയും ചെയ്യുന്ന ഏത് തരത്തിലുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളും നോഡുകൾ ആകാം. ഓരോ നോഡിനും ബ്ലോക്ക്ചെയിനിന്റേതായ പകർപ്പുകളുണ്ട്. ഓരോ പങ്കാളിക്കും അവരുടെ ഇടപാടുകൾ കാണിക്കുന്ന അക്ഷരങ്ങളും അക്കങ്ങളും ഇടകലർത്തിയ ഒരു നമ്പർ നൽകിയിരിക്കുന്നു.

ബ്ലോക്ക്ചെയിൻ പ്രവർത്തിക്കുന്നത് താഴെ പറയുന്ന രീതിയിലാണ്.

1. ഒരു അംഗീകൃത പങ്കാളി ഡിജിറ്റൽ പണം നിക്ഷേപം നടത്തികൊണ്ട് ഒരു പണമിടപാട് ആരംഭിക്കുന്നുവെന്ന് കരുതുക. അത് ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രമാണീകരിക്കേണ്ടതാണ്.

ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് വികേന്ദ്രീകരണം. ബ്ലോക്ക്ചെയിനിന്റെ പകർപ്പുകൾ പരിപാലിക്കുകയും പ്രവർത്തനം നിലനിർത്തുകയും ചെയ്യുന്ന ഏത് തരത്തിലുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളും നോഡുകൾ ആകാം.



2. മുകളിൽ പ്രതിപാദിച്ച പ്രവർത്തനം ആ നിർദ്ദിഷ്ട ഇടപാടിനെയോ ഡാറ്റയെയോ പ്രതിനിധീകരിക്കുന്ന ഒരു ബ്ലോക്ക് സൃഷ്ടിക്കുന്നു. നെറ്റ്‌വർക്കിലെ എല്ലാ കമ്പ്യൂട്ടർ നോഡുകളിലേക്കും ഈ പുതിയ ബ്ലോക്ക് അയയ്ക്കുന്നു.
3. അംഗീകൃത നോഡുകൾ ഇടപാട് പരിശോധിച്ച് നിലവിലുള്ള ബ്ലോക്ക്ചെയിനിലേക്ക് ഈ ബ്ലോക്ക് ചേർക്കുന്നു. (പബ്ലിക് ബ്ലോക്ക്ചെയിൻ നെറ്റ്‌വർക്കുകളിലെ നോഡുകളെ മൈനർമാർ എന്നു വിളിക്കുന്നു. ഈ ജോലിയ്ക്കായി അവർക്ക് പണം നൽകും).

## ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിലെ ഭാവി പ്രവണതകൾ

2021ന്റെ അവസാനത്തോടെ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയുടെ ആഗോള വിപണി മൂല്യം 5.92 ബില്യൺ ഡോളറിലെത്തിയിരുന്നുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ കാലയളവിൽ 39.95% വിപണിമൂല്യത്തോടെ അമേരിക്കയായിരുന്നു ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയുടെ ഇരിപ്പിടത്തിൽ ആധിപത്യമുറപ്പിച്ചിരുന്നത്. 2022 ൽ വിപണിമൂല്യം ഇത് 10 ബില്യൺ ഡോളർ ഭേദിക്കുമെന്നും കണക്കാക്കപ്പെടുന്നു.

ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയുടെ ഭാവിയിലെ സാധ്യതകൾ ചുവടെ പറയുന്നവയാണ്.

### 1. ക്രിപ്റ്റോകറൻസികൾ

ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഏറ്റവും ജയപ്രിയമായത് ബിറ്റ്കോയിൻ അല്ലെങ്കിൽ ഈതറിയം എന്ന ക്രിപ്റ്റോ കറൻസിയിലാണ്. ഒരു ബ്ലോക്ക്ചെയിനിൽ കൈമാറ്റം ചെയ്യാവുന്നതായ ഡിജിറ്റൽ ആസ്തിയാണ് ക്രിപ്റ്റോ കറൻസി. ആളുകൾ, ക്രിപ്റ്റോ കറൻസികൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ ബ്ലോക്ക്ചെയിൻ അത് രേഖപ്പെടുത്തുന്നു. ക്രിപ്റ്റോകറൻസികളുടെ ഉപയോഗം വർധിക്കുന്തോറും ബ്ലോക്ക്ചെയിൻ കൂടുതൽ വ്യാപകമാകും.


### 2. രാജ്യാന്തര പണമിടപാടുകൾ

അതിർത്തികടന്നുള്ള പണമിടപാടുകൾ ഗണ്യമായി വളരുകയാണ്. 2022 ഓടെ അതിർത്തി കടന്നുള്ള പണമിടപാടുകൾ 39 മില്യൺ ഡോളറാകുമെന്ന് പ്രതീക്ഷിക്കുന്നു. ബാങ്കുകൾപോലുള്ള ഇടനിലക്കാരില്ലാതെ ഇടപാടുകളുടെ തത്സമയ സ്ഥിരീകരണംനൽകുന്ന ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിലധിഷ്ഠിതമായ പണമിടപാടുകൾ രാജ്യാന്തര പണമിടപാടുകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതുറക്കുമെന്ന് പ്രതീക്ഷിക്കാം.

### 3. തിരിച്ചറിയൽ സുരക്ഷ

സുരക്ഷാവിഭാഗത്തിൽ ബ്ലോക്ക്ചെയിനിൽ അധിഷ്ഠിതമായ നിരവധി തിരിച്ചറിയൽ മാർഗങ്ങൾ ഇന്ന് ലഭ്യമാണ്. സമ്മതിദായകരുടെ വിവരങ്ങൾ രേഖപ്പെടുത്തുവാനും തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ശരിയായ പ്രവർത്തനം ഉറപ്പാക്കുവാനുമൊക്കെ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താവുന്നതാണ്.

ആദ്യമായി ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ വിജയകരമായി നടപ്പിലാക്കുന്നത് ബിറ്റ്കോയിനിലാണ്. എന്നാൽ, ഇന്ന് നിരവധി വ്യവസായങ്ങളിൽ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഫലവത്തായി ഉപയോഗിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രീകൃത അതോറിറ്റിയുടെ പങ്കാളിത്തമില്ലാതെ ഉപയോഗിക്കാവുന്ന ഒരു സാങ്കേതികവിദ്യ എന്ന നിലയിൽ ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയ്ക്ക് ലോകസമൂഹത്തിനിടയിൽ വളരെയേറെ പ്രചാരമുണ്ട്. ദിനംപ്രതി പുതിയ കണ്ടുപിടിത്തങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്ന ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിൽ ഇനിയും ഒരുപാട് മാറ്റങ്ങൾ ഉണ്ടാവുമെന്നും പുത്തൻ ആശയങ്ങൾ പിറവികൊള്ളുമെന്നും നമുക്ക് പ്രതീക്ഷിക്കാം.



*(റെജിൽ കെ.പി. - 9895945974)*



# മഹാശിലായുഗ കേരളത്തിലെ കാർഷിക സംസ്കൃതി

ഡോ. സുജാത കെ.എസ്.

ആദിമ കാലഘട്ടത്തിൽ കേരളം തമിഴകത്തിന്റെ ഭാഗമായാണ് കരുതപ്പെടുന്നത്. കാവേരി നദിയുടെ വടക്കേ അറ്റം മുതൽ ഇങ്ങ് തെക്ക് കന്യാകുമാരി വരെ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ ആദ്യകാല ചരിത്രത്തെക്കുറിച്ച് ചരിത്രകാരന്മാരും, ഗവേഷകരും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് രേഖപ്പെടുത്തുന്നത്. കേരളത്തിലെ ശിലായുഗ കാലഘട്ടത്തെക്കുറിച്ച് കൃത്യമായ ധാരണകൾ ഇന്നും നിലവിലില്ല. കുറച്ചുനാൾമുമ്പുവരെ ചരിത്രകാരന്മാർ കേരളത്തിന്റെ ശിലായുഗ കാലഘട്ടത്തെ കുറിച്ച് നിശ്ശബ്ദരായിരുന്നു. പക്ഷേ പിന്നീട് പി.രാജേന്ദ്രൻ കാഞ്ഞിരപ്പുഴ (പാലക്കാട്) നിന്നും ശിലായുഗ ആയുധങ്ങൾ കണ്ടെത്തുകയുണ്ടായി. കൊല്ലം ജില്ലയിലെ തെന്മലയും ശിലായുഗ അവശിഷ്ടങ്ങൾ ലഭിച്ച മറ്റൊരു സ്ഥലമാണ്. ആദിമ കേരള ചരിത്രത്തെ കുറിക്കുന്ന ശക്തമായ തെളിവുകൾ വ്യാപകമായി ലഭിക്കുന്നത് മഹാശിലായുഗ അവശിഷ്ടങ്ങളിൽ നിന്നാണ്. കാരണം ദക്ഷിണേന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ ശിലായുഗ കാലഘട്ടത്തിലെ ഗുഹകളും സ്മാരകങ്ങളും ലഭ്യമാണ്. പക്ഷേ, അതുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്ക് കേരളത്തിൽ ലഭിക്കുന്നത് നന്നേ കുറവാണ്. 1823-ൽ ബാബിങ്ടൺ (Pandoo Coolies of Malabar) കണ്ടെത്തിയ മഹാശിലായുഗ അവശിഷ്ടങ്ങൾ കേരളചരിത്രത്തിന്റെ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം അരക്കിട്ടുറപ്പിക്കുകയായിരുന്നു. ചരിത്രാതീതകാലത്തെ ജീവിതരീതിയെക്കുറിച്ച് ചരിത്രകാരന്മാരും, നരവംശശാസ്ത്രജ്ഞരും പറയുന്നത് ആ കാലഘട്ടത്തിലെ മനുഷ്യർ ജീവിച്ചത് വേട്ടയാടിയും, മത്സ്യബന്ധനം നടത്തിയും ആണെന്നാണ്. നവീന ശിലായുഗ കാലഘട്ടത്തിലാണ് കാർഷികരീതിയുടെ ചെറിയ തെളിവുകൾ നമുക്ക് ലഭിച്ച് തുടങ്ങുന്നത്. മിനുസപ്പെടുത്തിയ ശിലകൊണ്ടുള്ള ആയുധങ്ങളും മൺപാത്രങ്ങളുടെ നിർമാണവും പ്രാഥമികമായ കൃഷിരീതികളും ഈ കാലത്ത് കാണാനാവും. എന്നാൽ കേരളത്തിൽ അത് കാര്യമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ദക്ഷിണേന്ത്യയിലെ മഹായുഗ സംസ്കാരാവശിഷ്ടങ്ങൾ എടുത്ത് നോക്കുമ്പോൾ അടിച്ചനെല്ലൂർ (തമിഴ്നാട്) നിന്നാണ് കൃഷിയെക്കുറിക്കുന്ന ആദ്യത്തെ തെളിവ് നമുക്ക് ലഭിക്കുന്നത്. മുതിര, ചോളം മുതലായവയുടെ അവശിഷ്ടങ്ങളും ലഭിച്ചു.

ലോകത്തിന്റെ എല്ലാ ഭാഗത്തും നവീന ശിലായുഗ കാലഘട്ടത്തിൽ സാങ്കേതികമായ പുരോഗമനം കാണാം. ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാനാകുന്ന പ്രധാനപ്പെട്ട കാര്യം ഇവയൊന്നും തന്നെ ഒരിടത്ത് മാത്രമായി ഒതുങ്ങി പോയില്ല എന്നാണ്. ഓരോ കാലഘട്ടത്തെയും പ്രതിനിദാനം ചെയ്യുന്ന സാങ്കേതിക തെളിവുകൾ ഒരേ സ്വഭാവം കാണിച്ചിരുന്നു. അതുകൊണ്ടുതന്നെ വേണ്ടത്ര പുരാവസ്തു പഠനങ്ങൾ നടന്നിട്ടില്ലാത്ത കേരളത്തിന് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേയും ലോകത്തിന്റെ മറ്റു ഭാഗങ്ങളേയും തെളിവുകൾക്കായി ആശ്രയിക്കുന്നതിൽ ഒരു പരിധി വരെ തെറ്റില്ല എന്നാണ്. താമ്രശിലായുഗത്തെപ്പറ്റി കാര്യമായ തെളിവുകൾ ഒന്നും തന്നെ നമുക്ക് ലഭ്യമല്ല. അതുകൊണ്ട് തന്നെ മഹാശിലായുഗ കാലഘട്ടത്തിന്റെ അവശിഷ്ടങ്ങൾ ആദിമ കാലത്തിന്റെ ഭൗതികമായ ചുറ്റുപാടിനെക്കുറിച്ച് വിവരം നൽകുന്നു. മഹാശിലായുഗ സ്ഥാനങ്ങളിൽ നിന്നും നമുക്ക് ഇരുമ്പ് കൊണ്ടുള്ള ആയുധങ്ങൾ, മൺപാത്രങ്ങൾ, മുത്ത്, മൂല്യമുള്ള കല്ല് കൊണ്ട് ഉണ്ടാക്കിയ മാലകൾ മുതലായവ ലഭിക്കുന്നുണ്ട്. തീർച്ചയായും ഇത് ക്രമേണയുള്ള ഭൗതികമായ പുരോഗതിയെ തന്നെയാണ് കാണിക്കുന്നത്. ആദിമ ഇരതേടൽ വ്യവസ്ഥയിൽനിന്നും ഭക്ഷ്യോൽപ്പാദന വ്യവസ്ഥയിലേക്കുള്ള മാറ്റം ഒരു വലിയ പുരോഗതി ആയിരുന്നു. മഹാശിലായുഗാവശിഷ്ടങ്ങളിൽ നിന്നും നമുക്ക് അത് കാണാവുന്നതാണ്. ഇരുമ്പുയുഗത്തിലേക്കുള്ള മാറ്റം നിർണായകമായ ഒന്നായി കണക്കാക്കാവുന്നതാണ്.

മഹാശിലായുഗ സംസ്കാരത്തിലെ ജനങ്ങൾ ഇരുമ്പിന്റെ ആയുധങ്ങൾ നിർമിക്കുന്നതിൽ നിപുണരായിരുന്നിരിക്കണം. പക്ഷേ, അവർ എന്തുകൊണ്ട് വാസയോഗ്യമായ സ്ഥലങ്ങൾ ഉണ്ടാക്കിയിരുന്നില്ല എന്ന് ചില ചരിത്രകാരന്മാർ സംശയം പ്രകടിപ്പിക്കുന്നുണ്ട്. അതിന് അവർ തന്നെ പറയുന്ന കാരണം, ആ കാലഘട്ടത്തിലെ ജനങ്ങൾ ഒരിടത്തും സ്ഥിരതാമസം നടത്തിയിരുന്നില്ല എന്നാണ്.


മഹാശിലായുഗ കാലഘട്ടത്തിലെ അവശിഷ്ടങ്ങളുടെ വ്യത്യസ്തമായ നിർമാണ രീതികൾ മാത്രമല്ല. അതിനകത്തുള്ള അവശിഷ്ടങ്ങൾ കൂടി പഠനത്തിന് വിധേയമാക്കാൻ തുടങ്ങിയത് പിന്നീടാണ്.

ദക്ഷിണേന്ത്യയിലെ മഹായുഗ സംസ്കാരാവശിഷ്ടങ്ങൾ എടുത്ത് നോക്കുമ്പോൾ അടിച്ചനെല്ലൂർ (തമിഴ്നാട്) നിന്നാണ് കൃഷിയെക്കുറിക്കുന്ന ആദ്യത്തെ തെളിവ് നമുക്ക് ലഭിക്കുന്നത്. മുതിര, ചോളം മുതലായവയുടെ അവശിഷ്ടങ്ങളും ലഭിച്ചു. അതുപോലെതന്നെ കല്ല്, ഇരുമ്പ് മുതലായവ കൊണ്ട് നിർമിച്ച ആയുധങ്ങൾ ആ കാലഘട്ടത്തിന്റെ മെച്ചപ്പെട്ട സാങ്കേതികത്വമാണ് കാണിക്കുന്നത്. സമാനമായ വ്യാപനം കേരളത്തിലേക്കും പിന്നീട് ഉണ്ടായതായി കാണാം. ലോകത്താകമാനം ഗുഹാവശിഷ്ടങ്ങളുടെ കാര്യത്തിൽ നമുക്ക് സമാനതകൾ കാണാനാകും. സ്മാരകത്തിന്റെ ഘടനയിൽ പക്ഷേ പ്രാദേശികവും, ഭൂപ്രകൃതിയും അനുസരിച്ചുള്ള വ്യത്യാസങ്ങൾ പ്രകടമാണ്. മഹാശിലായുഗകാലഘട്ടത്തിലെ കൃഷിരീതിയെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ആണ് കാണുന്നത്. കാട് വെട്ടി, കത്തിച്ചൊരുക്കിയ നിലത്ത് പ്രാകൃതമായ കൃഷിരീതിയായിരുന്നു അവലംബിച്ചിരുന്നത് എന്ന് പറയുമ്പോൾ തന്നെ, മഹാശിലായുഗ ഗുഹാവശിഷ്ടങ്ങളിലെ വലിയ ഭരണികളും മറ്റും കാർഷിക ഉൽപ്പാദനത്തിന്റെ വ്യാപനത്തേയും അതിലൂടെ സാധ്യമായ അധിക ഉൽപ്പാദനത്തേയും കാണിക്കുന്നു എന്ന് വാദിക്കുന്നവരും ഉണ്ട്.

## കൃഷിയുടെ വ്യാപനം

മഹാശിലായുഗ കാലഘട്ടത്തിലെ കൃഷി, ഇതിന്റെ സ്വഭാവം എന്നിവ ഇന്നും നിലനിൽക്കുന്ന ഒരു പ്രശ്നമാണ്. മഹാശിലാസ്മാരകങ്ങൾ പലതും കൃത്യമായി സംരക്ഷിക്കപ്പെടാത്തതു മൂലം നമുക്ക് ശരിയായ പഠനത്തിന് പല പരിമിതികളും ഉണ്ടാകാറുണ്ട്. നമ്മൾ കേരളത്തിന്റെ അവസ്ഥ നോക്കു

*(മഹാശിലായുഗ കാലഘട്ടത്തിലെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടതെന്ന് അനുമാനിക്കുന്ന ഇരുമ്പിന്റെയും മൺപാത്രങ്ങളുടെയും അവശേഷിപ്പുകൾ)*



മ്പോൾ തന്നെ തിരിച്ചറിയേണ്ട ഒരു വസ്തുതയാണ് കേരളത്തിലെ ഇപ്പോഴത്തെ ഭൂപ്രകൃതി (ചുറ്റുപാട്) മാത്രമായി നമുക്ക് ആ കാലഘട്ടത്തിലെ ഭൗതിക അവസ്ഥയെ വിലയിരുത്താനാവില്ല എന്ന സത്യം. കാരണം കേരളത്തിൽ ശാസ്ത്രീയമായി ഉത്ഖനനം നടത്തിയ മഹാശിലായുഗ സ്ഥാനങ്ങൾ വളരെ കുറവാണെന്നത് തന്നെ. ദക്ഷിണേന്ത്യൻ ചരിത്രകാരന്മാരിൽ കെ.പി.റാവു, ബി.കെ ഗുരുരാജ, റാവു, എം.ജി.ദിക്ഷിത്, ടി.എസ്. രാമസ്വാമി തുടങ്ങിയവർ കൃഷിയുടെ വ്യാപനം ആ കാലത്ത് വ്യക്തമായും നിലനിന്നിരുന്നു എന്ന് അഭിപ്രായപ്പെടുന്നുണ്ട്. സംഘകൃതികളുടെ കാലഘട്ടവും മഹാശിലായുഗ കാലഘട്ടവും ഒന്നാണെന്ന് പൊതുവേ കണക്കാക്കുന്നത് കൊണ്ട്, ആ സാഹിത്യകൃതികളിലെ കൃഷിയെക്കുറിക്കുന്ന വാക്കുകൾ പുരാവസ്തുപരമായ തെളിവുകളെ സാധൂകരിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. കരിഞ്ഞ നെല്ലിന്റെയും റാഗിയുടെയും അവശിഷ്ടങ്ങൾ നമുക്ക് മാൽപ്പാടെ, പയ്യംപള്ളി തുടങ്ങിയ ഇടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്.


ഇനി കേരളത്തിന്റെ അവസ്ഥ നോക്കുകയാണെങ്കിൽ വളരെ പരിമിതമായ കാർഷിക ആയുധങ്ങളുടെ തെളിവേ നമുക്ക് ലഭിച്ചിട്ടുള്ളൂ എന്നാണ് പൊതുവേ വിലയിരുത്തുന്നത്. കേരളത്തിൽ അങ്കമാലിക്ക് അടുത്തു ഒരു മഹാശിലാസ്മാരകത്തിൽ നിന്ന് കലപ്പയുടെ (കൊഴു) ഒരു മാതൃക നമുക്ക് ലഭിച്ചിട്ടുണ്ട്. അതുപോലെ അരിപ്പ, കുപ്പകൊല്ലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കലപ്പ കണ്ടെടുത്തിട്ടുണ്ട്. അതോടൊപ്പം തന്നെ കൃഷിയും കന്നുകാലി വളർത്തലും ഇടകലർന്ന ഒരു സാമ്പത്തികാവസ്ഥയായിരുന്നു മഹാശിലായുഗം കാലഘട്ടത്തിലേത് എന്ന വാദത്തേയും അവർ തള്ളിക്കളയുന്നുണ്ട്. ഇരുമ്പ് വ്യാപിക്കുന്നത് പ്രാകൃതമായ കൃഷിരീതി നിലനിന്നിരുന്ന ഇടത്തേക്കാണെന്നും ഇരുമ്പിന്റെ സാങ്കേതികവിദ്യ കാര്യമായ മാറ്റമൊന്നും വരുത്തിയില്ല എന്നുമാണ് പറയപ്പെടുന്നത്. ഇതിനോട് കൂട്ടിച്ചേർത്ത് കാണുന്ന മറ്റൊരു കാര്യമാണ് ബ്രാഹ്മണരുടെ വരവോടു കൂടിയാണ് കൃഷി വ്യാപിച്ചത് എന്ന വാദം. ഗുരുക്കളുടെ അഭിപ്രായത്തിൽ കൃഷിയുടെ വ്യാപനം ദക്ഷിണേന്ത്യയിൽ മഹാശിലായുഗ കാലഘട്ടത്തിൽ കാണാതിരുന്നത് ഗോത്രത്തലവന്മാരുടെ പ്രാദേശികമായ യുദ്ധങ്ങൾ മൂലമാണെന്നാണ്. പക്ഷേ പിന്നീട് ഏതാണ്ട് ഏഴാം നൂറ്റാണ്ടിനു ശേഷം ബ്രാഹ്മണരുടെ വരവോട് കൂടി അവർ ഭൂമിയുടെ മേലുള്ള നിയന്ത്രണം ഏറ്റെടുക്കുകയും കൃഷി വ്യാപിപ്പിക്കുകയും ചെയ്തു എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. അതോടൊപ്പം തന്നെ പറയുന്നത് ആദ്യകാല സമൂഹം പ്രാകൃതമായ കൃഷിരീതികളും, കന്നുകാലി വളർത്തലും നടത്തിയിരിക്കാനാണ് സാധ്യത എന്നാണ്. കലപ്പ ഉപയോഗിച്ചുള്ള കൃഷി രീതി മെച്ചപ്പെട്ടതാണെങ്കിലും അത് വ്യാപകമായിരുന്നില്ല എന്ന അഭിപ്രായവും രേഖപ്പെടുത്തുന്നുണ്ട്. സംഘകാല കൃതികൾ കൃഷിയെപ്പറ്റി ഒരുപാടു തെളിവുകൾ നൽകുന്നുണ്ട്. 'മെൻപുലം', 'വൻപുലം' എന്നീ രണ്ട് വിഭാഗത്തിലുള്ള ഭൂമിയെക്കുറിച്ച് പറയുന്നുണ്ട്. 'മെൻപുലം', ഫലഭൂയിഷ്ഠമായ നിലത്തേയും 'വൻപുലം' താരതമ്യേന വരണ്ട ഭൂപ്രദേശത്തെയും സൂചിപ്പിക്കുന്നു. മെൻപുലം നെല്ല് ഉൽപ്പാദിപ്പിക്കുന്ന പ്രദേശമായും, കരിമ്പ് പോലുള്ള വിളകൾ വൻപുലത്ത് കൃഷിചെയ്തിരുന്നതായും സൂചനയുണ്ട്. 'കൊഴുവണികൻ' എന്ന പ്രയോഗം കലപ്പയേയും കലപ്പ വിൽപ്പനക്കാരനേയും കുറിക്കുന്നതാണ് എന്ന് വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. മൃഗങ്ങളെ ഭൂമിയൊരുക്കാനായി ഉപയോഗിച്ചിരുന്നതായി കൃതികളിൽ നിന്ന് മനസ്സിലാകും. 'എരുട്''എരുമൈ' എന്നീ രണ്ട് പദങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. 'ഉഴവർ' 'തൊഴുവർ' എന്നീ രണ്ട് തരം കൃഷിക്കാരെപ്പറ്റിയും അകനാനൂറിൽ പറയുന്നുണ്ട്. ഇവർ 'മെൻപുലത്ത്' കൃഷിയൊരുക്കിയിരുന്നവരാണെന്ന് നമുക്ക് മനസ്സിലാക്കാം. പക്ഷേ മതിയായ തെളിവുകളുടെ അഭാവം ഉണ്ടെന്ന കാരണത്താൽ കേരള ചരിത്രകാരന്മാർ കലപ്പയുടെ സാങ്കേതിക തികവ് ഉപയോഗിച്ചു കൊണ്ടുള്ള ഒരു കൃഷി വ്യാപനം ഇവിടെ ഉണ്ടായിട്ടില്ലെന്ന് വാദിക്കുന്നവരാണ്. കേരളത്തിലെ കാർഷിക വളർച്ച ഇവിടത്തെ ക്ഷേത്രങ്ങളുടെ വ്യാപനവും, ബ്രാഹ്മണരുടെ ആഗമനവും ആയി ബന്ധപ്പെടുത്തിയാണ് പ്രമുഖ ചരിത്രകാരന്മാർ വാദിക്കുന്നത്. ഏഴാം നൂറ്റാണ്ടോടു കൂടി കൃഷി വ്യാപിക്കുകയും ഇത് സാമ്പ്രദായിക സാമൂഹിക ജീവിതത്തിൽ മാറ്റം വരുത്തിയെന്നും കരുതപ്പെടുന്നു. ആദിമകേരളത്തിന്റെ മഹാശിലായുഗാവശിഷ്ടങ്ങളും ലഭ്യമായ ഇരുമ്പിന്റെ ഉപകരണങ്ങളും സാമൂഹിക ജീവിതത്തിന്റെ വളർച്ചയെ സൂചിപ്പിക്കുന്നതായും അഭിപ്രായമുണ്ട്.



*(മഹാശിലായുഗ കാലഘട്ടത്തിലെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടതെന്ന് അനുമാനിക്കുന്ന ഇരുമ്പിന്റെയും മൺപാത്രങ്ങളുടെയും അവശേഷിപ്പുകൾ)*

## നിഗമനം

കാർഷികരീതിയെക്കുറിച്ചുള്ള ധാരണ നിലനിൽക്കേ തന്നെ കുറച്ച് സാധ്യതകൾ നമുക്ക് ഉയർത്താനാകും. മഹാശിലായുഗ കാലഘട്ടം കേരളത്തെ സംബന്ധിച്ചിടത്തോളം സാങ്കേതികവിദ്യകളുടെ വളർച്ചയെക്കുറിക്കുന്ന ഒരു വലിയ തെളിവാണ്. മൺപാത്രങ്ങളും, ആയുധങ്ങളും ഉൽപ്പാദിപ്പിക്കുന്നതും വ്യാപിക്കുന്നതും എല്ലാം തന്നെ സാമൂഹികവ



*(മഹാശിലായുഗ കാലഘട്ടത്തിലെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടതെന്ന് അനുമാനിക്കുന്ന ഇരുമ്പിന്റെയും മൺപാത്രങ്ങളുടെയും അവശേഷിപ്പുകൾ)*

ളർച്ചയുടെ തെളിവുകളായി കണക്കാക്കാം. സമീപ കാലത്താണ് നമുക്ക് കലപ്പപോലുള്ള സാങ്കേതികത്വം നിറഞ്ഞ ഒരു കാർഷിക ഉപകരണം ലഭ്യമാകുന്നത്. പക്ഷേ, അതേസമയം ചോദിക്കാവുന്ന ഒരു കാര്യമാണ്. അതിനുമുമ്പ് നിലനിന്നിരുന്ന കുന്തം, പാര, അരിവാൾ എന്നിവ കൃഷിയെ പ്രോത്സാഹിപ്പിച്ചിരുന്നില്ലേ? എന്നത്. മഹാശിലായുഗത്തിന് സമകാലികമായി കണക്കാക്കുന്ന സംഘകാല കൃതികൾ പല ഭാഗങ്ങളിലായി കൃഷിയെപ്പറ്റിയും, വിവിധതരം ധാന്യങ്ങളെപ്പറ്റിയും പരാമർശിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ കൃഷിയെക്കുറിച്ച് അവർക്ക് ആഴത്തിലുള്ള അറിവ് ഉണ്ടായിരുന്നതായി ഊഹിക്കാവുന്നതാണ്. കെ.കെ. സുബ്ബയ്യയെ പോലുള്ള ഗവേഷകർ അവകാശപ്പെടുന്നത് വെള്ളപ്പൊക്കവും അതുപോലുള്ള മറ്റ് പ്രകൃതിക്ഷോഭങ്ങളും ആണ് നദീതട കൃഷിരീതിയിൽ നിന്ന് അവരെ അകറ്റിയത് എന്നാണ്. അത് പരിഗണിക്കാവുന്ന ഒരു കാരണമാണ്. കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ഒരു പക്ഷേ നദീതട കാർഷികവ്യവസ്ഥയ്ക്ക് വിലങ്ങുതടിയായി തീർന്നിരിക്കാം. ഒരിക്കൽ കൂടി നമുക്ക് തമിഴ് സാഹിത്യകൃതികളിലെ ചില പരാമർശങ്ങളിലേക്ക് നോക്കാം. 'പുലം' എന്നും 'പുനം' എന്നും രണ്ട് പ്രയോഗങ്ങൾ കാണാനാകും. പുലം പുല്ലുനിറഞ്ഞ ജലലഭ്യതയുള്ള ഭൂപ്രദേശത്തേയും, പുനം കാടുവെട്ടി കത്തിച്ച് കൃഷിക്കൊരുക്കുന്ന പ്രദേശത്തേയും സൂചിപ്പിക്കുന്നുണ്ട്.

അതുപോലെതന്നെ കൃതികളിൽ കഴനി, വിലങ്ങ് തുടങ്ങിയ പ്രയോഗങ്ങളും കാണുന്നുണ്ട്. (അകനാനൂറ് 13,26,40,220,236) നദീതടങ്ങളിൽ തന്നെ വിലങ്ങുകെട്ടി തിരിച്ച ഭൂമിയിൽ കൃഷി ചെയ്തിരുന്നു എന്ന് കെ.എൻ. ഗണേശ് അഭിപ്രായപ്പെടുന്നുണ്ട്. 'വേലി' (കുന്ന്വേലി അകനാനൂറ് 132,232) എന്നീ വാക്കുകൾ ഭൂമി തിരിച്ച് സംരക്ഷിച്ചിരുന്നതിന്റെ തെളിവുകളായിരിക്കാമെന്നും ഇത് വിളകളെ സംരക്ഷിച്ചിരുന്നുവെന്ന് സൂചിപ്പിക്കുന്നതായും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. സുബ്ബയ്യയുടെ അഭിപ്രായത്തോട് ചേർന്ന് നിന്ന് പറയാവുന്നത്, നദികളിലെ വെള്ളം ഇറങ്ങിക്കഴിഞ്ഞുള്ള ഭൂമി, കൃഷിക്ക് ഉപയുക്തമാക്കി ഉപയോഗിച്ചിരിക്കാമെന്നും, ഭൂമിയെ വേർതിരിച്ച് കൊണ്ടുള്ള കൃഷിരീതി പിന്നീട് മെല്ലെ ഈ കുന്നിൻ ചെരിവിലെ കൃഷിരീതികളോടൊപ്പം തന്നെ നിലനിന്നിരിക്കാനുള്ള സാധ്യതയാണ്. അതുപോലെ സാങ്കേതികവിദ്യ വികസിച്ചതിനോടൊപ്പം കൃഷി ക്രമേണ ഋതുഭേദങ്ങളും ഞാറ്റുവേലകളും മാറുന്നതിനനുസരിച്ച് കണക്കാക്കി പുഞ്ചകൃഷിയും, മുണ്ടകനും വ്യാപിച്ചിരിക്കാനും സാധ്യതയുണ്ട്. ഇവയെക്കുറിച്ച് സാങ്കേതികമായി ധാരണയുള്ള ബ്രാഹ്മണർ കൃഷി കുറച്ചുകൂടി സ്ഥിരതയും കാര്യക്ഷമതയും ഉള്ളതാക്കി തീർത്തിരിക്കാം.

അതുപോലെ തന്നെ 9-ാം നൂറ്റാണ്ടിലെ തിരുവല്ല ശാസനത്തിൽ 'പുനം' എന്ന് ആവർത്തിച്ച് കാണുന്നുണ്ട്. അത് കൃഷിരീതി നിലനിന്നിരുന്നതിന്റെ തെളിവായി കണക്കാക്കാവുന്നതാണ്. പിന്നെ ഒരു സാധ്യതയുള്ളത് ഋതുക്കളുടെ മാറ്റങ്ങളെ മനസ്സിലാക്കാനുള്ള കഴിവ് ഉണ്ടായിരുന്ന വിഭാഗങ്ങൾ ആയതുകൊണ്ട് ബ്രാഹ്മണർ കാർഷിക രീതിയിൽ വ്യാപകമായ മാറ്റം വരുത്തിയിരിക്കാം എന്നുള്ളതാണ്. സ്വാഭാവികമായും അത്തരം മാറ്റങ്ങൾ പിൽക്കാലത്തേക്കാൾ ഉൽപ്പാദനം വർധിപ്പിക്കുന്നതിനും കാരണമായിരിക്കും. എന്നാൽ നമുക്ക് സംഘകൃതികളിൽ നിന്നും, ഭൗതികമായ അവശേഷിപ്പുകളിൽ നിന്നും മനസ്സിലാക്കാവുന്ന കാര്യം ബ്രാഹ്മണരുടെ ആഗമനത്തിന് മുൻപും ഇവിടെ കൃഷി നിലനിന്നിരുന്നു എന്നാണ്. അതിനാൽ ഭൗതിക അവശേഷിപ്പുകൾ തരുന്ന തെളിവുകൾ അനുസരിച്ച് നമുക്ക് അനുമാനിക്കാവുന്നത് ബ്രാഹ്മണരുടെ ആഗമനത്തിനും കലപ്പയുടെ വ്യാപകമായ ഉപയോഗത്തിനും മുൻപും ഇവിടെ കാർഷികവൃത്തി നിലനിന്നിരുന്നു എന്നാണ്. കാർഷിക വളർച്ചയുടെ എല്ലാ ഘട്ടങ്ങളെക്കുറിച്ചും സംഘകൃതികളിൽ പരാമർശമുണ്ട്. ലഭ്യമായ മഹാശിലായുഗ അവശിഷ്ടങ്ങളും അത് സാധൂകരിക്കുന്നുണ്ട്.

മഹാശിലായുഗ അവശേഷിപ്പുകളായി ലഭിച്ചിരുന്ന കുന്തം, പാര, കത്തി, അരിവാൾ തുടങ്ങിയവയെല്ലാം ഇവിടെ നിലനിന്നിരുന്ന കൃഷിരീതിയെ സൂചിപ്പിക്കുന്ന എന്ന അനുമാനത്തിൽ നമുക്ക് അനുമാനിക്കാവുന്നതാണ്.

**കെ.കെ. സുബ്ബയ്യയെ പോലുള്ള ഗവേഷകർ അവകാശപ്പെടുന്നത് വെള്ളപ്പൊക്കവും അതുപോലുള്ള മറ്റ് പ്രകൃതിക്ഷോഭങ്ങളും ആണ് നദീതട കൃഷിരീതിയിൽ നിന്ന് അവരെ അകറ്റിയത് എന്നാണ്. അത് പരിഗണിക്കാവുന്ന ഒരു കാരണമാണ്.**

1. Rajan Gurukkal, Social Formation of early south India, Oxford university, press, New Delhi, 2012, p.137.

2. പൊതുവേ ഉയരം കൂടിയ വനപ്രദേശങ്ങളിലും, സ്വാഭാവിക ജലലഭ്യത ഉള്ളിടങ്ങളിലും ആണ് പ്രാചീന മനുഷ്യർ താമസിച്ചിരുന്നത്. പശ്ചിമഘട്ടത്തോട് ചേർന്ന് കിടക്കുന്ന കുന്നുകളും, പുഴയും നിറഞ്ഞ ഭൂപ്രദേശം ആദിവാസികളുടെ വാസത്തിന്

യോഗ്യമായിരുന്നുവെന്ന ഒരുവാദം ചരിത്രകാരന്മാരായ രാഘവവാര്യരും രാജൻഗുരുക്കളും, കെ.എൻ. ഗണേഷും പങ്കുവയ്ക്കുന്നുണ്ട്.

3. Grahame Clark., Space, Time and Man – Apre- historic view, Cambridge University Press, 1992 (1994) USA,p.120.

4. Rajan Gurukkal., Ibid., p.155-158. ഗുരുക്കളുടെ അഭിപ്രായത്തിൽ ഒരു സംസ്കാരത്തെ തുടർന്ന് വരുന്നത് സ്വാഭാവികമായും കുറച്ചുകൂടി പുരോഗതി പ്രാപിച്ച മറ്റൊന്നായിരിക്കും. പക്ഷേ, നിലനിൽക്കുന്ന സംസ്കാരത്തിനേയും അതിന്റെ ശീലങ്ങളും അപ്പോഴും നിലനിൽക്കും എന്നാണ്.

5. Rajan Gurukkal Raghava Varrier മിത്തും സമൂഹവും, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, (2012), പു.88-89. ഇവർ രണ്ടുപേരും പറയുന്നത് പ്രാകൃത കൃഷിരീതിയും വേട്ടയാടലും നടത്തിയ ജനങ്ങൾ സഞ്ചാരികളായിരുന്നു എന്നാണ്.

6. B.K Gururaja Rao., The megalithic Culture in South Inida, Prasanga, University of Mysore,1972,45-50.

7. Grahame Clark., Aspects of Pre-history, ലണ്ടൻ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, 1970, പു.100.

8. Fredd T. Plog., The Study of pre-Historic hange, Academic Press, New Yori,1947, p.414.

9. Prof.T.Ramaswamy, material Culture of the Megalithic people in Tamil Nadu, in South Indian Congress Journal,(ed.) Dr.B.S Chaudraprabha,2006,p.414.

Rajan Gurukkal & Raghava Varrier, Cultural History of Kerala Vol.I, Department of Cultural Publications,Gov.of

10. Kerala, 1999,p.133.

11. Ibid.,p.152.

12. Raghava Barrier, Rajan Gurukkal., Kerala History-Vol.I വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ, (1991) 2013, പു,67-70.

13. Rajan Gurukkal,op.cit.,p.160-161.

14. വി.ആർ പരമേശ്വര പിള്ള, പുറനാന്നൂറ് (വിവ.) കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1997,പു.25-90.

15. പി.വിശ്വനാഥൻ നായർ, അകനാന്നൂറ് (വിവ.) കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1983,പു.30-115

16. കേശവൻ വെളുത്തനാട്ട്, The Early Medieval in South India, OUP, Delhi (2009), 2011,p.5-7.

17. കെ.എൻ.ഗണേഷ്., കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,(1990),2011,പു.26-27.

18. Dr.K.N.Ganesh, Lived space in history; A Study in human geography in the context of sougam texts, Sage Publication, 2004.

*(ഡോ. സുജാത കെ.എസ്. - 9048434358*
*sujathajyothish@gmail.com)*

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**




**സംഗീത ശാസ്ത്ര പ്രവേശിക**
**(ഏഴാം പതിപ്പ്)**


**ഡോ. വെങ്കിടസുബ്രഹ്മണ്യയ്യർ**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ സംഗീതശാസ്ത്രഗ്രന്ഥമായ സംഗീതശാസ്ത്ര പ്രവേശികയുടെ പുതിയ പതിപ്പ്.

സംഗീതത്തിന്റെ സാങ്കേതിക വശത്തെക്കുറിച്ച് സാമാന്യമായ അറിവു നൽകുന്ന വിശിഷ്ടമായ പുസ്തകം

₹ 325

# ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ



## പലിശയുടെ വേദപുസ്തകം ഡോ. തോമസ് ഐസക് പ്രകാശനം ചെയ്തു

ഡോ. എം. നിസാറുദ്ദീൻ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പലിശയുടെ വേദപുസ്തകം എന്ന ഗ്രന്ഥം ഡോ. തോമസ് ഐസക് പ്രകാശനം ചെയ്തു. വക്കം മൗലവി ഫൗണ്ടേഷൻ ചെയർമാൻ ഡോ. സുഹൈർ പുസ്തകം ഏറ്റുവാങ്ങി.



## സ്വാതന്ത്ര്യത്തിന്റെ അമൃതമഹോൽസവം അമൃതപുസ്തകോൽസവം അയ്യങ്കാളി ഹാളിൽ നടന്നു

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അമൃതപുസ്തകോൽസവം അയ്യങ്കാളി ഹാളിൽ നടന്നു. ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി. കെ. മധു ഉൽഘാടനം ചെയ്തു. ഡയറക്ടർ ഇൻചാർജ് ഡോ. മ്യൂസ് മേരി ജോർജ് അധ്യക്ഷത വഹിച്ചു.



എറണാകുളം പുസ്തകമേള



ചർക്കയുടെ ഇതിഹാസം അഥവാ ഗാന്ധിജിയുടെ ഖാദി ജീവിതം. പൊതുമരാമത്ത് വകുപ്പുമന്ത്രി പി.എ. മുഹമ്മദ് റിയാസ് ഡോ. എൻ.പി. ഹാഫീസ് മുഹമ്മദിന് നൽകി പ്രകാശനം ചെയ്തു.



ഡോ. കവടിയാർ രാമചന്ദ്രൻ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ദർശനം വിമർശനം' എന്ന പുസ്തകം കവി പ്രഭാവർമ്മ പ്രകാശനം ചെയ്തു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ പ്രൊഫസർ വി. കാർത്തികേയൻ നായർ പുസ്തകം സ്വീകരിച്ചു.



തനിമ സുഭാഷ് രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വർക്കല ചരിത്രം, സംസ്കാരം, വർത്തമാനം എന്ന പുസ്തകം തിരുവനന്തപുരത്ത് അയ്യങ്കാളി ഹാളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ പ്രകാശനം ചെയ്തു. വർക്കല എം. എൽ. എ അഡ്വ. വി. ജോയ് പുസ്തകം സ്വീകരിച്ചു.

# ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ



## ഡോ. സത്യൻ എം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ചുമതലയേറ്റു

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി ഡോ. സത്യൻ എം. 2022 ആഗസ്റ്റ് 17ന് ബുധനാഴ്ച ചുമതലയേറ്റു. തിരുവനന്തപുരം സർക്കാർ വനിതാ കോളെജിലെ മലയാളം വിഭാഗം മുൻഅസോസിയേറ്റ് പ്രൊഫസറാണ് ഡോ. സത്യൻ എം. കാലിക്കറ്റ് സർവകലാശാല അക്കാദമിക് കൗൺസിൽ അംഗം, പി. ജി ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, ഫാക്കൽട്ടി അംഗം, സ്റ്റിയറിംഗ് കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇരുപത് വർഷം വിവിധ സർക്കാർ കോളെജുകളിൽ അധ്യാപകനായിരുന്നു. സർക്കാർ കോളെജ് അധ്യാപകരുടെ സംഘടനയായ എ.കെ.ജി.സി.ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. പു.ക.സ കോഴിക്കോട് ജില്ലാ കൗൺസിൽ അംഗമാണ്. കോഴിക്കോട് പുതിയങ്ങാടി സ്വദേശിയാണ്.



## പുസ്തകോത്സവം

കോഴിക്കോട് ടൗൺഹാളിൽ പുസ്തകോത്സവത്തിന്റെ ഉദ്ഘാടനം ഡോ. ഖദീജാ മുംതാസ് നിർവഹിച്ചു.



## ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം' കൈപ്പുസ്തകം പ്രകാശനം ചെയ്തു. സഹകരണ രജിസ്ട്രേഷൻ - സാംസ്കാരിക വകുപ്പുമന്ത്രി വി.എൻ. വാസവൻ ഇ പുസ്തകത്തിന്റെ ലിങ്ക് ലോഞ്ച് ചെയ്തു. ഡിജിറ്റൽ പ്രതി ഡോ. ടി. കെ. ആനന്ദിക്ക് കൈമാറിയും പ്രകാശനം നിർവഹിച്ചു.




**രീതിശാസ്ത്രത്തെക്കുറിച്ചൊരു സംവാദം**
**ഡോ.ഡി.രാജേന്ദ്രൻ**

റെനെ ദെക്കാർത്തെ എന്ന അതുല്യ പ്രതിഭാശാലിയായ തത്വചിന്തകന്റെ 'ഡിസ്കോഴ്സ് ഓൺ ദി മെതേഡ്' എന്ന കൃതിയുടെ സാരാംശമാണ് രീതിശാസ്ത്രത്തെക്കുറിച്ചൊരു സംവാദം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 80




**ലഘുവ്യാകരണം**
**സാഹിത്യപഞ്ചാനനൻ**
**പി. കെ. നാരായണപിള്ള**

മലയാള വ്യാകരണത്തിന്റെ സുപ്രധാന തത്വങ്ങൾ കുട്ടികൾക്ക് മനസ്സിലാകുന്ന തരത്തിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥം.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 70




**അധികാരക്കൈമാറ്റത്തിന്റെ അഞ്ച് ദൃക്സാക്ഷിവിവരണങ്ങൾ**
**ഡോ.പി.കെ.ബാലകൃഷ്ണൻ**

സ്വാതന്ത്ര്യസമരചരിത്രത്തെ വളച്ചൊടിക്കുവാനും സ്വാതന്ത്ര്യസമരനായകരിൽ ചിലരെ മഹത്വവൽക്കരിക്കുവാനും മറ്റു ചിലരെ അപകീർത്തിപ്പെടുത്തുവാനും വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരുകയാണ്. അത്തരം ശ്രമങ്ങളെ പരാജയപ്പെടുത്തണമെങ്കിൽ ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 350



**നാടോടി സംസ്കാരപഠനം**
**ഡോ.വി.രാജീവ്**
**ഡോ.അനു പി.റ്റി.**

പൗരാണിക നാട്ടുചരിത്രം മുതൽ നാടോടിവിജ്ഞാനീയത്തിന്റെ പ്രസക്തി, സൈദ്ധാന്തികതലം, ഇതര വൈജ്ഞാനിക ശാഖയുമായുള്ള ബന്ധം തുടങ്ങി മനുഷ്യസംസ്കാരത്തിന്റെ ക്രമാനുഗതമായ വികാസപരിണാമങ്ങളുടെ ചരിത്രം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 200




**ദർശനം വിമർശനം**
**ഡോ. കവടിയാർ രാമചന്ദ്രൻ**

എഴുത്തച്ഛൻ മുതൽ ഏഴാച്ചേരി വരെയുള്ള പ്രമുഖരായ ചില കവികളെയും കൃതികളെയുമാണ് ദർശനം വിമർശനത്തിന്റെ ആദ്യഭാഗത്ത് പഠനവിധേയമാക്കുന്നത്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 290



**യൂണിവേഴ്സിറ്റി കോളെജും മലയാള സാഹിത്യവും**
**ഡോ.ബാലാനന്ദൻ തേക്കുംമൂട്**

വൈജ്ഞാനിക സാഹിത്യരംഗത്തും സർഗാത്മക സാഹിത്യരംഗത്തും യൂണിവേഴ്സിറ്റി കോളെജിലെ മലയാള വിഭാഗം അദ്ധ്യാപകരുടെ പങ്ക് വളരെ ഗണനീയമാണ് എന്നതിനെക്കുറിച്ചൊക്കെ വിശദമാക്കുന്ന ഗ്രന്ഥം.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 80




**മഹാത്മാഗാന്ധിയുടെ പ്രപഞ്ചവീക്ഷണം**
**ഡോ.എം.പി.മത്തായി**

ഗാന്ധിയൻ ചിന്തകളുടെ ദാർശനിക അടിത്തറയും അവയുടെ ആന്തരിക പൊരുത്തവും യുക്തിഭദ്രതയും വ്യക്തമാക്കുന്നതോടൊപ്പം ഗാന്ധിജിയുടെ പ്രപഞ്ചവീക്ഷണത്തിന്റെ പ്രത്യേകതകളും വിശദീകരിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 360




**മുയൽ വളർത്തൽ**
**ഡോ.കെ.അനിൽകുമാർ**

മുയൽ വളർത്തൽ ആദായകരമായ ഒരു സംരംഭമായി മുന്നോട്ടു കൊണ്ടുപോകുന്നവർക്ക് വഴികാട്ടിയെന്ന നിലയ്ക്ക് ഈ പുസ്തകം പ്രയോജനപ്പെടുത്താം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 75